

തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്

വികസന റിപ്പോർട്ട്



എഡിറ്റോറിയൽ ബോർഡ്

1. എം.തെയ്യൻ (പ്രസിഡന്റ്)
2. തറീക്കുട്ടി ഹാജി (വൈസ് പ്രസിഡന്റ്)
3. എൻ.സൈതലവി (ഡി.ആർ.പി)
4 എം.കെ.രാമകൃഷ്ണൻ (ഡി.ആർ.പി)
5. കെ.വീരാപ്പു (ഡി.ആർ.പി)






ഇന്ത്യയുടെ ആത്മാവ് കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്



എം.തെയ്യൻ
(പ്രസിഡന്റ്)




ടി. തറീക്കുട്ടി ഹാജി
(വൈസ് പ്രസിഡന്റ്)




കെ.ഹൈദരാലി മൗലവി
(സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)


മെമ്പർമാർ



ടി.കെ.മുഹമ്മദ്



എം.ഉണ്ണിക്കുട്ടൻ



ശിവരാമൻ



ആറ്റബീവി



സി.പി.മറിയ



സാവിത്രി



രാജലക്ഷ്മി

മുൻഭരണസമിതികൾ

I 1) സി.പി.കൃഷ്ണൻകുട്ടി ഗുപ്തൻ (പ്രസിഡന്റ്)
2) പൊന്നേത്ത് ഹസ്സൻ സാഹിബ് (വൈസ് പ്രസിഡന്റ്)
മെമ്പർമാർ
3) കൊങ്ങത്ത് കുഞ്ഞിപ്പു കുരിക്കൾ
4) എ..കെ.ചാമിക്കുട്ടി ഗുപ്തൻ
5) എം.പി.കരുണാകര ഗുപ്തൻ
6) തോട്ടാശ്ശേരി കുട്ടൻ നായർ
7) ചെറുമ്പടത്ത് അയ്യപ്പൻ
8) എം.രോഹിണി അമ്മ

II 1) വി.വി.നാരായണൻ നമ്പൂതിരി (പ്രസിഡന്റ്)
2) സി.എച്ച്.വീരാവുണ്ണി മാസ്റ്റർ (വൈസ് പ്രസിഡന്റ്)
മെമ്പർമാർ
3) ടി.തറീക്കുട്ടി ഹാജി
4) കെ.കമ്മുക്കുരിക്കൾ
5) എം.എം.ഗോപാലകൃഷ്ണ ഗുപ്തൻ
6) സി.പി.ചാമി
7) തോട്ടാശ്ശേരി നാരായണൻ കുട്ടി
8) വി.പി.വിജയലക്ഷ്മി

III 1) ടി.തറീക്കുട്ടി ഹാജി (പ്രസിഡന്റ്)
2) എം.കെ.രാമകൃഷ്ണൻ (വൈസ് പ്രസിഡന്റ്)
മെമ്പർമാർ
3) കെ.നാരായണ ഗുപ്തൻ
4) എസ്.രാമകൃഷ്ണൻ മാസ്റ്റർ
5) കെ.കെ.സെയ്തു മുഹമ്മദ് തങ്ങൾ
6) പി.ടി.ആയിഷ ഉമ്മ
7) കെ.ആർ.ജയരാജൻ
8) സി.പി.നായാടി
9) വി.പി.വിജയലക്ഷ്മി

– ഉള്ളടക്കം –

- ആമുഖം
- സാമൂഹിക സാംസ്കാരിക ചരിത്രം
- പഞ്ചായത്ത് പൊതുവിവരണം
- ഭൂപ്രകൃതിയും വിഭവങ്ങളും
- സാമൂഹിക സാമ്പത്തിക മേഖലകൾ
  1. കൃഷിയും ജലസേചനവും
  2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
  3. വ്യവസായം
  4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
  5. കുടിവെള്ളവും പൊതുജനാരോഗ്യവും
  6. പാർപ്പിടവും സാമൂഹ്യക്ഷേമവും
  7. വിദ്യാഭ്യാസം
  8. സംസ്കാരം
  9. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം
  10. വനിത
  11. സഹകരണം
  12. ടൂറിസം
  13. വിഭവസമാഹരണം
- ഉപസംഹാരം

വികസന റിപ്പോർട്ട് തയ്യാറാക്കാൻ നേതൃത്വം നല്കിയവർ

1	ഇ. ഗോപാലകൃഷ്ണൻ	ബ്ലോക്ക് പഞ്ചായത്ത് മെമ്പർ		
2	എൻ. സൈതലവി	DRP	1 സി. പി അലവി	LRP
3	എം. കെ. രാമകൃഷ്ണൻ	,,	2 സി. പി. ബാലസുബ്രഹ്മണ്യൻ	,,
4	കെ. ശ്രീകുമാരൻമാസ്റ്റർ	,,	3 വി. രാമൻകുട്ടിഗുപ്തൻ	,,
5	എം. മുഹമ്മദാലി	,,	4 കെ. വി. സുധാകരൻ	,,
6	വീരാപ്പു കെ.	,,	5 പാറക്കല്ലിൽ വീരാപ്പു	,,
7	പി. അംബിക	,,	6 ടി എസ്. രാമചന്ദ്രൻ	,,
8	കെ. വി സുബ്രഹ്മണ്യൻ	,,	7 പി. കെ. മുഹമ്മദ്ബഷീർ	,,
9	പി. ഉണ്ണികൃഷ്ണൻ	,,	8 അജിത്കുമാർ കെ. ഇ.	,,
10	കെ. ചാമിക്കുട്ടി	,,	9 കെ. നാരായണൻകുട്ടി	,,
11	പി. മണികണ്ഠൻ	,,	10 പി. നാരായണൻകുട്ടി	,,
			11 എം. കെ ഉണ്ണികൃഷ്ണൻ	,,
			12 കെ രവീന്ദ്രൻ	,,
			13 ഗോപാലകൃഷ്ണപിള്ള കെ.	,,
			14 പി. രാധാകൃഷ്ണൻ	,,
			15 ടി. എൻ. നാരായണൻനമ്പൂതിരി	,,
			16 കെ. സരോജിനി	,,
			17 പി. നാരായണൻ	,,
			18 പി. കുഞ്ഞലവിമാസ്റ്റർ	,,

അച്ചടി : കോന്തൻകുഴി പ്രിന്റേഴ്സ്, കരിങ്കല്ലത്താണി

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്		തച്ചനാട്ടുകര ഗ്രാമ പഞ്ചായത്ത്
പഞ്ചായത്തിൽ ഉൾപ്പെടുന്ന വില്ലേജുകൾ	:	തച്ചനാട്ടുകര I തച്ചനാട്ടുകര II
ബ്ലോക്ക് പഞ്ചായത്ത്	:	മണ്ണാർക്കാട്
താലൂക്ക്	:	മണ്ണാർക്കാട്
അസംബ്ലി മണ്ഡലം	:	മണ്ണാർക്കാട്
വിസ്തീർണ്ണം	:	35.04 SQ കി. മീ.
അതിരുകൾ	:	വടക്ക്—താഴെക്കോട്, കോട്ടോപ്പാടം ഗ്രാമപഞ്ചായത്തുകൾ [തെങ്ങാകണ്ടംമല] കിഴക്ക്—കോട്ടോപ്പാടം, കരിമ്പുഴ ഗ്രാമപഞ്ചായത്തുകൾ [മുറിയങ്കണ്ണിപ്പുഴ] തെക്ക്—ആലിപ്പറമ്പ് പഞ്ചായത്ത് [മുറിയങ്കണ്ണിപ്പുഴ] പടിഞ്ഞാറ്—താഴെക്കോട്, ആലിപ്പറമ്പ് ഗ്രാമപഞ്ചായത്ത് [തൂത–വെട്ടത്തൂർ റോഡും ആലിപ്പറമ്പ് റോഡും]
ജനസംഖ്യ	:	19835 (1991 സെൻസസ് പ്രകാരം)
പുരുഷൻ	:	9650
സ്ത്രീകം		10185
ജനസാന്ദ്രത	:	
അക്ഷരാഭ്യാസമുള്ളവർ		14971 (7075 പു / 6896 സ്ത്രീ)
വാർഡുകൾ	:	10
പ്രസിഡണ്ടിന്റെ പേര്	:	M. തെയ്യൻ
വൈസ്പ്രസിഡണ്ടിന്റെ പേര്	:	T. തറിക്കുട്ടിഹാജി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	:	K. ഹൈദരലി മൗലവി

ഭൂപ്രകൃതിയും വിഭവങ്ങളും

പാലക്കാട് ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽമലപ്പുറംജില്ലയോട്തൊട്ട് തേങ്ങാകണ്ടുംമലക്കും മുറിയംകണ്ണിപുഴക്കുമിടയിൽ കിടക്കുന്ന ഭൂപ്രദേശമാണ് തച്ചനാട്ടുകര പഞ്ചായത്ത്. വടക്കുപടിഞ്ഞാറുഭാഗംഉയർന്നും, തെക്കുകിഴക്കുഭാഗത്തേക്ക് ചരിഞ്ഞും കിടക്കുന്ന ഭൂപ്രകൃതിയാണുള്ളത്. ഏറ്റവും ഉയരമുള്ള പിലാക്കുന്നും ചിരട്ടാംപാറ. കൽകുഴി, അത്തിപ്പറകുന്ന, തേങ്ങാകണ്ടം മല, മരുതംചോല, മുണ്ടമ്പലംകുന്ന്, കുണ്ടൂർകുന്ന്, ചോളോട്, മാണിക്കപ്പറമ്പ് എന്നീ കുന്നുകളും കുന്നിൻ ചരിവുകളും അവയുടെ താഴ്വര പ്രദേശങ്ങളുമാണ് ഭൂപ്രകൃതി മേഖലകൾ. കുന്നിൻമണ്ട, കുത്തനെയുള്ള ചരിവ്, ഉയർന്ന സമതലം, ചെറിയ ചെരിവ്, സമതലം എന്നിങ്ങനെ ഈ മേഖലകളെ 5ആയി തിരിക്കാം. വടക്കുഭാഗത്ത് താഴെക്കോട്, കോട്ടോപ്പാടം പഞ്ചായത്തുകളും കിഴക്ക് കോട്ടോപ്പാടം, കരിമ്പുഴ പഞ്ചായത്തുകളും തെക്ക് ആലിപ്പറമ്പ് കരിമ്പുഴ പഞ്ചായത്തുകളും പടിഞ്ഞാറ് ആലിപ്പറമ്പ്, താഴെക്കോട് പഞ്ചായത്തുകളുമാണ് അതിർത്തികൾ.

മനുഷ്യ വിഭവം

പഞ്ചായത്തിലെ ജനസംഖ്യ 1991 സെൻസസ് പ്രകാരം 19835 ആണ്. ഇതിൽ 9650 പുരുഷന്മാരും 10185 സ്ത്രീകളുമാണ്. പുരുഷന്മാരേക്കാൾ 535 സ്ത്രീകൾ കൂടുതലാണ്. ആകെ 3197 വീടുകളുണ്ട്. ശരാശരി വീടൊന്നിന് 6 പേർ എന്ന അനുപാതത്തിലാണ്. ജനസാന്ദ്രത 1 ച. മീന് 566 എന്ന തോതിലാണ്. 5 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3830 ആണ് ഇതിൽ 1910 ആൺകുട്ടികളുടെ 1920 പെൺകുട്ടികളുമാണ് പട്ടികജാതിക്കാർ 3350-ഉം പട്ടികവർഗ്ഗം ഒന്നു മാത്രവുമാണ്. പഞ്ചായത്തിൽ നിരക്ഷരർ കുറവാണ്. സമ്പൂർണ്ണ സാക്ഷരത കൈവരിച്ച പഞ്ചായത്താണ് പ്രത്യേകപ്പെട്ട ആരോഗ്യ പ്രവർത്തനങ്ങളും ജനങ്ങളുടെ സാമൂഹ്യബോധവും കാരണമായി ജനനമരണ നിരക്കുകളിൽ ഇപ്പോൾ മുൻപത്തേക്കാൾ കുറവുള്ളതായി കാണുന്നു.

പഞ്ചായത്തിലെ മുഖ്യതൊഴിൽ കൃഷിയാണ്. നിർമ്മാണ ജോലികൾ ചെയ്ത് ഉപജീവനം കഴിക്കുന്നവരും ഇവിടെയുണ്ട്. ഗൾഫ് മേഖലയിൽ തൊഴിൽതേടി പോയവരും പോകാനാഗ്രഹിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്. അഭ്യസ്തവിദ്യരുംകേവല വിദ്യാഭ്യാസം നേടിയവരും ഇക്കൂട്ടത്തിലുണ്ട്. തൊഴിലില്ലായ്മ അനുദിനം വർദ്ധിച്ചു വരുന്നതാണ് ഇവിടത്തെ മുഖ്യ പ്രശ്നം.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ വിസ്തൃതി 3505.61 ഹെക്ടറാണ്. നിലം 640 ഹെക്ടറും കരഭൂമി 2865 ഹെക്ടറും 68.64 ഏക്കർ റോഡും 92.11 ഏക്കർ പുഴയും 182.7 ഏക്കർ വനവും ആണ്. ഭൂമി തരിശായി ഇടുന്ന പ്രവണത കുറഞ്ഞുവരുന്നു. റബ്ബർ, തെങ്ങ്, കമുക്, കുരുമുളക് എന്നീനാണ്യവിളകൾ 2347 ഹെക്ടർ സ്ഥലത്തും നെല്ല് 400 ഹെക്ടർ സ്ഥലത്തും കൃഷി ചെയ്യുന്നു. ഇതിൽ റബ്ബർ കൃഷി വർദ്ധിച്ചുവരുന്നതാണ് സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നത്.

മണ്ണ്

പഞ്ചായത്തിലെ മൺതരങ്ങൾ ചെമ്മണ്ണ്, ചരൽമണ്ണ്, വെളിമണ്ണ്, ചെങ്കൽപാറകൾ, കരിങ്കൽപാറകൾ എന്നിവയാണ്, പൊതുവെ ഫലപുഷ്ടി കുറഞ്ഞമണ്ണാണ്.

ജലവിഭവം

പഞ്ചായത്തിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഏറ്റവും കൂടുൽ മഴലഭിക്കുന്നത് വർഷം മുഴുവനും വെള്ളം ലഭിക്കുന്നതും വേനൽക്കാലത്ത്പോലും 8 മീ ആഴത്തിൽ വെള്ളം നിൽക്കുന്നതുമായ കുന്നിപ്പുഴയുടെ മുറിയങ്കണ്ണി മുതൽ തച്ചനാട്ടുകര വരെയുള്ള 4 കി മീ ഭാഗം പഞ്ചായത്തിൽ ഉൾപ്പെടുന്നതാണ്. മറ്റു ജലസ്രോതസ്സുകളും കുടിവെള്ളവും തോടുകളുമാണ്. വേനൽകാലങ്ങളിൽ വെള്ളം ലഭിക്കുന്ന കുളങ്ങളും കുറവാണ്. പ്രധാനപ്പെട്ട 3 തോടുകളും അവയുടെ പോഷകതോടുകളുണ്ട്വേനൽകാലങ്ങളിൽ ഇവയും വറ്റിവരളുന്നു. കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങളും പഞ്ചായത്തിലുണ്ട്.

പാലക്കാടൻ കാറ്റ് അടിക്കുന്ന ഈ പഞ്ചായത്തിൽ ശക്തമായ കാറ്റ് മൂലം കാലവർഷാരംഭത്തിൽ കൃഷിനാശം സംഭവിക്കാറുമുണ്ട്. ജലസേചനത്തിനും കുടിവെള്ളത്തിനുമുതകുന്ന പരമ്പരാഗത പദ്ധതികളൊന്നും ഈപഞ്ചായത്തിലില്ല

ആമുഖം

ഇന്ത്യ സ്വതന്ത്രമാകുന്നതിന് മുമ്പ് തന്നെ രാജ്യത്തിന്റെ സാമൂഹിക-സാമ്പത്തിക വികസനത്തെക്കുറിച്ച് അന്നത്തെ ദേശീയ നേതാക്കൾ ചിന്തിച്ചിരുന്നു. ഗ്രാമങ്ങൾ സ്വയം പര്യാപ്തതയിലെത്തുമ്പോൾ മാത്രമേ രാജ്യം സമ്പൂർണ്ണ പുരോഗതി കൈവരിക്കൂ എന്നതായിരുന്നു ഗാന്ധിജിയുടെ ഗ്രാമസ്വരാജ് ഉൾക്കൊണ്ടിരുന്ന ആശയം. എന്നാൽ ഇന്ത്യ സ്വതന്ത്രമാകുകയും, രാജ്യം ഭരിക്കാനുള്ള അവകാശം ഇന്ത്യക്കാരന് ലഭിക്കുകയും ചെയ്തപ്പോൾ ലോകത്തിലെ ജനാധിപത്യ-സോഷ്യലിസ്റ്റ് രാജ്യങ്ങളിൽ നിലനിന്നിരുന്ന ആസൂത്രണ പദ്ധതി – പഞ്ചവൽസരപദ്ധതി ആവശ്യമായ ഭേദഗതികളോടെ നടപ്പിലാക്കുകയാണുണ്ടായത്. ദേശീയ വികസന ബ്ലോക്കുകളും പഞ്ചായത്ത് സ്ഥാപനങ്ങളും നിലവിൽവന്നെങ്കിലും രാജ്യം യഥാർത്ഥ പുരോഗതി കൈവരിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടപ്പോഴാണ് 1978ൽ ജില്ലാതലത്തിൽ ആസൂത്രണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. 'ജോലിക്ക് കൂലി ഭക്ഷണം' (Focd for Work) എന്നതിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ദേശീയ തൊഴിൽ ദാന പദ്ധതി, ദേശീയ തൊഴിൽ ഉറപ്പ് പദ്ധതി ഐ. ആർ, വൈ., ഐ. എ. വൈ. തുടങ്ങിയ പദ്ധതികളെല്ലാം ജനകീയ സമിതികൾ ഏറെടുത്ത് നടപ്പിലാക്കേണ്ടവയായിരുന്നു വെങ്കിലും അവയിലൊന്നും വേണ്ടത്ര ജനപങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയാതെ പോയി. രാഷ്ട്രപിതാവിന്റെ 'ഗ്രാമസ്വരാജ്' എന്ന സങ്കല്പം മുൻപ്രധാനമന്ത്രി രാജീവ്ഗാന്ധി 68-ാം ഭരണഘടനാ ഭേദഗതിയിലൂടെ നടപ്പാക്കാൻ ശ്രമിക്കുകയും 73, 74 ഭരണഘടനാ ഭേദഗതിയിലൂടെ കഴിഞ്ഞ ഗവർമെന്റ് സാക്ഷാൽക്കരിക്കുകയും ചെയ്തിരിക്കയാൽ വികേന്ദ്രീകരണത്തിന്റെ ഭാഗമെന്നനിലയിൽ 1994ൽ കേരളനിയമസഭ പാസ്സാക്കിയ ത്രിതല പഞ്ചായത്തുകൾ 1995 ഒക്ടോബർ 2-ാം തീയ്യതി നിലവിൽ വന്നു. 9-ാം പഞ്ചവത്സര പദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുവാൻ കേരളസർക്കാരും, സംസ്ഥാന ആസൂത്രണബോർഡും സംയുക്തമായി തീരുമാനിച്ചിരിക്കുകയാണ്. ആസൂത്രണ പ്രക്രിയയിൽ തദ്ദേശ സ്വയംഭരണസമിതികൾക്കുള്ള മുൻപരിചയമില്ലായ്മയും, വിദഗ്ദരുടെ കുറവും, സ്ഥിതിവിവരകണക്കുകളുടെ അപര്യാപ്തതയും തടസ്സമാകുമെന്ന് കണ്ടപ്പോൾ അവയെ അതിജീവിച്ച് പഞ്ചായത്ത് തലത്തിൽ ആസൂത്രണം സാധ്യമാക്കുന്നതിന്വേണ്ടിയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന് രൂപം കൊടുത്തിട്ടുള്ളത്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി സെപ്തംബർ 9,10,11 തിയ്യതികളിൽ മണ്ണാർക്കാട് കല്പന ഓഡിറ്റോറിയത്തിൽ നടന്ന പാലക്കാട് ജില്ലാതല പരിശീലനത്തോടുകൂടി തച്ചനാട്ടുകര ഗ്രാമ പഞ്ചായത്തിലും ജനകീയാസൂത്രണ പരിപാടിക്ക് തുടക്കം കുറിച്ചു.

പ്രസ്തുത പരിശീലനത്തിൽ ഈ പഞ്ചായത്തിൽ നിന്നും 10പേർ പങ്കെടുത്തു 21-9-96ന് അണ്ണാൻതൊടി എൽ പി സ്കൂളിൽ വെച്ചു നടന്ന ആകെദിന പഞ്ചായത്ത് തല പരിശീലനത്തിൽ 40 എൽ. ആർ. പി.മാരും ജില്ലാതലത്തിൽ പരിശീലനം ലഭിച്ച 10പേരും പഞ്ചായത്ത് മെമ്പർമാരും ഉദ്യോഗസ്ഥരും ഉൾപ്പടെ 102പേർ പങ്കെടുക്കുകയുണ്ടായി.

ഓരോ വാർഡിലെയും പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടെത്തുന്നതിനുള്ള വിശേഷാൽ ഗ്രാമസഭകൾ 27-9-96 മുതൽ 4-10-96 വരെയുള്ള ദിവസങ്ങളിൽ ചേരുകയുണ്ടായി. 10 ഗ്രാമസഭകളിലായി 284 സ്ത്രീകളും 1117 പുരുഷൻമാരും ഉൾപ്പെടെ 1401 പേർ പങ്കെടുത്തു,

ജനകീയാസൂത്രണ പ്രചരണാർത്ഥം ജനാധികാര കലാജാഥ പഞ്ചായത്തിൽ പര്യടനം നടത്തി. അഞ്ചു കേന്ദ്രങ്ങളിൽ പരിപാടികളവതരിപ്പിച്ചു.

25-10-95മുതൽ 27-10-96 വരെ നടന്ന രണ്ടാംഘട്ട ജില്ലാതല പരിശീലനത്തിലും പഞ്ചായത്തിൽ നിന്നും 10 പേർ പങ്കെടുക്കുകയുണ്ടായി

കേരളപ്പിറവി ദിനമായ നവംബർ ഒന്നാം തിയ്യതി പുനരർപ്പണ ദിനമായി ആചരിക്കുകയും പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

ഡി. ആർ. പി. എൽ. ആർ. പി. മാരുടെ സഹായത്തോടെ വിവിധ വകുപ്പുകളിൽ നിന്നും ദ്വിതീയ വിവര ശേഖരണവും നടത്തി ഗ്രാമസഭകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളും ക്രോഡീകരിക്കുകയും ചെയ്തു.


4-11-96ന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥൻമാരുടെയോഗം എം എൽ ജി. എം യു പി സ്കൂളിൽ വിളിച്ചു ചേർത്തു. ഭൂരിഭാഗം വകുപ്പു പ്രതിനിധികളും പങ്കെടുത്ത പ്രസ്തുത യോഗത്തിൽ പദ്ധതി അവലോകനവും വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചർച്ചകളുംനടത്തുകയുണ്ടായി.

8-11-96ന് എം എൽ ജി യം യു പി സ്കൂളിൽ പഞ്ചായത്ത്തല രണ്ടാംഘട്ട പരിശീലനം നടന്നു. 117പേർ പങ്കെടുത്ത പ്രസ്തുത പരിശീലനത്തിൽഉദ്യോഗസ്ഥപങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു 22-11-96ന് പഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ഡി ആർ പിമാരും മെമ്പർമാരുംപഠന പര്യടനം നടത്തുകയുമുണ്ടായി.

ഏറ്റവും അവസാനമായി ശേഷിക്കുന്ന ദ്വിതീയ വിവരശേഖരണവും പഞ്ചായത്തിന്റെ സമഗ്ര വികസനരേഖഎഴുതി തയ്യാറാക്കലുമായിരുന്നു വിവിധ വിഷയങ്ങളെക്കുറിച്ച് റിപ്പോർട്ട് എഴുതി തയ്യാറാക്കുന്നതിന് പ്രത്യേക സബ് കമ്മിറ്റികൾ രൂപീകരിച്ച് ചുമതലപ്പെടുത്തുകയും ഈ കമ്മറ്റികൾ യോഗം ചേർന്ന് ഗ്രാമസഭാ റിപ്പോർട്ടുകളുടെയും ദ്വിതീയ വിവര ശേഖരണത്തിലൂടെ ലഭിച്ചകണക്കുകളും നാട്ടുകാരിൽ നിന്നും ചോദിച്ചറിഞ്ഞ വിവരങ്ങളും കൂടി ചർച്ച ചെയ്തു ക്രോഡീകരിച്ച് തയ്യാറാക്കിയ നമ്മുടെ പഞ്ചായത്തിന്റെ സമഗ്ര വികസന രേഖയാണിത്.

ബഹുതാം പദ്ധതിയുടെ സവിശേഷത അടങ്കൽ തുകയുടെ 35-40 ശതമാനം ഗ്രാമപഞ്ചായത്തുകളിലെ വികസന പദ്ധതികൾക്കായി നീക്കിവെക്കുകയാണ്. സർക്കാരിൽ നിന്നും ലഭിക്കുന്ന മറ്റുഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സഹകരണം, ജനകീയ സംഭാവനകൾ (പണം, വിഭവങ്ങൾ, അദ്ധ്വാനം) എന്നിവ കൂടി സമാഹരിക്കപ്പെടുമ്പോൾ ജനകീയാസൂത്രണം പൂർണ്ണതയിലെത്തിക്കാൻ സാധിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

സാമൂഹിക സാംസ്കാരിക ചരിത്രം



" പണ്ടു പുരാണത്തിൽ പാണ്ഡവൻമാർ
കൗരവർ തീർത്തൊരരക്കില്ലത്തിൽ
വാഴ്കയേ ഏകെ ഗുഹാമുഖത്തെ
തീർത്തുപോൽ തച്ചൻ രഹസ്യമായി
ഉള്ളത്തിൽ തിങ്ങി വഴിഞ്ഞൊഴുകും
നന്ദിയാൽ ധർമ്മജൻ നൽകിയത്രേ
എട്ടുകരകളെ സ്നേഹപൂർവ്വം
തമ്മിനു പാലിക്കാൻ പണ്ടൊരുനാൾ
ഒന്നുതൊട്ടേൽ നാടറിയപ്പെട്ടു
'തച്ചനാട്ടുകര' എന്ന പേരാൽ "

തച്ചനാട് എട്ട് കരയും സിദ്ധനല്ലൂരും ലോപിച്ചുണ്ടായ തച്ചനാട്ടുകര, ചെത്തല്ലൂർ വില്ലേജുകളും ഉൾപ്പെട്ട ഈ പഞ്ചായത്ത് ചരിത്രമുറങ്ങുന്ന ഒരു ഭൂപ്രദേശമാണ്. ചേരമാൻ പെരുമാളിൽ നിന്ന് തിട്ടൂരംകിട്ടി. സാമൂതിരി രാജാവ് വാണരുളിയ ഈ പ്രദേശത്തിലെ കരിങ്കല്ലത്താണി, ശ്രീകൃഷ്ണപുരം റോഡും, നാട്ടുകൽ, തളളച്ചിറവഴി കടന്നുപോകുന്ന ടിപ്പുസുൽത്താൻ റോഡ് ടിപ്പുവിന്റെ പടയോട്ടചരിത്രം അയവിറക്കി ഇന്നും പഞ്ചായത്തിൽ നിലകൊള്ളുന്നു. മലബാർജില്ലയിൽ വള്ളുവനാട് താലൂക്കിൽ ഉൾപ്പെട്ടിരുന്ന ഈ കര 1969-ഓടു കൂടി മലപ്പുറം – പാലക്കാട് ജില്ലകളുടെ അതിർത്തി പ്രദേശമായി. 35.04 ച. കി. മീ വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിനെ വലയം ചെയ്തുകൊണ്ട് കരിമ്പുഴ, വെള്ളിനേഴി, ആലിപ്പറമ്പ്, താഴെക്കോട്, കോട്ടോപ്പാടം പഞ്ചായത്തുകളും നിലകൊള്ളുന്നു.

വ്യത്യസ്ത കാലഘട്ടങ്ങളിലായി മലബാറിന്റെ മലമ്പ്രദേശത്ത് എത്തപ്പെട്ട നാഗന്മാരുടെ പിൻതലമുറക്കാരാണത്രെ പഞ്ചായത്തിലെ നായർ തിയ്യർ, ചെറുമർ സമുദായങ്ങളും. മലദൈവങ്ങളെ ആരാധിച്ചിരുന്ന ഈ വിഭാഗത്തിന്റെ ആരാധനാകേന്ദ്രങ്ങളായിരുന്നു പുത്തനങ്ങാടി, പഴഞ്ചീരി, കൊടക്കാട് മുല്ലക്കൽ, കിടിശ്ശേരി തുടങ്ങിയ ശിവക്ഷേത്രങ്ങളും എടശ്ശേരി, വേട്ടക്കൊരുമകൻ ക്ഷേത്രവും, കുളങ്കരതൊടി, കളത്തുംപടി, നെടുംപുകുന്ന്, കിഴക്കുംപുറം പ്രദേശങ്ങളിലെ അയ്യപ്പക്ഷേത്രങ്ങളും ആദിദ്രാവിഡ വിഭാഗത്തിൽപ്പെട്ട പാണൻ, പറയൻ, മണ്ണാൻ, തുടങ്ങിയ സമുദായങ്ങളും നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ പഞ്ചായത്തിലെത്തിപ്പെട്ടു. നമ്പൂതിരിമാരും മൂസ്സതുമാരും 365ഇല്ലങ്ങളിലായി സുഖസമ്പൂർണ്ണമായ ജീവിതം നയിച്ചിരുന്ന ഒരു കാലഘട്ടം കടന്നുപോയി. വർഷത്തിലെ ഓരോ ദിവസവും ഓരോ ഇല്ലങ്ങളിൽ ഒത്തുകൂടി സുഖസമൃദ്ധമായ സദ്യ നടത്തിയിരുന്ന ഒരു സമ്പ്രദായം ശ്രേഷ്ഠഭഗവതിയെ കുടിവെച്ചതോടെയാണത്രെ ഇല്ലങ്ങളിൽ ഇല്ലാതായത്. കുറ്റിക്കോട്, നെടുമ്പാറ തുടങ്ങിയ അന്യം നിന്ന ഇല്ലങ്ങളും കറുത്തേടത്ത്, മുണ്ടേടത്ത്, അത്തിപ്പറ്റ, ആമയൂർ ഞെളളിയൂർ, ഇടമന, ഇടശ്ശേരി തുടങ്ങിയ മനകളും നഷ്ടപ്രതാപത്തിന്റെ നിത്യസ്മാരകങ്ങളായി നിലനിൽക്കുന്നു. ആമയൂർ മനക്കലാണത്രെ വരരുചിയുടെ 'പറയിപെറ്റ പന്തിരുകുല'ത്തിൽ ഉൾപ്പെട്ട നാറാണത്ത് ഭ്രാന്തൻ ജനിച്ചുവളർന്നത്. അദ്ദേഹത്തിന്റെ ശ്രാർദ്ധദിനമാണത്രെ മീനമാസത്തിലാചരിക്കുന്ന മൂലം ഊട്ട്.

ആര്യവംശജരുടെ ആഗമനത്തോടെയാണ് വിഷ്ണുക്ഷേത്രങ്ങളും ഇവിടെ സ്ഥാപിക്കപ്പെട്ടത്. ചെത്തല്ലൂർ, കൊടക്കാട്, മുല്ലക്കൽ, കുറുമാലി, രാമൻതൃക്കോവിൽ, തെഞ്ചീരി, കിഴക്കുമ്പുറം, ഗോവിന്ദപുരം, മുണ്ടമ്പലം, ഇളംകുന്ന്, കിഴിശ്ശേരി, കുറുമാലികാവ് എന്നിവിടങ്ങളിലെ ക്ഷേത്രങ്ങളും വിഷ്ണു ക്ഷേത്രങ്ങളാണ്. ആര്യ–ദ്രാവിഡ വിഭാഗങ്ങളും ഈ പ്രദേശത്ത് സഹകരിച്ച് ജീവിക്കാൻ തുടങ്ങിയതോടെ വിഷ്ണുക്ഷേത്രങ്ങളിൽ ഉപദേവതകളും പ്രതിഷ്ഠിക്കപ്പെട്ടു. ദ്രാവിഡ സംസ്കാരത്തിന്റെ ഭാഗമായ നാഗാരാധന ഈ പ്രദേശത്തെ നമ്പൂതിരി, ഗുപ്തൻ, നായർ, തണ്ടാൻ തുടങ്ങിയ സമുദായങ്ങളും അംഗീകരിക്കുകയും വീട്ടുവളപ്പിൽ പാമ്പിൻകാവുകളും ആരാധനക്കായി സ്ഥാപിക്കുകയും ചെയ്തു വരുന്നു. ചേരമാൻപെരുമാളുടെഭരണകാലത്ത് വടക്കേഇന്ത്യയിലെ ആര്യാവർത്തത്തിൽ നിന്നും കുടിയേറിപ്പാർത്ത ഗുപ്തസമുദായം കൃഷിയും കച്ചവടവും

മുഖ്യതൊഴിലാക്കിയവരായിരുന്നു. സ്വപ്രയത്നത്തിലൂടെയും ബുദ്ധിശക്തിയിലൂടെയും മന്ത്രിസ്ഥാനംവരെയുയർന്ന ഗുപ്തന്മാർസ്വന്തം ആചാരങ്ങളും വിശ്വാസപ്രമാണങ്ങളും മുറുകെ പിടിച്ചുതിനാലാണത്രെ ചോളരാജ്യത്തിൽ നിന്നും അഭയം തേടേണ്ടിവന്നത്.

പഞ്ചായത്തിലെ മുസ്ലിം ജനവാസത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. അണ്ണാംതൊടിയിലെ പള്ളിക്കൽചോല എന്ന പ്രദേശത്ത് കാണുന്ന പള്ളിത്തറയും പള്ളികുളവും ഖബറുകളും, പാറമ്മൽ മദ്രസക്ക്സമീപം മരണപ്പെട്ടുപോയ തൊട്ടിപ്പറമ്പിൽ ജമാലുവിന്റെ വീട്ടുവളപ്പിൽ കാണപ്പെടുന്ന ഖബറുകളും പൊതിയിൽ ജുമാമസ്ജിദ് ഇപ്പോൾ സ്ഥിതിചെയ്യുന്ന സ്ഥാനത്ത് കാണപ്പെട്ടിരുന്നഖബറുകളും നൂറ്റാണ്ടുകൾക്ക്മുമ്പ്തന്നെ മുസ്ലിംകൾ ഇവിടെ ജീവിച്ചിരുന്നുഎന്നതിന് തെളിവാണ്. ഇപ്പോഴത്തെ മുസ്ലിംകളും ചരിത്രാവശിഷ്ടങ്ങളിലെ തലമുറയുംതമ്മിൽ ബന്ധമില്ലാത്തതിനാൽ പഞ്ചായത്തിലെ പഴയകാലമുസ്ലിംകൾ ജീവിച്ചിരുന്ന നൂറ്റാണ്ട് നിർണ്ണയിക്കുക സാധ്യമല്ല. 18–ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ പിലാക്കുന്നിൽ സാഹിബ് ഉപ്പാപ്പ എന്ന തായിപ്പാപ്പ വന്നതായും തദ്ദേശവാസികൾക്ക് അദ്ദേഹത്തോടുള്ള ബഹുമാനാദരവ് കാരണം നൽകപ്പെട്ട സ്ഥലത്ത് അദ്ദേഹത്തിന്റെ ഖബറിടവും പാറമ്മൽ ജുമാമസ്ജിദും നിർമ്മിക്കപ്പെട്ടതായും പറയപ്പെടുന്നു. പഞ്ചായത്തിലെ പുരാതന മുസ്ലിം കുടുംബമാണത്രെ 'കുന്നുംപുറത്ത' കുടുംബം തച്ചനാട്ടുകരയിലെ മുസ്ലിംകളിൽ ചിലഭാഗത്തിപ്രായ വ്യത്യാസങ്ങളും ഉണ്ടയതായും ഒരുവിഭാഗം കുഞ്ഞോട്ടിതങ്ങളുടെ നേതൃത്വവും മറ്റൊരു വിഭാഗം പൊന്നാനി സൈനുദ്ദീൻമഖ്ദൂം അവർകളുടെ ആത്മീയനേതൃത്വം സ്വീകരിച്ചുതായും പറയപ്പെടുന്നു. അഭിപ്രായ വ്യത്യാസം രൂക്ഷമായപ്പോൾ തർക്കങ്ങൾ പരിഹരിക്കുന്നതിന് പൊതിയിൽ ഉലാമിലി എന്നയാൾ കൊച്ചിയിലുള്ള സയ്യിദ്അബൂബക്കർ ബന്ധുവിനെ സമീപിക്കുകയുണ്ടായി. സയ്യിദ് അബൂബക്കർ ബന്ധു മകനായ അബ്ദുള്ള കോയതങ്ങളെ ഉലാമിലിയുടെ കൂടെപറഞ്ഞയക്കുകയും സാഹചര്യം ശരിയാണെങ്കിൽ ഇവിടെ തന്നെ താമസിച്ചുകൊള്ളാൻ നിർദ്ദേശം നൽകുകയും ചെയ്തു. പിൽകാലത്ത് ഇവിടത്തെ ഭൂരിപക്ഷം മുസ്ലിംകളും അദ്ദേഹത്തിന്റെ അഭിപ്രായവും നേതൃത്വവും അംഗീകരിക്കുകയാണുണ്ടായത്. തച്ചനാട്ടുകരയിൽ സ്ഥിരതാമസമാക്കിയ അബ്ദുള്ള കോയതങ്ങൾ മണത്തലയിലുള്ള സ്വന്തംസ്ഥലം വിറ്റ് കറുത്തേടത്ത്, മുത്തേടത്ത് മനകളിൽപെട്ട 1300 ഏക്കർ സ്ഥലം ആദ്യം കാണമായും പിന്നീട് ജന്മമായും വാങ്ങുകയുണ്ടായി. ആ തലമുറയുടെ പിൻഗാമികളാണ് പെരിന്തൽമണ്ണയിലെ PVS കുടുംബവും കുമരമ്പത്തൂരിലെ തങ്ങൾകുടുംബവും നെടുമ്പാറ, കലമ്പാമ്പിൽ, കുന്നുംപുറത്ത്, പൊതിയിൽ, ചെന്നാറയിൽ, ചെർപുറത്ത് തുടങ്ങിയവ പഞ്ചായത്തിലെ പുരാതന മുസ്ലിം കുടുംബങ്ങളിൽ ചിലതാണ്. ഏറ്റവും പഴക്കംചെന്ന നാട്ടുകൾ പള്ളിമുതൽ പൊതിയിൽ, പാറമ്മൽ, പാറപ്പുറത്ത്, തളത്തച്ചിറ, ചോളോട്, നരുക്കോട്, പാലോട്, കുത്തുപ്പറമ്പ്, കരിങ്കല്ലത്താണി ഭാഗങ്ങളിലായി 10ജുമാമസ്ജിദുകളും പഞ്ചായത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ 12നമസ്കാരപള്ളികളും നിലകൊള്ളുന്നു. മത പഠനത്തിന് പ്രാമുഖ്യം നൽകുന്ന മുസ്ലിംകളുടെ 18ഓളം മദ്രസ്സകളും ഈ പഞ്ചായത്തിലുണ്ട്.

വ്യത്യസ്ത കാലഘട്ടങ്ങളിലായി പഞ്ചായത്തിലെത്തിപ്പെട്ട ആശാരി, മൂശാരി, തട്ടാൻ, കരുവാൻ, മണ്ണാൻ, പാണൻ, പറയൻ, തണ്ടാൻ, കണിയാൻ, വിളക്കത്തല, വെളുത്തേടത്ത്കാരെല്ലാം പഞ്ചായത്തിന്റെ രൂപീകരണ നിർമ്മിതിയിൽ അവരുടേതായ പങ്ക് വഹിച്ചവരാണ്. ആര്യ വൈശ്യ സമുദായത്തിലെ മുസലിയാത്ത്, അമ്പലത്തിങ്ങൽ, ആയിച്ചത്ത്, കരിപ്പുമാൻ വീട്, പൊതിയാത്ത്, അടിയത്ത്, കുരുമൻവീട്) തുടങ്ങിയ 7 വീട്ടുകാർ കാരണവന്മാരും മന്നാടിമാരായും സ്ഥാപിക്കപ്പെട്ട ക്ഷേത്രമാണ് പനങ്കുറുശ്ശി ഭഗവതി ക്ഷേത്രം. അടുത്തകാലം വരെയും ചെത്തല്ലൂർ വില്ലേജിലെ 'അധികാരി' സ്ഥാനം ഈ സമുദായത്തിന് പാരമ്പര്യമായി ലഭിച്ചു. മധുര വീരനെന്നുരാധിക്കുന്നപെരിയസമുദായത്തിൽപെട്ടവരാണ് കൊല്ലപ്പാലിയുടെയും ടിപ്പുവിന്റെയും സൈനിക ആവശ്യാർത്ഥം തുകലുപകരണങ്ങൾ നിർമ്മിക്കാൻ വേണ്ടിയാണത്രെ തെലുങ്കുനാട്ടിൽനിന്നും ഇവിടെ കൊണ്ടുവന്ന് താമസിപ്പിച്ചത്. മാരിയമ്മൻ കോവിലുകളിൽ ആരാധന നടത്തുന്ന ചെട്ടിയാർ സമുദായം ഈ പഞ്ചായത്തിലുണ്ട്, വീടുകളിൽ ശാക്തേയപൂജ നടത്തുന്ന ആറൻമാർ താമസിച്ചിരുന്നസ്ഥലമാണത്രെആറൻകുണ്ട് പ്രദേശം. മക്കത്തായം സ്വീകരിച്ച ബ്രാഹ്മണൻ, ഗുപ്തൻ

പൊതുവാൾ, തണ്ടാൻ, ചെറുമൻ, മണ്ണാൻ, തുടങ്ങിയ സമുദായങ്ങളും മരുമക്കത്തായംസ്വീകരിച്ച നായർ, വാരിയർ, വെളുത്തേടൻ തുടങ്ങിയ സമുദായങ്ങളും പഴയദായക്രമത്തെ ഓർമ്മിപ്പിക്കുന്നു. ഭൂമിയുടെ ഉടമാവകാശംമാറിയതോടെ ജന്മി–കുടിയാൻ ബന്ധം നിലവിൽ വരുകയും പാട്ടം പിരിച്ച് സൂക്ഷിക്കാനുള്ള കളങ്ങളം നിർമ്മിക്കപ്പെടുകയും ചെയ്തു. അത്തരത്തിലുള്ള ധാരാളം കളങ്ങളം പഞ്ചായത്തിൽ സ്ഥാപിക്കപ്പെടുകയുണ്ടായി. 1970 ഓടുകൂടി ഇത്തരം കളങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടു.

നാട്ടുകൽ എന്ന സ്ഥലത്തിന് ആ പേര് തന്നെ വരാൻ കാരണമായ 'നാട്ടുകല്ലും' പാലോടിലുള്ള നാട്ടുകല്ലും മഹാശിലായുഗാവശിഷ്ടങ്ങളിൽ പൊതുവായ കാണപ്പെടുന്ന നന്നങ്ങാടികളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കാണപ്പെടുന്നു. വെട്ടുകല്ലിൽ തീർത്ത കുഴികളിൽ കരിങ്കല്ലുകൊണ്ട് അറകളുണ്ടാക്കി മൃതശരീരവും അദ്ദേഹത്തിന്റെ ജീവിതകാലത്ത് ഉപയോഗിച്ചിരുന്ന വസ്തുക്കളും അടക്കം ചെയ്തിരുന്ന ഇത്തരം നന്നങ്ങാടികളം പടിഞ്ഞാറെ പാലോട്, കാരക്കാട്, വലിയ പറമ്പ്, മേലെകൊടക്കാട്, കുട്ടൻകാവ്, വാഴക്കാട്, അമ്പലപരിസരം എന്നിവിടങ്ങളിൽ കാണപ്പെടുന്നു. പഞ്ചായത്തിൽ വ്യാപകമായി ഇരുമ്പ് ഖനനം നടന്നതിന്റെ തെളിവാണ് കുട്ടൻകാവ്, ചെത്തല്ലൂർ ബാങ്ക് പരിസരം, കൊടുങ്ങക്കളം, വള്ളുവക്കാൻകുന്ന് പൂലുംകുന്ന് പാലോട് അത്തിപ്പറവള്ളപ്പ് മുണ്ടമ്പലംകുന്ന് പിലാക്കുന്ന് തേങ്ങാകണ്ടംമല നെല്ലിക്കുന്ന് പാമ്പപ്പറമ്പ് നറുക്കോട് ചോളോട് ഭാഗങ്ങളിൽ കാണപ്പെടുന്ന അയിരുമടകളും കീടക്കല്ലുകളും ആദ്യാത്മിക സത്യങ്ങളെയും ലൗകിക ജീവിതത്തിലെ പ്രായോഗിക തത്വങ്ങളെയും സമന്വയിപ്പിച്ച് സാധാരണക്കാരന് പഠിപ്പിച്ച നാരായണഗുരുവിന്റെ നാരായണത്തുമനയും ഗുരുനാഥൻകുന്നും ഉരുട്ടിയ കല്ലും ചരിത്രവിദ്യാർത്ഥികളെ ആകർഷിക്കുന്നവയാണ്.

ഭൂമിയിൽ ജന്മാവകാശവും കൈവശാവകാശവും ഉണ്ടായിരുന്ന ആദ്യകാല നിവാസികളായ നായർ, തിയ്യർ, ചെറുമർ, മണ്ണാൻ തുടങ്ങിയവർ ബ്രാഹ്മണ ആഗമനവും ക്ഷേത്രനിർമ്മാണവും നടന്നതോടെ ജന്മാവകാശംക്ഷേത്രങ്ങൾക്കും ബ്രാഹ്മണർക്കും രാജാക്കൻമാർക്കുമായി ദാനം ചെയ്തു. കാണാവകാശവും കൈവശാവകാശവും കൊണ്ട് ജന്മാവകാശികളം തൃപ്തിപ്പെട്ടു. ജന്മി–കുടിയാൻ വ്യവസ്ഥ 1970വരെ നില നിൽക്കുകയുണ്ടായി. ബ്രീട്ടീഷ് ഭരണത്തിനെതിരായി 1921ൽ ആരംഭിച്ച ഖിലാഫത്തു പ്രസ്ഥാനം ഈ പ്രദേശത്തും ചില ചലനങ്ങളുണ്ടാക്കി ചില സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാട്ടത്തിലുള്ള അവസരമായി ഇതിനെ ഉപയോഗപ്പെടുത്തിയപ്പോൾ ഈ പ്രദേശത്തെ ഹിന്ദു മുസ്ലിം ജനവിഭാഗങ്ങളം അതിനെ ഒത്തൊരുമിച്ച് എതിർത്തു. ചെത്തല്ലൂരിലെ അത്തിപ്പറമ്പന അക്രമിക്കപ്പെട്ടപ്പോളം അക്രമകാരികളെ പിന്തിരിപ്പിക്കുന്നതിന് കൊള്ള മുതൽ തിരിച്ചു കൊടുപ്പിക്കുന്നതിനും കരികല്ലത്താണി, പുവത്താണി പ്രദേശങ്ങളിലെമുസ്ലിംകളം മുൻകയ്യെടുത്തു. കലാപകാരികളെ അമർച്ചചെയ്യുന്നതിന് ബ്രീട്ടീഷ് ഗവൺമെന്റ് ഊറക്കുമതി ചെയ്ത ഗൂർഖാ റജിമെന്റിൽ നിന്നും ചളപറമ്പിൽ കുഞ്ഞിക്കമ്മക്ക് വെടിയേറ്റു മരിക്കേണ്ടി വന്നപ്പോളംനാടുകടത്തലും മർദ്ദനമുറകളുംശിക്ഷയായി ലഭിച്ചവർ നിരവധിയാണ്. കാരയിൽഅബ്ദുള്ള ഹാജി, പുത്തനങ്ങാടി കിഴക്കേതലക്കൽ അബ്ദുള്ള മുസ്ല്യാർ, പൊതിയിൽതൊട്ടിപ്പറമ്പിൽ അവുള്ക്കുട്ടി ഹാജി, പൊതിയിൽ കുഞ്ഞയമു, ചളപറമ്പിൽ അഹമ്മദ്, പുളിയത്ത് കുഞ്ഞയമു, പുഴക്കൽ പോക്കർ, കൂടേകലൻ അയമു പട്ടംതൊടി മമ്മു, കല്ലായി വീരാൻ, തച്ചൻകുന്നൻ കുഞ്ഞാലൻ, അഴകുവളപ്പിൽ കുഞ്ഞയമു, കുറുമ്പോട്ടുതൊടി ഖാദർ, കലമ്പറമ്പിൽ മമ്മു, കലമ്പറമ്പിൽ അഹമ്മദ് തുടങ്ങിയവർ ഇവരിൽ ചിലരാണ്. സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തതിന്റെപേരിൽ മുതിയിൽ ഗോവിന്ദൻകുട്ടി നായരെയും ചെത്തല്ലൂരിലെ വാഴംകണ്ടത്തിൽ ശങ്കരനാരായണ വാര്യരെയും ഇന്ത്യാഗവൺമെന്റ് താമ്രപത്രവും പെൻഷനും നൽകി ആദരിക്കുകയുണ്ടായി. കലമ്പറമ്പിൽ മമ്മു, അഹമ്മദ്, അഴുകുവളപ്പിൽ കുഞ്ഞയമ്മു തുടങ്ങിയവരുടെ വിധവകൾക്ക് സ്വാതന്ത്ര്യ സമരസേനാനികളുടെ ആശ്രിതർക്കുള്ള പെൻഷൻ ലഭിച്ചുവരുന്നു. 'നാട്ടുകൽ ഗാന്ധി' എന്നറിയപ്പെട്ടിരുന്ന എം ജി നായർ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുകയും പ്രവർത്തനം ജയിൽ ശിക്ഷ അനുഭവിക്കുകയുണ്ടായി. കൈവശഭൂമി ഒഴിപ്പിക്കലിനെതിരെയും പാട്ടംവെട്ടിച്ചുരുക്കുന്നതിനുവേണ്ടിയും നിരവധി സമരങ്ങളം ഈ പ്രദേശങ്ങളിൽ നടക്കുകയുണ്ടായി. ദേശീയ നേതാക്കളായിരുന്ന

ഖാൻഅബ്ദുൽ ഗാഫർഖാൻ, ശ്രീമതി ഇന്ദിരാഗാന്ധി തുടങ്ങിയവർ വിവിധ കാലഘട്ടങ്ങളിലായി ഈ പഞ്ചായത്തിൽ വന്നിട്ടുണ്ട്.

കലാസാംസ്കാരിക രംഗങ്ങളിൽ മഹത്തായ പാരമ്പര്യം ഈ പ്രദേശത്തിന് അവകാശപ്പെടാനുണ്ട്. വിരലിലെണ്ണാവുന്ന വിദ്യാർത്ഥികളോടെയാണെങ്കിലും 1893ൽ ചെത്തല്ലൂർ ഇടമനയിൽ ഒതേനത്ത് രാമൻനായർ പഞ്ചായത്തിൽ കഥകളി പഠിപ്പിക്കാൻ ആരംഭിച്ചിരുന്നു. ഒരു വ്യാഴവട്ടക്കാലം നല്ലനിലയിൽ പ്രവർത്തിച്ച കഥകളിയോഗം 1905ൽ ഏറനാട്ട് പൊൻമുള കരിപ്പോട്ടു നാരായണൻ മൂസ്സത് ഏറ്റെടുക്കുകയാണുണ്ടായത്. കഥകളി രംഗത്തെ അത്യുജ്ജ്വല പ്രതിഭയായിരുന്ന തേക്കിൻകാട്ടിൽ രാവുണ്ണിനായർ നാട്യരചന എന്ന കഥകളി ഗ്രന്ഥം എഴുതി പ്രസിദ്ധീകരിക്കുകയുണ്ടായി. കോട്ടയത്തു തമ്പുരാനിൽനിന്നും നാട്യാചാര്യൻ ബഹുമതിയും വീരശൃംഖലയും ലഭിച്ച ആദ്ദേഹം 1963-ൽ രാഷ്ട്രപതി ബാബു രാജേന്ദ്ര പ്രസാദിൽനിന്ന് കേന്ദ്രസംഗീത അക്കാഡമി അവാർഡും കീർത്തിമുദ്രയും ഏറ്റു വാങ്ങുകയുണ്ടായി. കഥകളി രംഗത്ത് വ്യക്തിമുദ്രപതിപ്പിച്ച വ്യക്തിത്വങ്ങൾ നിരവധിയാണ്. അവരുടെയെല്ലാം പേരുകൾ ഇവിടെ പരാമർശിക്കുകഅസാധ്യമാണ് എങ്കിലും തെക്കുമ്പുറത്ത് ഗോവിന്ദപ്പണിക്കർ,കോടക്കുറുശ്ശി ശങ്കുണ്ണിമേനോൻ,തലാപ്പിൽ വീട്ടിൽ കണ്ടപ്പക്കുറുപ്പ്, ഓറപ്പാലം സുബ്രഹ്മണ്യ ഭാഗവതർ, മുസിലിയാരത്ത് കുഞ്ഞുപണിക്കർ,(ഗൂപ്തൻ) പെരമ്പത്ത് ഇയ്യാനിമൂത്തമാൻ പെരിടപ്പൻ സ്വാമി, കിയിൽതൊടി ഉണ്ണിരാമിമേനോൻ, കോപ്പൻ നായർ, ചെത്തല്ലൂർ പട്ടപ്പാത്തു രാമപ്പണിക്കർ, കുറുങ്കാട്ടിൽ രാവുണ്ണിനായർ, ചെത്തല്ലൂർ രാമവാരിയർ, അമ്പലത്തു ശങ്കുണ്ണി മൂത്താൻ, ആറങ്ങിതൊടിയിൽ രാമൻ നായർ, ഒതനായത്തു ഗോവിന്ദൻനായർ, വാഴങ്കുന്നത്തിൽ ശങ്കുണ്ണി വാരിയർ, കിഴക്കേതിൽ കുട്ടപ്പപണിക്കർ, വാഴങ്കുന്നത്തിൽ കുട്ടികൃഷ്ണവാരിയർ, ചെത്തല്ലൂർ കൃഷ്ണൻമുത്താൻ തുടങ്ങിയവർ ഇടമനകളിയോഗത്തിലെ പ്രധാനികളായിരുന്നു. കഥകളിയെ സ്നേഹിച്ച തന്നെ ക്ഷേത്രവാദ്യകലകളേക്കുറിച്ചും, നാടകം, നൃത്തം, സംഗീതം, അയ്യപ്പൻപാട്ട് തുടങ്ങിയ കലകളിൽ പ്രഗത്ഭരായവർ ഈ പഞ്ചായത്തിൽ നിരവധിയുണ്ട്. ആയുർവ്വേദം, നേത്രചികിത്സ, ജ്യോതിശാസ്ത്രം,തച്ചുശാസ്ത്രം, നാട്ടുചികിത്സ, തോൽപ്പാവ കൂത്ത്, തുടങ്ങിയവയിൽ പ്രാഗത്ഭ്യം നേടിയവരും കുറവല്ല. ആയുർവേദ തച്ചുശാസ്ത്രം നേത്രചികിത്സ ജ്യോതിശാസ്ത്രം സംഗീതം എന്നീരംഗങ്ങളിലും ഈ പഞ്ചായത്തിൽ പ്രഗത്ഭരുണ്ടായിരുന്നു,

ഇടമന നമ്പൂതിരി (നേത്രചികിത്സ) തേറെ പറമ്പിൽ കുഞ്ചിക്കുട്ടിഅമ്മാൾ (സംഗീതം) കൊടക്കാട് കുറുപ്പൻ വൈദ്യർ, കൂളാകുർശ്ശി കുട്ടൻ വൈദ്യർ, രാമൻ എന്ന പുള്ളിവൈദ്യർ, വടക്കേപുരക്കൽ കുഞ്ഞൻ വൈദ്യർ, തെയ്യൻ വൈദ്യർ, ശങ്കുണ്ണിവൈദ്യർ, (നാട്ടുചികിത്സ) കൂറാംബാറകൃഷ്ണപ്പണൻ (തച്ചുശാസ്ത്രം) പുളിയത്ത് കുഞ്ഞുണ്ണി എഴുത്തച്ഛൻ, അപ്പു എഴുത്തച്ഛൻ (ജ്യോതിഷം) കളരിക്കൽ രാമൻകുട്ടി പണിക്കർ (തോൽപ്പാവകൂത്ത്) തുടങ്ങിയവർ അവരിൽ ചിലർ മാത്രമാണ്. കുണ്ടൂർകുന്നിനടുത്തുള്ള തപ്പുപറമ്പിൽ വെച്ച് നടന്നിരുന്ന ഫോക്കലോർ ഗ്രൂപ്പ് തിയേറ്റർ സമ്മേളനം പ്രത്യേകം പ്രസ്താവ്യമാണ്.

വ്യത്യസ്തമതവിഭാഗങ്ങളും ആഘോഷിക്കുന്ന ഓണം, പെരുന്നാൾ, വിഷു, തിരുവാതിര, ശിവരാത്രി, അഷ്ടമിരോഹിണി, വിദ്യാരംഭം, നബിദിനാഘോഷം തുടങ്ങിയവയും മകരമാസത്തിലെ തൈപ്പൂയ നാളിൽ ആഘോഷിക്കുന്ന നാഗേനിപൂജ, പണ്ടകുറുശ്ശിക്കാവിലെചൊവ്വായ, വിവിധ ക്ഷേത്രങ്ങളിൽ നടക്കുന്ന താലപ്പൊലി തുടങ്ങിയവ പഞ്ചായത്തിലെ പ്രധാന ആഘോഷങ്ങളാണ്. പെരിങ്ങോട്ടുകുർശ്ശിക്കാവിലെ പൂരമഹോത്സവമാണ് പഞ്ചായത്തിലെ ഏറ്റവും കൂടുതൽ ആളുകൾ പങ്കെടുക്കുന്ന ആഘോഷം. വിവിധ ക്ലബ്ബുകളും, സംഘടനകളും, മത്സ്യകർഷക സമിതികളുടെയും നേതൃത്വത്തിൽ ഓണാഘോഷങ്ങൾ സമുചിതമായി ആഘോഷിച്ചു വരുന്നു. തിരുവാതിരകളി, പുലികൾ, കാളവേല, പരിചമുട്ടുകളി, നാടൻപാട്ടുകളി, തിരുവാതിരകളി, കോൽക്കളി, മാപ്പിളപ്പാട്ട്, ഒപ്പന, പുള്ളുവൻപാട്ട്, നാടൻപാട്ട്, അയ്യപ്പൻ വിളക്ക്, ഭഗവതിപ്പാട്ട് കളംപാട്ട്, കൈകൊട്ടിക്കളി തുടങ്ങിയ കലാരൂപങ്ങൾപഞ്ചായത്തിൽ കാണപ്പെടുന്നു.

ഗോപകുമാർ (രവീന്ദ്രഭാരതി സർവ്വകലാശാല) (അച്ചുതൻ കഥകളിസംഗീതം) ഇടമനവാസുദേവൻ [കർണ്ണാട്ടിക് സംഗീതം] ധന്യാ വാരസ്യാർ, രുഗ്മിണി വാരസ്യാർ, (ഓട്ടൻതുള്ളൽ,മോഹിനിയാട്ടം) എ. സാവിത്രി (നാടകം) വാഴംകുന്നത്തിൽ രാഘവവാര്യർ(ഗോളിയോർവാലെകഥകളി ട്രൂപ്പ്

പുളിയഞ്ചേരി കൃഷ്ണൻകുട്ടി വൈദ്യൻ (ജ്യോതിശാസ്ത്രം, പഞ്ചാംഗഗണനം) മുച്ചുകുന്ന് വാക്കത്തടി (കുടുംബാരം തിരുവനന്തപുരം ടൈറ്റാനിയം) തുടങ്ങിയവർ കലാ-സാംസ്കാരിക രംഗത്ത് പഞ്ചായത്തിന്റെ യശസ്സുയർത്തുന്നതിൽ പ്രമുഖ പങ്കുവഹിക്കുന്നു.

അരിക്കുളംപണിത തച്ചൻ പാണ്ഡവർ ദാനംചെയ്ത തച്ചനാട്ടുകരയും, തളളച്ചിറ,കുടപ്പനവീട് മുതൽ അരക്കുപറമ്പ് വരെ ഗുഹയും സമ്പൽ സമൃദ്ധിക്ക് തടയണ സൃഷ്ടിക്കാൻ പ്രതിഷ്ഠിച്ച 'ചേട്ടാഭഗവതി' ക്ഷേത്രവും പോത്ത് മുങ്ങിപോയതെന്ന് വിശ്വസിക്കപ്പെടുന്ന പോത്തുമുങ്ങിപ്പാറയും, ആനയിറങ്ങി നിരന്നിരുന്ന ആനനരവ് പറമ്പും, തല്ലുപറമ്പും, പൊതിയിൽപള്ളി വളപ്പിലെ പാറ തുരന്ന ഖബറുകളും നാട്ടുകല്ലുകളും അണ്ണാംതൊടിയിലെ ഖബറുകളും നന്നങ്ങാടികളും അയിരുമടകളും ചരിത്രത്തിന്റെ ദശാസന്ധികളിൽ പഞ്ചായത്തിൽ എത്തിപ്പെട്ട വ്യത്യസ്ത ജനവിഭാഗങ്ങളുടെ സ്മരണകളുണർത്തുന്നു. പറയിപെറ്റ പന്തിരുകുലത്തിലെ നാറാണത്തു ഭ്രാന്തനും 10പറകൊണ്ട ഉപ്പും ചാക്ക് പല്ലിൽ തൂക്കി സമ്പാദനം നേടിയ പാലോടൻ ഇമ്പിച്ചിബാവയും നരിയെപിടിച്ച് കൂട്ടിലിടുകയും നരിപിടിയനായ കുഴിയാക്കിൽ അപ്പുകുട്ടി മൂന്നാനും, ഭാരോദ്വഹനത്തിന് പേരുകേട്ടകളത്തൊടി കൃഷ്ണൻ മൂന്നാനും പുതുമനയിലേക്ക് കരിങ്കൽ പാടത്തുനിന്നും തിയ്യന്നു പാടത്തേക്ക് പെരിപുറത്തുനിന്നും ജലസേചനതുരങ്കം നിർമ്മിച്ച അദ്ധ്വാന ശീലരും മനുഷ്യപ്രയത്നത്തിന് മാതൃക സൃഷ്ടിച്ചവരാണ്.

ഹിന്ദുക്കളും മുസ്ലീംകളും, ഏതാനും ക്രിസ്ത്യാനികളും ഇടകലർന്ന് ജീവിക്കുന്ന ഇവിടത്തെ സമൂഹത്തിന് ആര്യ-ദ്രാവിഡ സംസ്കാരത്തിന്റെയും ഇസ്ലാമികസംസ്കാരത്തിന്റെയും സമ്മിശ്ര മുഖം ദർശിക്കാൻ കഴിയും. വ്യത്യസ്ത രാഷ്ട്രീയ പ്രത്യയ ശാസ്ത്രത്തിൽവിശ്വസിക്കുന്നആളുകൾ ഇടകലർന്ന് ജീവിക്കുന്ന ഈപഞ്ചായത്തിൽ ഇന്നേവരെ രാഷ്ട്രീയ സംഘട്ടനങ്ങളോ കൊലപാതകങ്ങളോ ഉണ്ടായിട്ടില്ലെന്നുള്ളത് ഉയർന്നസാംസ്കാരികനിലവാരത്തെസൂചിപ്പിക്കുന്നു.

കൃഷിയും ജലസേചനവും

തച്ചനാട്ടുകര പുരാതന കാലം മുതൽക്കു തന്നെ തികച്ചും ഒരു കാർഷിക ഗ്രാമമാണ്. ഇവിടുത്തെ ജനങ്ങളിൽ 90ശതമാനവും കൃഷിയുമായി ബന്ധപ്പെട്ടവരും, 65% ആളുകളും കൃഷിയെമാത്രം ആശ്രയിച്ചു കഴിയുന്നവരുമാണ്. 1991ലെ കാനേഷുമാരി അനുസരിച്ച് ഇവിടുത്തെ ജനസംഖ്യ 19835 ആണ്.

തച്ചനാട്ടുകര ഒന്ന്, തച്ചനാട്ടുകര രണ്ട് (ചെത്തല്ലൂർ) വില്ലേജുകളും ഉൾക്കൊള്ളുന്ന പഞ്ചായത്തിന്റെ വിസ്തീർണ്ണം 3504.61ഹെക്ടർആണ്. ഇതിൽ കൃഷിനിലം 640ഹെക്ടറും കരഭൂമി 2864ഹെക്ടറും ആണ്. 68.64 ഏക്കർ സ്ഥലം റോഡും 92.11ഏക്കർ പുഴയും 182.7 ഏക്കർ വനവും 260ഏക്കർ തോടുകളും ഇതിൽ ഉൾക്കൊള്ളുന്നു.

ജലലഭ്യത:—

മഴയെ മാത്രം ആശ്രയിച്ചാണ് ഈ പ്രദേശത്ത് കൃഷി ചെയ്യുന്നത്. കാലവർഷാരംഭം മുതൽ ഡിസംബർ മാസം വരെ ജലം ലഭിക്കുന്നു. ഇത് മഴയുടെ തോതിനെ ആശ്രയിച്ചിരിക്കുന്നു. ചിലകാലങ്ങളിൽ നവംബർ ആദ്യം തന്നെ ജല ലഭ്യത കുറയുന്നു. കരപ്രദേശങ്ങളിൽ ജലലഭ്യത ജൂലൈ മുതൽ ഒക്ടോബർ വരെയാണ്.

ഭൂപ്രകൃതി:—

പഞ്ചായത്തു മുഴുവൻ മിക്കവാറും ഒരേ ഭൂപ്രകൃതിയാണ്. കുന്നിൻമണ്ടയും വലിയ ചെരിവുകളും, ചെറിയ ചെരിവുകളും, സമതലങ്ങളും, താഴ്വരകളും അങ്ങിങ്ങായി വ്യാപിച്ചു കിടക്കുന്നു.

മൺതരങ്ങൾ:—

ചെമ്മണ്ണ്, ചരൽമണ്ണ്, ചെളിമണ്ണ്, ചെങ്കൽ പാറകളും, കരിങ്കൽപാറകളും മണ്ണാർക്കാടു ബ്ലോക്കിൽ താരതമ്യേന ഫലപുഷ്ടി കുറഞ്ഞ മണ്ണാണ് ഇവിടെ കാണുന്നത്.

കാലാവസ്ഥ കലണ്ടർ

മഴ	ലഭിക്കുന്ന കാലം
തെക്കു പടിഞ്ഞാറൻ മൺസൂൺ (ഇടവപാതി)	ജൂൺ, ജൂലൈ, ആഗസ്റ്റ്
വടക്കുകിഴക്കൻ മൺസൂൺ (തുലാവർഷം)	സപ്തംബർ ഒക്ടോബർ, നവംബർ
വേനൽമഴ	ഏപ്രിൽ, മെയ്
മഞ്ഞുകാലം	നവംബർ, ഡിസംബർ, ജനുവരി
വരണ്ട കിഴക്കൻ കാറ്റ്	നവംബർ, ഡിസംബർ, ജനുവരി

ശീതകാലത്ത് ശക്തിയായി വീശുന്ന പാലക്കാടൻ കാറ്റ് ഈപ്രദേശത്തിന് ഒരു ശാപമാണ്. ഇത് ജലലഭ്യതകുറക്കുകയും വാഴ, തെങ്ങ്, റബ്ബർ എന്നീ കൃഷികളെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. റബ്ബറിന്റെ ഉല്പാദനം ഗണ്യമായി കുറയാൻ കാരണമാകുന്നു. വേനൽകാലത്ത് പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലും അനുഭവപ്പെടുന്ന കുടിവെള്ള ക്ഷാമത്തിന് ഏപ്രിൽ, മെയ്, മാസങ്ങളിൽ ലഭിക്കുന്ന വേനൽമഴ നേരിയ ആശ്വാസം നൽകുന്നു. ചിലകാലങ്ങളിൽ വേനൽ മഴ കിട്ടാറില്ല.

ചരിത്രം

1903 മുതൽ 47 വരെയുള്ള കാലഘട്ടത്തിൽ ഈ പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലുമായി 793 ജന്മപ്പട്ടയങ്ങളാണുള്ളത്. ആസ്പദം റവന്യൂ സെറ്റിൽമെന്റ് രേഖ

കൊടക്കാട് ദേവസ്വം – കെ. ടി. കൃഷ്ണൻ മൂസ്സത്, പനങ്കുറുശ്ശിദേവസ്വം-മുസലിയാത്ത് ശങ്കരൻ മൂത്താൻ, ആയിച്ചൻ വീട്ടിൽ മുത്തന കാളിയപ്പൻ മൂത്താൻ, മൂത്താൻ കൂത്തൻ, ചീരൻ തോട്ടത്ത് വീട്ടിൽ കരിപ്പാത്ത് അപ്പുമൂത്താൻ, കുട്ടൻ എന്ന ഏറാട്ട് വീട്ടിൽ പെരമ്പൻ മൂത്താൻ, ചെത്തല്ലൂർ ദേവസ്വം-കുറുങ്കേടത്ത് വാസുദേവൻ നമ്പൂതിരി, മൂണ്ടേടത്ത് മാധവൻ ഭട്ടതിരി, അത്തിപ്പറ വാസുദേവൻനമ്പൂതിരി, ഇടമനനാരായണൻ നമ്പൂതിരി, നാരായണമംഗലത്ത് നാരായണൻ ഭട്ടതിരി. വടക്കേടദേവസ്വം-- താമരപ്പള്ളി വാസുദേവൻ നമ്പൂതിരി, ചട്ടതല പരമേശ്വരൻ നമ്പൂതിരി, വള്ളൂത്ത് നീലകണ്ഠൻ നമ്പൂതിരി. പെരുമനത്ത് സഭായോഗം – വി. എൻ. നാരായണൻ സോമയാജിരിപ്പാട്, സി. എൻ. നാരായണൻനമ്പൂടി ശ്ശീരിപാട്, ടി. വി. നാരായണൻ സോമയാജിപ്പാട്, ഒളപ്പമണ്ണമന, തെഞ്ചീരി ദേവസ്വം, എളംകുന്ന് ദേവസ്വം, കാൽമണ്ണ ദേവസ്വം, കാഞ്ഞൂക്കുമന, കോട്ടയിൽ രാമകൃഷ്ണ ഗുപ്തൻ, കൊങ്ങത്ത് കുഞ്ഞിപ്പു കുരിക്കൾ, കെ. പി. ദേവകി അമ്മ, പി. കെ പത്മനാഭനുണ്ണിനായർ, തഞ്ചെ കൊച്ചുണ്ണിപണിക്കർ, സാമൂതിരി അമ്പാടി കോവിലകം, കോട്ടക്കൽ തുടങ്ങിയ വൻകിടജന്മികളും ശേഷിക്കുന്നവർ ചെറുകിട ഭൂവുടമകളുമായിരുന്നു. നാട്ടുകൽ, നറുക്കോട് മുസ്ലിംപള്ളികൾക്കും ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നു.

പട്ടികജാതിക്കാരായ ദുർലഭം പേർ ഭൂവുടമകളായിരുന്നു എന്ന് രേഖകളിൽ കാണുന്നു. കാളിപുരത്ത് രാമൻ, കോട്ടയിൽ രാമകൃഷ്ണൻ, ചെറുമൻ ചെറിയക്കൻ കൂട്ടപട്ടയം, മണ്ണാൻരാമൻ, പറണൻ കുടിപറയൻ വാഴക്കശ്ശേരിമന കൂട്ട്, മണ്ണാൻ മണപ്പുള്ളി പുത്തുമനശ്ശേരിമന കൂട്ടുപട്ടയം (ആസ്പദം വില്ലേജ് രേഖ)

ജന്മികളുടെ കീഴിൽ കാണക്കുടിയാന്മാരും വെറുപാട്ട കുടിയാന്മാരുമായി നിരവധി കൃഷിക്കാർ ഉണ്ടായിരുന്നു. കൃഷിക്കാർക്ക് ഭൂമിയിൽ സ്ഥിരാവകാശമോ, കുടികിടപ്പവകാശമോ ഉണ്ടായിരുന്നില്ല. 10 മുതൽ 20 മേനിവരെ ഏക്കറിന് 60പറമുതൽ 120പറവരെ പാട്ടംചുമത്തിയിരുന്നു. (1പറ–10നാരായം 60നാഴി) പാട്ടം നെല്ല് ഉണക്കി ചേറി വെടുപ്പാക്കി ജന്മി നിർദ്ദേശിക്കുന്ന സ്ഥലത്ത് അദ്ദേഹം നിശ്ചയിക്കുന്ന പറക്ക് അളന്നു കൊടുക്കാൻ കൃഷിക്കാരൻ ബാധ്യസ്ഥനായിരുന്നു. വീഴ്ചവരുത്തിയാൽ ഭൂമി ഒഴിപ്പിച്ചെടുക്കുകയും വ്യവഹാരത്തിനിടവരുത്തിയാൽ നഷ്ടം ഈടാക്കുകയും ചെയ്യാൻ ജന്മിക്ക് അധികാരമുണ്ടായിരുന്നു. കുടികിടപ്പവകാശംപോലും നിഷേധിച്ചിരുന്നു. പറമ്പിലെ ഫലവൃക്ഷങ്ങളുടെ കായ്ഫലം പോലും കുടിയാനവകാശപ്പെട്ടതായിരുന്നില്ല.

ഭൂമിമുമ്പാട്ടംവാങ്ങി 12വർഷത്തേക്ക് കാണം ചാർത്തി കൊടുത്തിരുന്നു. ചിലപ്പോൾ മേൽചാർത്തും നടത്തിയിരുന്നു. മുമ്പാട്ട പലിശ കഴിച്ച് മിച്ചം വരുന്ന പാട്ടമാണ് മിച്ചവാരം. ഇങ്ങിനെ ഭൂമിചാർത്തി വാങ്ങുന്ന ഇടനിലക്കാരായിരുന്നു കാണക്കുടിയാൻമാർ.

കൂടാതെ ഓണം ക്ഷേത്രഉത്സവങ്ങൾ, വാരങ്ങൾ, വിവാഹം മരണങ്ങൾ തുടങ്ങിയ അവസരങ്ങളിൽ കുടിയാൻ തിരുമുൽ കാഴ്ചകൾ കൊടുക്കണം. നേന്ത്രക്കായ, ചേന പച്ചക്കറികൾ എള്ളെണ്ണ തുടങ്ങിയവയായിരുന്നു കാഴ്ച വസ്തുക്കൾ.

പാട്ടബാക്കിയും തീരാത്ത കടബാധ്യതയും കൃഷിക്കാരനെ നട്ടെല്ലൊടിച്ചു. പാട്ടം കൊടുത്തു തീർന്നാൽ രണ്ടാമത് വിളയിറക്കാൻ വട്ടിപ്പലിശക്ക് കടം വാങ്ങുകയല്ലാതെ ഗത്യന്തരമില്ലായിരുന്നു. 1957ൽ പാസ്സായ കാർഷിക ഉണ്ണാശാസനിയമവും മര്യാദപാട്ടവ്യവസ്ഥയും, ഒഴിപ്പിക്കൽ നിരോധന നിയമവും കൃഷിക്കാരന് ആശ്വാസം നല്കി. 1970നുശേഷം കൃഷിഭൂമി കൃഷിക്കാരനേതായി ഭൂപരിഷ്കരണനിയമം മൂലം ജന്മിത്തം അവസാനിപ്പിച്ചു.

1963ൽ കൈവശക്കാരൻ നേരിട്ട് നികുതി അടക്കണമെന്നും പാട്ടകോടതികളിൽ തർക്കമുന്നയിച്ച് പരിഹാരം കണ്ടെത്താനുള്ള അവസരം ഒരുക്കുകയും ചെയ്തു. 1970 ജനുവരി 1 മുതൽ നടപ്പിലാക്കിയ നിയമമനുസരിച്ച് ജർമിയുടെ അവകാശങ്ങൾ ഗവർമെന്റ് ഏറ്റെടുക്കുകയും കൈവശകാർക്ക് പട്ടയം നൽകുന്നതിന് ട്രിബ്യൂ

ണലുകൾ ഏർപ്പെടുത്തുകയും പരിധിയിൽ കവിഞ്ഞ ഭൂമി ഗവൺമെൻറ് ഏറ്റെടുത്ത് ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് വിതരണം ചെയ്യാൻ തുടങ്ങുകയും ചെയ്തു.

കർഷകൻ കർഷകത്തൊഴിലാളി:—

കർഷകരും കർഷകത്തൊഴിലാളികളും ഒത്തൊരുമിച്ചുജോലിചെയ്തിരുന്നു. കുടുംബത്തിലെ എല്ലാവരും കൃഷി പണിയിൽ ഏർപ്പെട്ടിരുന്നു. മറ്റു തൊഴിലുകൾ ഇല്ലാതിരുന്നതിനാൽ കർഷകത്തൊഴിലാളികളും കൃഷിക്കാരും അർധപട്ടിണിക്കാരായിരുന്നു. കാരണവാനം അവരുടെ മുഖമുദ്രയായിരുന്നു. കൃഷിപ്പണിക്ക് സമയക്ലിപ്തതയില്ലായിരുന്നു. പ്രകാശം മുതൽ പ്രദോഷം വരെ ജോലി ഏടുത്തിരുന്നു. ഉല്പന്നങ്ങളിൽ തന്നെയാണ് കൂലി കൊടുത്തിരുന്നത്.

ഓണവല്ലി, വിഷുവല്ലി

ഓണം, വിഷു തുടങ്ങിയ ഉത്സവവേളകളിൽ കർഷകത്തൊഴിലാളികൾക്ക് മുൻകൂർ വേതനവും, വസ്ത്രങ്ങളും മറ്റും കൊടുത്തിരുന്നു. ഈ ആനുകൂല്യം പറ്റുന്നവർ വർഷം മുഴുവൻ ഉടമസ്ഥനു ജോലിചെയ്യാൻ കടപ്പെട്ടിരുന്നു. പുറം ജോലിക്ക് പോകാൻ ഉടമയുടെ അനുവാദം വേണ്ടിയിരുന്നു. ഇതൊരുതരം വിധേയത്വമായിരുന്നു

വിളചേരുവ

പ്രധാനകൃഷി നെല്ല്, തെങ്ങ്, വാഴ, കുരുമുളക്, ഇഞ്ചി, ചേന, മുതിര, പച്ചക്കറികൾ എന്നിവ കൃഷി ചെയ്തിരുന്നു. കശുവണ്ടി പ്രധാന കൃഷിയായിരുന്നു.

നെൽ കൃഷി

വിള	വിത്തുകൾ	കാലം	
		വിത്തിറക്കൽ	വിളവെടുപ്പ്
ഒന്നാംവിള	നാടൻ വിത്തുകൾ-ഞാരിയൻ, പൊന്നാരിയൻ, വെള്ളകിഴമ, രാജകിഴമ, അരുവാക്കാരി, വട്ടൻ, തൊണ്ണൂറൻ	മേടം, ഇടവംമാസങ്ങളിൽ (മെയ്, ജൂൺ)	ചിങ്ങം, കന്നി (ആഗസ്റ്റ്, സപ്തംബർ)
രണ്ടാം വിള	ചെന്താർമണി, കുട്ടാടൻ, വെള്ളക്കോലി ചിറ്റേനി, ചേറാടി, കമ്പനിവെള്ളരി	കർക്കിടകം, ചിങ്ങം (ജൂലൈ, ആഗസ്റ്റ്)	ധനു, മകരം, കുംഭം (ജനവരി, ഫിബ്രവരി)
മൂന്നാം വിള	തൊണ്ടിചീര, ചിറ്റേചെമ്പാവ്, നവര	കുംഭം (മാർച്ച് മാസം)	ഇടവം, മിഥുനം (മെയ്, ജൂൺ)
കോടൻ	കുറുവാവട്ടം	മേടം, ഇടവം (ഏപ്രിൽ, മെയ്)	കർക്കിടകം, ചിങ്ങം (ആഗസ്റ്റ് മാസം)

നാടൻ വിത്തുകളാണ് ഉപയോഗിച്ചിരുന്നത് ഇവ അത്യുൽപാദനശേഷി ഉള്ളവയല്ലെങ്കിലും രോഗബാധയെയും, കീടങ്ങളെയും, വെള്ളത്തിന്റെ ഏറ്റക്കുറച്ചിലും ചെറുത്തുനില്ക്കുമെന്ന് പറയുന്നവയായിരുന്നു. രണ്ടാം വിളക്കുശേഷം എള്ള്, മുതിര, എന്നിവയും പച്ചക്കറികളും മഴക്കാലാരംഭത്തിൽ ചാമ, കോറ എന്നിവയും കൃഷി ചെയ്തിരുന്നു. തെങ്ങിൻ തോട്ടങ്ങൾ കുറവായിരുന്നു. വീട്ടുവളപ്പുകളിലും വയൽവരമ്പുകളിലും ജലാശയങ്ങളുടെതീരത്തും തെങ്ങ് കൃഷിചെയ്തിരുന്നു പാലക്കാട് ജില്ലയിൽ ഏറ്റവുംധികം കശുവണ്ടി ഉത്പാദിപ്പിച്ചിരുന്ന പഞ്ചായത്തുകളിലൊന്നായിരുന്നു തച്ചനാട്ടുകര.

ഓണം, വിഷു എന്നിവ കാർഷികമേഖലയിലെ പ്രധാന ആഘോഷങ്ങളായിരുന്നു. വിത്തിറക്കലും–വിഷുവിന് ചാലിടൽ വിളവെടുപ്പ്–ചിങ്ങത്തിലെ നിറ, പുത്തിരി എന്നിവ പ്രത്യേകചടങ്ങുകളായിരുന്നു. കന്നിമാസത്തിലെ ആയില്യം നാഗ ഒരു ആഘോഷദിവസമായിരുന്നു.

ജലസേചനം

ഓരോ പാടശേഖരങ്ങളിലും ഉണ്ടായിരുന്ന കുളങ്ങളും തോടുകളിൽ താല്കാലികമായി നിർമ്മിക്കുന്ന ചിറകളുമാണ് ജലസേചനത്തെ സഹായിച്ചിരുന്നത്. കിണറുകളിൽനിന്ന് ഏത്തം മുക്കിയും തേക്കുകൊട്ടകൊണ്ടുതേവിയും കൃഷി നനച്ചിരുന്നു. വെള്ളപ്പൊക്കവും വരൾച്ചയും കൃഷിനാശത്തിനു കാരണമായിരുന്നു.

രോഗങ്ങൾ

ഓലപ്പുഴു, തണ്ടുതുരപ്പൻ പുഴു, കീടനാശിനികളും ഉപയോഗിച്ചിരുന്നില്ല. മുറം കൊണ്ടു വീശിയെടുത്തും, ചാഴിവല ഉപയോഗിച്ചും കീടങ്ങളെ പിടിച്ചു നശിപ്പിച്ചിരുന്നു.

വളങ്ങൾ

പച്ചിലവളവും, കാലിവളവും ധാരാളമായി ഉപയോഗിച്ചിരുന്നു. നിലം ഉഴുന്നതിന് കാലികളെ മാത്രം ഉപയോഗിച്ചുവന്നു.

ഇന്നത്തെ അവസ്ഥ

ഇന്ന് ഭൂവുടമ സമ്പ്രദായത്തിലും കൃഷിരീതിയിലും സാരമായ മാറ്റം വന്നിരിക്കുന്നു. ഇപ്പോൾ പഞ്ചായത്തിൽ 4727 ഭൂവുടമകളുണ്ട്.

ഭൂവുടമസ്ഥത സംബന്ധിച്ചവിവരങ്ങൾ

വൈകശ ഭൂമിയുടെ വിസ്തീർണ്ണം	10 സെൻറ് വരെ	11 സെ മുതൽ 25 സെ വരെ	25 സെ മുതൽ 50 സെ വരെ	51 സെ മുതൽ 100 സെ വരെ	1 ഏക്കർ മുതൽ 2 ഏക്കർ വരെ	2 ഏക്കർ മുതൽ 5 ഏക്കർ വരെ	5 ഏക്കറിനു മുകളിൽ
ഭൂടമയുടെ എണ്ണം	523	719	785	1005	956	446	290

കൃഷിഭൂമി കൃഷിക്കാരന് ലഭിച്ചു. കുടികിടപ്പവകാശം ലഭിച്ചു. എല്ലാവരും ഭൂവുടമകളായി. എങ്കിലും ഭൂരഹിതരായ കർഷകതൊഴിലാളികളും മാറും ഇന്നും ഉണ്ട്.

ഭൂപ്രകൃതി

കുന്നുകൾ: അത്തിപ്പറകുന്ന് തെക്കുഭാഗത്ത് കിഴക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. പ്ലാക്കുന്ന്, കല്ലുക്കുഴികുന്ന്, മരുതം ചോലകുന്ന് എന്നിവ മധ്യഭാഗത്ത് കിടക്കുന്നു. തേങ്ങാക്കുണ്ടൻമല വടക്കേഅതിർത്തിയിൽ കിഴക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. കുണ്ടൂർകുന്ന് തെക്ക്–കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.

താഴ്വരകൾ

ഇടശ്ശേരിപാടം, അത്തിപ്പറപാടം, പാറകപാടം, നടുക്കോടുപാടം, ചോളോടുപാടം, ചേരിപ്പടിപാടം, പൊരുമ്പാടത്തുപടിപാടം, ആറംകുണ്ട് പാടം, അത്തിപ്പറമനപാടം, മുണ്ടേടത്തുപടിപാടം, മേലേകൊടക്കാട്–കുറുമാലിക്കാവ്പാടം, കലംപറമ്പ്–പാഴലോട് പാടം, ഇല്ലത്തുപടിപ്പാടം, ചെമ്പായിപാടം, പാറക്കല്ലിപാടം, കളത്തുംപാടം, വാഴേക്കോട് പാടം, കുന്നുംപുറം പാടം, പൊതിയിൽ പാടം, തളളച്ചിറപാടം ചെരിവുകളും, സമതലങ്ങളും താഴ്വരകൾക്കു ചുറ്റുമായി വ്യാപിച്ചു കിടക്കുന്നു.

വിസ്തീർണ്ണം

തരം	വിസ്തീർണ്ണം (ഹെക്ടർ)	വിസ്തൃതിയുടെ ഭാഗം
നിലം	640	18.3%
കര	2865	81.7%
പുഴ	24.4	0.01%
വനം	73.1	0.02%

വിളചേരുവ

പ്രധാനകൃഷി നെല്ല്, വാഴ, തെങ്ങ്, മരച്ചീനി, റബ്ബർ, കശുവണ്ടി, പച്ചക്കറികൃഷി, കിഴങ്ങു വർഗ്ഗങ്ങൾ, എള്ള്, ഉഴുന്ന്, മുതിര, കുരുമുളക് നൊൽകൃഷി കുറഞ്ഞുവരുന്നു. കശുവണ്ടി തോട്ടങ്ങൾ അപ്രത്യക്ഷമാകുന്നു. കൂടുതൽ സ്ഥലത്ത് തെങ്ങും, റബ്ബറും കൃഷി ചെയ്യുന്നു. നെൽ കൃഷി ആദായകരമല്ലാത്തതിനാൽ നാണ്യ വിളകളിലേക്ക് മാറുന്നു.

No	വിള വിവരം	വിസ്തീർണ്ണം (ഹെക്ടറിൽ)	ഉൽപാദനക്ഷമത (ഹെക്ടറിൽ)	വിസ്തൃതിയുടെ ഭാഗം
1	നെല്ല്	400	1665 കി. ഗ്രാം	11.4%
2	തെങ്ങ്	686	6600 എണ്ണം	19 57%
3	കമുങ്ങ്	75	1000 കി. ഗ്രാം	2.14%
4	കുരുമുളക്	56	750 കി. ഗ്രാം	1.54%
5	വാഴ	—	10 ടൺ	—
6	റബ്ബർ	1530	1250 കി. ഗ്രാം	43.65%
7	ഫലവൃക്ഷങ്ങൾ	35	———	1%
8	മറ്റുള്ളവ	150	———	4.27%

കൃഷിഭവൻ

1987ൽ നിലവിൽവന്നു. പഞ്ചായത്തിന്റെ ഒറ്റത്തു സ്ഥിതിചെയ്യുന്നു. ഉദ്യോഗസ്ഥന്മാർ സ്ഥിരമായി ഉണ്ടാകാറില്ല. തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു. കർഷകരുടെ പ്രതീക്ഷക്കൊത്ത് ഉയരുവാൻ കഴിഞ്ഞിട്ടില്ല. തൈകളും, നടീൽവസ്തുക്കളും, വളങ്ങളും, കീടനാശിനികളും ഭാഗികമായി ലഭിക്കുന്നു. കൃഷിക്കാരും കൃഷിഭവനും തമ്മിൽ കൂടുതൽബന്ധപ്പെട്ടു പ്രവർത്തിക്കണം.

മണ്ണ്

പരിശോധന നടന്നിട്ടില്ല. ചില സ്ഥലങ്ങളിൽ പരിശോധനക്ക് അയച്ചിട്ടുണ്ടെങ്കിലും ഫലം

അറിവായില്ല. മണ്ണിന് അമ്ലതാ കൂടുതലാണ്.

വളങ്ങൾ

ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞു വരുന്നു. വെളിമ്പറമ്പുകൾ തോട്ടങ്ങളായി മാറി. പച്ചില വളം ലഭിക്കുന്നില്ല. മേച്ചിൽ സ്ഥലങ്ങൾ ഇല്ല. കാലികൾ എണ്ണത്തിൽ കുറവ് വന്നതിനാൽ കാലി വളവും കുറഞ്ഞു. കോഴിവളം, കാലിവളം, മത്സ്യവളം എന്നിവ അയൽ സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്നു. രാസവളങ്ങൾ 50% ഉപയോഗിക്കുന്നു. നൈട്രേറുകൾ, ഫോസ്ഫേറുകൾ, പൊട്ടാഷ് എന്നിവ ഉപയോഗിക്കുന്നു. സഹകരണ മേഖലയിൽ രണ്ടും, സ്വകാര്യ മേഖലയിൽ നാലും വളം വിപണന കേന്ദ്രങ്ങളുണ്ട്.

കീടങ്ങൾ. കീടനാശിനികൾ

നെല്ലിന് ഇലചുരുട്ടിപ്പുഴു, തണ്ടുതുരപ്പൻ, മുഞ്ഞ, ചാഴി എന്നിവയും വാഴക്ക് മഹാളി, കട്ടമോടേ തെങ്ങിന് കൂമ്പുചീയൽ, റബ്ബറിന് ഷീക്ക് പട്ടമരവിപ്പ്, പച്ചക്കറികൾക്ക് വണ്ട്, ഇലമഞ്ഞളിപ്പ് തുടങ്ങിയ കീടശല്യം കാണുന്നു. ജൈവ കീടനാശിനികൾ ഉപയോഗിക്കുന്നില്ല. ശാസ്ത്രീയമായരീതിയിൽ കീടനാശിനികൾ പ്രയോഗിക്കാൻ കൃഷിക്കാർ അജ്ഞരാണ്. മാർക്കറ്റിൽ ലഭ്യമായ മലാത്തിയോൺ, ഫുറെഡാൻ തുടങ്ങിയവ ധാരാളം ഉപയോഗിക്കുന്നു.

കൃഷിവേൻ എൻഡൊസൾഫാൻ, ഹിനോസാൻ, കാർബൻറാസിൽ, B H കോർബനിൽ, ഡി ഡി വി പി തുടങ്ങിയ കീടനാശിനികൾ സബ്സിഡി നിരക്കിൽ ഭാഗികമായി നൽകിയിട്ടുണ്ട്.

കാർഷികോപകരണങ്ങൾ

നാടൻ കാർഷികോപകരണങ്ങളെയും, കാലികളെയും ഇപ്പോഴും ആശ്രയിക്കുന്നു. പവർടില്ലർ ട്രാക്ടർഎന്നിവ വാടകക്കെടുത്ത് ഉപയോഗിക്കുന്നു. സഹകരണ സ്ഥാപനങ്ങൾപോലും, കൃഷി ഭവനും കാർഷികയന്ത്രങ്ങൾ ലഭ്യമായിട്ടില്ല. സ്പ്രെയറുകളും പമ്പുസെറ്റുകളും ഉപയോഗിക്കാറുണ്ട്.

പാടശേഖരസമിതികൾ

എട്ട് പാടശേഖര സമിതികൾ പ്രവർത്തിക്കുന്നു.

1 ചെത്തല്ലൂർ തെക്കൻ പാടശേഖരസമിതി
2 ചെത്തല്ലൂർ വടക്കൻ ,,
3 എടശ്ശേരി പാടശേഖരസമിതി
4 കൊടക്കാട് ,,
5 പാറപ്പാടം ,,
6 വാഴക്കാട് ,,
7 പാറല്ലൂർ ,,
8 മണ്ണാംതറ കൂരിക്കണ്ടം പാടശേഖരസമിതി

റബ്ബർ കൃഷി വികസനം

റബ്ബർ ബോർഡിന്റെ ഒരു ഫീൽഡ്ഓഫീസ് ഉണ്ട്. രണ്ടു റബ്ബർ ഉൽപാദക സഹകരണസംഘങ്ങൾ റ ജി സ് റ ർ ചെയ്ത് പ്രവർത്തിക്കുന്നു. റബ്ബർ കർഷകർക്ക് ധനസഹായവും നടീൽ വസ്തുക്കളും, ടാപ്പിങ്ങ് ഉപകരണങ്ങളും സബ്സിഡിനിരക്കിൽ ലഭിക്കുന്നുണ്ട്. നവീന റബ്ബർ കൃഷിയെ സംബന്ധിച്ച് പഠന ക്ലാസുകൾ നടത്താറുണ്ട്.

കർഷകത്തൊഴിലാളി കൂലി നിരക്ക്

സാധാരണ കാർഷിക ജോലികൾക്ക് പുരുഷന് 80രൂപയും, സ്ത്രീക്ക് 50രൂപയും കൂലി കൊടുക്കുന്നു. കന്നിന് ഒരു ദിവസത്തെ (3,4മണിക്കൂർ) പൂട്ടുകൂലി 150രൂപയാണ്.

കർഷകത്തൊഴിലാളികൾ കൂടുതൽ ആകർഷകമായ കൂലിലഭിക്കുന്ന കെട്ടിടനിർമ്മാണം, റോഡുപണികൾ എന്നിവയിലേക്കുമാറുന്നതിനാൽ ആവശ്യത്തിന് തൊഴിലാളികളെ കിട്ടുന്നില്ല.

കാർഷിക വായ്പ

ഒരു സഹകരണ ബാങ്കും അതിന്റെ ശാഖയും ഒരു റൂറൽ സർവ്വീസ് സഹകരണസംഘവും പ്രവർത്തിക്കുന്നു. ഹ്രസ്വകാല വായ്പകളും മദ്ധ്യകാല വായ്പകളും ലഭ്യമാക്കുന്നുണ്ട്. മണ്ണാർക്കാട് കാർഷിക വികസന ബാങ്കിൽനിന്നും വായ്പ ലഭിക്കുന്നുണ്ട്. കാർഷിക വായ്പകൾ മറ്റുകാര്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാൽ ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.

ജലസേചനം

മഴയെ മാത്രം ആശ്രയിക്കുന്നു. ധാരാളം കുളങ്ങളും തോടുകളും ഉണ്ട്. ജലലഭ്യത കുറവാണ്

കാരണം തടയണകളൊ ചീർപ്പുകളൊ ഇല്ല. ഉള്ളവ പ്രയോജനരഹിതമാണ്. കുളങ്ങളും ചെളിനിറഞ്ഞും ഇടിഞ്ഞു തൂർന്നും ഉപയോഗശൂന്യമായ കുറഞ്ഞവയുമാണ്.

തോടുകൾ

1 തളളച്ചിറ കുന്നുകളിൽ നിന്നുത്ഭവിക്കുന്ന പാർളിത്തോട്, വാഴത്തോട് ചേർന്ന് തൊടുവക്കാപ്പ്തോട് തെക്കുപടിഞ്ഞാറായി ഒഴുകുന്നു. പാറക്കല്ലിത്തോട്, ബാലോണിത്തോട് എന്നിവ ഇതിൽ ചേരുന്നു. പിന്നീട് ചേരിപ്പടിത്തോട്, പെരുമ്പാടത്ത് തോട്, എന്നീ പേരിൽ കിഴക്കോട്ടൊഴുകി തൂതപുഴയിൽ ചേരുന്നു. (3,4,5,6,7,8 വാർഡുകളിൽ)

2 അയ്യപ്പൻപാറത്തോട്, പാലക്കടത്തോട്, വെട്ടിപ്പാടംതോട്, പെരുമ്പാല അമ്പാലിത്തോട്, നീർട്ടിൽ മുളളൂരിത്തോട്, എന്നിവ 6, 8വാർഡുകളിൽ കൂടി ഒഴുകുന്നു. അത്തിപ്പറ കടവിൽ ചേരുന്നു.

3തേങ്ങാക്കണ്ടൻമലയിലെപളളിക്കൽ ചോലയിൽ നിന്നുൽഭവിച്ച് കലംപാമ്പ്–പാലോട് ഭാഗത്തുകൂടി ഒഴുകുന്ന കല്ലരിത്തോട്ടിൽ മേലേകൊടക്കാട് ഭാഗത്തുനിന്ന് പുറപ്പെടുന്ന രണ്ടു ചെറുതോടുകളും മുരുകൻപടിത്തോട്, മുളളൻമടത്തോട് എന്നിവ കുറുമാലി പാടത്ത് ഒത്തുചേർന്ന് പറയൻതോട് എന്നപേരിൽ ഒഴുകുന്നു. കല്ലരി തോടും പറയൻ തോടും ചേർന്ന് അത്തിപ്പറപാടം വഴി ഒഴുകി ചെമ്പായിതോട്ടിൽ ചേരുന്നു.

പഞ്ചായത്തിന്റെ കിഴക്കെ അതിർത്തിയിൽ കൂടി ഒഴുകുന്നതാണ് ചെമ്പായിതോട്.

കുളങ്ങൾ

വാർഡ് 1ൽ ചോലക്കുളം,ഇടശ്ശേരിക്കുളം, തൊരപ്പാട്ട് കുളം, കൊറ്റിയോട് കുളം, മാങ്ങാട്കുളം,പൂജനൻകുളം, മുണ്ടൻകുളം, ചേനൻകുളം

വാർഡ് 2ൽ ചെകിടിയിൽകുളം, പാറക്കുളം, പാക്കഞ്ഞികുളം, മനയ്ക്കൽകുളം, കണ്ണൻകുഴികുളം, പുലിമുണ്ടക്കുളം, ചോലകുളം, പട്ടിക്കാട് കുളം

വാർഡ് 3ൽ ചോലയിൽകുളം, പാക്കഞ്ഞികുളം, വെള്ളാട്ടരകുളം, ചേരിയിൽകുളം, ബാലോണികുളം,

വാർഡ് 4ൽ കൊട്ടേക്കാട്കുളം, കല്ലായികുളം, തേക്കിൻതൊടികുളം, എലിക്കോട്കുളം, പടിപുരക്കൽകുളം, പുത്തൻപുരകുളം, പളളികുളം

വാർഡ് 5ൽ പൊതിയിൽകുളം, കാനവരമ്പ്കുളം പുന്നാംചുവട്കുളം, കറുത്തംചോലകുളം, പടിക്കൽകുളം, അങ്ങാടിക്കുളം, പൊതിയിൽ പളളികുളം

വാർഡ് 6ൽ ചോറാണ്ടികുളം, പനങ്കുറുശ്ശിക്ഷേത്രകുളം, പാലക്കടകുളം, മാമ്പ്രകുളം, കോകാട്ടികുളം, വെട്ടുകണ്ടംകുളം, ചെത്തല്ലൂർ അമ്പലകുളം, ഞള്ളിന്തൂർകുളം, കിണാച്ചിക്കുളം' ചോലക്കുളം, പുല്ലുണ്ടകുളം, തകരുണ്ടകുളം, കുത്തേടത്ത്കുളം, ചെന്നാറിക്കുളം

വാർഡ് 7ൽ നാടുക്കോട്കുളം, മുടിക്കുന്ന്കുളം, പാറകുളം, പഞ്ചായത്ത്കുളം, മദ്രസ്സപടികുളം, ചോളോട്പാറക്കുളം, മേലേകുളം,

വാർഡ് 8ൽ അറിലക്കികുളം, പെരുമ്പാലകുളം, കുന്നത്തുകുളം

വാർഡ് 9ൽ കുറുമാലിക്ഷേത്രകുളം. (1ഏ 4സെ) കൊടക്കാട് ക്ഷേത്രകുളം, ഈശ്വരൻകുളം, വണലടികുളം, ചോലക്കുളം, അത്തിക്കുളം, കൊരങ്ങയിൽകുളം, പാലോട്കുളം,

വാർഡ് 10ൽ ഇളംകുന്ന്കുളം, ചേരിക്കല്ല്കുളം

ക്ഷേത്രകുളങ്ങളും പഞ്ചായത്തുകുളങ്ങളും എല്ലാകാലത്തും ജലം ലഭിക്കുന്നവയാണ്. മറ്റു കുളങ്ങളെല്ലാം വർഷത്തിൽ 6മാസക്കാലം വെള്ളം കിട്ടുന്നവയാണ്. മേൽപറഞ്ഞകുളങ്ങളെല്ലാം തന്നെ ജലസേചനത്തിനു പ്രയോജനപ്പെടുത്താവുന്നവയാണ്.

മണ്ണ് സംരക്ഷണം

മണ്ണൊലിപ്പ് നിവാരണത്തിനു വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. റബ്ബർ തോട്ടങ്ങൾ തട്ടുകളാക്കി തിരിക്കുന്നുണ്ട്. വേലിച്ചെടികളും കുറിച്ചെടികളും ഇല്ലാതാവുന്നു. ചിലപ്രദേശം വാർഡ് 3, 4, 5 ചിലഭാഗം നീർമറി പദ്ധതിയിൽ ഉൾപ്പെടുത്തി

യിരിക്കുന്നു. മണ്ണ്സംരക്ഷണത്തിനും ജലസംരക്ഷണത്തിനും, തടവരമ്പുകളും, ട്രഞ്ചുകളും നിർമ്മിച്ചിട്ടില്ല. കുന്നിൻ മണ്ടകളിലും, വയലുകളിലും മേൽമണ്ണ് ഒലിച്ചുപോകുന്നു. വാഴകൃഷിക്ക് മഴകാലത്ത് ജലം വാർത്തു വിടുന്നതിനാൽ വയലുകളിലെ ജലവിതാനം പെട്ടെന്ന് വറ്റിപോകുന്നു.

പ്രശ്നങ്ങൾ

1 നെല്ല്, തെങ്ങ്, വാഴ, പച്ചക്കറികൾ കൃഷിക്ക് ജലസേചനസൗകര്യമില്ല. വരൾച്ചയും, അതിവർഷവും കൃഷിക്ക് നാശംവരുത്തുന്നു.

2 ജലസേചനത്തിന് തടയണകൾ, ചിറ്റ്പ്പുകൾ ക്രോസ്സ് ബാറുകൾ, എന്നിവ ഇല്ല. ഉള്ളവ ഉപയോഗശൂന്യമാണ്. ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകൾ നടപ്പായിട്ടില്ല.

3 കുളങ്ങളും, കിണറുകളും ധാരാളമുണ്ടെങ്കിലും ആവശ്യത്തിനു ജലം സംഭരിക്കാൻ കഴിയുന്നില്ല. കുളങ്ങൾ മണ്ണിടിഞ്ഞ് താഴ്ന്ന് നീരുറവകൾ കുറയുകയും ജല സംഭരണശേഷി നഷ്ടപ്പെടുകയും ചെയ്തിരിക്കുന്നു. ഇവനന്നാക്കുന്നതിന് വലിയ സാമ്പത്തിക ചിലവുണ്ട്. അത് വഹിക്കാൻ കൃഷിക്കാർക്ക് കഴിവില്ല. പലതും സ്വകാര്യ കുളങ്ങളാണ്

4 മണ്ണ് പരിശോധന നടത്തിട്ടില്ലാത്തതിനാൽ മണ്ണിന് ആവശ്യമായ വളം ചേർക്കാൻ കഴിയുന്നില്ല. ഏതു തരം വളം ഏതളവിൽ ഉപയോഗിക്കണമെന്നതിനെ കുറിച്ച് കൃഷി ഓഫീസ് അറിവില്ല.

5 കൃഷിഭൂമികൾ നിരപ്പായ സ്ഥലങ്ങളല്ല. തുടർച്ചയായി ഉഴുതുണ്ടാക്കിയ സ്ഥിതിയിൽ ചെയ്യുന്നു. വയലുകളിലേക്ക് വണ്ടികൾ ഇറക്കാൻ ചെറിയ റോഡുകൾ ഇല്ല. അതിനാൽ ട്രാക്ടർ ട്രില്ലർ എന്നിവ ഉപയോഗിക്കാൻ പ്രയാസം വരുന്നു.

6 കീടനാശിനികൾ ശാസ്ത്രീയമായ രീതിയിൽ പ്രയോഗിക്കുന്നതിന് ബോധവൽക്കരണം നടന്നിട്ടില്ല.

7 അത്യുൽപാദന ശേഷിയുള്ള നെൽവിത്തിനങ്ങളും, തൈകളും, പച്ചക്കറിവിത്തുകളും, പയർവിത്തുകളും, മറ്റു നടീൽ വസ്തുക്കളും യഥാസമയം ലഭിക്കുന്നില്ല.

8 മണ്ണൊലിപ്പും, വെള്ളത്തിന്റെകുത്തിയൊഴുക്കും മൂലം മേൽമണ്ണ് ഒലിച്ചുപോകുന്നു. ഫലപുഷ്ടികുറയുന്നതിന് കാരണമാകുന്നു

9 ജൈവ വളങ്ങൾ, പച്ചിലവളം, ചാരം ചാണകം ലഭ്യതകുറയുന്നു.

10 വേനൽക്കാല കൃഷിക തൊഴിലാളികളെ കിട്ടാനില്ല കൃഷിച്ചിലവ് വർദ്ധിക്കുന്നു.

11 രാസവളങ്ങളുടെയും കീടനാശിനികളുടെയും വിലക്കയറ്റം കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

12 കൃഷിഭവൻ മുഖേന ലഭിക്കേണ്ട ആനുകൂല്യങ്ങൾ ഇനംതിരിച്ചുള്ള പ്രതീക്ഷക്കൊത്തുയരുന്നില്ല. ലഭിക്കുന്നത് കുടിശ്ശിക കഴിഞ്ഞിട്ടാണ്. കാലവർഷാരംഭത്തിൽ ലഭിക്കേണ്ടവ വേനൽ കാലമാവുമ്പോഴാണെത്തുക.

13 കാർഷികോല്പന്നങ്ങൾക്ക് കമ്പോളമില്ല. വിൽക്കുന്നതിനും, വാങ്ങുന്നതിനും ദൂര സ്ഥലങ്ങളിലുള്ള മാർക്കറ്റുകളെ ആശ്രയിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയമാകുന്നു.

14 ഉല്പന്നങ്ങൾ സംസ്കരിക്കുന്നതിനും, സൂക്ഷിക്കുന്നതിനും സൗകര്യങ്ങളില്ല.

15 കാർഷിക വായ്പകൾ ലഭിക്കാൻ കാലതാമസമുണ്ടാകുന്നു. ഇതിനുള്ള നിബന്ധനകൾ കാരണം യഥാർത്ഥ കൃഷിക്കാരന് ആശ്രയമായതോതിൽ വായ്പ ലഭിക്കുന്നില്ല. കാർഷിക വായ്പകൾ മറ്റു ആവശ്യങ്ങൾക്കായി വകമാറ്റിചെലവഴിക്കുന്നതിനാൽ ഉദ്ദേശിക്കുന്ന ഫലം ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1 നിർദ്ദിഷ്ട മാമ്പ്ര ലിഫ്റ്റ് ഇറിഗേഷൻ സ്കീം, കുളങ്കരകയം ലിഫ്റ്റ് ഇറിഗേഷൻ സ്കീം എന്നിവ നടപ്പിലാക്കുന്നതിലൂടെ

ആലിപ്പറമ്പ്, തച്ചനാട്ടുകര, താഴെക്കോട് പഞ്ചായത്തുകളിലെ കൃഷിക്കും കുടിവെള്ളത്തിനും പരിഹാരം കാണാനാകും.

2 രാമൻതൃക്കോവിൽ നിലവിലുള്ള 20 H Pമോട്ടോർ, കുളങ്കരത്തിണ്ടിൽ സ്ഥാപിച്ചിട്ടുള്ള 5 H P മോട്ടോർ എന്നിവയുടെ കപ്പാസിറ്റി വർദ്ധിപ്പിച്ച് മിനിലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിൽ ഉൾപ്പെടുത്തണം. ഇത് 50 ഹെക്ടർ കൃഷിക്ക് ജലസേചനത്തിന് സഹായകമാകും.

3 എല്ലാ പാടശേഖരങ്ങളിലും 500മീറ്റർ ഇടവിട്ട് തണ്ടുവരമ്പുകളോ അഥവാ ബണ്ടുകളോ നിർമ്മിക്കണം.

4 വാഴത്തോട്, മണ്ണാഞ്ചിതോട്, പാർലിതോട് (വാർഡ് 4) തൊടുപുകാപ്പ്, പള്ളിലുണ്ട ചെകിടിക്കുണ്ട്തോട്, (വാർഡ് 5) തൊപ്പന്താൻ പാറ, കുണ്ടംതോട്, കിഴക്കേതിൽപടിതോട്, ചേരിപ്പടി കല്ലുപാലം (വാർഡ് 6) കൂറാൻ പാറതോട്, കുണ്ടൻതോട്,മുള്ളുപറ (വാർഡ് 8) കലംപറമ്പ് മണലടി ഭാഗം, മുള്ളുങ്ങൽതോട്, കുറുമാലിക്കാവ്ഭാഗം പറയൻതോട് കുന്തിപാടം തോട്, (വാർഡ് 9) കാരക്കുട്ട് ഭാഗംതോട് (വാർഡ് 1) അഞ്ഞാലിതോട്, മഞ്ചാടിതോട് (വാർഡ് 2) പാറക്കുളിതോട് ബാലോണിതോട്, (വാർഡ് 3) എന്നീ സ്ഥലങ്ങളിൽ ചിറകളോ അഥവാ ക്രോസ്സ്ബാറുകളോ നിർമ്മിക്കണം. പാറക്കപ്പാടം തോടിൽ വെള്ളപ്പോക്ക് ചിറയും, ചെറുമ്പാടം തോടിന് കാടൻ ചിറയിലും ഉള്ള ക്രോസ്സ് ബാറുകളോ നിലവിലുള്ള ജലസേചനത്തിന് 1.5 കി. മീ. നീളത്തിൽ കനാലുകളോ നിർമ്മിക്കണം.

5 കുറുമാലി കോൾപ്രദേശത്തിലുള്ള വിസ്തീർണ്ണം (ഫെയ്സ് 4) കൊടക്കാട് കോൾപ്രദേശത്തിലുള്ള, പാലക്കുറുശ്ശിയിലുള്ള, ചെന്തല്ലൂർ അമ്പലക്കുളം, എള്ളംകുന്ന്കുളം, എന്നിവ ചളിയെടുത്ത് കെട്ടുകൾ നന്നാക്കിയാൽ നൂറുകണക്കിന് ഏക്കർ സ്ഥലം കൃഷിക്ക് ജലസേചന സൗകര്യം ലഭിക്കുന്നതാണ്.

6 ഓരോ വാർഡിലും ഉള്ള മുകളിൽ പറഞ്ഞ കുളങ്ങളെ അതാതു പ്രദേശത്തെ കൃഷിക്കാരുടെ സഹായത്തോടെ പഞ്ചായത്ത് ഏറ്റെടുത്ത് ആഴവും വിസ്തൃതിയും വർദ്ധിപ്പിച്ചാൽ ഈപ്രദേശത്തെകൃഷിക്കുള്ള ജലക്ഷാമം പരിഹരിക്കാൻ കഴിയും. മനുഷ്യ വിഭവശേഷിയും സാമ്പത്തിക സഹായവും ഒരുമിച്ചു പ്രവർത്തിച്ചാൽ ഇത് നടപ്പാക്കാൻ എളുപ്പമാണ്. സമഗ്ര പച്ചക്കറി വികസനത്തിന് ആവശ്യമായ ജലവും ലഭിക്കുന്നതാണ്.

പുതിയതായി നിർമ്മിക്കേണ്ട കുളങ്ങൾ

തളളച്ചിറ, വാഴത്തോട്, ആറംകുണ്ട്, വെട്ടിപ്പള്ളിയാൽ, മുണ്ടേക്കൊടി, ഐക്കരപാടം മുറിയൻതോണിപടി, പോളോട് മേലേപാടം, കൂരാക്കോട്ടുപടി, ചാമപറമ്പ് സ്കൂൾപടി വള്ളിയാൽ, മണലടിപ്പടി, പാലോട്, കാരേറ്റുപുറം, തോണിപ്പാടം.

7 കൃഷിവേതരം പ്രവർത്തനം കാര്യക്ഷമമാക്കണം. കർഷകർക്കാവശ്യമുള്ള അത്യുൽപ്പാദനശേഷിയുള്ളവിത്തുകളും, കീടനാശിനികളും, വളങ്ങളും എപ്പോഴും നടീൽവസ്തുക്കളും യഥാകാലം ലഭ്യമാക്കണം. 7-ാം വാർഡിൽ കൂരാക്കോട്ടിലുള്ള സർക്കാർ കെട്ടിടത്തിൽ കൃഷിഭവൻ പ്രവർത്തിപ്പിക്കണം. ഇത് 6, 7, 8 വാർഡുകൾക്ക് പ്രയോജനപ്പെടും. കൃഷിഭവന്റെ ആഭിമുഖ്യത്തിൽ വർഷത്തിൽ രണ്ടുതവണയെങ്കിലും വിവിധ ഭാഗങ്ങളിലുള്ള കൃഷിക്കാർക്ക് ആധുനിക കൃഷിരീതികളെകുറിച്ച് ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

8 ഉൽപ്പന്നങ്ങൾക്ക് സഹകരണാടിസ്ഥാനത്തിൽ വിപണനസൗകര്യം ഏർപ്പെടുത്തണം. കാർഷികോൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനും സൂക്ഷിക്കുന്നതിനും സൗകര്യമുണ്ടാക്കണം. പച്ചക്കറികൃഷിക്ക് പൊതുമാർക്കറ്റ് ചന്ത നടത്തിലാക്കാം.

9 ഔഷധച്ചെടികളെ, കണ്ടെത്തി അവ വ്യാപിപ്പിക്കുന്നതിനും ധാരാളമായി ലഭിക്കുന്ന ഔഷധ സസ്യങ്ങളെ ശേഖരിക്കുന്നതിനും പ്രോത്സാഹനം നൽകണം.

10 മുഖ്യവിളകളായ നെല്ലിനും, വാഴക്കും ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിലാക്കാം.

പാടശേഖര സമിതികളുടെ സഹായം ഇതിന് പ്രയോജനപ്പെടുത്താം.

11 സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷി വികസിപ്പിക്കാം. മുന്തിയ ഇനം വിത്തുകളും ശേഖരിച്ച് ജൈവവളങ്ങളും ലഭ്യമാക്കി സഹകരണാടിസ്ഥാനത്തിൽ നടപ്പാക്കാം. ജലസേചനത്തിന് പമ്പ്സെറ്റുകളും, കിണറുകളും,വൈദ്യുതിയും ലഭ്യമാക്കണം. നെല്ല്, തെങ്ങ് കൃഷികൾക്കും കിണർ പമ്പുസെറ്റുകളും, വൈദ്യുതി എന്നിവ ലഭ്യമാക്കണം,

12 റബ്ബർ, കശുമാവ് തുടങ്ങിയവക്ക് മരുന്നുതളിക്കുന്നതിന് ഗ്രൂപ്പടിസ്ഥാനത്തിൽ ഹെലികോപ്ടറുകളും ഉപയോഗിക്കാൻ സൗകര്യമുണ്ടാക്കണം.

13 സഹകരണ മേഖലയിൽ രാസവളങ്ങളും സബ്സിഡിനിരക്കിൽ ലഭിക്കുന്നതിന് ഡിപ്പോകളും സ്ഥാപിക്കണം. ജൈവവള ഉപയോഗം പ്രോത്സാഹിപ്പിക്കണം, പച്ചിലവളച്ചെടികളുടെ വിത്തുകളും ലഭ്യമാക്കുക. തീറപ്പുൽ കൃഷിക്കു സഹായങ്ങളും ലഭ്യമാക്കുക.

14 വിളകളും ഗ്രൂപ്പ് ഇൻഷൂറൻസ് സമ്പ്രദായം നടപ്പാക്കുക. പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുമ്പോൾ അടിയന്തിര ധനസഹായം ലഭ്യമാക്കുക. ധനസഹായത്തിനുള്ള വരുമാനപരിധി എടുത്തുകളയുക, ജലസേചനത്തിന് മണ്ണെണ്ണ പർമിറുകളും ആവശ്യാനുസരണം അനുവദിക്കുക. വൈദ്യുതി വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. ധനസഹായ വിതരണം നടത്താനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.

15 കാർഷിക വായ്പകളും ഉദാരവൽകരിക്കുക. കാലതാമസം ഒഴിവാക്കുക. കർഷകർക്ക് അനുവദിക്കുന്ന വായ്പത്തുക കൃഷിക്ക് മാത്രം ഉപയോഗിക്കുന്നു എന്നു ഉറപ്പുവരുത്തുക. കർഷകരെ ബോധവൽക്കരണം നടത്തുക. സമ്പാദ്യശീലം പ്രോത്സാഹിപ്പിക്കുക.

16 കശുവണ്ടിക്ക് കുത്തുകസംഭരണം ഏർപ്പെടുത്തുക. റബ്ബർ, കൊപ്പര സംസ്കരണ ശാലകളും വിപണന കേന്ദ്രങ്ങളും ഏർപ്പെടുത്തുക. വയലുകളിൽ ഇടവിളയായി എണ്ണവിത്തുകളും പയർവർഗ്ഗങ്ങളും, പച്ചക്കറികളും എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുക. ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ മാർക്കറ്റിങ്ങ് സഹകരണസംഘങ്ങൾ നടപ്പിലാക്കുക. പഞ്ചായത്ത് പൂർണ്ണമായും നീർമറിപദ്ധതിയിലുൾപ്പെടുത്തുക. തേങ്ങയെ എണ്ണക്കുരുവായി പ്രഖ്യാപിക്കുക.

17 ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് രണ്ടുമാസത്തെക്കുവേണ്ട നെല്ലുമാത്രമാണ് ഉൽപ്പാദിപ്പിക്കുന്നത്. ജലസേചനസൗകര്യങ്ങൾ വർദ്ധിപ്പിച്ചാൽ ഒരുപുകിൽ ഇരുപ്പുകിലായും ഇരുപ്പുകിൽ മുപ്പുകിലായും കൃഷി ചെയ്യാൻ കഴിയും. എന്നാൽ ഭക്ഷ്യധാന്യക്ഷാമം പരിഹരിക്കാൻ കഴിയും.

18 അറുപത് വയസ്സ് കഴിഞ്ഞ കർഷകർക്ക് പെൻഷനും, ചികിൽസാ സൗകര്യങ്ങളും, വിദ്യാഭ്യാസ ആനുകൂല്യങ്ങളും, തൊഴിൽ പരിശീലനത്തിൽ സംവരണവും നിയമനത്തിൽ നിശ്ചിതശതമാനം സംവരണവും ഏർപ്പെടുത്തുക. ഇവർക്കാവശ്യമായ ഫാർമേഴ്സ് വെൽഫയർ ഫണ്ട് രൂപീകരിക്കണം.

മൃഗസംരക്ഷണം

ഒരു കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിലെ ഭൂരിഭാഗം കർഷകരും കർഷകത്തൊഴിലാളികളും കാലികളെ വളർത്തിയിരുന്നു. ഉഴവുമാടുകളായും പാലുൽപാദനത്തിനും പുറമെ കാളപൂട്ടു മത്സരത്തിനായി പ്രത്യേകം പരിചരണം കൊടുത്തുകൊണ്ടുള്ള കൂറ്റൻമാരെയും ആയിരുന്നു വളർത്തിയിരുന്നത്. പത്തും അമ്പതും കാലികളെ വളർത്തിയിരുന്ന കുടുംബങ്ങളും പഞ്ചായത്തിലുണ്ടായിരുന്നു. ഒരേക്കർ നിലവും ഒരു ജോഡി ഉഴവുമാടുകളും ഉള്ള കുടുംബത്തിന് സമൂഹത്തിൽ പ്രത്യേക സ്ഥാനം കല്പിച്ചിരുന്നു. ഉപജീവനത്തിനായി കാലികളെ വളർത്തിയിരുന്നവരും ഉണ്ടായിരുന്നു. ജൈവവളങ്ങളെ മാത്രം ആശ്രയിച്ചു കൃഷിചെയ്തിരുന്ന കാലത്ത് കൃഷിക്കാവശ്യമായ വളവും ഈ കാലിവളർത്തലിലൂടെ കണ്ടെത്തിയിരുന്നു.

വേലികളും മതിലുകളും കെട്ടിവേർതിരിക്കാതെ കിടന്നിരുന്ന വിശാലമായ പൂപ്രദേശങ്ങളും പഞ്ചായത്തിൽ ധാരാളമായി ഉണ്ടായിരുന്നതിനാൽ മേച്ചിൽ സ്ഥലങ്ങളും സുലഭമായിരുന്നു. കലം പറപട്ട, മരുതംചോല, തേങ്ങാക്കണ്ടംമല, ചേറുക്കംചോല, കണ്ണോട്,കരിമ്പനക്കുന്ന്, പട്ടഞ്ചേരി, ചീനി, പിലാക്കുന്ന്, കൊടുങ്ങക്കളംപറമ്പ്, കൽകുഴി, അത്തിപ്പറക്കുന്ന്, കണ്ടപ്പോടി, മുളംകുന്ന് മല, തോടപ്പൻതൊടി തുടങ്ങിയ സ്ഥലങ്ങളിൽ കാലികൾക്കാവശ്യമായ തീറപ്പുല്ലുകളും പച്ചിലകളും സുലഭമായിരുന്നു. ആടുമാടുകളെ കൂട്ടത്തോടെ മേക്കാൻ പര്യാപ്തമായ ഈ പ്രദേശങ്ങളിൽ മറ്റുപഞ്ചായത്തുകളിൽ നിന്നുള്ള കാലികളും എത്തിയിരുന്നു.

കാലികളെ പരിചരിക്കുന്നതിന് വലിയ കർഷകർ കൂലിക്കാരനെ നിയമിക്കുന്ന പതിവുണ്ടായിരുന്നു. നക്കുപ്പാതി സമ്പ്രദായത്തിൽ കാലികളെ വളർത്താൻ കൊടുത്തിരുന്നു. ഇങ്ങിനെ ഏല്പിച്ചു കൊടുക്കുന്ന കാലികളം വർദ്ധിക്കുമ്പോൾ അതിൽ പകുതി കൃഷിക്കാരനും പകുതി വളർത്തുന്ന കൂലിക്കാരനുമായിരിക്കും. ഇന്നീ സമ്പ്രദായം നിലവിലില്ല.

ഭൂവുടമകളുടെ എണ്ണം വർദ്ധിച്ചപ്പോൾ കാർഷികാവശ്യാർത്ഥം അവരവരുടെ ഭൂമികൾചുറ്റി കെട്ടിയും മതിലുകെട്ടിയും വേർതിരിച്ചു. മുമ്പുണ്ടായിരുന്ന വിശാലമായ മേച്ചിൽസ്ഥലങ്ങളില്ലാതായി. തീറപ്പുല്ല് യഥേഷ്ടം ലഭിക്കാതായി. നെൽകൃഷി കുറഞ്ഞതുമൂലം വൈക്കോലും ആവശ്യത്തിന് ലഭിക്കാതായി കാലിത്തീറക്ക് ക്രമാതീതമായ വിലയും വർദ്ധിച്ചു. അതോടെ കാലിവളർത്തലിൽ ജനങ്ങൾക്ക് താല്പര്യമില്ലാതായിതുടങ്ങി. കഴിഞ്ഞ പത്തുവർഷത്തിനിടയിൽ പഞ്ചായത്തിലെ കാലികളുടെ എണ്ണത്തിൽ വന്ന കുറവ് താഴെ പട്ടികയിൽ നിന്നും മനസിലാവുന്നതാണ്

പട്ടിക I വളർത്തുമൃഗങ്ങൾ

ക്രമനമ്പർ	മൃഗങ്ങളുടെ പേര്	വർഷം 1986	1996
1	കാളനാടൻ	65	52
2	കാള സങ്കരം	07	24
3	പശു നാടൻ	750	682
4	പശു സങ്കരം	410	832
5	എരുമ	78	73
6	പോത്ത്	682	423
7	ആട്	547	504
8	പട്ടി	916	821
9	ആന	3	2
	ആകെ	3458	3413

(അവലംബം ലൈവ് സ്റ്റോക്ക് സെൻസസ്)

സങ്കരയിനം കാലികളുടെ എണ്ണത്തിൽ മാത്രമാണ് ആശാവഹമായ വർദ്ധനവ് കാണുന്നത്. എന്നാൽ പാലുൽപാദന രംഗത്ത് പ്രശ്നങ്ങൾ നിരവധിയാണ്. പാലുൽപാദന മൃഗങ്ങളിൽ 64% മൃഗങ്ങളും പാലുൽപാദിപ്പിക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്തിൽ 4010ലിറർ പാൽ ഉൽപാദിപ്പിക്കുന്നതായി അറിയുന്നു. നാടൻ ഇനങ്ങളെക്കാളും സങ്കരയിനങ്ങൾ കൂടുതൽ പാലുൽപാദിപ്പിക്കുന്നതു കൊണ്ടാണ് ഈ നങ്ങൾ സങ്കരയിനം മൃഗങ്ങൾ വളർത്താൻ താല്പര്യം കാണിക്കുന്നത്. ഇവിടെ കൂടുതൽ പാലുൽപാദിച്ചാൽ വിപണി കണ്ടെത്താൻ സാധിക്കുന്നില്ല. ചെറിയ ചായക്കടകളിലും വീട്ടാവശ്യത്തിനുമായി ചെറിയതോതിലുള്ള വില്പനമാത്രമാണിവിടെ സാദ്ധ്യമാകുന്നതും കൂടാതെ കർഷകന് പാലിന് ന്യായമായ വിലയും ലഭിക്കുന്നില്ല ക്ഷീരോൽപാദക സഹകരണ സംഘങ്ങളോ, പാൽ സംഭരണ കേന്ദ്രങ്ങളോ നിലവിലില്ല.

പട്ടിക 2 പാലുൽപാദന മൃഗങ്ങൾ

ക്രമനമ്പർ	ഇനം	കറവുള്ളത്	കറവില്ലാത്തത്
1	പശുനാടൻ	410	272
2	പശുസങ്കരം	567	265
3	എരുമ	50	23
4	ആട്	310	194
	ആകെ	1337	754

(അവലംബം ലൈവ്സ്റ്റോക്ക് സെൻസസ്)

പഞ്ചായത്തിലെ ഭൂരിഭാഗം വീടുകളിലും കോഴി വളർത്തുന്നുണ്ടെങ്കിലും കഴിഞ്ഞ 10വർഷമായി വളർത്തുന്ന കോഴികളുടെ എണ്ണം കുറഞ്ഞു വരികയാണ്. താറാവ് വളർത്തുന്നവർ വിരളമാണ്.

പട്ടിക 3 വളർത്തുപക്ഷികൾ

ക്രമനമ്പർ	പേര്	1986 വർഷം	1996
1	പൂവൻകോഴി	916	709
2	പിടകോഴി	2094	1988
3	താറാവ്	53	184
	ആകെ	3063	2881

(അവലംബം ലൈവ് സ്റ്റോക്ക് സെൻസസ്

വളർത്തു പക്ഷികളിൽ പകുതിയും മുട്ട ഉൽപാദിപ്പിക്കുന്നവയാണ്. പഞ്ചായത്തിലെ ആവശ്യത്തിന് ഇവിടെ ഉൽപാദിപ്പിക്കുന്ന മുട്ടകൾ തികയുന്നില്ല. ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രങ്ങൾ നിലവിലുണ്ട്. എങ്കിലും പഞ്ചായത്തിലെ ആവശ്യങ്ങൾ നിറവേറ്റുന്നതേയില്ല. കോഴികളും മുട്ടകളും ഇറക്കുമതി ചെയ്യുകയാണ്.

പഞ്ചായത്തിൽ 1990ൽ ആരംഭിച്ച പടിഞ്ഞാറെ പ്പാലോട്ടിൽ പ്രവർത്തിക്കുന്ന ഒരേഒരു ICDP സബ്സെന്റർ മാത്രമാണുള്ളത്. വളരെ വിശാലമായ ഈ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ഗുണമായേക്കുമെന്നു മാത്രമല്ല വേണ്ടത്രയുള്ള നഷ്ടപരിഹാരമോ മരുന്നോ ഇവിടെ ലഭ്യമല്ല. പലപ്പോഴും മൃഗ സംരക്ഷണങ്ങൾക്കായി ജനങ്ങൾക്ക് 20, 25 കി മി ദൂരത്തുള്ള മണ്ണാർക്കാട്, പെരിന്തൽമണ്ണ എന്നിവിടങ്ങളിലെ മൃഗാസ്പത്രിയെ ആശ്രയിക്കേണ്ടി വരുന്നു. സ്വന്തമായ കെട്ടിടത്തിന്റെ അഭാവം ഈ സ്ഥാപനത്തിന്റെ നല്ല രീതിയിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നതായി അറിയുന്നു. ചെത്തല്ലൂരിൽ ഒരു മൃഗാസ്പത്രി ആരംഭിക്കുന്നതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെങ്കിലും ആവശ്യമായ സേവനങ്ങൾ ലഭ്യമായി തുടങ്ങിയിട്ടില്ല. ക്ഷീരവികസനത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിലില്ല. ക്ഷീരോൽപാദനസഹകരണ സംഘങ്ങളോ പാൽ സംഭരണ കേന്ദ്രങ്ങളോ നിലവിലില്ല. പഴഞ്ചിറിയിൽ നിന്നും താഴെദേശത്ത് ഓഫീസിലേക്കു ദിവസം പാൽകൊണ്ടു പോകുന്നുണ്ട്. കുറച്ചാളുകൾ കാമ്പ്രം ഭാഗത്തു നിന്നും 'അലിപ്പറമ്പ്' പഞ്ചായത്തിലും പാൽ നൽകുന്നുണ്ട്. സാമ്പത്തിക പരാധീനതയും ബോധവൽക്കരണത്തിന്റെ അഭാവവും മൂലം ഗുണമേന്മയുള്ള ഇനം പശുക്കളെ വളർത്താൻ ആളുകൾ തയ്യാറാവുന്നില്ല. അറവുമാടുകളെയും ഇവിടെ ഇറക്കുമതി ചെയ്തു കൊണ്ടിരിക്കുകയാണ്.

ആധുനിക യന്ത്രോപകരണങ്ങളുടെ ഉപയോഗം മൂലം ഉഴവുമാടുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇപ്പോഴുള്ള ഉഴവുമാടുകളിൽ 90% വും പോത്തുകളാണ്. ആദ്യകാലത്ത് പഞ്ചായത്തിലെ മുഴുവൻ ആവശ്യത്തിനും കാലിവളവും ഇവിടെതന്നെ ലഭ്യമായിരുന്നു. ഇപ്പോഴാകട്ടെ കാലിച്ചന്തകൾ കേന്ദ്രീകരിച്ചുള്ള വ്യാപാരം മുമ്പത്തേതിനേക്കാൾ വർദ്ധിച്ചതും ഓരോ വിൽപനയിലും തമിഴ്നാട്ടിൽ നിന്നും ഈപഞ്ചായത്തിലേക്ക് ഇറക്കുമതി ചെയ്യുന്നു.

പഞ്ചായത്തിൽ അമ്പതോളം വീടുകളിൽ ഗോബർഗ്യാസ്പ്ലാന്റുകളുണ്ട് മൃഗങ്ങളെ വളർത്തുന്ന ഭൂരിഭാഗം വീടുകളിലും ഗോബർഗ്യാസ് പ്ലാന്റുകളില്ല.

അകിടുവീക്കം, വന്ധ്യത, തൊടവീക്കം, കുളമ്പുരോഗം എന്നിവയാണ് കാലികളെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഈ രോഗങ്ങൾക്കുള്ള മരുന്നുകൾ സബ്സെന്ററിൽ ലഭ്യമാകാറില്ല.

വളരെ അപൂർവ്വം വീടുകളിൽ മാത്രമാണ് താറാവിനെ വളർത്തുന്നത്. താറാവുവളർത്തലിന് സാദ്ധ്യതകളുണ്ടെങ്കിലും ജനങ്ങളിൽ താല്പര്യക്കുറവ് കാണുന്നു. മുയലിനെ വളർത്തുന്നവരും പഞ്ചായത്തിലുണ്ടെങ്കിലും മുയലിന്റെ തീറ്റയുടെ ദുർലഭ്യമാണ് ആളുകൾക്ക് താല്പര്യം കുറയാൻ കാരണം. രണ്ട് ആനകളെ ഇവിടെ വളർത്തുന്നുണ്ട്. ഉത്സവങ്ങൾക്കും മരം വലിക്കുന്നതിനും, ഇവയെ ഉപയോഗപ്പെടുത്തുന്നു.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 തച്ചനാട്ടുകര പഞ്ചായത്തിലെ പത്തു വാർഡുകളും പ്രവർത്തന പരിധിയായി. ഒരു ക്ഷീര സഹകരണ സംഘം ആരംഭിക്കുക. പ്രസ്തുത സംഘത്തിന്റെ കീഴിൽ ഓരോ പാൽ സംഭരണ കേന്ദ്രം ആരംഭിക്കുക. ഇതു മൂലം പഞ്ചായത്തിൽ ദിനംപ്രതി ഉത്പാദിപ്പിക്കുന്ന 4010 ലിറ്റർ പാൽ പഞ്ചായത്തിൽ തന്നെ സംഭരിക്കാനും വിതരണം നടത്താനും കഴിയും. ഉടമസ്ഥർക്ക് അവരുടെ പാലിന് വിപണി കണ്ടെത്താൻ കഴിയുന്നതോടൊപ്പം കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരാതിരിക്കുന്നതിനും താല്പര്യം കാണിക്കുന്നതുമാണ്. വ്യാപനപ്രവർത്തനത്തിൽ ഈ സംഘത്തെ പങ്കാളിയാക്കുന്നതാണ്.

2 വിതരണത്തിനുശേഷം മിച്ചം വരുന്ന പാൽ തൈര്, നെയ്യ് എന്നിവയാക്കി മാറ്റാൻ ആവശ്യമായ ഒരു പാൽ സംസ്കരണ കേന്ദ്രം പഞ്ചായത്തിൽ അടിസ്ഥാനത്തിൽ രൂപീകരിക്കുക. ഇതുമൂലം പഞ്ചായത്തിലെ ആളുകൾക്ക് പ്രസ്തുത ആവശ്യം നിറവേറ്റാൻ കഴിയുന്നതോടൊപ്പം തന്നെ പുതിയതായി അഞ്ച് പേർക്ക് തൊഴിൽ കണ്ടെത്താൻ കഴിയും.

3 പടിഞ്ഞാറെ പാലോട്ടിൽ പ്രവർത്തിക്കുന്ന ICDP സബ്സെന്റർ വെറ്റിനറി ഡിസ്പെൻ

സറിആയി ഉയർത്തുക. സബ്സെന്ററിന് സൗജന്യമായി നൽകാമെന്ന് ഏറ്റ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുക. ഓരോവാർഡിലും സബ്സെന്റർ ആരംഭിക്കണമെന്ന ഗ്രാമസഭകളിലെനിർദ്ദേശങ്ങളും പരിഗണിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ചികിൽസാ സൗകര്യങ്ങളും ലഭ്യമാക്കേണ്ടതാണ്. കന്നുകാലികളുടെ പ്രദർശനവും മൽസരവും സംഘടിപ്പിച്ചു പ്രോൽസാഹനം നൽകേണ്ടതാണ്.

4 ആവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുകയും സ്ഥിരം ഡോക്ടറേയും മറ്റു ജീവനക്കാരേയും നിയമിക്കാൻ ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്തുകൊണ്ടു ചെത്തല്ലൂരിൽ പ്രവർത്തനമാരംഭിക്കാനിരിക്കുന്ന മൃഗാസ്പത്രി അടിയന്തിരമായി യാഥാർത്ഥ്യമാക്കുക.

5 കാലിത്തീറ്റ കുറഞ്ഞവിലക്ക് ലഭ്യമാക്കുന്ന രൂപത്തിൽ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

6 തീറ്റപുല്ല് കൃഷി ചെയ്യാനാവശ്യമായ അത്യുൽപാദനശേഷിയുള്ള വിത്തിനങ്ങൾസൗജന്യമായി വിതരണം നടത്തുക.

7 പഞ്ചായത്തിൽ ഒരു സഹകരണസംഘം ആരംഭിച്ച് പ്രസ്തുത സംഘത്തിന്റെകീഴിൽ ഓരോ വാർഡിലും ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രവും, മുട്ടക്കോഴി വളർത്തൽ കേന്ദ്രവും ആരംഭിക്കുക. വർഗ ഗുണമുള്ള കോഴികളെ വളർത്താൻ ധനസഹായം നൽകിയാൽ കൂടുതൽ കുടുംബങ്ങളും ഈ രംഗത്തേക്ക് കടന്നു വരുകയും ഒരു കുടിൽവ്യവസായമെന്ന നിലക്കും, സ്ത്രീകൾക്ക് ഒരു ഉപതൊഴിൽ എന്ന നിലക്കും കോഴി വളർത്താൻകഴിയും. കോഴി വസന്തക്കെതിരെയുള്ള പ്രതിരോധ മരുന്നുകളും സൗജന്യമായി വിതരണം നടത്തുകയും കോഴിത്തീറ്റകുറഞ്ഞ വിലക്ക് ലഭ്യമാക്കുകയും ചെയ്യുക.

8 ഗുണമേന്മയുള്ളഇനംപശുക്കളെ വളർത്തുന്നതിന് ആവശ്യമായ വായ്പാസൗകര്യങ്ങളും ലഭിക്കേണ്ട കുടുംബങ്ങളെ സത്യസന്ധമായ സർവ്വേയിലൂടെ കണ്ടെത്തുകയും അർഹരായവർക്ക് മുഴുവൻ സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുകയും ചെയ്യുക.

9 പഞ്ചായത്തിൽ താറാവു വളർത്തുന്നതിനാവശ്യമായ ചെറുതും വലുതുമായ ധാരാളം കുളങ്ങളും ഉണ്ട്. താറാവ് വളർത്താൻ താല്പര്യമുള്ള വ്യക്തികളെ കണ്ടെത്തുകയും അവർക്കാവശ്യമായ പ്രോൽസാഹനവും സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.

10 പഞ്ചായത്തിലെ മാംസാവശ്യം നിറവേറ്റുന്നതിനുവേണ്ടി മുയൽ വളർത്തലിന് ആവശ്യമായ പ്രോൽസാഹനം നൽകുക.

11 പഞ്ചായത്തിൽ കാലി വളർത്തുന്ന വീടുകളിൽ ഗോബർഗ്യാസ് പ്ലാന്റുകളും ആരംഭിക്കുക. ഇതിന് ആവശ്യമായ ബോധവൽക്കരണം പ്രാദേശികമായും വാർഡടിസ്ഥാനത്തിലും നടത്തണം. പ്രസ്തുത പ്ലാന്റുകളും നിർമ്മിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.

12 കന്നുകാലികൾക്കും കോഴികൾക്കും പ്രതിരോധ കുത്തിവെപ്പു നടത്തുകയും സൗജന്യ ഇൻഷൂറൻസ് പദ്ധതിനടപ്പിലാക്കുകയും ചെയ്യുക.

13 സഹകരണ സംഘങ്ങളെ ഇൻഷൂറൻസ് ഏജൻസികളാക്കേണ്ടതാണ്. പ്രതിവർഷം 5000ത്തിലധികം കാലികളെ പഞ്ചായത്തിൽ ഇറക്കുമതി ചെയ്യുന്നുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു കാലിചന്ത ആരംഭിച്ചാൽ കൂടുതൽ ആളുകളും കാലിവളർത്തൽ ആരംഭിക്കുകയും വളർത്തുന്നവർക്ക് വിപണി കണ്ടെത്താനും കഴിയും.

14 പഞ്ചായത്തിൽ പ്രാദേശികാടിസ്ഥാനത്തിൽ ഓരോ അറവുശാലകളും ആരംഭിക്കുക.

15 'മിൽമ' യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക. ഇതുമൂലം പാൽ സംഭരണം, വിതരണം സംസ്ക്കരണം എന്നിവ ഒന്നിച്ചു തന്നെ നടത്താൻ കഴിയുന്നതാണ്.

16 പഞ്ചായത്തിൽ അലഞ്ഞ്നടക്കുന്ന പട്ടികളെ പിടിക്കാൻ അടിയന്തര നടപടി സ്വീകരിക്കുകയും പട്ടിവളർത്തുന്നതിനുള്ള ലൈസൻസ് സമ്പ്രദായം നിർബ്ബന്ധമാക്കുകയും ചെയ്യണം. ലൈസൻസ് ഇല്ലാതെ പട്ടിവളർത്തുന്നവരുടെ പേരിൽ എടുക്കുന്ന നടപടികളും കർശനമാക്കുകയും ചെയ്യേണ്ടതാണ്.

മത്സ്യ ബന്ധനം

തച്ചനാട്ടുകര പഞ്ചായത്തിൽ മൽസ്യബന്ധനവുമായി ബന്ധപ്പെട്ട വ്യക്തികളും കുടുംബങ്ങളും വളരെ തുഛമാണ്. ഇത് ഒരു കടലോര പഞ്ചായത്തല്ല. ഏകദേശം നാലു കിലോ മീറ്റർ പുഴയോരം മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്, വലിയ 3 തോടുകളും ധാരാളം പോഷക തോടുകളും സ്വകാര്യ പൊതു കുളങ്ങളും മൽസ്യം വളർത്തൽ മുഖ്യ തൊഴിലായി ആരും സ്വീകരിച്ചിട്ടില്ല. മൽസ്യ വിപണന രംഗത്ത് പണിയെടുക്കുന്ന 52 പേർ ഈ പഞ്ചായത്തിൽ ഉണ്ട്. ഇത് മുഴുവനായും കടൽ മൽസ്യ വിപണ രംഗത്താണ് പണിയെടുക്കുന്നത്. കടൽ മത്സ്യങ്ങളും 6 മാസം മാത്രമാണ് സുലഭമായി ലഭിക്കുന്നത്. അതുകൊണ്ടു തന്നെ മത്സ്യ വിപണനവും ഒരു സ്ഥിരം തൊഴിലായി കണക്കാക്കാൻ കഴിയാത്ത സാഹചര്യമാണ്. ശുദ്ധജല മത്സ്യങ്ങളും പലതും രോഗങ്ങളും കാരണം നാമാവശേഷമായി കൊണ്ടിരിക്കുന്നു.

ഏഴ്, എട്ട് വാർഡുകളിലായാണ് പുഴയോരമുള്ളത്. വലിയ 3 തോടുകളുമുണ്ട്. ഇത് പത്ത് വാർഡുകളിലുമായി കിടക്കുന്നു. ചെറുതും വലുതുമായി ആറോളം കുളങ്ങളും ഉണ്ട്. ഇതിൽ വർഷം മുഴുവൻ വെള്ളം കിട്ടുന്ന കുളങ്ങളും ക്ഷേത്ര കുളങ്ങളും അഞ്ച് പൊതു കുളങ്ങളും 88 സ്വകാര്യകുളങ്ങളുമാണ്. മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് ഏഴാംവാർഡിൽ മൂന്ന്പേരും എട്ടാം വാർഡിൽ മൂന്ന്പേരും അടക്കം ആകെ ആറു പേരാണുള്ളത്.

പട്ടിക 1

നമ്പർ	പ്രവർത്തിക്കുന്ന മേഖല	തൊഴിലാളികളുടെ എണ്ണം
1	മൽസ്യബന്ധനം (പുഴ)	6
2	മൽസ്യവിപണനം (കടൽ)	52
	ആകെ	58

ഇവിടെ ലഭിക്കുന്ന പ്രധാന മൽസ്യങ്ങളാണ് പരൽ, കുറുന്തല, കൂരിൽ, വാള, മനഞ്ഞിൽ, കണ്ണൻ, ചൊയ്ല് എന്നിവയാണ്. ഇവിടെ വിപണനം നടത്തുന്ന പ്രധാന കടൽ മൽസ്യങ്ങളാണ് മത്തി, അയല, ചെമ്പാൻ എന്നിവയാണ്. പുഴയിൽ നിന്ന് മൽസ്യം പിടിക്കുന്നതിന് ബോട്ടോ, വലിയവലയോ ഉപയോഗിക്കുന്നില്ല. ചെറുതരംവല, ചൂണ്ട എന്നിവ ഉപയോഗിച്ചാണ് മൽസ്യബന്ധനം നടത്തുന്നത്.

പ്രധാന പ്രശ്നങ്ങൾ

1 മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കിയ പഞ്ചായത്തിലെ 6 കുടുംബങ്ങൾക്ക് മൽസ്യ ബന്ധനത്തിന് ആധുനിക സൗകര്യങ്ങളൊന്നും തന്നെയില്ല. സാമ്പത്തിക പരാധീനത കാരണം വലിയ വലകളോ ബോട്ടോ ഉപയോഗിക്കാൻ കഴിയുന്നില്ല

2 കടൽ മൽസ്യവിപണനത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിൽ തീരെയില്ല. ഇപ്പോൾ വിപണനം നടത്തുന്നത് റോഡിന്റെ സൈഡിലിരുന്നാണ്. കൂടാതെ കാൽനടയായും സൈക്കിൾ ഉപയോഗിച്ചും വിപണനം നടത്താറുണ്ട്.

3 മൽസ്യങ്ങളുടെ രോഗമാണ് മറ്റൊരു പ്രധാന പ്രശ്നം. വർഷങ്ങൾക്കു മുമ്പ് തുടങ്ങിയ മൽസ്യരോഗങ്ങൾ കാരണം പല ജനുസുകളിൽപ്പെട്ട മൽസ്യങ്ങളും നാമാവശേഷമായിട്ടുണ്ട്. ഇതുമൂലം ആരും തന്നെ മൽസ്യം വളർത്താൻ താൽപ്പര്യം കാണിക്കുന്നില്ല.

4 മത്സ്യബന്ധനത്തിന് അശാസ്ത്രീയവും അപകടകരമായതും ആയ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നുണ്ട്.

സാധ്യതകളും നിർദ്ദേശങ്ങളും

1 മത്സ്യബന്ധനം ഉപജീവനമാർഗ്ഗമാക്കാനാഗ്രഹിക്കുന്ന കുടുംബങ്ങൾക്ക് വായ്പയും സബ്സിഡിയും ലഭ്യമാക്കുക.

2 മൽസ്യ വിപണനത്തിനാവശ്യമായ സൗകര്യങ്ങൾ പ്രാദേശികമായി ഉണ്ടാക്കുക.

3 മീൻ വളർത്തുന്നതിന് ആളുകൾക്ക് മൽസ്യ കുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.

4 മീൻ വളർത്തുന്നതിന് കുളങ്ങളും മാറ്റം റിപ്പേർ ചെയ്യുന്നതിന് ധനസഹായം നൽകുക.

5 മീൻ പിടിക്കുന്നതിന് വിഷ ദ്രാവകങ്ങൾ, തോട്ട എന്നിവ ഉപയോഗിക്കുന്നവരെ കണ്ടെത്തി അവരുടെപേരിൽ കർശന നിയമനടപടികൾ സ്വീകരിക്കുക.

6 പഞ്ചായത്തു കുളങ്ങളിലും ക്രോസ് ബാറുകളിലും മത്സ്യം വളർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

7 ജലസേചനാവശ്യത്തിനും മറ്റാവശ്യങ്ങൾക്കും ഉപയോഗിക്കുന്ന സ്വകാര്യ/ പൊതുകുളങ്ങൾ മത്സ്യം വളർത്തുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

8 മൽസ്യം വളർത്തുന്ന കർഷകർക്ക് സഹകരണസംഘം രൂപീകരിക്കുക.

വ്യവസായം

പഞ്ചായത്തിന്റെ വ്യവസായ ചരിത്രം

വളരെ പരിമിതമായ ഭൗതിക സാഹചര്യങ്ങളും മാത്രം നിലവിലുള്ള ഈ പഞ്ചായത്തിന്, തീരെ ശുഷ്കമായ വ്യവസായിക ചരിത്ര പശ്ചാത്തലമാണുള്ളത്. ജനസംഖ്യയും ജീവിതാവശ്യങ്ങളും പരിമിതമായിരുന്ന മുൻകാലങ്ങളിൽ വ്യവസായങ്ങളുടെ സാന്നിദ്ധ്യമോ അസാന്നിദ്ധ്യമോ നിത്യ ജീവിതത്തെ കാര്യമായി സ്പർശിച്ചിരുന്നതേയില്ല. ശാസ്ത്ര സാങ്കേതിക വിദ്യയുടെയും ജനസംഖ്യയുടെയും രംഗത്ത് 'വിസ്ഫോടനം' തന്നെ നടക്കുമ്പോഴും, ജനങ്ങളുടെ ആവശ്യങ്ങളിലും ഉപഭോഗരീതികളിലും നവീകരണം ദൃശ്യമായപ്പോഴും ഈ പഞ്ചായത്തിൽ വ്യവസായ രംഗത്ത് യാതൊരുവിധ മുന്നേറ്റങ്ങളും അനുഭവപ്പെട്ടുകണ്ടില്ല!

തച്ചനാട്ടുകരയുടെ ഹൃദയഭാഗമെന്ന് കരുതാവുന്ന പാലോട്, പടിഞ്ഞാറെ പാലോട് പ്രദേശങ്ങളിൽ ഏടുത്തുപറയത്തക്കതായ രണ്ടു വ്യവസായയൂണിറ്റുകൾ നിലനിന്നിരുന്നു. വള്ളുവനാട് സൊസൈറ്റിയുടെ കീഴിൽ പടിഞ്ഞാറെ പാലോട്ടിലുണ്ടായിരുന്ന ചർക്കാ യൂണിറ്റിൽ 25ൽപ്പരം സ്ത്രീകൾ സ്ഥിരമായിതൊഴിൽ ചെയ്തിരുന്നു. ആ സ്ഥാപനം നാമാവശേഷമായിട്ട് ഏതാണ്ട് 18 വർഷമായി എന്നാൽ ഒപ്പം ആരംഭിച്ച ചെത്തല്ലൂർ ഖാദി നൂൽനൂൽപ് കേന്ദ്രത്തിൽ 30ഓളം പെൺകുട്ടികൾ ഇന്നും ജോലി ചെയ്യുന്നു. ഇവരോട്ടിലെ ബീഡി വ്യവസായത്തിൽ മുന്നിട്ടു നിന്നിരുന്ന 'താമരമാർക്ക്' ബീഡി കമ്പനിയിൽ 40 ൽ അധികം ആളുകൾ സ്ഥിരമായി ജോലി ചെയ്തിരുന്നു. എങ്കിലും ഇന്ന് നാമമാത്രമായേ ഉൽപാദനം നടക്കുന്നുള്ളൂ.

പരമ്പരാഗത വ്യവസായങ്ങളെ പലതും കുറഞ്ഞൊഴിഞ്ഞു പോകുന്ന രീതിയിൽ പഞ്ചായത്തിൽ പിടിച്ചു നിൽക്കുന്നതായി കാണുന്നു. അകൃഷിമായ പ്രകൃതി സമ്പത്തും ഫാർമിക മേഖലയും ഈ വ്യവസായത്തിന് പ്രോത്സാഹനമായി. അതിനാൽ വിവിധങ്ങളായ കൈത്തൊഴിലുകളും ചെയ്ത് ഇവിടുത്തെ ജനങ്ങളുടെ ആവശ്യങ്ങളും നിറവേറ്റുന്ന ഒരു തൊഴിൽ സംസ്കാരം ഇവിടെ നിലനിന്നു പോന്നു. ഉൽപാദനവും വിപണനവും തുല്യ പ്രാധാന്യം നേടിയിരുന്നു. പാലോട്ടിൽ നടന്നിരുന്ന 'ആഴ്ച ചന്ത' ഇന്നാട്ടുകാർക്ക് ഒരു അനുഭവവും ആവേശവുമായിരുന്നു. നാട്ടിലെ എല്ലാ വിഭാഗം ആളുകൾക്കും അവരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ ഈ സംവിധാനം വേദിയൊരുക്കി. ഏതാണ്ട് 25 വർഷങ്ങൾക്ക് മുമ്പ് ഈ സംവിധാനം ഇല്ലാതായി.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഇരുമ്പിന്റെ അംശം ധാരാളമുള്ള മണ്ണും കീടക്കല്ലും ലഭ്യമാണ്. നടുക്കോട്, തളർച്ചിറ, തേഞ്ഞാക്കണ്ടം തുടങ്ങിയ പ്രദേശങ്ങൾ എന്നിവിടങ്ങളിൽ ഇരുമ്പയിർ നിക്ഷേപമുള്ളതായി കാണാം. എന്നാൽ ഈ ധാതുവിനെ വേണ്ടവിധം ചൂഷണ വിധേയമാക്കാൻ സാധിച്ചിട്ടില്ല. സജീവവും ശാസ്ത്രീയവുമായ യാതൊരു പ്രയത്നവും ഈ രംഗത്ത് ഉണ്ടായിട്ടില്ല എന്നതിനാൽ ഇത് വെറും ചരിത്ര വസ്തുത മാത്രമായി നിലനിൽക്കുന്നു.

ചുരുക്കത്തിൽ ഇവിടുത്തെ ജനജീവിതത്തെ കാര്യമായി സ്വാധീനിക്കാനോ സാമ്പത്തിക രംഗത്ത് എന്തെങ്കിലും സംഭാവന അർപ്പിക്കുവാനോ സാധിക്കുന്ന തരത്തിലുള്ള വ്യാവസായിക അന്തരീക്ഷം ഈ പഞ്ചായത്തിൽ ഒരിക്കലും നിലനിന്നിരുന്നില്ല. കാരണങ്ങൾ എന്തുതന്നെയായിരുന്നാലും ശരി ചടുലമായ ഒരു വ്യാവസായിക മുന്നേറ്റമിനിയും ഇവിടെയുണ്ടാകേണ്ടിയിരിക്കുന്നു.

വ്യവസായത്തിന്റെ നിലവിലുള്ള ചരിത്രം

വ്യവസായത്തിന്റെ വർ പരിവേഷം ദൃശ്യമല്ലെങ്കിൽപോലും വ്യാവസായിക പ്രാധാന്യമുള്ള ചില ഉല്പന്നങ്ങളുടെ ഉൽപാദനവും വിപണനവും പഞ്ചായത്തിൽ ദൃശ്യമാണ്. വ്യാവസായിക മേഖലയിലെ വലുപ്പച്ചെറുപ്പം, മൊത്തം വാർഷിക ഉൽ

പാദനത്തിൽ വ്യാവസായത്തിന്റെ പങ്ക് എന്നിവ വച്ചു നോക്കുമ്പോൾ ഈ മേഖലയുടെ ശോചനീയാവസ്ഥ ബോധ്യമാകും.

20,000 ത്തിലധികം വരുന്ന പഞ്ചായത്തിലെ ജനസംഖ്യയിൽ കേവലം 1812 പേർ മാത്രമാണ്. വ്യാവസായിക മേഖലയുമായി പ്രത്യക്ഷമായോ പരോക്ഷമായോ ബന്ധപ്പെട്ടു പ്രവർത്തിക്കുന്നത്.

പട്ടിക 1 വ്യവസായത്തിലെ പങ്കാളിത്തം

	എണ്ണം	%	പഞ്ചായത്തിലെ ജനസംഖ്യാടിസ്ഥാനത്തിൽ %
വ്യവസായവുമായി ബന്ധപ്പെട്ടു തൊഴിൽ ചെയ്യുന്ന പുരുഷന്മാർ	1118/9650	11.6%	1812/19835 = 9.1%
വ്യവസായവുമായി ബന്ധപ്പെട്ടു തൊഴിൽ ചെയ്യുന്ന സ്ത്രീകൾ	694/10185	6.8%	

അവലംബം: ഗ്രാമസഭാ റിപ്പോർട്ട്

പഞ്ചായത്തിലെ മൊത്തം വാർഷിക ഉല്പാദനത്തിൽ വ്യവസായമേഖലയുടെ സംഭാവനവെറും 6 ശതമാനത്തിൽ താഴെയാണെന്നു കാണുന്നത് ഒരു നല്ല സൂചനയല്ല തന്നെ.

പരമ്പരാഗത വ്യവസായങ്ങളും തകർച്ചയുടെ വക്കിലാണെങ്കിലും പാടെ തുടച്ചുമാറ്റപ്പെട്ടിട്ടില്ല. റബ്ബർ, കശുവണ്ടി എന്നീ കാർഷികവിളകളും ധാരാളമുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകളും ഇവിടെ നിലവിൽ വന്നിട്ടില്ലെന്നത് വിസ്മയമായി അവശേഷിക്കുന്നു. തൊഴിൽ മേഖലക്ക് കുറച്ചൊക്കെ സംഭാവന ചെയ്യുന്നുണ്ടെങ്കിലും തൊഴിച്ചാൽ ജന ജീവിതത്തെ കാര്യമായി സ്വാധീനിക്കാൻ മാത്രം ഇവിടുത്തെ വ്യവസായങ്ങളും വളരുകയോ വൈവിധ്യം പുലർത്തുകയോ ചെയ്യുന്നില്ലെന്നു കാണാം.

പട്ടിക 2 പരമ്പരാഗത വ്യവസായങ്ങൾ

നമ്പർ.	ഇനം	തൊഴിലാളികളുടെ എണ്ണം		
		ആണ്	പെൺ	ആകെ
1.	തഴപ്പായ് നിർമ്മാണം	—	75	75
2.	ബീഡി വ്യവസായം	30	60	90
3.	തൊപ്പിക്കുട	17	7	24
4.	ഓട, മുള ഇവ ഉപയോഗിച്ചുള്ളത്	38	40	78
5.	ഇരുമ്പുപണി	17	—	17
6.	പപ്പട നിർമ്മാണം	10	16	26
	ആകെ	112	198	310

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

പരമ്പരാഗത വ്യവസായങ്ങൾക്കു പുറമെ ചെറുകിട വ്യവസായങ്ങളുടെ പട്ടികയിൽ പെടുത്താവുന്നവയും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലവിലുണ്ട്. വിശദാംശങ്ങൾ പട്ടിക 3 ൽ

ചെറുകിട വ്യവസായങ്ങൾ

പട്ടിക 3

നമ്പർ.	ഇനം (ബന്ധപ്പെട്ട മേഖല)	തൊഴിലാളികളുടെ എണ്ണം		
		പുരു.	സ്ത്രീ	ആകെ
1	തടി ഉപയോഗിച്ചുള്ള ഫർണീച്ചർ നിർമ്മാണം	400	—	400
2	പ്ലാസ്റ്റിക് കെയിൻ ഉപയോഗിച്ചുള്ള ഫർണീച്ചർ നിർമ്മാണം	—	110	110
3	വസ്ത്രനിർമ്മാണം	100	210	310
4	വർക്ക് ഷാപ്പ് (വെൽഡിംഗ്, മെറ്റൽ ഇൻഡസ്ട്രി)	30	—	30
5	മില്ലുകൾ - സൈസ്/ഫ്ളോർ/ഓയിൽ	20	—	20
6	തടിമില്ലുകൾ	40	—	40
7	റേഡിയോ/ടി. വി./ടേപ്പ്/വാച്ച് മെക്കാനിസം	8	—	8
8	കരിങ്കൽ വ്യവസായം	30	10	40
9	ചെങ്കൽ വ്യവസായം	50	10	60
10	കളള് വ്യവസായം - ചെത്ത്	40	—	40
11	ബേക്കറി - മധുരപലഹാരം	50	10	60
12	ക്ഷീര വ്യവസായം	45	80	125
13	മര വ്യവസായം	120	—	120
14	ഖാദി നൂൽനൂൽപ്പു കേന്ദ്രം	—	30	30
	ആകെ	933	430	1393

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

സാങ്കേതികമായി ഒരു വ്യവസായ യൂണിറ്റ് എന്ന നിലയിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ പഞ്ചായത്തിൽ കുറച്ചു മാത്രമേ ഉള്ളൂ. ഇപ്പോൾ നിലവിലുള്ള ചെറുകിട വ്യവസായ യൂണിറ്റുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4 ചെറുകിട വ്യവസായ യൂണിറ്റുകൾ

നമ്പർ.	ഇനം	യൂണിറ്റുകളുടെ എണ്ണം	തൊഴിലാളികൾ		
			പുരുഷൻ	പെൺ	ആകെ
1.	തടി മിൽ	3	40	—	40
2.	ആയുർവേദ മരുന്നുകൾ	2	10	4	14
3.	ഖാദി	1	—	25	25
4.	കോഴി വളർത്തൽ–ബ്രോയ്ലർ	4	10	—	10
5.	റെഡിമെയ്ഡ് വസ്ത്രങ്ങൾ	1	—	15	15
6.	ബീഡി	2	5	20	25
7.	'സുഗന്ധി' മുറുക്കു പുകയില	1	2	2	4
8.	എഞ്ചിനീയറിംഗ്– ഇൻഡസ്ട്രിയൽ, വെൽഡിംഗ്	2	6	—	6
	ആകെ	16	73	66	139

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

മുകളിൽ കാണിച്ച സ്ഥിതി വിവരകണക്കുകൾ ഒരു പക്ഷേ വിസ്മയം ജനിപ്പിച്ചേക്കാം എന്നാൽ ഒരു വർഷം പൂർണ്ണമായും തൊഴിൽ നൽകുന്നതും ജീവിതവൃത്തിക്ക് സ്ഥിരമായി ആശ്രയിക്കാവുന്നതുമായ വ്യവസായങ്ങൾ ഇതിൽ വളരെ കുറച്ചു മാത്രമേ ഉള്ളൂ എന്നതാണ് വസ്തുത. താഴെ കാണുന്ന പട്ടിക ഈ യാഥാർത്ഥ്യം ബോധ്യപ്പെടുത്തുന്നു.

പട്ടിക 5 തൊഴിൽ ദിനങ്ങൾ

		എണ്ണം	മൊത്തം ജനസംഖ്യാടിസ്ഥാനത്തിൽ %
A	പൂർണ്ണമായും വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നവർ (300 ദിവസമോ അതിലധികമോ തൊഴിൽ ലഭിക്കുന്നവർ)	440	2.2%
B	ഭാഗികമായി വ്യവസായത്തെ ആശ്രയിച്ചു ജീവിക്കുന്നവർ (180 ദിവസമെങ്കിലും തൊഴിൽ ലഭിക്കുന്നവർ)	680	3.4%
C	നാമമാത്രമായി വ്യവസായത്തെ ആശ്രയിക്കുന്നവർ (സീസണൽ)	692	3.5%
	ആകെ	1812	9.1%

മുകളിൽ രേഖപ്പെടുത്തിയ പട്ടികകളിൽ നിന്നും വ്യക്തമാകുന്നത്, പഞ്ചായത്തിലെ 2.2% ആളുകൾ മാത്രമേ ഏതെങ്കിലും തരം വ്യവസായത്തെ പൂർണ്ണമായും ആശ്രയിക്കുന്നുള്ളൂ എന്നതാണ്. ഇത് മൊത്തം ജനസംഖ്യയുടെ വ്യാവസായിക ആവശ്യങ്ങളെ നിറവേറ്റാൻ ഒട്ടും പര്യാപ്തമല്ലെന്നു കാണാം. ഈ മേഖലയിലെ ഉൽപാദനം മൊത്തം വാർഷിക ഉൽപാദനത്തിന്റെ 3% ത്തിൽ താഴെ മാത്രമേ വരൂ.

വൈദ്യുതി ഉപയോഗിച്ചുള്ളതും ഇലക്ട്രോണിക് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയുള്ളതുമായ വ്യവസായങ്ങൾ തീരെകുറവാണെന്നു കാണാം. വൻ വ്യവസായങ്ങൾക്കാവശ്യമായ 'സബ് കോൺട്രാക്ടിംഗ്' നിർമ്മിക്കുന്ന ചെറുയൂണിറ്റുകളോ ഏതെങ്കിലും തരം അനുബന്ധ വ്യവസായങ്ങളോ തീരെയില്ല. ഇരുപത്തൊന്നാം നൂറ്റാണ്ട് പടിവാതിൽക്കൽ നിന്ന് വിളിക്കുമ്പോഴും, ആധുനിക കംപ്യൂട്ടറുകളുടെ മാസ്മരികതയിൽ ഒരു പുത്തൻ തലമുറ വളർന്നു വരുമ്പോഴും ഈ കൊച്ചു ഗ്രാമത്തിലെ വ്യവസായ രംഗം സുഷുപ്തിയിൽത്തന്നെയാണെന്നു പറയാതെ വയ്യ.

നിലവിലുള്ള വ്യവസായങ്ങളിലെ പ്രശ്നങ്ങൾ

1. അസംസ്കൃത വസ്തുക്കളുടെ ദൗർല്ലഭ്യം, ഉൽപ്പന്നങ്ങൾക്കുള്ള ഡിമാൻഡിൽ വന്ന കുറവ്, മാന്യമായ കൂലിയുടെ ലഭ്യതക്കുറവ്, ഉൽപ്പന്നങ്ങളുടെ ആകർഷണീയതയിലുള്ള കുറവ് എന്നിവ പരമ്പരാഗത വ്യവസായ മേഖലയെ തളർത്തുന്നു.
2. ബീഡി വ്യവസായ രംഗത്ത് വൻ മത്സരം നിലനിൽക്കുന്നു. അസംസ്കൃത വസ്തുക്കളുടെ വില, മാനേജ്മെൻറിലെ പാളിച്ചകൾ, കുറഞ്ഞ കൂലി നിരക്ക്, പുകവലി ശീലത്തിൽ വന്ന മാറ്റങ്ങൾ എന്നിവ ഈ രംഗത്തെ പ്രശ്നങ്ങളാണ്.
3. കുലത്തൊഴിലുകൾ എന്ന രീതിയിൽ നടന്നു വരുന്ന സംരംഭങ്ങളിൽ പുതുതായി ആരും ചേരുന്നില്ല
4. തടിയുടെ വിലക്കൂടുതൽ, നാട്ടിൻപുറത്തുള്ള സാമ്പത്തിക ഭദ്രതയുടെ കുറവ് (Low Purchasing power of the people). ഈ രംഗത്ത് പണം മുടക്കാനുള്ള സംരംഭകരുടെ ധൈര്യക്കുറവ്, മെറ്റൽ വ്യവസായവുമായുള്ള മത്സരം എന്നിവ ഫർണീച്ചർ വ്യവസായത്തിലെ പ്രശ്നങ്ങളാണ്.
5. ഉയർന്ന മുതൽ മുടക്ക്, പുതുതായിറങ്ങുന്ന ഡിസൈനുകളിൽ തുന്നാനുള്ള പരിചയം, വിപണി പിടിച്ചെടുക്കാനും മത്സരത്തെ അതിജീവിക്കാനുമുള്ള 'മാനേജീരിയൽ സ്കിൽ' എന്നിവയുടെ അപര്യാപ്തതയും പരിചയക്കുറവും വസ്ത്ര-റെഡിമെയ്ഡ് വസ്ത്ര വ്യവസായരംഗത്ത് വിലങ്ങുതടിയായി നിലനിൽക്കുന്നു
6. ഓരോ മേഖലയിലും സാങ്കേതിക പരിജ്ഞാനം നേടിയവരുടെ എണ്ണം വളരെ കുറവാണ് ടെയിനിങ്ങിന്റെ അപര്യാപ്തതയും എടുത്തു പറയേണ്ടതുണ്ട്. മൊത്തം ജനസംഖ്യയുടെ കേവലം 0.6% മാത്രമാണ് ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളത്.

പട്ടിക 6 സാങ്കേതിക പരിജ്ഞാനത്തിന്റെ ലഭ്യത

നമ്പർ.	സാങ്കേതിക പരിജ്ഞാനം നേടിയ മേഖല	പുരു.	സ്ത്രീ	%
1	ഇലക്ട്രിക്കൽ മെക്കാനിസം	23	—	0.6%
2	ITI, ITC, പോളിടെക്നിക് എന്നിവിടങ്ങളിലെ വിവിധ ട്രേഡുകളും / കോഴ്സുകളും പൂർത്തിയാക്കിയവർ	18	—	
3	മെഡിക്കൽബിരുദം (ആയുർവ്വേദം, അലോപ്പതി)	6	—	
4	പാരാമെഡിക്കൽ കോഴ്സുകൾ	7	8	
5	റേഡിയോ/ടി. വി/ ടേപ്പ്/ വാച്ച് മെക്കാനിസം	24	—	
6	പ്രിൻറിംഗ് ടെക്നോളജി	—	18	
7	കംപ്യൂട്ടർ ടെക്നോളജി.	8	—	
8	എഞ്ചിനീയറിംഗ് ബിരുദം	5	—	
	ആകെ 120	94	26	

അവലംബം: ഡയക്ടറേറ്റ് സർവ്വേ

കെമിക്കൽ രംഗം, പ്ലാസ്റ്റിക് വ്യവസായം, ഖനി വ്യവസായം, റബർ വ്യവസായം തുടങ്ങി പ്രധാനപ്പെട്ട പല മേഖലകളും ഇന്നാട്ടുകാർക്ക് അന്യം തന്നെ. ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, കമ്പ്യൂട്ടർ രംഗങ്ങളിലെ പരിജ്ഞാനം ഒട്ടും ആശാവഹമല്ല, ഇലക്ട്രിക്കൽ മെക്കാനിസം മാത്രമാണ് അൽപമെങ്കിലും ശ്രദ്ധേയമായി തോന്നുന്ന മേഖല. സാങ്കേതിക പരിജ്ഞാനം നേടിയവരിൽ ഭൂരിഭാഗവും വിദേശത്തുപോകാൻ താൽപര്യപ്പെടുന്നു. ഇതു കൂടിയായാൽ ഈ ശേഖരം തീർത്തും ശുഷ്കമാകും.

7. കൂലിനിരക്കുകളും വ്യവസായ മേഖലയുടെ വളർച്ചയുമായി ബന്ധപ്പെട്ടു കിടക്കുന്നു. പഞ്ചായത്തിൽ ഇപ്പോഴും നിലവിലുള്ള കൂലിനിരക്കുകൾ താഴെ ചേർക്കുന്നു.

പട്ടിക 7
നിലവിലുള്ള കൂലി നിരക്കുകൾ

നമ്പർ	മേഖല	കൂലിനിരക്ക് ആൺ	പെൺ
1	ഖാദി	—	35
2	ബീഡി	50	30
3	ആയുർവേദം	50	40
4	റൈസ് / ഫ്ളോർ / ഓയിൽ മിൽ	45	—
5	ബേക്കറി / മധുരപലഹാരം	60	40
6	തടി വ്യവസായം - മിൽ തൊഴിലാളികളും	125	—
7	ഫർണീച്ചർ	125	—
8	കരിങ്കൽ വ്യവസായം	90	50
9	ചെങ്കൽ വ്യവസായം	100	60
10	കളിമൺവ്യവസായം	60	—
11	എഞ്ചിനീയറിംഗ്	100	—
12	കൺസ്ട്രക്ഷൻ	140	70

ബീഡി, ഖാദി, തുടങ്ങിയ വ്യവസായങ്ങളിലെ കുറഞ്ഞ കൂലിനിരക്കുകളും ഈ മേഖലയുടെ ആകർഷണീയത ഇല്ലാതാക്കുന്നു, കൺസ്ട്രക്ഷൻ മേഖലയിലെ ഉയർന്ന കൂലിനിരക്ക് തൊഴിലാളികളെ അങ്ങോട്ട് ആകർഷിക്കുന്നു.

8. വ്യവസായത്തിന്റെ ലിറ്ററേച്ചർ ഈ ഗ്രാമത്തിന് എന്നും അന്യമായിരുന്നിട്ടേയുള്ളൂ. വ്യവസായത്തെ അനുകൂലിക്കുന്നതോ പ്രോൽസാഹിപ്പിക്കുന്നതോ ആയ ഒരു സാഹചര്യവും നിലവിലില്ലായിരുന്നു.

9. വ്യവസായ സംരംഭകരെ കണ്ടെത്താനും ഗൈഡ് ചെയ്യാനും പ്രോൽസാഹിപ്പിക്കുവാനുമുള്ള വ്യവസായ വകുപ്പിന്റെ പദ്ധതികളൊന്നും പഞ്ചായത്തിൽ ഫലപ്രദമായിട്ടില്ല. ജനങ്ങളുടെ അജ്ഞത, സാമ്പത്തിക പരാധീനത, ഉദ്യോഗസ്ഥരുടേയും സംവിധാനത്തിന്റെയും അലസത എന്നിവയും വ്യവസായ വളർച്ചക്ക് വിലങ്ങുതടിയായിരുന്നു. ശാസ്ത്രീയമായ പരിചയക്കുറവ് ഈ മാന്ദ്യത്തിന് ആക്കം കൂട്ടി.

സംരംഭങ്ങളും നിർദ്ദേശങ്ങളും

1. പരമ്പരാഗത വ്യവസായത്തിന് കൂടുതൽ ഉദാരമായ സാമ്പത്തികസഹായം ലഭ്യമാക്കണം. ഉല്പന്നങ്ങൾ കൂടുതൽ ആകർഷകമാക്കാൻ സാധിച്ചാൽ വിപണിയും വിലയും പ്രശ്നമാകില്ല. ഈ രംഗത്ത് നവീകരണം കൂടിയേ കഴിയൂ.

2. ഒരു സഹകരണ സംഘത്തിന്റെ കീഴിൽ എല്ലാ വാർഡിലും ഓരോ ബീഡി നിർമ്മാണകേന്ദ്രം ആരംഭിക്കണം

3. ചെത്തല്ലൂർ, പുവ്വത്താണി, കുണ്ടൂർകുന്ന്, പാലോട്, കിഴക്കുംപുറം, കുന്നുംപുറം, നാട്ടുകൽ, അണ്ണാംതൊടി, ഇവിടങ്ങളിൽ ഓരോ ഒഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കണം. ടൈലറിംഗ് അറിയുന്നവർക്ക് ഡിസൈനിംഗ്, എംബ്രോയ്ഡറി എന്നിവയിൽ ട്രെയിനിങ്ങ് ലഭ്യമാക്കുകയും ഉല്പന്നങ്ങളുടെ ഡിമാൻറ് ഉറപ്പു വരുത്തുകയും വേണം. ഇപ്പോഴും നിലവിലുള്ള 25 ഓളം വരുന്ന തുണി വില്പനക്കാരെ (വിവിധ പ്രദേശങ്ങളിൽ) വിപണനത്തിന് ഉപയോഗപ്പെടുത്താം. കൂടുതൽ യുവാക്കൾക്ക് സെയിൽസ് രംഗത്ത് തൊഴിൽ ഉറപ്പാക്കാനും ഇത് സഹായകമായിരിക്കും.

4. കേരോല്പന്നങ്ങൾ ഉപയോഗിച്ചുള്ള ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

5. സോപ്പ്നിർമ്മാണം, ചന്ദനത്തിരിനിർമ്മാണം പേപ്പർ കവർ നിർമ്മാണം. ചോക്ക് നിർമ്മാണം, മെഴുകുതിരി നിർമ്മാണം, എന്നിവയുടെ യൂണിറ്റുകൾ പഞ്ചായത്തിൽ തുടങ്ങേണ്ടതാണ്. സ്ത്രീകൾക്ക് ഈ രംഗം കൂടുതൽ ഉപയോഗപ്പെടുത്താവുന്നതാണ്.

റേഡിയോ, ടി. വി., ടേപ്പ് റിക്കാർഡർ, വാച്ച്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ഇവയുടെ അസംബ്ലിംഗ് കേന്ദ്രം, സർവ്വീസ് കേന്ദ്രങ്ങൾ എന്നിവ ആരംഭിക്കണം. ഇത്തരം കോഴ്സ് പൂർത്തിയായവർക്ക് ക്രഡിറ്റ് സൗകര്യം ലഭ്യമാക്കിയാൽ ചുരുങ്ങിയത് 3 കേന്ദ്രങ്ങളെങ്കിലും ആരംഭിക്കാനാകും.

7. മോട്ടോർ വാഹനങ്ങളുടെ വർക്ക് ഷാപ്പ്, സർവ്വീസ് സ്റ്റേഷൻ എന്നിവ ആരംഭിക്കാം

8. ചിപ്സ്, മസാലപ്പൊടി, അച്ചാർ, കൊണ്ടാട്ടം തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.

9. റബ്ബർ, കശുവണ്ടി എന്നിവയാണ് പഞ്ചായത്തിലെ പ്രധാന നാണ്യവിളകൾ. ഇവയെ ആശ്രയിക്കുന്ന ഒരു വ്യവസായ യൂണിറ്റും ഇവിടെ നിലവിലില്ല. ഇവയുടെ സംസ്കരണ യൂണിറ്റുകൾ രണ്ടു കേന്ദ്രങ്ങളിലായി ആരംഭിക്കണം. റബ്ബറധിഷ്ടിത വ്യവസായ യൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

10. റബ്ബർബാൻറ്, ചെരുപ്പ്, ബലൂൺ, പോളിത്തീൻ ബാഗ്, ഫാൻസി ബാഗുകൾ, ഇവയുടെ നിർമ്മാണ കേന്ദ്രം ആരംഭിക്കണം. ഇവയോടൊപ്പം ഫാൻസിലെതർബാഗ് സ്കൂൾ ബാഗ്, കുട തുടങ്ങിയവയുടെ നിർമ്മാണ കേന്ദ്രവും ടയർ റിട്രേഡിംഗ് കേന്ദ്രവും ആരംഭിക്കാവുന്നതാണ്.

11. നെല്ല്, കൊപ്ര ഇവയുടെ സംഭരണ കേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കണം.

12. പഞ്ചായത്തിൽ പ്രിൻറിംഗ് പ്രസ്സ് തുടങ്ങണം.

13. എഞ്ചിനീയറിംഗ് മേഖലയുടെ വർദ്ധിച്ചു വരുന്ന ഡിമാൻറ് കണക്കിലെടുത്ത് പുതിയ എഞ്ചിനീയറിംഗ് കേന്ദ്രങ്ങൾ തുടങ്ങണം

14. കുഷ്യയിച്ചുകൊണ്ടിരിക്കുന്ന ഖാദി, കൈത്തറി, നൂൽനൂൽപ് കേന്ദ്രങ്ങൾക്ക് സഹായങ്ങൾ ലഭ്യമാക്കി പുനരുജ്ജീവിപ്പിക്കണം.

15. ബേക്കറി വ്യവസായ യൂണിറ്റുകൾ ആരംഭിക്കണം.

16. കുഷ്ഠരോഗികൾക്കായി പുനരുജ്ജീവിപ്പിക്കുവാൻ മെച്ചപ്പെട്ട സഹകരണസംഘം രൂപീകരിക്കണം. സംഘത്തിന്റെ പ്രവർത്തനം പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും ലഭ്യമാക്കണം. ഇപ്പോൾ പുറമേയുള്ള സഹകരണ സംഘം കുറഞ്ഞ വിലക്കാണ് ഇവിടെ നിന്നും പാൽ സംഭരിക്കുന്നത്. കാലിതീ

റയുടെ വർദ്ധിച്ചുവില കണക്കാക്കുമ്പോഴും കർഷിരോല്പാദകർക്ക് കൂടുതൽ സഹായം നൽകിയേ പറ്റൂ. ഡയറി കേന്ദ്രം ആരംഭിക്കണം.

17. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണം. വ്യവസായത്തിനാവശ്യമായ 'ഇൻഫ്രാസ്ട്രക്ചർ' ഒരു പൊതു സ്ഥലത്ത് ലഭ്യമാകുമ്പോൾ സംരംഭകർക്ക് അനുഗ്രഹമായിരിക്കും. 'ലിക്വേജ്' ഒഴിവാക്കാനും 'ലൈഫ്' നിലനിർത്താനും ഇതുവഴി സാധിക്കും.

18. കെമിക്കൽ രംഗത്തും പ്ലാസ്റ്റിക് രംഗത്തും ചില വ്യവസായ യൂണിറ്റുകളെങ്കിലും ഇവിടെ ആരംഭിക്കാം. ക്ലീനിംഗ് പൗഡർ, ഫെനോയിൽ, പ്ലാസ്റ്റിക് ക്യാപ്പ്, കണ്ടെയ്നർ എന്നിവ ഉദാഹരണങ്ങളാണ്. വമ്പിച്ച ഡിമാൻറുള്ള ഉൽപന്നങ്ങളുടെ വ്യവസായ യൂണിറ്റിനും ഇവിടെ ധാരാളം സാദ്ധ്യതയുണ്ട്.

19. വൈക്കോൽ, അറക്കപ്പൊടി, ഉമി എന്നിവ ഉപയോഗിച്ച് ഹാർഡ്ബോഡ് നിർമ്മാണ കേന്ദ്രം ആരംഭിക്കാവുന്നതാണ്.

20. ആയുർവേദ മരുന്നുകൾക്ക് ഇപ്പോൾ വലിയ ഡിമാൻറാണ്. മരുന്ന് ഉല്പാദനത്തിനാവശ്യമായ പച്ച മരുന്നുകളുടെ ഒരു സ്ഥിരം 'കലക്ഷൻ സെൻറർ' ഇവിടെ ആരംഭിക്കാവുന്നതാണ്. സീസണിൽ അവ സംഭരിച്ച് സൂക്ഷിക്കുവാനും ആയുർവേദ മരുന്നുകൾ നിർമ്മിക്കുവാനും കേന്ദ്രങ്ങൾ ആവശ്യമാണ്.

21. പേപ്പർ, കളിമണ്ണ്, പ്ലാസ്റ്റർ ഓഫ് പാരിസ്, മരം ഇവ ഉപയോഗിച്ച് പ്രതിമകളും മറ്റു സുന്ദരരൂപങ്ങളും നിർമ്മിക്കാൻ കൈവിരുതുള്ള കലാകാരൻമാർ ഇവിടെയുണ്ട്. ചിലയിനം കരകൗശല വസ്തുക്കളുടെ നിർമ്മാണവും പെയിൻറിങ്ങും ഇവർക്ക് വശമാണ്. ഇവരെ കണ്ടെത്തി വേണ്ട പ്രോത്സാഹനവും ട്രെയിനിങ്ങും നൽകിയാൽ ഇത്തരം ഒരു വ്യവസായ യൂണിറ്റ് ആരംഭിക്കാൻ എല്ലാ സാദ്ധ്യതകളും ഈ പഞ്ചായത്തിലുണ്ട്. പാലോട്, പെത്തല്ലൂർ കേന്ദ്രങ്ങളാക്കി ഇത്തരം ഓരോ കേന്ദ്രം ആരംഭിക്കണം.

22. ഗവൺമെൻറ് ഉടമസ്ഥതയിൽ പല വൻകിട വ്യവസായ സംരംഭങ്ങളും ആരംഭിക്കാവുന്നതാണ്. അത്തരം യൂണിറ്റുകളോ സബ് സെൻറുകളോ അവക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ കലക്ഷൻ യൂണിറ്റുകളോ പഞ്ചായത്തിൽ ആരംഭിക്കാവുന്നതാണ്.

23. ഇഷ്ടിക, തീപ്പെട്ടി, ഹോളോബ്രിക്സ് ഇവയുടെ ഓരോ യൂണിറ്റുകളും ആരംഭിക്കേണ്ടതാണ്.

24. റൈസ് മില്ലുകളും അവിൽ മില്ലുകളും, ഓയിൽ മില്ലുകളും, ഫ്ളവർ മില്ലുകളും എന്നിവ സ്ഥാപിക്കണം.

25. ഒരു കശുവണ്ടി സംസ്കരണകേന്ദ്രം ആരംഭിക്കണം.

വ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ പ്രഖ്യാപിക്കുന്ന ഇളവുകളും അസംസ്കൃത പദാർത്ഥങ്ങളുടെ സബ്സിഡിയും ഉപയോഗപ്പെടുത്തുവാൻ സംരംഭകർക്ക് സാധിക്കണം. എല്ലാ വർഷവും പഞ്ചായത്ത് തലത്തിലുള്ള ഒരു 'എക്സ്പർട്ട്' ഇവാലുവേഷൻ ഗ്രൂപ്പ്' വ്യവസായങ്ങളെ വിലയിരുത്തുകയും മികച്ച യൂണിറ്റുകൾക്ക് സമ്മാനങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും വേണം.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

അതിപുരാതനകാലം മുതൽ ഉയർന്ന സാമ്പത്തിക നിലയുള്ള ജന്മിമാർ മഞ്ചൽ ഉപയോഗിച്ചാണ് യാത്ര ചെയ്തിരുന്നത്. ഇടത്തരക്കാർ കാളവണ്ടിയും, പോത്തുവണ്ടിയും ചരക്ക് കടത്തിക്കൊണ്ടു പോകുന്നതിന് സാർവ്വത്രികമായി ഉപയോഗിച്ചിരുന്നു. സാധാരണക്കാർക്ക് കാൽനട മാത്രമായിരുന്നു ആശ്രയം. ജന്മിത്തവ്യവസ്ഥ സാധാരണക്കാർക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടാക്കിയിരുന്നുവെങ്കിലും നാട്ടിൽ ഗതാഗത സൗകര്യങ്ങൾ ഉണ്ടാകുന്നതിനുവേണ്ടി ഗുണകരമായ ഒട്ടേറെ കാര്യങ്ങളും ജന്മിമാർ ചെയ്തിട്ടുണ്ട്. ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് ഫറൂക്കിൽ നിന്നും പാലക്കാട്ടേക്ക് സൈനിക ആവശ്യാർത്ഥം നിർമ്മിക്കപ്പെട്ടറോഡ് പെരിന്തൽമണ്ണയിൽനിന്നും താഴെക്കോട്, തളളച്ചിറ, നാട്ടുകൽ വഴിയാണ് കടന്നുപോയിരുന്നത്. ഈ പഞ്ചായത്തിലെ ആദ്യത്തെ റോഡായ ഇത് 'ടിപ്പുസുൽത്താൻ റോഡ്' എന്നപേരിൽ ഇന്നും അറിയപ്പെടുന്നു. പിൽക്കാലത്ത് നിർമ്മിക്കപ്പെട്ട മദ്രാസ് കലിക്കറ്റ് ട്രങ്ക് റോഡ് ഈ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. SH 24 എന്നറിയപ്പെടുന്ന ഈ റോഡ് മലബാർ മേഖലയിൽ ഏറ്റവും തിരക്കേറിയ റോഡായി മാറിയിരിക്കുന്നു. പഞ്ചായത്തുകൾ നിലവിൽ വന്നതിനുശേഷമാണ് പുതിയ റോഡുകളുടെ നിർമ്മാണം ആരംഭിച്ചത്. പഞ്ചായത്ത് ആദ്യമായി നിർമ്മിച്ച റോഡ് പാലോട്-ചെത്തല്ലൂർ റോഡാണ്.

ജലഗതാഗതത്തിനായി മുറിയംകണ്ണി ആറാട്ട്കടവ്, കുളുകര എന്നിടങ്ങളിൽ തളളുകടവുകളും കടത്തുതോണിയെ മാത്രം ആശ്രയിക്കുന്നു. പിൽക്കാലത്ത് കരി ഉപയോഗിച്ച് ഓടിക്കുന്ന ബസ്സ്, കാർ, ലോറി എന്നിവപ്രചാരത്തിൽവന്നു അതിനെ തുടർന്ന് കോഴിക്കോട്-മദ്രാസ് റോഡിന്റെ ഭാഗമായ കോഴിക്കോട്-പാലക്കാട് റോഡിൽ ബസ്സ് ഗതാഗതം ആരംഭിച്ചു. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ കഴിഞ്ഞ എട്ട് പദ്ധതിയുടെ ഭാഗമായി കൈവരിച്ച നേട്ടങ്ങളുടെ തോതനുസരിച്ച് നമ്മുടെ പഞ്ചായത്തിലും പുരോഗതി കൈവരിക്കാനായിട്ടുണ്ട്.

1989 വരെ ഈ പഞ്ചായത്തിൽ SH 24 ഒഴിച്ച് ഒരു സെൻറിമീറ്റർ റോഡ് പോലും ടാർ ചെയ്തതായി ഉണ്ടായിരുന്നില്ല. 1989 മുതൽ 1995 വരെയുള്ള കാലയളവിൽ ഗതാഗത രംഗത്ത് ഒരു വിപ്ലവം തന്നെ സൃഷ്ടിക്കുകയുണ്ടായി. 28 കി.മീ. നീളം റോഡ് ടാർ ചെയ്യുകയും അതിലധികം നീളത്തിൽ പുതിയറോഡുകൾ നിർമ്മിക്കയുമുണ്ടായി ഇതിന്റെ പിന്നിൽ പ്രവർത്തിച്ച അന്നത്തെ **MLA** ബഹു: കല്ലടി മുഹമ്മദ്, പഞ്ചായത്ത് പ്രസിഡണ്ട് ബഹു: ടി. തറീക്കുട്ടി ഹാജി എന്നിവരുടെ സേവനം പ്രശംസാർഹമാണ്.

ശ്രീകൃഷ്ണപുരം, കരിങ്കല്ലത്താണി റോഡ് 1990സപ്തംബർ മാസത്തിലാണ് കേരള പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. ഈറോഡിന്റെ 8.4കി മീ മുതൽ 12കി മീ വരെ 3.6കി മീ ഈ പഞ്ചായത്തിലൂടെയാണ് കടന്നു പോകുന്നത്. പാലക്കാട്, കോഴിക്കോട് റോഡിൽ 20കി മീ ദൂരം കുറവുണ്ടാകുന്നതും താഴെക്കോട്, തച്ചനാട്ടുകര, വെള്ളിനേഴി, കരിമ്പുഴ, ശ്രീകൃഷ്ണപുരംഎന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ശ്രീകൃഷ്ണപുരം, കരിങ്കല്ലത്താണി റോഡിൽ മുറിയംകണ്ണി പുഴക്ക് കുറുകെ പാലംനിർമ്മിച്ചാൽ മാത്രമേ ഈ റോഡിന്റെ ഉപയോഗം പൂർണ്ണമായി ഉറപ്പാക്കുവാൻ കഴിയുകയുള്ളൂ. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുമുമ്പ് പ്രസ്തുത പാലത്തിന്റെ ടോക്കൺ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും അതൊന്നും വെളിച്ചം കണ്ടില്ല. അതായത് ഈ പാലത്തിന്റെ നിർമ്മാണം ഇന്നും ഒരു മരീചികയായി അവശേഷിക്കുന്നു.

കുണ്ടൂർകുന്ന്, മുറിയംകണ്ണി ഭാഗത്തു നിന്നും താലൂക്ക് ആസ്ഥാനമായ മണ്ണാർക്കാട്ടേക്ക് ഓരോ ബസ്സ് സർവ്വീസും മുറിയംകണ്ണി ഭാഗത്തു നിന്നും പെരിന്തൽമണ്ണയിലേക്ക് മൂന്നു ബസ്സ്

സർവ്വീസും നടത്തുന്നുണ്ട്. പഞ്ചായത്തിന്റെ മറ്റു ഭാഗങ്ങളിൽനിന്നും എവിടേക്കും ബസ് സർവ്വീസ് ഇല്ല എന്നത് ഒരു ദുഃഖ സത്യമാണ്.

കൊടക്കാട്, അണ്ണാംതൊടി, പാലോട്റോഡ് ജംഗ്ഷൻ, നാട്ടുകൽ ആശുപത്രിപടി, 53ാംമൈൽ കരിങ്കല്ലത്താണി, പുവ്വത്താണി, മുറിയംകണ്ണി, ചെത്തല്ലൂർ എന്നീ ഭാഗങ്ങളിൽ നിന്നും ഓട്ടോറിക്ഷ, ജീപ്പ്, ടെമ്പോ, ലോറി എന്നീ വാഹനങ്ങൾ വാടകക്ക് ലഭിക്കുന്നതിനോ, ഇരുചക്രവാഹനങ്ങൾ ഇന്ന് പഞ്ചായത്തിൽ സുലഭമാണ്.

പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ റോഡിന്റെ ആകെനീളം ഔദ്യോഗികമായി 45 KM ആണെങ്കിലും യഥാർത്ഥത്തിൽ ജനങ്ങളുടെ ശ്രമഫലമായി 65 KM റോഡ് വാഹനഗതാഗത യോഗ്യമാണ്. ഇതിൽ ടാർ ചെയ്തത് 28 കി. മി. മാത്രമാണുള്ളത്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ റോഡിന്റെ ദൈർഘ്യവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് 1.2 മീറ്റർ മാത്രമേ ഉള്ളൂ. ഇത് സംസ്ഥാന ശരാശരിയുടെ മുന്നിൽ ഒന്ന് $(1/_3)$ മാത്രമാണ്.

പഞ്ചായത്തിൽ ടാർ ചെയ്ത റോഡുകളും, അവയുടെ ആകെ നീളം, ടാർ ചെയ്ത ദൂരം, ടാർ ചെയ്യാനുള്ള ബാക്കിയുള്ള ദൂരം എന്നിവ താഴെ പട്ടികയായി കൊടുക്കുന്നു.

പട്ടിക I ടാർ ചെയ്ത റോഡുകൾ

ക്രമ നമ്പർ	റോഡിന്റെ പേര്	ആകെ ദൂരം കി. മി.	ടാർ ചെയ്ത ദൂരം കി. മി.	ടാർ ചെയ്യാൻ ബാക്കിയുള്ള ദൂരം കി. മീ.
1	53-ാംമൈൽ – പുല്ലാനിവട്ട	4	2	2
2	കൊടക്കാട് – കുണ്ടൂർകുന്ന്	2.5	2.2	.3
3	പുവ്വത്താണി – മുറിയംകണ്ണി	4	4	
4	നാട്ടുകൽ, ത്രോന്തൻകുന്ന്, ആറാട്ടുകടവ്	10	4	6
5	പോത്തുമുങ്ങിപ്പാറ, കിഴക്കുംപുറം	3.5	3.5	
6	നെല്ലിക്കുന്ന്, ചോളോട്	2.5	.9	1.6
7	ഇളംകുന്ന്, ചാപ്പപറമ്പ്, പനാംതോട്	3	1	2
8	മണലുംപുറം മാണിക്കപ്പറമ്പ്	2.5	2 5	----
9	നാട്ടുകൽ തളളച്ചിറ ടിപ്പുസുൽത്താൻ റോഡ്	1.5	1	.5
10	നാട്ടുകൽ പുല്ലരിക്കോട്	.7	.6	.1
11	ചെത്തല്ലൂർ ബേങ്ക്–വെളളാക്കുന്ന്	1.5	.9	.6
12	പുവ്വത്താണി–ചോരാണ്ടി	.4	.4	.....
13	53–ാം മൈൽ കുന്നിൻപുറം എളംകുന്ന്	2.5	1	1.5
14	അണ്ണാംതൊടി–കണ്ടമംഗലം പഴഞ്ചീരി	2	1	1
	ആകെ	36.1	25	11.1

പട്ടിക 2 ടാറിങ് ചെയ്തു ടാർ ചെയ്യേണ്ട റോഡുകൾ 3

ക്രമ നമ്പർ	റോഡിന്റെ പേരു്	ദൂരം കി മീ
1	നെല്ലിക്കുന്നു്–അത്തിപ്പറ കോളനി	1
2	പുല്ലാനിവട്ട–അത്തിപ്പറ കോളനി	2
3	വാഴക്കാട്ട് പോസ്റ്റോഫീസ്–അയ്യപ്പാളി കോളനി	2
4	തണ്ണിച്ചിറ–കിഴക്കേപറമ്പു് (മഹാഗണി)	2
3	നാട്ടുകൽ പി ഡബ്ലു് സി റോഡു്	0.1
6	മാണിക്കപറമ്പു –കാരക്കാട് കോളനി	1.5
7	കിഴക്കേപറമ്പു്–പള്ളിറോഡു്	1
8	കരിങ്കല്ലത്താണി–പൊന്നിയിൽപള്ളി	0.5
9	പുറ്റുങ്ങൽ–അങ്ങാടിപ്പുറം IPP സെന്റർ	1
10	ചെനക്കൽ ബേങ്കു്–തൊഴാംകുന്നു്	0.75
11	തിരുത്തിപ്പറമ്പു് കിഴക്കുംപള്ളിയാൽ	2
12	കുന്നുംപുറം–പനങ്ങാട്ടിരിക്കാവു്	5
13	ഗാന്ധിറോഡു്	1.5
14	പിലാത്തറ–പനയംപറ	0.5
15	കരിമ്പനത്തോട്ടം–ചേരിയിൽപടി	1

പട്ടിക 2 മൊത്തം ചെയ്തു ടാർ ചെയ്യേണ്ട റോഡുകൾ

16	കരിമ്പനത്തോട്ടം–കുണ്ടുത്തോട്	1
17	മായപ്പാടി–പോരുപ്പുഴിക്കുന്ന്	1
18	പൊന്നമ്പൂർ–കൂരാക്കോട്	0.5
19	നാടുക്കോട് കുറുത്തനിപ്പാടി	1.5
20	മായപ്പാടി–കളത്തുപ്പാറ	1
21	കൂവാരംപാറ–കൊളമരക്കടവ്	2
22	മുലിപ്പാറ, താന്നാലിക്കടവ്	1
23	ജ്യോതിഷകലാലയം, ഇർഷയം കടവ്	2
24	പൊടേക്കാട്, ആറാട്ടുകടവ് (കാന്തം)	2
25	കൊടക്കാട്, പെരുടിയിൽ കോളനി	1
26	കണ്ടപ്പാറ, മണലടിക്കുന്ന് കോളനി	1.75
27	55–ാം മൈൽ, കുറുമാലിക്കാവ്	2
28	കുന്നുംപുറം, കാരയിൽപള്ളിയാൽ	1.5
	ആകെ	36.6

പട്ടിക 3 വീതികൂട്ടേണ്ടതും, പുതുതായി നിർമ്മിക്കേണ്ടതുമായ റോഡുകൾ

5

1 കാരാട്, നീർക്കനംകോട്
2 കിഴക്കുംപുറം, മേലെപളളിയാൽ
3 കൊമ്പംപറമ്പ്, മുറിയംതോണി
4 കിഴക്കുംപുറം, മാങ്ങോട്
5 കാരാട്, കൂത്തംപള്ള
6 മയിലപള്ളി, ഇടത്തോട് കോളനി
7 കിഴക്കുംപുറം, തെക്കുംപാട്ട് പാടം
8 ചോനംമ്പറ കോളനി
9 മാണിക്കപറമ്പ്, പന്ത്രണ്ട് കൃഷിസ്ഥലം
10 മാണിക്കപറമ്പ്, മുണ്ടറിക്കൽ റോഡ്
11 കരിമ്പനത്തോട്ടം, തോപ്പത്താൻ പാറ
12 കരിമ്പനത്തോട്ടം, വിക്കത്തുതൊടി
13 ചെത്തല്ലൂർ, വടക്കേപുരക്കൽ കോളനി
14 ചാമപ്പറമ്പ്, മുറിയംകണ്ണി
15 ചാമപ്പറമ്പ്, പൊത്തിരത്ത്പടി
16 ചോളോട്, പള്ളിപടി, പനാംതോട്
17 പഴഞ്ചീരി, കുറുമാലിക്കാവ്
18 അണ്ണാംതൊടി, മണ്ണത്തുകാവ്
19 പോത്തുമുങ്ങിപ്പാറ, പാറമ്മൽ, നാട്ടുകൽ
20 കൂറ്റംപ്പാറ, ചോരാണ്ടി
21 നൂക്കോട് പള്ളിപ്പടി, ചോളോട്പാടം
22 പാലോട്, നെല്ലികുന്ന്
23 കാരാട്, കുണ്ടൂർകുന്ന്
24 കാരാട്, കൂത്തുപാമ്പ്
25 പഴഞ്ചീരി, കൂത്തുപാമ്പ്
26 കിഴക്കുംപുറം, കോട്ടത്തള്ളം
27 കുണ്ടൂർകുന്ന്, കുലിക്കിലിയാട്
28 കൊടക്കാട്, കോടക്കാട് കോളനി
29 കുണ്ടൂർകുന്ന്, കൊമ്പം
30 കാരാട്, കൂരികണ്ടം
31 പാറപ്പുറം, നാട്ടുകൽ ആശുപത്രിപടി
32 കുണ്ടടിപ്പാറ റോഡ്
33 കൂളാകുർശ്ശിപ്പാടം റോഡ്
34 ചോനംപാറ കോളനി
35 തൊടുകാപ്പ്, കുന്നംകുഴി
36 തലപ്പള്ളിയാൽ കോളനി
37 ടിപ്പുസുൽത്താൻ കിളയിൽകോളനി
38 നെടുമ്പാറക്കളം തരിശത്തെപ്പാടം
39 നെടുമ്പാറക്കളം, കൂളാകുർശ്ശി
40 ആലിക്കൽകോളനി, കരികാളിക്കാവ്
41 വെള്ളക്കുന്ന്, പനങ്കുറുശ്ശിക്കാവ്
42 വെള്ളക്കുന്ന്, ചെകിടിക്കുണ്ട്
43 നടുവിലത്താണി, പൊതിയിൽ
44 ചെകിടിക്കുണ്ട്, തൊടുകാപ്പ്
45 വെള്ളക്കുന്ന് അങ്ങാടിക്കുളം, പുവ്വത്താണി
46 വെള്ളക്കുന്ന്, കരിങ്കല്ലത്താണി
47 കരിങ്കല്ലത്താണി ജാറം, കാട്ടിക്കുഴി
48 വെള്ളക്കുന്ന്, ആലക്കലപള്ളിയാൽ
49 ചെത്തല്ലൂർ ബേങ്ക്, ആനക്കുഴി
50 ചോരാണ്ടിക്കുളം, ആനക്കുഴി
51 ചുണ്ടംകുന്ന് അയിലക്കുഴികോളനി കുന്നുപുറം
52 മേലങ്ങാടി, പുത്തൻകരിങ്കറ
53 പനങ്കുറുശ്ശിക്കാവ്, പച്ചീനിപടി
54 വെള്ളക്കുന്ന്, പട്ടഞ്ചീരി
55 കൂറ്റംപാറ, ആറംകുണ്ട്
56 ഗാന്ധിറോഡ്, എടമനപ്പടി കോളനി
57 ഞെളളിയൂർപടി, അടിയത്തുപാടം വടക്കേപുരക്കൽ കോളനി
58 പനങ്കുറുശ്ശിക്കാവ്, പയ്യുണ്ണപോടം
59 മായാജംഗ്ഷൻ, മുടയിൽപള്ളിയാൽ
60 കരിമ്പനത്തോട്ടം, ചേരിയിൽപടി
61 ആലുംകുന്ന്, കോങ്കോട്ടിൽകുളം
62 തോപ്പത്താൻപാറ, മേനോൻകുന്ന്, നടുമലക്കുളം
63 ചോറുണ്ണികളം, കാടൻചിറ, കൂരിമുക്ക്
64 ചോലകുളം, കൊടമലപ്പാറ
65 ചോളോട്പള്ളിപ്പടി, ഇഴത്തോട്ടിങ്ങൽ കോളനി
66 നൂക്കോട് പള്ളിപ്പടി, നൂക്കോട് പാടം
67 കൂരിമുക്ക്, കാടൻചിറ
68 കൂരിമുക്ക്, വറുക്കോട്
69 നൂക്കോട്, പാറകപ്പാടം
70 ചാമപ്പറമ്പ്, മുറിയംകണ്ണി
71 ചാമപ്പറമ്പ്, ചോളോട്
72 ബ്രോന്തൻകുന്ന്, അരതിപ്പറമ്പുകടവ്
73 കളത്തുംപാടം, അരതിപ്പറമ്പ കടവ്
74 ചുണ്ടാലിക്കുഴി, കൊളങ്കര തോണികടവ്
75 അലിപ്പറമ്പ്, ആറാട്ടുകടവ്, കാമ്പം
76 കൊടലിപ്പറമ്പ് ഹരിജൻകോളനി, കളത്തുംപാറ
77 ബ്രോന്തൻകുന്ന്, മുള്ളൂരിത്തോട്
78 55ാംമൈൽ, കുറുമാലികാവ്, പഴഞ്ചീരി
79 മണ്ണത്തുകാവ്, കുറുമാലികാവ്

80 കൊടക്കാട്, ചെകിടിക്കോളനി
81 പഴഞ്ചീരി സ്കൂൾ, നേടുങ്ങോടുപാടം
82 കണ്ടപ്പാടി, പുതുജനക്കുളമ്പ്, കുണ്ടൂർകുന്ന്
83 കണ്ടമംഗലംകോളനി, കുറുമാലിക്കാവ്പാടം
84 കുന്നുംപുറംനമസ്കാരപള്ളി, തോണിപ്പടം
85 കുന്നുംപുറം, പിഷാകുന്ന്
86 കാരയിൽ പള്ളിയാൽ, ചീനക്കുഴി
87 കുന്നുംപുറം മദ്രസ, പൊട്ടിപ്പാറ
88 മണലുംപുറം, കാരയിൽ പള്ളിയാൽ
89 പനങ്കുറുശ്ശിക്കാവ്, വെള്ളക്കുന്ന്

നടപ്പാലങ്ങൾ

വാർഡ്	ക്രമ നമ്പർ	നടപ്പാലങ്ങളുടെ പേര്	അറ്റകുറ്റ പണി നടത്തേണ്ടത്	പുതിയതായി നിർമ്മിക്കേണ്ടത്
1	1	നെടുമ്പംപാറ		※
	2	കുന്നഞ്ചുപ്പടി		※
	3	ഇടത്തോട്		※
	4	കോവിലിങ്ങൽപ്പടി		※
	5	കിഴക്കുംപുറം – തെക്കുംപാട്ട് പടി		※
	6	പാലോട് – പുളിയത്ത്പടി		※
	7	പാലോട് – പോലയിൽപടി		※
2	8	അരഞ്ഞാലിത്തോട്	※	
	9	മഞ്ചാടിത്തോട് പാലം	※	
	10	മുരിയൻപാടം തോട്		※
	11	കറുമാലിക്കാവ് തോട്		※
	12	വള്ളുവക്കാട് തോട്		※
3	13	അയിനിക്കുന്ന്		※
	14	അയ്യങ്കാളി കോളനി		
4	15	തൊടുകാപ്പ്, പുന്നത്ത്	※	
5	16	ചെമ്പിടിക്കുണ്ട്		※
	17	മുച്ചിക്കുണ്ട്		※
	18	കറുത്തംചോല		※
6	19	ചേരിയിൽപ്പടി	※	

വാർഡ്	ക്രമ നമ്പർ	നടപ്പാലങ്ങളുടെ പേര്	അറ്റകുറ്റ പണി നടത്തേണ്ടത്	പുതിയതായി നിർമ്മിക്കേണ്ടത്
	20	തോപ്പത്താൻപാറ	※	
	21	ആറംകുണ്ട്		※
	22	മുണ്ടം ചേരി		※
	23	വെട്ടിപാടം		※
	24	പത്തായക്കല്ല്		※
	25	അയിക്കരപടി		※
	26	ചാത്തിയോട്		※
	27	മനയംപറമ്പത്തോട്		※
	28	കുണ്ടൻതോട്		※
7	29	പനാം തോട്		※
	30	ചോളോട് പൊരുതിരംതോട് വിക്രമൻ പടി		※
	31	ചാമപ്പറമ്പ് ചെങ്ങണക്കാട് പടി		※
8	32	മുള്ളൂർത്തോട് ആൽത്തറ		※
	33	തെക്കുംമുറി, അങ്ങാടിപ്പാറ		※
	34	ചുണ്ടയിൽപടി		※
9	35	കുറുമാലികാവ് പറയൻതോട്		※
10	36	മണലുംപുറം നമസ്കാരപള്ളി		※
	37	മണലുംപുറം, കല്ലുപാലം		※
	38	കുറിഞ്ചുള്ളി		※
	39	തോണിപാടംതോട്		※
9	40	കൂരാക്കോട് തോട്		※

പാലം

പാലക്കാട്, കോഴിക്കോട് റൂട്ടിന് 20 കി മീ ദൂരം കുറവുണ്ടാക്കുന്നതും താഴെക്കോട്, തച്ചനാട്ടുകര, വെള്ളിനേഴി, ശ്രീകൃഷ്ണപുരം, കരിമ്പുഴ എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ഉതകുമാറ് തൂതപ്പുഴക്ക് കുറുകെ മുറിയംകണ്ണിയിൽ പാലം നിർമ്മിക്കണമെന്ന ആറുശ്രീ തിനു് ദശാബ്ദങ്ങളുടെ പഴക്കമുണ്ട്. നിത്യവും അഞ്ഞൂറോളം ആളുകളും കടത്തുതോണി ഉപയോഗിച്ചാണ് ശ്രീകൃഷ്ണപുരം, വെള്ളിനേഴി ഭാഗങ്ങളിലേക്ക് യാത്ര ചെയ്യുന്നത്. കാരണം ഈ പ്രദേശത്തുനിന്നും ആളുകൾക്ക് താലൂക്ക് ആസ്ഥാനമായ മണ്ണാർക്കാട്ടേക്കുള്ള എളുപ്പ മാർഗ്ഗം ഇതാണ്. എന്നാൽ വർഷകാലത്ത് പുഴനിറഞ്ഞ് കവിഞ്ഞ് ഒഴുകുമ്പോഴും കടത്തുതോണി ഉപയോഗിക്കാൻ കഴിയാത്തതുമൂലം ജനങ്ങളും വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ പാലം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ ഇതുവരെയും പണി ആരംഭിച്ചിട്ടില്ല. പ്രസ്തുത പാലം നിർമ്മിച്ചാൽ മാത്രമേ കരിങ്കല്ലത്താണി, ശ്രീകൃഷ്ണപുരം റോഡിന്റെ ഉപയോഗം ഗുണകരമായും പൂർണ്ണമായും പ്രയോജനപ്പെടുകയുള്ളൂ.

പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളായകുണ്ടൂർകുന്ന്, പാലോട്, ചാമപ്പറമ്പ്, ചോളോട്, കിഴക്കുംപുറം, മുറിയംകണ്ണി എന്നീ ഭാഗങ്ങളിൽ നിന്നും താലൂക്ക് ആസ്ഥാനമായ മണ്ണാർക്കാട്ടേക്കും വാണിജ്യ കേന്ദ്രമായ പെരിന്തൽമണ്ണയിലേക്കും എത്തുന്നതിന് കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കേണ്ടതാണ്. ഗ്രാമ പ്രദേശങ്ങളിലേക്ക് ബസ്സ് റൂട്ട് അനുവദിക്കുന്ന കാര്യത്തിൽ പ്രത്യേക പരിഗണന നല്കേണ്ടതാണ്. ജില്ലാ ആസ്ഥാനമായ പാലക്കാട് മെഡിക്കൽകോളേജ് സ്ഥിതി ചെയ്യുന്ന കോഴിക്കോട്എന്നീ സ്ഥലങ്ങളിലേക്ക് പൊന്നാട്ടുകാർ, പാലോട് ഭാഗങ്ങളിൽ നിന്നും കെ എസ്ആർടിസി സർവ്വീസ് ആരംഭിക്കേണ്ടതാണ്.

നിലവിലുള്ള പൊതുമരാമത്ത് വകുപ്പ് റോഡുകൾ

ക്രമനമ്പർ	റോഡിന്റെ പേര്	ദൂരം
1	കരിങ്കല്ലത്താണി, ശ്രീകൃഷ്ണപുരം റോഡിൽ കരിങ്കല്ലത്താണി മുതൽ മുറിയംകണ്ണി വരെയുള്ള ഭാഗം	6 കി മീ
2	നാട്ടുകൽ, പാലോട് റോഡ്	2 കി മീ
3	പുറ്റുത്താണി, ചോരാങ്കടി	500മീറ്റർ

ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ട സ്ഥലങ്ങൾ

1 മേലെ കൊടക്കാട്
2 55–ാംമൈൽ
3 അണ്ണാംതൊടി
4 പാലോട് റോഡ്
5 നാട്ടുകൽ പോലീസ് സ്റ്റേഷൻ
6 മണലുംപുറം
7 തൊടുകാട്ടി
8 കരിങ്കല്ലത്താണി
9 പുറ്റുത്താണി
10 പെരുങ്കുളം ബേങ്ക് പരിസരം
11 കാവുവട്ടം
12 കരിമ്പനത്തോട്ടം
13 ഗാന്ധിറോഡ്
14 പിലാത്തറ
15 ചെത്തല്ലൂർ ബേങ്ക് പരിസരം
16 ജ്യോതിഷ കലാലയ ജംഗ്ഷൻ
17 മായ ജംഗ്ഷൻ
18 മുറിയംകണ്ണി കടവ്

ഊർജ്ജം

1970 ന് ശേഷമേ ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടുള്ളൂ. വൈദ്യുതിയെത്താത്ത പ്രദേശങ്ങളും ഇപ്പോഴും പഞ്ചായത്തിലുണ്ട്.

മണ്ണാർക്കാട് 110 കെ വി സബ് സ്റ്റേഷനിൽ നിന്നുള്ള അലനല്ലൂർ 11 കെ വി ഫീഡർ, പെരിന്തൽമണ്ണ 66 കെ വി സബ് സ്റ്റേഷനിൽ നിന്നുള്ള താഴെക്കോട് 11 കെ വി ഫീഡർ, ഷൊർണ്ണൂർ 110 കെ വി സബ്സ്റ്റേഷനിൽനിന്നുള്ള ചെർപ്പുളശ്ശേരി 11 കെ വി ഫീഡർ എന്നീ 11 കെ വി ഫീഡറുകളും വഴിയാണ് ഈ പ്രദേശങ്ങളിൽ വൈദ്യുതിയെത്തുന്നത്. പഞ്ചായത്തിനകത്ത് 14 ട്രാൻസ്ഫോമറുകളും മുഖേനയാണ് വൈദ്യുതിയെത്തുന്നത്. (അവലംബം കെ എസ് ഇ ബി ഓഫീസ്) ദ്വിതീയ സ്ഥിതി വിവരകണക്കുകളനുസരിച്ച് പഞ്ചായത്തിൽ 5041 വീടുകളുണ്ട്. ഇതിൽ 1300-ഓളം വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ട്. കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം നിരവധിയാണ്. പഞ്ചായത്തിൽ 18 സോഡിയം വേപ്പർ ലാമ്പുകളും നാല് ഫ്ളൂറസൻറ് വിളക്കുകളും 64 ബൾബുകളും തെരുവ് വിളക്കുകളായി സ്ഥാപിച്ചിട്ടുണ്ട്.

നിലവിൽ ട്രാൻഫോമർ സ്ഥാപിച്ചസ്ഥലം

നമ്പർ	വാർഡ്	സ്ഥലം	കപ്പാസിറ്റി
1	4	നാട്ടുകൽ	160
2	3	53-ാം മൈൽ	63
3	5	തൊടുകാപ്പ്	100
4	1	അത്തിപ്പറ	63
5	4	കാരക്കാട്	100
6	2	കുണ്ടൂർകുന്ന്	100
7	9	അണ്ണാംതൊടി	63
8	8	ചെത്തല്ലൂർ	63
9	9	പാലോട്	
10	7	നരുക്കോട്	
11	5	പുറ്റത്താണി	100
12	6	ചെത്തല്ലൂർ	100
13	5	കരിങ്കല്ലത്താണി	160
14	9	മേലെ കൊടക്കാട്	100

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ നല്ലൊരു ശതമാനം പ്രദേശങ്ങളും ഇന്നും വൈദ്യുതീകരിച്ചിട്ടില്ല. പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തുന്നത് മണ്ണാർക്കാട് സബ് സ്റ്റേഷനിൽ നിന്നുള്ള അലനല്ലൂർ ഫീഡർ വഴിയാണ്. അലനല്ലൂർ ഫീഡറിന്റെ ഫ്ളാഗ് എൻഡാണ് പഞ്ചായത്തിലെത്തുന്നത്. അതുകൊണ്ടുതന്നെ വോൾട്ടേജ് നില വളരെ പരിതാപകരമാണ്. ഇതുപോലെ തന്നെ വളരെനീളം കൂടിയ ചെർപ്പുളശ്ശേരി ഫീഡറിന്റെയും (ഷൊർണ്ണൂർ സബ്സ്റ്റേഷൻ) ഫ്ളാഗൻറുകളാണ്പഞ്ചായത്തിലെത്തുന്നത്. L T ലൈനുകളുടെ ദൈർഘ്യവും ശാസ്ത്രീയമായ HT LT ലൈനുകളുടെ ദൈർഘ്യാനുപാതത്തേക്കാൾ (1:1) എത്രയോ കൂടുതലാണ്. 11 കെ. വി ലൈനുകളുടെയും L T ലൈനുകളുടെയും ദൈർഘ്യം വളരെ കൂടുതലായതുകൊണ്ട് വോൾട്ടേജ് നില പരിതാപകരമാണെന്നതിനു പുറമെ അടിക്കടി വൈദ്യുതി തകരാറുകളും സംഭവിക്കുന്നു. വൈദ്യുതി ലൈനുകളിൽ മുട്ടിനിൽക്കുന്ന മരച്ചില്ലകളിലൂടെയും, ലൈനിലുള്ള ലൂസ് കണക്ഷനുകളിലൂടെയും ഉള്ള പ്രസരണ നഷ്ടം ഭീമമാണ്. രൂക്ഷമായ വൈദ്യുതി പ്രതിസന്ധിയാണ് നാം നേരിടുന്നതെങ്കിലും വൈദ്യുതി ഉപഭോഗത്തിൽ കർശനമായ നിയന്ത്രണം നടപ്പാക്കുന്നതിൽ ഉപഭോക്താക്കൾ ശ്രദ്ധിക്കുന്നില്ല. വീടുകളിൽ 'സ്റ്റെപ് അപ്പ്' ഉപയോഗിക്കുന്നത് വോൾട്ടേജ് നില കൂടുതൽ പരിതാപകരമാക്കുന്നു.

പഞ്ചായത്തിൽ മൊത്തം 48 കോളനികളുണ്ട്. ഇതിൽ21 അംഗീകൃതകോളനികളിൽ 5എണ്ണത്തിൽ മാത്രമേ വൈദ്യുതി എത്തിയിട്ടുള്ളൂ.

ഗാർഹിക ഊർജ്ജ ഉപഭോഗം പ്രധാനമായും വിറകിൽ നിന്നുതന്നെയാണ്. ദക്ഷത കൂടിയ അടുപ്പുകൾ ലഭ്യമാകുന്ന ആസ്ഥാനം പഞ്ചായത്തിലില്ല. എൽ. പി. ജി. കണക്ഷൻ കിട്ടാനുള്ള സൗകര്യവും പഞ്ചായത്തിൽ നിലവിലില്ല. ബയോഗ്യാസ് പ്ലാൻറ്, സോളാർ അടുപ്പുകൾ, സോളാർ വിളക്കുകൾ തുടങ്ങി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളൊന്നും പഞ്ചായത്തിൽ ഉപയോഗപ്പെടുത്തുന്നില്ല.

സാദ്ധ്യതകൾ

പഞ്ചായത്തിലൂടെ കടന്ന് പോകുന്ന 11 കെ വി ലൈനുകളുടെ ദൈർഘ്യം കുറക്കുന്നതിലേക്കും അതുവഴി വോൾട്ടേജ് കൂട്ടിക്കും അടിക്കടിയുണ്ടാകുന്ന വൈദ്യുതി തകരാറുകൾക്കും ഒരു പരിഹാരമുണ്ടാക്കാൻ പഞ്ചായത്തിൽ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്. അതുവഴി വോൾട്ടേജ്നില മെച്ചപ്പെടുത്താനും വൈദ്യുതി തകരാറുകൾ കുറക്കാനും സാധിക്കും. വോൾട്ടേജ് ഇംപ്രൂവ്മെൻറ് വർക്കുകൾ (പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, സിംഗിൾ ഫേസ് ലൈനുകളുടെ 3 ഫേസ് കൺവർഷൻ 11 കെ വി ലൈൻ ഇൻറർലിംഗിംഗ്) ഏറ്റെടുത്ത് നടപ്പാക്കുകവഴി വോൾട്ടേജ്നില ഒരളവുവരെ പരിഹരിക്കാവുന്നതാണ്. പഞ്ചായത്തിലുള്ള തേങ്കോകണ്ടംമല ചെത്തല്ലൂരിലുള്ള അതിപ്പാറകുന്ന് എന്നീ സ്ഥലങ്ങളിൽ എല്ലാസമയത്തും വേഗതയേറിയ കാറ്റ് ലഭ്യമാണ്. അവിടങ്ങളിൽ വിൻഡ് മില്ലുകൾ സ്ഥാപിക്കാനുള്ള സാദ്ധ്യതയുണ്ട്.

11 കെ. വി. ലൈനുകളിലും എൽ. ടി. ലൈനുകളിലും മുട്ടിനിൽക്കുന്ന മരച്ചില്ലകൾ വെട്ടിമാറ്റുന്ന ജോലി പൊതുജനപങ്കാളിത്തത്തോടെ ഇലക്ട്രിസിറ്റി ബോർഡിന്റെ നേതൃത്വത്തിൽ നടപ്പാക്കാവുന്നതാണ്. അനർട്ട് കേരള ശാസ്ത്രസാഹിത്യപരിഷത്ത് തുടങ്ങിയ എൻജിൻസികളുടെയും മറ്റ് സന്നദ്ധ സംഘടനകളുടെയും സഹകരണത്തിലൂടെ ദക്ഷത കൂടിയ അടുപ്പുകൾ സോളാർ വിളക്കുകൾ, സോളാർ അടുപ്പുകൾ തുടങ്ങി പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകൾ ഉപയോഗിക്കാനുള്ള എല്ലാസാദ്ധ്യതകളും ആരായുകയും പ്രചരിപ്പിക്കുകയും ചെയ്യാവുന്നതാണ്. ദക്ഷത കൂടുതലുള്ള വൈദ്യുതിവിളക്കുകൾ (ഉദാ: C F L വിളക്കുകൾ) പ്രചരിപ്പിക്കുക വഴി വൈദ്യുതി ഉപഭോഗത്തിൽ ഒരളവുവരെ നിയന്ത്രണം കൈവരിക്കാം. രൂക്ഷമായ വൈദ്യുത പ്രതിസന്ധി നിലവിലുള്ള കേരള സംസ്ഥാനത്ത് ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യത്തെകുറിച്ച് എല്ലാ സന്നദ്ധ സംഘടനകളേയും ഉൾകൊള്ളിച്ച് ശക്തമായ ബോധവൽക്കരണം നടത്തേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 പെരിന്തൽമണ്ണ സബ് സ്റ്റേഷനിൽ നിന്നുള്ള താഴെക്കോട് ഫീഡർനിലവിലുള്ള പുഴുത്താണി ഭാഗത്തുനിന്നും ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പരിധിയിൽപെട്ട ഷൊർണ്ണൂർ സബ്സ്റ്റേഷനിലെ കുച്ചർ പ്പുള്ളശ്ശേരി ഫീഡറുമായി ബന്ധിപ്പിക്കുന്ന ജോലി ത്വരിതപ്പെടുത്തണം. (ഏകദേശം 2.5കി മി) ചെത്തല്ലൂർ സ്കൂളിനു പരിസരത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

2 ചെത്തല്ലൂർട്രാൻസ്ഫോമറിൽ നിന്നുള്ള ലൈൻ കണ്ണി **LT** സിംഗിൾ ഫേസ് ലൈൻ 3 ഫേസ് ആക്കി മാറ്റണം. (ഏകദേശം 75 കി. മീ.)

3 നാട്ടുകൽ അല്ലെങ്കിൽ കരിങ്കല്ലത്താണി കേന്ദ്രമായി പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് സ്ഥാപിക്കണം 35 012 ച. കി. മീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ വൈദ്യുത ഉപഭോക്താക്കൾക്ക് ഇത് വളരെ സൗകര്യമായിരിക്കും.

4 കുണ്ടൂർകുന്ന്, പുതുമനക്കുളമ്പ്, അണ്ണാംതൊടി, അത്തിപ്പറ്റ, പാറമ്മൽ, പോളോട്, നടുവിലത്താണി, ചാമപ്പാമ്പ്, കുന്നുംപുറം എന്നീ പ്രദേശങ്ങളിൽപുതിയ ട്രാൻസ് ഫോമറുകൾ സ്ഥാപിക്കുക. (ഗ്രാമസഭാ റിപ്പോർട്ടുകൾ

5 എല്ലാ സിംഗിൾ ഫേസ് ലൈനുകളും 3 ഫേസ് ലൈനുകളാക്കി മാറ്റുക. (ഗ്രാമസഭാ റിപ്പോർട്ടുകൾ.

6 വൈദ്യുതി എത്തിയിട്ടില്ലാത്ത എല്ലാ പ്രദേശങ്ങളിലും എല്ലാ ഹരിജൻ കോളനികളിലും വൈദ്യുതിയെത്തിക്കുക. (ഗ്രാമസഭാ റിപ്പോർട്ടുകൾ)

7 ശ്രീകൃഷ്ണപുരം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ കെ. ശിവരാമൻ& അദ്ദേഹം എന്ന അഗ്രികൾച്ചറൽ കണക്ഷൻ വർക്ക് ഉടനടി നടപ്പിലാക്കേണ്ടതാണ്. **11 കെ** വി അലനല്ലൂർ ഫീഡറും 11 കെ. വി. മണ്ണാർക്കാട് ഫീഡറും (മണ്ണാർക്കാട്സബ്സ്റ്റേഷനിൽ നിന്നുള്ളവ) ഇൻറർലിങ്ക് ചെയ്യണം ഇതുവഴി മണ്ണാർക്കാട് സബ്സ്റ്റേഷനിൽ നിന്നും ഒറപ്പാലം സബ്സ്റ്റേഷനിൽ നിന്നും (അമ്പലപ്പാറ ഫീഡർ വഴി) പ്രദേശത്ത് വൈദ്യുതി എത്തിക്കാവുന്നതാണ്.

8 വീടുകളിൽ സ്റ്റെപ് അപ് ഉപയോഗിക്കുന്നത് കർശനമായി തടയുകയും വൈദ്യുതി ഉപയോഗം കർശനമായി നിയന്ത്രിക്കേണ്ടതിന്റെ പ്രധാന്യത്തെപ്പറ്റി ബോധവൽക്കരണം നടത്തുകയും ചെയ്യുക.

9 എൽ. പി. ജി. കണക്ഷൻ, ദക്ഷത കൂടിയ സോളാർ അടുപ്പുകൾ, വിളക്കുകൾ ഇവ ലഭിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്തിൽ ഏർപ്പെടുത്തുക. ഗ്യാസ്ഏജൻസി അനുവദിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ പഞ്ചായത്തിൽ സ്വീകരിക്കുക.

10 തെരുവുവിളക്കുകളായി സോളാർ വിളക്കുകൾ സ്ഥാപിക്കുക.

11 പഞ്ചായത്തിൽ ഒരു ഇലക്ട്രിക്കൽ സബ് സെൻറർ സ്ഥാപിക്കുക.

12 തേങ്ങാകണ്ടംമല, അത്തിപ്പാറകുന്ന് തുടങ്ങിയ സ്ഥലങ്ങളിൽ വിൻഡ് മില്ലുകൾ സ്ഥാപിക്കുക.

13 കാർഷികാവശ്യത്തിന് വൈദ്യുത കണക്ഷൻ നൽകുന്നതിനുള്ള നടപടി ലഘൂകരിച്ച് കാലതാമസം ഒഴിവാക്കുക.

14 വിറകിന്റെ ദുർലഭ്യം പരിഗണിച്ച് മണ്ണെണ്ണ പെർമിറ്റുകൾ കൂടുതൽ അനുവദിക്കുക.

15 താഴെപറയുന്ന സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ (സോഡിയം വേപ്പർ.ലാമ്പ്) സ്ഥാപിക്കുക.

1 കുണ്ടൂർകുന്ന് പുല്ലാനിവട്ട

2 55–ാം മൈൽ

3 ലക്ഷംവീട് കോളനി

4 പുതുമനക്കുളമ്പ് നമസ്കാരപള്ളിക്കു

സമീപം

5 തളച്ചിറ

6 തൊടുകാപ്പ് പാലം പരിസരം

7 തൊടുകാപ്പ് ബസ് സ്റ്റോപ്പ്

8 കരിങ്കല്ലത്താണി എൽ. പി. സ്കൂളിനു മുൻവശം

9 കരിങ്കല്ലത്താണി ഹൈസ്ക്കൂൾപടി

10 പൊന്തിയിൽപള്ളി റോഡ്

11 പുവ്വത്താണി സ്ക്കൂൾപ്പടി

12 പുവ്വത്താണി തെക്ക് ഭാഗം

13 പനങ്കുറുശിക്കാവ് തെക്കേനട

14 പനങ്കുറുശിക്കാവ് വടക്കേനട

15 കരിമ്പനത്തോട്ടം

16 ചെത്തല്ലൂർ ശ്രീകൃഷ്ണ ക്ഷേത്രം

17 മുറിയംകണ്ണി ബസ് സ്റ്റോപ്പ്

18 ജ്യോതിഹാലയം പടി

19 മായാറോഡ് ജംഗ്ഷൻ

20 ഇടമനപ്പടി ഹരിജൻകോളനി

21 ചേരിയിൽപടി ഹരിജൻകോളനി

22 പിലാത്തറ

23 നറുക്കോട്

24 കൂരിമുക്ക്

25 കിഴക്കുംപുറം

26 പുല്ലങ്ങാട്

27 കൂത്തുപറമ്പ്

28 കുന്നുംപുറം തെക്കേതല

29 കുന്നുമ്പുറം തുറവൻകുഴി കോളനി

30 പാലോട് ജംഗ്ഷൻ

31 മേലെകൊടക്കാട്

32ചാമപ്പറമ്പ് സ്കൂൾപടി

മാർക്കറ്റ്

ഈ പഞ്ചായത്തിലെ ജനങ്ങളും അവരുടെ കാർഷികഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനും അവശ്യ സാധനങ്ങളും വാങ്ങുന്നതിനും ആശ്രയകാലത്ത് പെരുമ്പടപ്പോട്, അലനല്ലൂർ, പുവ്വത്താണി എന്നീ പ്രദേശങ്ങളിലുണ്ടായിരുന്ന ആഴ്ച ചന്തകളെയാണ് ആശ്രയിച്ചിരുന്നത്. നമ്മുടെ പഞ്ചായത്തിൽ പാലോട്ടിൽ 1964ൽ ശ്രീ. സി. പി. അപ്പുകുട്ടി ഗുപ്തൻ ഒരു ആഴ്ച ചന്ത ആരംഭിക്കുകയും സർക്കാർ ഇടപെടൽ കാരണം 1971ൽ പ്രസ്തുത ചന്തയുടെപ്രവർത്തനം നിലക്കുകയും ചെയ്തു അക്കാലത്തും കന്നുകാലികളെ വാങ്ങുന്നതിനും വിൽക്കുന്നതിനും കോങ്ങാട്, വാണിയംകുളം എന്നീ കാലിചന്തകളെയാണ് ആശ്രയിച്ചിരുന്നത്

ഇന്ന് ഇവിടെ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങളും ദൂരെ സ്ഥലങ്ങളിലുള്ള മാർക്കറ്റുകളിൽ കൊണ്ടുപോയി വിൽക്കുകയോ കച്ചവടക്കാർ ഇവിടെ വന്ന് വാങ്ങികൊണ്ടു പോകുകയോ ആണ് ചെയ്യുന്നത്. തൻമൂലം കൃഷിക്കാരന് അവന്റെ ഉത്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല. ഗ്രാമീണരായ ഇവിടുത്തെ ജനങ്ങൾക്ക് ആവശ്യ സാധനങ്ങൾ വാങ്ങുന്നതിന് ദൂരെയുള്ള പട്ടണങ്ങളിൽ പോകേണ്ടി വരുന്നതിനാൽ ചെലവ് വർദ്ധിക്കുന്നതോടൊപ്പം സമയവും നഷ്ടമാകുന്നു.

പ്രശ്നങ്ങൾ

1 പച്ചക്കറികളും, നാണ്യവിളകളും, നാളികേരം എന്നിവ വിൽക്കാനുള്ള സൗകര്യമില്ല.

2 ക്ഷീരോല്പാദനത്തിന് സർക്കാർ ഏജൻസികളോ സംഭരണ കേന്ദ്രങ്ങളോ ഇല്ല.

3 കാർഷികോപകരണങ്ങളും, ഗാർഹികോപകരണങ്ങളും നിത്യോപയോഗ സാധനങ്ങളും ഭവന നിർമ്മാണ സാമഗ്രികളും എന്നിവ മിതവും ന്യായവുമായ വിലക്ക് കിട്ടാനുള്ള സംവിധാനമില്ല.

4 വിദ്യാർത്ഥികൾക്കാവശ്യമായ പഠനോപകരണങ്ങളും മിതവും ന്യായവുമായ വിലക്ക് ലഭിക്കുന്നില്ല.

5 സർക്കാറിന്റെ **IRDP** തുടങ്ങിയ തൊഴിൽ ദാന പദ്ധതിയിൽ ഗുണഭോക്താക്കളായവർക്ക് ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യമില്ലാത്തതിനാൽ വായ്പകൾ തിരിച്ചടക്കാൻ സാധിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1 ചെത്തല്ലൂർ, കരിങ്കല്ലത്താണി, നാട്ടുകൽ, പാലോട് എന്നിവിടങ്ങളിൽകാർഷികോല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ആഴ്ചചന്തകൾ ആരംഭിക്കുക.

2 സഹകരണസംഘങ്ങൾ, ഗ്രൂപ്പ്ഫാമിംഗ് കമ്മിറ്റികൾ,പഞ്ചായത്ത് എന്നിവയുടെനേതൃത്വത്തിൽ ഭക്ഷ്യധാന്യങ്ങൾ, നാണ്യവിളകൾ, എണ്ണക്കുരുക്കൾ മുതലായവസംഭരിക്കുന്നതിനുള്ള സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുക.

3 പഞ്ചായത്തടിസ്ഥാനത്തിൽ അനുയോജ്യമായ സ്ഥലത്ത് ഒരു കാലിചന്ത ആരംഭിക്കേണ്ടതാണ്.

4 മത്സ്യമാംസവിപണനത്തിന് ചെത്തല്ലൂർ, പുവ്വത്താണി, നാട്ടുകൽ, പാലോട്, ചാമപ്പറമ്പ്, കുണ്ടൂർകുന്ന് എന്നിവിടങ്ങളിൽ മാർക്കറ്റുകൾ ആരംഭിക്കുക.

5 നിത്യോപയോഗസാധനങ്ങളും ക്ഷീരവസ്തുക്കളും മിതവും ന്യായവുമായ വിലക്ക് വിതരണം ചെയ്യുന്നതിന് ഓരോ വാർഡിലും കൺസ്യൂമർ സ്റ്റോറുകളും പഞ്ചായത്തിൽ ഒരുമാവേലിസ്റ്റോറും ആരംഭിക്കേണ്ടതാണ്

6 **IRDP**, കുടിൽ വ്യവസായങ്ങൾ, വനിതാ വ്യവസായ യൂണിറ്റുകൾ, കരകൗശലവസ്തു നിർമ്മാണ യൂണിറ്റുകൾ എന്നിവയുടെ ഉല്പന്നങ്ങൾക്ക് പഞ്ചായത്തും ധനകാര്യ സ്ഥാപനങ്ങളും വിപണനസൗകര്യം ഏർപ്പെടുത്തണം.

കുടിവെള്ളവും പൊതുജന ആരോഗ്യവും

ഒരു പ്രദേശത്തിന്റെ സമ്പത്ത് ആപ്രദേശത്തെ ആരോഗ്യമുള്ള ജനതയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അദ്ധ്വാനശീലരും ആരോഗ്യമുള്ളവരുമായ ഒരു ജനതക്കു മാത്രമെ രാജ്യത്തെ പുരോഗതിയിലേക്ക് നയിക്കാൻ കഴിയൂ. ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ് ശുദ്ധ വായു, ജലം. പാർപ്പിടം, ശുചിത്വമുള്ള പരിസരം എന്നിവ. ഇക്കാര്യങ്ങളിൽ പട്ടണങ്ങളെ അപേക്ഷിച്ച് വളരെയധികം മെച്ചം ഗ്രാമ പ്രദേശങ്ങൾക്കുണ്ട്.

കുടിവെള്ളം

കുടിവെള്ള പ്രശ്നം പണ്ടുകാലം മുതൽ തന്നെ പഞ്ചായത്തിലെ ഒരു പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നമാണ്. ആവശ്യമായ കുടിവെള്ളം ലഭിക്കാതെ ബുദ്ധിമുട്ടനുഭവിക്കുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം ഭൂരിഭാഗം പ്രദേശങ്ങളിലും പാറയാണ് കണ്ടുവരുന്നത്. അതുകൊണ്ടു തന്നെ കുടിവെള്ളത്തിനായി കിണർ കുഴിച്ചാൽ തന്നെ എല്ലാ പ്രദേശങ്ങളിലും വെള്ളം ലഭിക്കുന്നില്ല. കുടിവെള്ളത്തിനായി മറ്റു വീടുകളിലെ കിണറുകളെ ആശ്രയിക്കുന്ന ധാരാളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. ശുദ്ധജലത്തിന്റെ ദൗർലഭ്യം മൂലം മലിന ജലം ഉപയോഗിക്കേണ്ടി വന്നതിനാൽ ജീവഹാനി വരെ സംഭവിക്കാനിടയായിട്ടുണ്ട്. ഇപ്പോൾ കോളറ എന്ന പേരിൽ അറിയപ്പെടുന്ന രോഗം ആദ്യകാലങ്ങളിൽ തലമതട്ടി എന്നപേരിലാണ് അറിയപ്പെട്ടിരുന്നത്. മലിനജലത്തിൽ നിന്നാണ് ഈരോഗം പകർന്നിരുന്നത്. ഈരോഗം ബാധിച്ച് ആവശ്യമായ ചികിത്സലഭിക്കാതെ ധാരാളംപേർ ഇതിനു മുൻപ് ഈ പഞ്ചായത്തിൽ മരണമടഞ്ഞിട്ടുണ്ട്. ഇന്ന് പാടെ നിർമ്മാർജ്ജനം ചെയ്യപ്പെട്ടു എന്നു പറയുന്ന വസൂരി, കുഷ്ടം എന്നീ രോഗങ്ങളും ബാധിച്ചും നിരവധി പേർ ഈ പഞ്ചായത്തിൽ ഇതിനു മുൻപ് മരണമടഞ്ഞിട്ടുണ്ട്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത് പഞ്ചായത്തിലെ ആകെ 4174 വീടുകളിൽ 2667 വീടുകളിൽ മാത്രമെ കിണറുകളും ഉള്ളൂ. ഇതിൽതന്നെ 2354 കിണറുകളും വേനൽ കാലത്ത് വറ്റി പോകുന്നവയാണ്. അതായത് വർഷം മുഴുവൻ വെള്ളംലഭിക്കുന്ന കിണറുകൾ 313ആണ്. തീരെ കിണറുകളും ഇല്ലാത്തവീടുകളും ആണ്. പഞ്ചായത്തിൻ ഭൂരിഭാഗം പ്രദേശത്തും രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

പട്ടിക 1 കിണറുകൾ

പൊതുകിണറുകൾ		സ്വകാര്യകിണറുകൾ		കുഴൽകിണറുകൾ	
വെള്ളമുള്ളത്	വെള്ളമില്ലാത്തത്	വെള്ളമുള്ളത്	വെള്ളമില്ലാത്തത്	ആകെ	വെള്ളമുള്ളത്
15	17	313	2354	20	9

മൊത്തം കിണറുകൾ 2719

പഞ്ചായത്തിൽ 32 പൊതുകിണറുകളും ഉള്ളതിൽ 15 എണ്ണത്തിൽ മാത്രമെ വെള്ളം ഉള്ളൂ. ആകെ 20 കുഴൽകിണറുകളും ഉള്ളതിൽ 9 എണ്ണത്തിൽവെള്ളം വേനൽകാലത്ത് വേണ്ടത്ര ലഭിക്കുന്നില്ല

പട്ടിക 2 ടാപ്പുകൾ

ഗ്രാമീണ ശുദ്ധജലപദ്ധതി	പൊതുടാപ്പുകളും
മുറിയംകണ്ണി-ചെത്തല്ലൂർ 53-ാം മൈൽ	36

പവർകട്ട്, ലോഡ്ഷെഡിംഗ്, ഷിഫ്റ്റ് സമ്പ്രദായം എന്നിവ മൂലം ആവശ്യമുള്ള സമയത്തും ആവശ്യമുള്ള തോതിലും വെള്ളം ഈ ടാപ്പുകളിൽ ലഭിക്കാറില്ല.

8-ാം വാർഡിൽ കുന്നത്തുകുളം സംരക്ഷിച്ച് 50ഓളം കുടുംബങ്ങൾക്ക് കുടി വെള്ളം ലഭിക്കുന്നതിന് ഉള്ള ഒരു പദ്ധതി 1994ൽ പൂർത്തീകരിച്ചെങ്കിലും പൂർണ്ണമായ തോതിൽ പ്രയോജനം ലഭിക്കുന്നില്ല.

എട്ടാം പഞ്ചവത്സര പദ്ധതിയിൽ L I C യുടെ സഹായത്തോടെ ഒരു ഗ്രാമ ശുദ്ധജല പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 10 പൊതുടാപ്പുകൾ സ്ഥാപിച്ച് വെള്ളം ലഭിക്കാൻ വേണ്ട പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി നമ്മുടെ ജില്ലയുടെ അതൃത്തിപ്രദേശമായ കരിങ്കല്ലത്താണിയിൽ നിന്നും 53-ാം മൈൽ വരെ ദീർഘിപ്പിച്ചിട്ടുണ്ട്. ഇതിൽ നിന്നും 10 പൊതുടാപ്പുകൾ സ്ഥാപിച്ച് ജലം പൊതുജനങ്ങൾക്ക് ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും മുഴുവൻ ടാപ്പുകളും പ്രവർത്തനക്ഷമമല്ല. മുറിയംകണ്ണിപുഴയിൽനിന്നും കരിങ്കല്ലത്താണിവരെ ടാപ്പ് സംവിധാനം നിലവിലുണ്ട് ഇതിൽനിന്നും 26പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.ഗ്രാമ ശുദ്ധജല പദ്ധതിയിൽനിന്നും പൊതിയിൽ ഹരിജൻ കോളനിയിലേക്ക് ശുദ്ധജലവിതരണം ദീർഘിപ്പിക്കുവാൻ A R W S Aയിൽ ഉൾപ്പെടുത്തി ജില്ലാ കലക്ടറുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഈപ്രവർത്തി 1997മാർച്ച് 31നുള്ളിൽ പൂർത്തീകരിക്കുമെന്നാണ് ഔദ്യോഗികമായി ലഭിച്ചവിവരം. പഞ്ചായത്ത് ഓഫീസിനുസമീപമുള്ള കുഴൽകിണറിൽ മോട്ടോർ ഘടിപ്പിച്ച് മണലടി, അയ്യങ്കാളി, കണ്ടമേംഗലം, നാട്ടുകൽ എന്നിവിടങ്ങളിലേക്ക് ശുദ്ധജലവിതരണം, നടത്താനുള്ള പദ്ധതിക്ക് മേൽ നടപടിക്കായി ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

ശുദ്ധജല ദൗർലഭ്യത്തിന്റെ ഫലമായി പഞ്ചായത്തിൽ കുറെപേർക്കെങ്കിലും ജലജന്യരോഗങ്ങൾ ബാധിക്കുകയുണ്ടായിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ജനങ്ങളുടെ പരിപൂർണ്ണസഹകരണത്തോടെ ശുദ്ധജലവിതരണ പദ്ധതികൾക്ക് പുതിയതായി രൂപം നൽകേണ്ടിയിരിക്കുന്നു. വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്നുവന്നതായ പ്രശ്ന പരിഹാരങ്ങളും അതുപോലെ തന്നെ പഞ്ചായത്ത് തലത്തിൽ മൊത്തത്തിൽ പ്രാവർത്തികമാക്കാവുന്നതുമായ ചർച്ചകളിലൂടെ രൂപപ്പെട്ടുവന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മവിശകലനം നടത്തി ആയവ താഴെ കൊടുക്കുന്നു.

പ്രശ്നങ്ങൾ

പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു. ഹരിജൻ കോളനികളിലും ഒറപ്പെട്ട ഹരിജൻ വീടുകളിലും ആവശ്യത്തിന് കുടിവെള്ളം ലഭിക്കുന്നില്ല. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ആവശ്യത്തിന് പൊതുകിണറുകളോ കുഴൽ കിണറുകളോ ഇല്ല. നിലവിലുള്ള പല പൊതുകിണറുകളും തകരാറിലായാണ് കിടക്കുന്നത്. കുടിവെള്ളത്തിനായി ഭൂരിഭാഗവും കിണറുകളെയാണ്ആശ്രയിക്കുന്നത്. അതു

കൊണ്ട്തന്നെ വേനൽകാലങ്ങളിൽ ഈ കിണറുകളിൽ വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല. വർഷം മുഴുവൻ വെള്ളം ലഭിക്കുന്ന 313 കിണറുകളും മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. കുടിവെള്ളത്തിനായി 200 മുതൽ 500 മീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്ന ധാരാളം കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. ഭൂമിശാസ്ത്രപരമായ പ്രത്യേകത കാരണം ഭൂരിഭാഗം കിണറുകളുടെ അടിയിലും പാറയായതുകൊണ്ട് ആറുമാസക്കാലംമാത്രമാണ് വെള്ളം ലഭിക്കുന്നത്. ശുദ്ധജലത്തിനായി പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ ആളുകൾ കുളങ്ങളേയും തോടുകളെയും ആശ്രയിക്കുന്നുണ്ടെങ്കിലും അതിൽ നിന്നും ശുദ്ധജലമല്ല ലഭിച്ചുകൊണ്ടിരിക്കുന്നത്. ജല വിതരണത്തിനായി പൈപ്പ് ലൈൻ സംവിധാനം പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. ചുരുക്കം ചിലപ്രദേശങ്ങളിൽ മാത്രമാണ് പൈപ്പ് ലൈൻ വഴി ജല വിതരണം നടത്തുന്നത്.

സാധ്യതകളും നിർദ്ദേശങ്ങളും

1 പാലോട് പദ്ധതി

പാലോട് പഞ്ചായത്ത് ഓഫീസിനു മുന്നിലുള്ള കുഴൽകിണർ നന്നാക്കി മോട്ടോർഘടിപ്പിച്ച് നാട്ടുകൽ ആശുപത്രിവളപ്പിൽ ടാങ്ക്കെട്ടി വെള്ളം അടിച്ചു കയറ്റുകയും പൈപ്പ്ലൈൻവഴി ജലവിതരണം നടത്തുകയും ചെയ്യുക. ഇതുമൂലം മണലടി, അയ്യങ്കാളി, കണ്ടമംഗലം എന്നീ പട്ടികജാതി കോളനികളിലേക്കും നാട്ടുകൽ, പാലോട് പ്രദേശങ്ങളിലേക്കും ശുദ്ധജല വിതരണം നടത്താൻ കഴിയും.

2 പിലാക്കുന്ന് പദ്ധതി

പഞ്ചായത്തിലെ പിലാക്കുന്നിനു മുകളിൽ വാട്ടർടാങ്ക് നിർമ്മിച്ച് മുറിയംകണ്ണിയിൽ നിന്നും പമ്പുചെയ്ത് വെള്ളം ടാങ്കിലേക്ക് അടിച്ചു കയറ്റുകയും ചെയ്താൽ പൈപ്പ് ലൈൻ വഴി പാപ്പാമ്പ്, നറുക്കോട്, കൂരിമുക്ക്, കൂരാക്കോട്, കുന്നുംപുറം, മണപ്പുംപുറം, പാലോട്, നാട്ടുകൽ തുടങ്ങിയ പ്രദേശങ്ങളിലേക്ക് ശുദ്ധജലവിതരണം നടത്താൻ കഴിയുകയും അതുവഴി പ്രസ്തുത പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാനും കഴിയും.

3 ആറാട്ടുകടവ് പദ്ധതി

കോട്ടക്കുന്നിനു മുകളിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻ വഴി ജലവിതരണം നടത്തിയാൽ ചെത്തല്ലൂർ തെക്കുംമുറി, കാമ്പ്രം തുടങ്ങിയ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

4 അണ്ണാംതൊടി പദ്ധതി

അണ്ണാംതൊടി അംഗനവാടിക്കു സമീപമുള്ള കുഴൽകിണർ നവീകരിച്ച് മോട്ടോർ ഘടിപ്പിച്ച് ടാങ്ക് നിർമ്മിക്കുകയും പൈപ്പ്ലൈൻ വഴി ജല വിതരണം നടത്തുകയും ചെയ്താൽ പുതുമനകുളമ്പ്, കൊമ്പത്തുകുണ്ട്, വടക്കേക്കര, മണലടി ചാള, ലക്ഷംവീട്, കണ്ടമംഗലം കോളനി, പാലോട് റോഡ് പ്രദേശം എന്നിവിടങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

5 മുണ്ടൻകുളം പദ്ധതി

ഒന്നാം വാർഡിൽപ്പെട്ട കൂത്തുപറമ്പിലുള്ള മുണ്ടൻകുളം വിസ്തൃതി വർദ്ധിപ്പിച്ച് ആഴം കൂട്ടി നെല്ലിക്കുന്നിനുമുകളിൽ ടാങ്ക്കെട്ടി പ്രസ്തുത കുളത്തിൽ നിന്നും വെള്ളം അടിച്ചുകയറ്റി പൈപ്പ്ലൈൻവഴി ജലവിതരണം നടത്തിയാൽ കൂത്തുപറമ്പ്, അഞ്ചിപ്പുറാകോളനി, നെല്ലിക്കുന്ന് കാഞ്ഞിരത്തിൽ കോളനി, കാരാട്, കിഴക്കുംപുറം എന്നീ പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

6 പാലക്കടകുളംപദ്ധതി

ഇടമനപ്പടി ഹരിജൻ കോളനിയിൽ വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി ജല വിതരണം നടത്തിയാൽ ഇടമനപ്പടികോളനി, അയ്യപ്പൻ പാമ്പ് പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും.

7 കിണാച്ചിക്കുളം

ആറാം വാർഡിൽപെട്ട കിണാച്ചിക്കുളം വിസ്തൃതി വർദ്ധിപ്പിച്ച് ആഴംകൂട്ടി വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻവഴി ജലവിതരണം നടത്തിയാൽ പേരിയിൽപ്പടി കോളനിയിലെയും തൊട്ടടുത്തുള്ള പ്രദേശങ്ങളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാൻ കഴിയും.

8 അത്തിക്കുളം പദ്ധതി

ഒമ്പതാംവാർഡിൽ ഉൾപ്പെടുന്ന അത്തിക്കുളം നവീകരിച്ച് വാട്ടർടാങ്ക് നിർമ്മിച്ച് പൈപ്പ്ലൈൻവഴി ജലവിതരണം നടത്തിയാൽ കണ്ടമേംഗലം ഹരിജൻ കോളനി, പുതുമനക്കുളമ്പ്, കൊമ്പത്തെ കുണ്ട്, വടക്കേക്കര എന്നിവിടങ്ങളിലെ നൂറോളം വീട്ടുകാർ അനുഭവിക്കുന്ന രൂക്ഷമായ കുടിവെള്ളക്ഷാമത്തിന് പരിഹാരം കണ്ടെത്താൻ കഴിയും.

9 മുടിക്കുന്ന് കുളം- ഇളമടം കുളം

ഏഴാം വാർഡിൽ പെട്ട ചാമപ്പറമ്പിലുള്ള മുടിക്കുന്ന് കുളവും നറുക്കോട് മദ്രസക്ക് സമീപമുള്ള ഇളമടം കുളവും വിസ്തൃതി വർദ്ധിപ്പിച്ച് ആഴം കൂട്ടി ജലവിതരണം നടത്തിയാൽ ചാമപ്പറമ്പ്, പനാംകുന്ന്, നറുക്കോട്, കൂരിമുക്ക്, കൂരാക്കോട് തുടങ്ങിയ പ്രദേശങ്ങളിലെ ശുദ്ധ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

10 കാമ്പം പദ്ധതി

നിലവിലുള്ള കാമ്പം ശുദ്ധജല പദ്ധതി വിപുലീകരിച്ച് കാമ്പം, തെക്കുംമുറി എന്നിവിടങ്ങളിലെ ശുദ്ജലക്ഷാമം പരിഹരിക്കാവുന്നതാണ്,

II 1) നിലവിലുള്ള പ്രവർത്തനരഹിതമായി കിടക്കുന്ന പൊതുകിണറുകളും കുഴൽ കിണറുകളും ആവശ്യമായ അറ്റകുറ്റപണികളും നടത്തുകയും ജലലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.

2) നടവരമ്പുകൾ ബലപ്പെടുത്തുകയും തോടുകളിൽ തടയണകൾ കെട്ടുകയും കുളങ്ങൾ വിപുലീകരിക്കുകയും ചെയ്താൽ ജലവിതാനം നിലനിർത്താൻ സാധിക്കുകയും അതുവഴി വേനൽക്കാലങ്ങളിൽ വറ്റി വരളുന്ന കിണറുകളിലും കുളങ്ങളിലും ഒരു പരിധിവരെ വെള്ളം ലഭ്യമാക്കാൻ സഹായകമാവുകയും ചെയ്യും. ഇത് കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും ജലസേചനത്തിനും പ്രയോജനപ്പെടും.

III കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കിണറുകളും കുഴൽകിണറുകളും കുഴിക്കേണ്ടതും പൈപ്പ്ലൈൻ നീട്ടേണ്ടതുമായ സ്ഥലങ്ങൾ താഴെ ചേർക്കുന്നു.

1) കിണർ കുഴിക്കേണ്ട സ്ഥലങ്ങൾ

വാർഡ് 1: അത്തിപ്പറ കോളനി, തലശേരിപ്പുര, മൈലപ്പള്ളി, നെല്ലിക്കുന്ന്, ഇടത്തോട്

വാർഡ് 2: പല്ലിക്കാട് പറമ്പ്, കൂട്ടാണിക്കുന്ന്, കൊടക്കാട് കോളനി, ചെകിടിയിൽ കോളനി, കുന്നത്ത് കോളനി

വാർഡ് 3: പാറമ്മൽ മദ്രസ്സ, തുറുവൻകുഴി

വാർഡ് 4: തൊടുകാപ്പ്, പൂളക്കൽച്ചോല

വാർഡ് 5: ഉപ്പുംകുന്ന്, വെള്ളക്കുന്ന്

വാർഡ് 6: മണ്ണാത്തിക്കുന്ന്, ആറംകുണ്ട് കല്ലിങ്ങൽ പ്രദേശം, ഞെളളിയൂർ പറമ്പ്, മുടായിൽ

വാർഡ് 7: ഇളംകുന്ന്. കൂരാക്കോട്

വാർഡ് 8: പൂളക്കുഴി പള്ളിയാൽ, മാമ്പ

വാർഡ് 9: വാരിയത്ത് ചാള, പാലോട് ചാള

വാർഡ് 10: മമ്മത്തൻ ചോല. എറുമപ്പാറ

2) കുഴൽകിണർ കുഴിക്കേണ്ട സ്ഥലങ്ങൾ

വാർഡ് 1. കാഞ്ഞിരത്തിൽ കോളനി, പോത്തുമുഞ്ഞിപ്പാറ, കാരാട്, പടിഞ്ഞാറെ പാലോട്, കിഴക്കുമ്പുറം. കുത്തുപറമ്പ്.

വാമഡ് 2. കിട്ടങ്ങ് കോളനി, കലമ്പറമ്പാട്ട, അത്തിപ്പറ.

വാർഡ് 3. കുണ്ടേടിപ്പാടം, അയ്യങ്കാളി കോളനി

വാർഡ് 4. കൊങ്ങത്ത് കോളനി, മാണിക്കപ്പറമ്പ്കോളനി, നെടുമ്പാറക്കുളം അംഗനവാടി, തള്ളച്ചിറ കിളിയിൽ കോളനി, കാരക്കാട് കോളനി

വാർഡ് 5. അങ്ങാടിക്കുളം, പൊരിയിൽകോളനി കരിങ്കല്ലത്താണി ജാറം പടി

വാർഡ. 6. പനങ്കുറുശിക്കാവ് വടക്കേനട, ചെത്തല്ലൂർ അമ്പലക്കുണ്ട്, ചെറുമ്പാടത്ത് പട്ടികജാതി കോളനി, ആനക്കുഴി, ഇടമനപ്പടി കോളനി.

വാർഡ് 7. ചാമപ്പറമ്പ്, കൂരിമുക്ക്, ചോളോട്

വാർഡ് 8, കൊടലിപ്പറമ്പ് ഹരിജൻകോളനി

വാർഡ് 9, പാലോട് റോഡ് ജംഗ്ഷൻ

വാർഡ് 10, കുന്നുംപുറം, കാരയിൽപുറം, നടുമല

3 പൈപ്പ്‌ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ

1 തച്ചനാട്ടുകര 53-ാംമൈൽമുതൽ അണ്ണാംതൊടി വരെ

2 മണലുംപുറം മുതൽ തച്ചളച്ചിറ വരെ

3 ചെത്തല്ലൂർ ബേങ്ക്–വെള്ളക്കുന്ന്

4 കരിങ്കല്ലത്താണി ഹൈസ്കൂൾ–പൊതിയിൽ പാടം

5 നടുവിലത്താണി – പടിക്കൽകുളം

6 പുവ്വത്താണി – ഐ പി പി സെൻറർ

7 പനങ്കുറുശ്ശിക്കാവ് കിഴക്കേനട– കിളയിൽ പള്ളിയാൽ, ചോലയിൽ പള്ളിയാൽ

8 പനങ്കുറുശ്ശിക്കാവ് തെക്കേനട– പച്ചിനിപ്പടി

9 ചെത്തല്ലൂർ ബേങ്ക് – തൊമരാംകുന്ന്

10 ഗാന്ധിറോഡ്–മുണ്ടഞ്ചേരി, മാധവശ്ശേരി പള്ളിയാൽ

11 പിലാത്തറ – മനയംപറമ്പ പള്ളിയാൽ

12 കരിമ്പനത്തോട്ടം – കല്ലുപാലം

13 കണിയാംചോല–കുണ്ടൻതോട്

14 ചെത്തല്ലൂർമില്ല് – ഞെളളിയൂർ പറമ്പ്

15 ചെത്തല്ലൂർ സ്കൂൾപടി–ആനക്കുഴി, ഇടമന പടി, ചോരാണ്ടി

16 മായാജംഗ്ഷൻ – മുടായിൽ കോളനി

17 പുവ്വത്താണി – ചോരാണ്ടിക്കുളം

18 വാട്ടർ ടാങ്ക്പരിസരം – ആറൻകുണ്ട്

19 മുറിയംകണ്ണി–ചാമപ്പറമ്പ്

20 മുറിയംകണ്ണി – ചോളോട്

21 വിളക്കത്തലപാറ– മാമ്പ

22 കൊടലിപ്പറമ്പ് ഹരിജൻ കോളനി–കളത്തിൽ പാടം

പൊതുജനാരോഗ്യം

1968 വരെ ഈ പഞ്ചായത്തിലെ ആരോഗ്യരംഗം ഏതാനും പാരമ്പര്യ നാട്ടുവൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചു വന്നിരുന്നത്. ആധുനിക രീതിയിലുള്ള ചികിത്സാ സമ്പ്രദായങ്ങളൊന്നും ലഭിക്കുന്നതിനുള്ള സ്ഥാപനങ്ങളും ഈ പഞ്ചായത്തിൽ ഇല്ലായിരുന്നു. ചരട്ജപിച്ചുകൊടുക്കുക, മന്ത്രംചൊല്ലിഊതുക, അമ്പലങ്ങളിലേക്കും, പള്ളികളിലേക്കും വഴിപാടുകളും നേരുക. തുടങ്ങിയവയിൽ അധിഷ്ഠിതമായ ചികിത്സാ രീതികളും നിലനിന്നിരുന്നു. ഇന്ന് ഈ രീതിക്ക് വിരാമമായിട്ടില്ല. ചുരുക്കം ചിലരെങ്കിലും ഈരീതി തുടർന്നു പോരുന്നുണ്ട്.

എന്നിരുന്നാലും അതി പുരാതനകാലം മുതൽക്കുതന്നെ ആരോഗ്യകാര്യത്തിൽ വളരെയധികം ശ്രദ്ധ ചെലുത്തിയിരുന്ന ഒരു പഞ്ചായത്തായിരുന്നു തച്ചനാട്ടുകര പഞ്ചായത്ത്. അലോപ്പതിക്കും ഹോമിയോപ്പതിക്കും പ്രചാരമില്ലാത്ത ആ കാലഘട്ടത്തിൽ ഗുരുതരമായ രോഗങ്ങൾക്കു പോലും സാധാരണ നമ്മുടെ പ്രദേശത്തു നിന്നു കിട്ടുന്ന പച്ചമരുന്നുകളും ഉപയോഗിച്ച് ചികിത്സ നടത്തുമായിരുന്നു. ഇങ്ങനെയുള്ള ധാരാളം നാട്ടുവൈദ്യൻമാർ പഞ്ചായത്തിൽ ഉണ്ടായിരുന്നു. പാലോട്ടിൽ അപ്പുകുട്ടിഗുപ്തൻ, സി.പി. ശങ്കുണ്ണി വൈദ്യർ, തെയ്യൻ വൈദ്യർ, അയ്യപ്പൻ വൈദ്യർ, ചെങ്ങണക്കാട്ടിൽ ശങ്കുവൈദ്യർ, കോരപ്പൻതൊടി കുടുംബത്തിലെ വൈദ്യൻമാർ, കുണ്ടൂർകുന്നിലുള്ള കുട്ടൻവൈദ്യർ, പികെ ചാമിവൈദ്യർ, വി പി ചുള്ളി വൈദ്യർ, കുഞ്ഞൻ വൈദ്യർ എന്നിവർ അക്കാലത്തെ വിദഗ്ദ്ധനാട്ടുചികിത്സക്കാരായിരുന്നു. ഇവരിൽതന്നെ വിഷചികിത്സ നടത്തുന്ന വിദഗ്ദൻമാരും ഉണ്ടായിരുന്നു. പാരമ്പര്യമായിട്ടാണ് ഇവരെല്ലാം തന്നെ ചികിത്സനടത്തിയിരുന്നത്. ഈ തലമുറയിലെ കുറച്ചുപേർ ഇപ്പോഴും നാടൻ ചികിത്സാരീതിയുമായി മുന്നോട്ടു പോവുന്നുണ്ട്. ഇവരിൽ പ്രധാനികളാണ് ചെത്തല്ലൂരിലെ സി പി ഭാർഗ്ഗവരാമൻ (ഉണ്ണിവൈദ്യർ), കൂളാകുർശ്ശി കുട്ടൻവൈദ്യർ, ചെങ്ങണക്കാട്ടിൽ സുകുമാരൻ, ചെരിപ്പുറത്ത് അലവിഎന്നകുഞ്ഞാപ്പമൊല്ല, സി പി യൂസഫ്മുസ്ലിയാർ, ചെറുവാടത്ത്പടി കൃഷ്ണൻകുട്ടി, കോരപ്പൻതൊടി ബാലകൃഷ്ണൻ, പി കെ ഭാസ്കരൻവൈദ്യർ, പി കെ സത്യനാരായണൻB A M Sഎന്നിവരാണ്.

വിഷ ചികിത്സാ രംഗത്ത് പ്രസിദ്ധരായ നാട്ടുവൈദ്യൻമാർ ഇവിടെ ഉണ്ടായിരുന്നു. അവരിൽ പ്രധാനികളായിരുന്നു ചെത്തല്ലൂരിലെ തെയ്യൻവൈദ്യർ, കണ്ടംഗലത്ത്മാധവപ്പണിക്കർ, ചേരികല്ലിൻമേൽ ഉണ്ണിഗുപ്തൻ, മഞ്ചാടിക്കൽ അപ്പുഗുപ്തൻ തുടങ്ങിയവർ

ഇപ്പോഴുംനിലവിലുള്ള വിഷചികിത്സക്കാർ താഴെ പറയുന്നവരാണ്. ചെത്തല്ലൂരിലെ സി എൻ ബാലൻ, ചേരികല്ലിൻമേൽ അപ്പുഗുപ്തൻ, പാലോട്ടിലുള്ള ഖദീജഉമ്മ

വിദ്യഭ്യാസപരമായി വളരെയധികം പിന്നോക്കം നിന്നിരുന്ന ആ കാലഘട്ടത്തിൽ ഗുരുതരമായി എന്തു രോഗങ്ങളും വന്നാലും അതിനെല്ലാം ഉത്തരവാദി 'വിധി' യാണെന്ന് വിശ്വസിക്കുകയും അതിന്റെ ഫലമായി ധാരാളം ആളുകളും മരണപ്പെട്ടു പോയ അവസ്ഥ ഉണ്ടായിരുന്നു. മന്ത്രവാദം എന്ന അന്ധവിശ്വാസത്തിന്റെയും കൂടി ഫലമായാണ് അങ്ങനെയും രോഗങ്ങളുണ്ടാവുന്നത് എന്ന് വിശ്വസിക്കുന്ന ഒരു ന്യൂനപക്ഷവും ഉണ്ടായിരുന്നു. ഈ അന്ധവിശ്വാസത്തിന് അടിമപ്പെട്ടവർ ഇന്നും ഉണ്ട് എന്നത് യാഥാർത്ഥ്യമാണ്. എന്നാൽ അലോപ്പതിക്ക് പ്രചാരം നേടിയ ഇക്കാലത്ത് എത്ര നിസ്സാരമായ രോഗത്തിനും മരുന്നുകളെ ആശ്രയിക്കുന്ന അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. ചികിൽസയുടെ ഗുണഫലത്തേക്കാൾ കൂടുതൽ കൊടുത്ത് ചികിത്സ നടത്തിയാൽ അതാണ് ഗുണം, എന്ന വിശ്വാസത്തിലാണ് കൂടുതൽ ജനങ്ങളും. അതുകൊണ്ടുതന്നെ ആദ്യകാലഘട്ടത്തിൽ പഞ്ചായത്തിലെ ആരോഗ്യപരിപാലനം നടത്തിയിരുന്ന ആയുർവ്വേദത്തെ പൂർണ്ണമായും കയ്യൊഴിഞ്ഞ അവസ്ഥയാണിന്നുള്ളത്. അതുകൊണ്ടുതന്നെ ഈ വൈദ്യമേഖലക്ക് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടിയിരിക്കുന്നു.

30–3–1968ൽ നാട്ടുകൽ എന്ന സ്ഥലത്ത് സ്ഥാപിതമായ ജി ആർ ഡി ആണ് പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ പ്രഥമ സ്ഥാപനം 30–10–1988 മുതൽ ഈ സ്ഥാപനത്തെ പി എഛ് സി ആയി ഉയർത്തി എങ്കിലും ശരിയായ രീതിയിലുള്ള പ്രവർത്തനം ആരംഭിച്ചത് 1–4–1991മുതൽക്കാണ്. അതിനു ശേഷം 25–11–1992ൽ മുറിയംകണ്ണി എന്ന സ്ഥലത്ത് ഒരു ഗവ: ആയുർവ്വേദ ഡിസ്പെൻസറി വാടക കെട്ടിടത്തിൽ തുടങ്ങിയിട്ടുണ്ട്. ഇന്ന് ഈ രണ്ട് ആതുര ശുശ്രൂഷാസ്ഥാപനങ്ങളും അതിനുപുറമെ 5 സബ്സെൻററുകളും അടക്കം 7സ്ഥാപനങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. ആധുനിക ചികിത്സാരംഗത്ത് പ്രവർത്തിക്കുന്ന 3 സ്വകാര്യസ്ഥാപനങ്ങളും ഈ പഞ്ചായത്തിലുണ്ട്. പരിമിതമായ സ്ഥാപനങ്ങളും മാത്രം ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നതുമൂലം പഞ്ചായത്തിലെ പൊതുആരോഗ്യസ്ഥിതി വളരെയധികം പരിതാപകരമാണ്.

1995–96 വർഷത്തിൽ 20577 രോഗങ്ങളാണ് റിപ്പോർട്ട്ചെയ്യപ്പെട്ടു. പഞ്ചായത്തിലെ 95–96ലെ ജനനം 304 ഉം മരണം 84ഉം ആണ് പഞ്ചായത്തിൽ കിടത്തി ചികിത്സിക്കാൻ ആവശ്യമായ സംവിധാനങ്ങളും ഒന്നും തന്നെ ഇല്ല. ഇതിനായി ജനങ്ങൾ 20–25 കി. മീ. ദൂരമുള്ള മണ്ണാർക്കാട് പെരിന്തൽമണ്ണ എന്നിവിടങ്ങളിലേക്കാണ് സാധാരണ പോകുന്നത് നിലവിലുള്ള P H Cയിൽആവശ്യത്തിന് മരുന്നുകളോ, വിദഗ്ദ ചികിത്സയോ ലഭ്യമല്ല. കൂടാതെ ആവശ്യത്തിന് ജീവനക്കാരും ഇവിടെ ഇല്ല.പ്രസ്തുത P H C ക്ക് വേണ്ടി നാട്ടുകാർ സംഭാവനയിലൂടെ പിരിച്ചെടുത്ത പണം കൊണ്ട് 80 സെൻറ് സ്ഥലം വാങ്ങി J R Y പ്രകാരം കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ആതുര ശുശ്രൂഷാലയം എന്ന രീതിയിലല്ല അതിൻെറ രൂപ കല്പന മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തതുകൊണ്ട് രാത്രി സമയങ്ങളിൽ വളരെ ചെറിയ അസുഖങ്ങൾക്ക് പോലും മറ്റ് ആശുപത്രികളെ ആശ്രയിക്കേണ്ടതായി വരുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഓരോ സബ്സെൻറർ പോലുമില്ല. 1 4 6 10എന്നീ വാർഡുകളിലെ ജനങ്ങൾ പ്രാഥമിക ചികിത്സക്കായി മറ്റുവാർഡുകളിലെ സബ്സെൻററുകളെയാണ് ആശ്രയിക്കുന്നത്. ഇവിടെ നിന്ന് ഭാഗികമായ സേവനങ്ങൾ മാത്രമാണ് ലഭ്യമാകുന്നത്, ഇതുമൂലം ഗർഭിണികൾ, കുട്ടികൾ എന്നിവർക്ക് വളരെയധികം വിഷമങ്ങൾ അനുഭവപ്പെടുന്നുണ്ട് നിലവിലുള്ള സബ് സെൻററിലെ ജീവനക്കാർ ആവശ്യത്തിന് ഗൃഹസന്ദർശനം നടത്തുന്നുണ്ട് എങ്കിലും പ്രതിരോധ കുത്തിവെയ്പുകളെക്കുറിച്ചോ, ആരോഗ്യ ക്ലാസ്സുകളെക്കുറിച്ചോ, സാധാരണക്കാർ അറിയാറില്ല. ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകളും വളരെ വിരളമായേ സംഘടിപ്പിക്കാറുള്ളൂ.

ഔദ്യോഗികമായി പകർച്ചവ്യാധികളോ, മാറാരോഗങ്ങളോ, റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലെങ്കിലും മലിനജലം ഉപയോഗിച്ചതിൻെറ ഫലമായി ജീവഹാനി സംഭവിച്ചവർ പഞ്ചായത്തിലുണ്ട്. പനി, ചെങ്കണ്ണ്, ചുമ, അഞ്ചാംപനി, മഞ്ഞൽ, ഛർദ്ദി, അതിസാരം തുടങ്ങിയവയാണ് സാധാരണയായി കണ്ടുവരുന്ന രോഗങ്ങൾ.

മുറിയംകണ്ണിയിൽ പ്രവർത്തിക്കുന്ന ആയുർവ്വേദ ഡിസ്പെൻസറിക്ക് സ്വന്തമായി കെട്ടിടമോ സ്ഥലമോ ഇല്ല. പഞ്ചായത്തിൽ 4 കാൻസർ രോഗികളും 5 കുഷ്ഠരോഗികളും 3 ക്ഷയരോഗികളും ഉണ്ടെന്ന് ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. പ്രതിരോധ കുത്തിവയ്പുകളും നടത്താറുണ്ട്.

പട്ടിക 1 പഞ്ചായത്തിലെ ആരോഗ്യ സ്ഥാപനങ്ങളുടെ വിവരം

ക്രമനമ്പർ	വാർഡ്	സ്ഥാപനങ്ങളം	ജീവനക്കാരുടെ എണ്ണം
1	3	പ്രാഥമിക ആരോഗ്യകേന്ദ്രം	17
2	7	ആയുർവ്വേദ ഡിസ്പെൻസറി	4
3	2	സബ്സെൻറർ കുണ്ടൂർകുന്ന്	1
4	5	സബ്സെൻറർ പുവ്വത്താണി	1
5	7	സബ്സെൻറർ ചാമപ്പറമ്പ്	1
6	8	സബ്സെൻറർ ചെത്തല്ലൂർ	1
7	9	സബ്സെൻറർ പാലോട്	1

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോഴം കൂടിവെളളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിൽ ഉളള 5023 കുടുംബങ്ങളിൽ 1736 വീടുകളിൽ മാത്രമാണ് കക്കൂസുളളത്. അതായത് 65 ശതമാനം വീടുകളിലും പ്രാഥമികാവശ്യം നിറവേറുന്നതിന് തുറസ്സായ സ്ഥലങ്ങം ഉപയോഗിക്കുന്നു. ഇതു മൂലം പരിസരം ശുചീകരണ രംഗത്ത് പഞ്ചായത്തിലെ അവസ്ഥ ശോചനീയമാണ്, കക്കൂസുകം നിർമ്മിക്കാതിരിക്കുന്നതിനുളള പ്രധാന കാരണങ്ങം സാമ്പത്തിക പരാധീനത, ആവശ്യത്തിന് സ്ഥലമില്ലായ്മ, ആവശ്യമായ ബോധവൽക്കരണത്തിന്റെ അഭാവം തുടങ്ങിയവയാണ്, പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും കൊതുകുകം മുട്ടയിട്ട് പെരുകുകയും അതുമൂലം പകർച്ചവ്യാധികം ഉണ്ടാവുകയും ചെയ്യുന്നു. വ്യവസായ സ്ഥാപനങ്ങളോ. ഫാക്ടറികളോ ഒന്നുംതന്നെയില്ലെങ്കിലും മറ്റു തരത്തിലുളള പരിസര മലിനീകരണങ്ങം അനുഭവപ്പെടുന്നുണ്ട്. അശാസ്ത്രീയവും അമിതവുമായ കീടനാശിനികളുടെയും. അണുനാശിനികളുടെയും പ്രയോഗം പുഴകളിലെയും കുളങ്ങളിലെയും. വെളളം മലിനമാക്കപ്പെടുന്നു,

നിർദ്ദേശങ്ങൾ

1 നാട്ടുകൽ പി.എച്ച്.സി ക്കുവേണ്ടി നിർമ്മിച്ച കെട്ടിടത്തിൽ ആവശ്യമായ സജീകരണങ്ങം ഏർപ്പെടുത്തി രോഗികളെ കിടത്തി ചികിൽസിക്കാനുളള സംവിധാനം ഉണ്ടാക്കുക. രാത്രിയിലും ഡോക്ടറുടെയും മറ്റുളളവരുടെയും സേവനം ലഭ്യമാക്കുക.

2 മുറിയംകണ്ണിയിൽ ആരംഭിച്ച ഗവ: ആയുർവേദ ഡിസ്പെൻസറിക്ക് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പണി ത്വരിതപ്പെടുത്തുകയും ആവശ്യമായ സൗകര്യങ്ങം ഏർപ്പെടുത്തുകയും ചെയ്യുക.

3 സബ്സെൻറുകം ഇല്ലാത്ത വാർഡുകളിൽ സബ്സെൻറുകം നിർമ്മിക്കുകയും എല്ലാ സബ് സെൻറുകളിലും. മരുന്നുകളും. മുഴുവൻ സമയ സേവനവും ലഭ്യമാക്കുകയും. ചെയ്യുക.

4 നാട്ടു ചികിൽസാ രീതി പ്രോൽസാഹിപ്പിക്കുക ആയുർവ്വേദ ഔഷധ സസ്യങ്ങളും നട്ടു വളർത്തുക

5 വിഷചികിൽസാ കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക.

6 ആരോഗ്യസ്ഥിതി, രോഗവിവരം, രക്തഗ്രൂപ്പ് തുടങ്ങിയ വിവരങ്ങളും ഉൾക്കൊള്ളുന്ന ഹെൽത്ത് കാർഡ് സംവിധാനം ഏർപ്പെടുത്തുക.

7 കായികമായും മാനസികമായും വളർച്ചക്ക് ഉപകരിക്കുന്ന യോഗാഭ്യാസ കേന്ദ്രങ്ങളും പഞ്ചായത്തിൽ ആരംഭിക്കുക,

8 നിരാലംബരായ വൃദ്ധ ജനങ്ങളുടെ മാനസികവും ശാരീരികവുമായ പ്രശ്നപരിഹാരത്തിനുതകുന്ന വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്,

9 പൊതുശ്മശാനങ്ങളും നിർമ്മിക്കേണ്ടതാണ്.

10 കക്കൂസുകളും ഇല്ലാത്ത എല്ലാവീടുകളിലും കക്കൂസുകളും നിർമ്മിക്കാനുള്ള അടിയന്തിരമായ നടപടികളും സ്വീകരിക്കേണ്ടതാണ്.

11 അലഞ്ഞുതിരിഞ്ഞു നടക്കുന്നതും ലൈസൻസ് ഇല്ലാത്തതുമായ എല്ലാ പട്ടികളേയും പിടിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

12 പൊതുജനങ്ങൾക്കുവേണ്ടി ആരോഗ്യബോധവൽക്കരണ ക്ലാസുകളും സംഘടിപ്പിക്കുകയും രോഗപ്രതിരോധ കുത്തിവെപ്പുകളും ഫലപ്രദമായി നടപ്പാക്കുകയും ചെയ്യേണ്ടതാണ്.

പാർപ്പിടം-സാമൂഹ്യക്ഷേമം

സാമൂഹിക സാമ്പത്തിക രംഗത്ത് പ്രേത്രപുരോഗതി കൈവരിച്ചിട്ടില്ലാത്ത തച്ചനാട്ടുകര പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും കൂലിവേലചെയ്താണ് ഉപജീവനം നയിക്കുന്നത്. ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്. എങ്കിലും അടുത്ത കാലത്തായി കുറെ ആളുകൾ നിർമ്മാണ തൊഴിലാളികളായിമാറിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ തൊഴിലാളികളിൽ ഭൂരിപക്ഷവും അവിദഗ്ദ തൊഴിലാളികളാണ്. തൊഴിൽ രംഗത്ത് സ്ത്രീകൾ പൊതുവെ കുറവാണെങ്കിലും, അവിദഗ്ദ സ്ത്രീ തൊഴിലാളികൾ പഞ്ചായത്തിൽ ധാരാളമുണ്ട്. 1989-90കാലത്തിൽ 25-30രൂപ കൂലിയുണ്ടായിരുന്ന അവിദഗ്ദ തൊഴിലാളിയുടെ കൂലി നിരക്ക് 1996-97 ആയപ്പോഴേക്കും 75-90 ആയി ഉയർന്നു. പഞ്ചായത്തിൽ ആകെയുള്ള 5041വീടുകളിൽ 178 കോൺക്രീറ്റ് വീടുകളും 3076 ഓടിട്ട വീടുകളും 1057 ഓലമേഞ്ഞ വീടുകളും 76എണ്ണം വളരെ ചെറിയ കുടിലുകളുമാണ്. റോഡിന്റെ സൈഡുകളിലായി ഓടിട്ട ഇടത്തരം വീടുകളാണ് പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വീടുകളും. വളരെ ന്യൂനപക്ഷം മാത്രമേ ചെലവ് കൂടിയതരം വീടുകൾ നിർമ്മിക്കുന്നുള്ളൂ.

പട്ടിക 1

വാർഡ്	ഓട്	ടെറസ്സ്	ഓല	ടെറസ്-ഓട്	ഇരുനില	കുടിൽ	ആകെ
1	414	6	120			4	544
2	345	9	157			6	517
3	336	29	57			3	425
4	289	11	120			13	433
5	430	58	73			6	567
6	401	24	110			4	539
7	410	4	104			5	523
8	440	13	105			18	576
9	405	14	194			4	617
10	240	10	45			5	300
ആകെ	3710	178	1085			68	5041

പാടങ്ങളിൽ മണ്ണിട്ട്നികത്തി വീടുകൾ വെക്കുന്ന പ്രവണത പഞ്ചായത്തിൽ ഇപ്പോഴില്ല എന്നുതന്നെ പറയാം. ഈ പഞ്ചായത്തിലെ മുഴുവൻ കുടുംബത്തിനും സ്വന്തംവീട് എന്നസ്വപ്നം യാഥാർത്ഥ്യമാകണമെങ്കിൽ പുതുതായി അയ്യായിരത്തോളം വീടെങ്കിലും നിർമ്മിക്കണം. ഇതിൽ 500ഓളം പേർ പട്ടികജാതി പട്ടികവർഗ്ഗമാണ്. അതിൽ തന്നെ പകുതിയോളം പേർക്കു മാത്രമേ സ്വന്തമായ സ്ഥലമോ, സാഹചര്യമോ നിലവിലുള്ളൂ. ധാരാളമാളുകൾ വീടില്ലാത്തവരായി ഉണ്ടായിട്ടും സർക്കാർ ഭവനനിർമ്മാണ ബോഡുവഴി വിരലിലെണ്ണാവുന്ന ആളുകൾക്ക് മാത്രമേ ഗുണംലഭിച്ചിട്ടുള്ളൂ. ദുർബ്ബലവിഭാഗങ്ങൾക്കായുള്ളവായ്പഎടുത്തതിന്റെ ഫലമായി യഥാസമയം തിരിച്ചടക്കാൻ കഴിയാതെ കടത്തിൽ പെട്ടുഴലുന്നവരും പഞ്ചായത്തിൽ ധാരാളമുണ്ട്

(ഭവന നിർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന കുമരംപുത്തൂർ റൗസിംഗ് സഹകരണസംഘം. കേരള സ്റ്റേറ്റ് ഭവന നിർമ്മാണ ബോർഡിന്റെ മണ്ണാർക്കാട് ശാഖ, മണ്ണാർക്കാട് കാർഷിക വികസന ബേങ്ക്, പാലക്കാട് ജില്ലാബാങ്കിന്റെ മണ്ണാർക്കാട് ശാഖ) എന്നീ സ്ഥാപനങ്ങളിൽനിന്നും പലരും വായ്പയെടുത്ത് വീട് നിർമ്മിച്ചിട്ടുണ്ട്. അമിതമായ പലിശയും, സങ്കീർണ്ണമായ നടപടിക്രമങ്ങളും, അനാവശ്യരേഖകളുടെ ആവശ്യപ്പെടലും, യഥാസമയം പണം ലഭിക്കായ്കയുമൊക്കെ ഇത്തരം സഹായംകൊണ്ട് ഉദ്ദേശിക്കുന്ന പല സാധാരണക്കാർക്ക് ലഭിക്കാതെ പോകുന്നു. പ്രകൃതി ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് റവന്യൂ വകുപ്പ് നൽകുന്ന പുനരധിവാസ പദ്ധതിയുടെ ആനുകൂല്യം പഞ്ചായത്തിൽആർക്കുംലഭിച്ചതായി അറിവില്ല. ദാരിദ്രരേഖക്ക് താഴെയുള്ള ഭവനരഹിതർക്ക് വീടുനിർമ്മിക്കുന്നതിന് സർക്കാർ സൗജന്യമായി നൽകിവരുന്ന വായ്പ 'മിച്ചഭൂമി' കൈവശമുള്ളവർക്കേ ലഭിക്കുകയുള്ളൂ. എന്ന നിബന്ധന ഒഴിവാക്കുകയും സ്വന്തമായി ഭൂമിയുള്ള എല്ലാ വിഭാഗത്തിലുംപെട്ട താഴ്ന്ന വരുമാനക്കാർക്ക് സൗജന്യധനസഹായം ലഭ്യമാക്കുകയും ചെയ്യേണ്ടതുണ്ട്. കൂടാതെ ഭവനരഹിതരും സ്വന്തമായി വീടുവെക്കാൻ ഭൂമിയില്ലാത്തവരുമായ ആളുകൾക്ക് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ചഭൂമിയും മറ്റും വിതരണം ചെയ്യേണ്ടതാണ്. അഞ്ച് വർഷത്തിനുള്ളിൽ പൂർണ്ണമായിട്ടല്ലെങ്കിലും പരമാവധി ആളുകളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുക എന്നതാണ് നമ്മുടെലക്ഷ്യം ഈ ലക്ഷ്യം പൂർത്തീകരിക്കുവാൻ പൊതുജനങ്ങളുടേയും, സാമൂഹിക-സാംസ്കാരിക സംഘടനകളുടേയും പൂർണ്ണമായസഹകരണം ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ പട്ടികജാതി പട്ടികവർഗ്ഗം താമസിക്കുന്ന 17 കോളനികളുണ്ട്. ഇതിൽ 4 കോളനികളം മാത്രമാണ് അംഗീകൃത കോളനികളായിട്ടുള്ളത് **IRDP** യിലോ, മറ്റേതെങ്കിലും പദ്ധതിയിലോ, ഏറ്റെടുത്ത് വീടില്ലാത്ത മുഴുവൻ പട്ടികജാതികാർക്കും വീടുംമറ്റു അടിസ്ഥാന സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കേണ്ടതാണ്.

പട്ടിക 2

വർഷം	REGP	NREP	IAY	MWS	JRY	TOTAL	RS
1992–93			2	5	2	9	1,30,500
1993–94				3	6	9	1,30,500
1994–95			4	14	3	21	3,31,800
1995–96			26	6	2	34	5,37,200
TOTAL			32	28	13	73	11,30,000

നിർദ്ദേശങ്ങൾ

1 ഭവനവായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ വായ്പാവ്യവസ്ഥ ഉദാരമാക്കണം.

2 പഞ്ചായത്ത് തലത്തിൽ ഹൗസിംഗ് സൊസൈറ്റി തുടങ്ങുക.

3 പലിശനിരക്ക് 6%ആയി നിജപ്പെടുത്തുക.

4 വീട്വെക്കുന്ന സ്ഥലത്തിന് പട്ടയം വേണമെന്ന നിബന്ധന ഒഴിവാക്കുക.

5 പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നൽകുക.

6 വീട്നിർമ്മാണത്തിന് വരുന്നമൊത്തം ചിലവിന്റെ 90% വായ്പയായി അനുവദിക്കുക.

7 പ്രകൃതിക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

8 സർക്കാർ സഹായത്തിന് പുറമെ സന്നദ്ധ സംഘടനകളിൽ നിന്നും മറ്റും ലഭിക്കുന്ന അദ്ധ്വാനം, സാമ്പത്തിക സഹായം എന്നിവ ഏകോപിപ്പിച്ച് ഭവന നിർമ്മാണ പദ്ധതിക്ക് ജനകീയ സ്വഭാവം ഉണ്ടാക്കുക.

9 ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിന് പ്രോത്സാഹനം നൽകുക.

10 സർക്കാർ സഹായങ്ങളും ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകളും ഒഴിവാക്കുക.

55

71

സാമൂഹ്യക്ഷേമം

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലാണ് ഇന്ത്യയിൽ സാമൂഹ്യക്ഷേമ പദ്ധതികൾക്ക് തുടക്കം കുറിച്ചത്. കേരള സംസ്ഥാന രൂപീകരണത്തിനുമുമ്പ് ഇവിടെ ക്ഷേമപ്രവർത്തനങ്ങൾ ഒന്നും തന്നെ ഫലപ്രദമായിരുന്നില്ല. നാട്ടിലെ ജന്മികളും സാമ്പത്തികമായി ഉയർന്ന ആളുകളും ചില സംഘടനകളും ക്ഷേമപ്രവർത്തനപരിപാടികൾ നടത്തിയിരുന്നു. 1978 വരെ റവന്യൂ വകുപ്പും ദേശീയ വികസന ബ്ലോക്കുകളും ക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിവന്നു.

അഗതികൾ, വൃദ്ധർ, വിധവകൾ, വികലാംഗർ, മന്ദബുദ്ധികൾ തുടങ്ങിയ സമൂഹത്തിലെ ദുർബ്ബല ജനവിഭാഗങ്ങളെ സഹായിക്കുന്നതിനും അവരുടെ സാമ്പത്തിക ഉന്നമനത്തിനും ഉതകുന്ന ഒട്ടേറെ ക്ഷേമപദ്ധതികളാവിഷ്കരിച്ചു നടപ്പിലാക്കി വരുന്നുണ്ടെങ്കിലും പ്രസ്തുത ആനുകൂല്യങ്ങൾ ലഭിക്കാത്ത ധാരാളംവ്യക്തികളും കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഈ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് ആനുകൂല്യങ്ങൾ ലഭിക്കാതിരിക്കാൻ പ്രധാന കാരണം.

വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർക്കായി ക്ഷേമനിധി സംവിധാനംനിലവിലുണ്ടെങ്കിലും ഇവിടെയുള്ള കുറഞ്ഞ ആളുകൾ മാത്രമാണ് ഇതുവരെ അംഗങ്ങളായിട്ടുള്ളൂ.

IRDP പ്രകാരം സഹായങ്ങൾലഭിച്ച കുടുംബങ്ങൾ ഈ പഞ്ചായത്തിൽ കുറവാണെന്ന് താഴെപട്ടിക സൂചിപ്പിക്കുന്നു.

IRDP സഹായ ലഭ്യതാ കണക്ക്

വർഷം	ലഭിച്ച എണ്ണം	വായ്പ ലക്ഷത്തിൽ	സബ്സിഡി ലക്ഷത്തിൽ	ആകെ ലക്ഷത്തിൽ
1992-93	51	2 43	0 67	4 10
93-94	34	1 46	0 98	2 44
94-95	33	2 59	1 66	4 25
95-96	35	4 03	1 70	5 73
ആകെ	153	10 51	6 01	16 52

IRDP പ്രകാരം സഹായം ലഭിക്കേണ്ട യഥാർത്ഥ കുടുംബങ്ങൾ സർവ്വെ ലിസ്റ്റിൽ ഉൾപെടാതിരിക്കുകയോ ഫണ്ടിന്റെ ലഭ്യതക്കുറവോ അറിവില്ലായ്മയോ കാരണം പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം ലഭ്യമായിട്ടില്ല.

നാല് **DWCRA** യൂനിറ്റുകൾ നിലവിലുണ്ടെങ്കിലും ഇവയുടെപ്രവർത്തനങ്ങൾ ആശാവഹമല്ല. പഞ്ചായത്തിന്റെ മറ്റു പ്രദേശങ്ങളിലും ഇങ്ങിനെയുള്ള യൂനിറ്റുകൾ ആരംഭിക്കാനുള്ള സാദ്ധ്യതകളുണ്ടെങ്കിലും ആയതിനുള്ള നടപടികളൊന്നും സ്വീകരിച്ചുകാണുന്നില്ല. ഈ ഇനത്തിലും സഹായം ലഭിച്ചവർ വളരെ കുറവാണെന്ന് താഴെ പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

DWCRA സഹായ ലഭ്യത

വർഷം	യൂണിറ്റുകളുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	സബ്സിഡി രൂപ	വായ്പ രൂപ	ആകെ രൂപ
1986—87	2	34	40 259	84 241	1 24 500
1988—89	1	15	6 495	13 005	19 500
1991—92	1	10	20 000	20 000	40 000
ആകെ	4	79	66754	1 17 246	1 84000

1991–92 ന് ശേഷം ഇത്തരം യൂനിറ്റുകളൊന്നുംതന്നെ ഇവിടെ ആരംഭിച്ചിട്ടില്ല.

18വയസ്സിനും 35വയസ്സിനും ഇടക്കുള്ള യുവതി യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം നല്കുന്ന പരിപാടി (ട്രൈസം) നിലവിലുണ്ടെങ്കിലും ഈ പഞ്ചായത്തിൽ നിന്നും ഇതുവരെ 12 പേർക്ക് മാത്രമാണീആനുകൂല്യം ലഭിച്ചിട്ടുള്ളത് ഈ സഹായത്തിനർഹരായവർ 1992–93ൽ 60ഉം, 94–95, 95–96എന്നീ വർഷങ്ങളിൽ ഒന്നുവീതവുമാണ്.

കഴിഞ്ഞ നാലു വർഷത്തിനിടയിൽ സി ആർ എസ് പി കക്കൂസ് ധനസഹായം ലഭിച്ചവർ 56 പേർ മാത്രമാണ്.

വർഷം	കക്കൂസ്	ധനസഹായം രൂപ
1992–93	—	—
1993–94	29	43,500
1994–95	10	15,000
1995–96	17	25,500

ധാരാളം ക്ഷേമപ്രവർത്തനങ്ങൾ അംഗനവാടികളിലൂടെ നടത്തുന്നുണ്ട് പഞ്ചായത്തിൽ 21 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട് പ്രാഥമിക സൗകര്യങ്ങൾ അംഗനവാടികളിൽ കുറവാണ് കുടിവെള്ളം എല്ലാ അംഗനവാടികളിലും ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. കളിപ്പാട്ടങ്ങൾ അംഗനവാടികളിൽ ഇല്ല. പുതുതായി അംഗനവാടികൾ ആരംഭിക്കേണ്ടതായ പ്രദേശങ്ങൾ പഞ്ചായത്തിലുണ്ട്. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതായിരിക്കുന്നു.

അനാഥ അഗതിമന്ദിരം

ഈ പഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തനരംഗത്ത് വളരെയധികം സേവനം ചെയ്തുകൊണ്ടിരിക്കുന്ന ഒരു സ്ഥാപനമാണ് ഇമാം നവവി ഇസ്ലാമിക് കോംപ്ലക്സിന്റെ കീഴിലുള്ള തച്ചനാട്ടുകര അനാഥ അഗതിമന്ദിരം. ഇവിടെ നിർദ്ധനരും അനാഥരുമായ 60 കുട്ടികൾ അന്തേവാസികളായുണ്ട്. ഒന്നാം ക്ലാസ്സുമുതൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ വരെ ഈ കുട്ടികൾ പഠിക്കുന്നു. ഇവർക്കാവശ്യമായ വസ്ത്രം, ഭക്ഷണം വിദ്യാഭ്യാസം എല്ലാം ഈ സ്ഥാപനമാണ്

നല്കുന്നത്. പരിമിതമായ സർക്കാർ ഗ്രാൻറിന് പുറമെ നാട്ടുകാരിൽനിന്നുള്ള സംഭാവനകളാണ് സ്ഥാപനത്തിന്റെ വരുമാനമാർഗ്ഗം. ഒരു അൺ എയിഡഡ് യു. പി. സ്കൂളും ഒരു നഴ്സറി സ്കൂളും ഈ സ്ഥാപനത്തിന്റെ കീഴിൽ നടത്തിവരുന്നു. സുസ്ത്യർഹമായ സേവനം നടത്തുന്ന ഈ സ്ഥാപനത്തിന് വളരാനാവശ്യമായ എല്ലാ പ്രോത്സാഹനങ്ങളും നൽകേണ്ടതാണ്.

പൊതുവിതരണം

ഈ പഞ്ചായത്തിൽ 8 റേഷൻ കടകളിലൂടെയായി റേഷൻവിതരണം നടത്തുന്നു. റേഷൻകട ഏറെടുത്ത് നടത്തുന്നതിന് ആളുകൾ തയ്യാറാവുന്നില്ല. ആയതിനാൽ ഉള്ള കടകൾക്ക് മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്നതിന് സാധിക്കുന്നില്ല. തൽഫലമായി കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ വാങ്ങുന്നതിന് അസൗകര്യങ്ങൾ ഉണ്ടാവാറുണ്ട്. ദൂരകൂടുതൽ കാരണവും പ്രയാസങ്ങൾ ഉണ്ടാവുന്നു. റേഷൻ കാർഡില്ലാത്ത കുടുംബങ്ങളും കാർഡിലുൾപ്പെട്ടിട്ടില്ലാത്ത വ്യക്തികളും പഞ്ചായത്തിലുണ്ട്. ഇവിടെ മാവേലി സ്റ്റോർ ആരംഭിച്ചിട്ടില്ല.

വിദേശ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ

പഞ്ചായത്തിൽ നിന്നും അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ഏറെയാളുകൾ ഇവിടെതൊഴിൽ ലഭിക്കാനുള്ള പ്രയാസം കാരണം വിദേശങ്ങളിൽ തൊഴിൽ തേടി പോയിരിക്കുന്നു. ഇന്ന് വിദേശങ്ങളിൽ നടപ്പാക്കികൊണ്ടിരിക്കുന്ന കർശന നിയമങ്ങളും കാരണം പലരും തിരികെ വന്നുകൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മ രൂക്ഷമാകാൻ ഇതുകാരണമാകുന്നതാണ്. ഇവരെ പുനരധിവസിപ്പിക്കാനുള്ള പദ്ധതികളൊന്നും നിലവിലില്ല. അതിനുള്ള പദ്ധതികൾ അടിയന്തിരമായി ആരംഭിക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1 ക്ഷേമപദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഒരു സർവ്വേനടത്തി പഞ്ചായത്ത് തലത്തിൽ പട്ടിക തയ്യാറാക്കുക.

2 ഓരോ പദ്ധതികളെ കുറിച്ചുള്ള അജ്ഞത മാറുന്നതിനാവശ്യമായ പ്രചരണം ബോധവൽക്കരണം നടത്തുക.

3 പഞ്ചായത്തിൽ സാദ്ധ്യമായ പ്രദേശങ്ങളിലെല്ലാം **DWCRA** യൂനിറ്റുകൾ ആരംഭിക്കുക നിലവിലുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

4 പഞ്ചായത്തിൽ ട്രൈസം പരിപാടിയിൽ കൂടുതൽ പേർക്ക് പരിശീലനം നൽകുക.

5 വിവിധ തൊഴിലാളി ക്ഷേമനിധികൾ പഞ്ചായത്തിൽ വ്യാപകമാക്കുകയും ഓരോ തൊഴിലാളിയേയും അംഗങ്ങളാക്കാനുള്ള നടപടി സ്വീകരിക്കുക.

6 തൊഴിലില്ലായ്മവേതനം വാർദ്ധ്യകാല പെൻഷൻ കർഷകതൊഴിലാളി പെൻഷൻ, വിധവാപെൻഷൻ, വികലാംഗപെൻഷൻ, തുടങ്ങിയവ ലഭിക്കാൻർഹതയുള്ളവരെ സമഗ്രമായ കണക്കെടുപ്പ് നടത്തി മുഴുവൻ ആളുകൾക്കും ആനുകൂല്യം ലഭ്യമാക്കുക. ആനുകൂല്യം കൃത്യമായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

7 അംഗനവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ കുടിവെള്ളം, കുട്ടികൾക്കുള്ള കളിസ്ഥലങ്ങൾ എന്നിവ ഏർപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തുക.

8 കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് കെട്ടിടങ്ങൾ നിർമ്മിക്കുക.

9 പഞ്ചായത്തിൽ കൂടുതൽ അംഗനവാടികൾ ആരംഭിക്കുക.

10 നിലവിലുള്ള റേഷൻകടകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും പുതുതായി റേഷൻ കടകൾ ആരംഭിക്കുകയും ചെയ്യുക.

11 റേഷൻകടകളിലൂടെ എല്ലാ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുക.

12 പൊതു വിതരണ കേന്ദ്രം നടത്തിപ്പിനുള്ള സാമ്പത്തിക ബാദ്ധ്യത ഇല്ലാതാക്കുക. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് മുൻ ഗണന നൽകുകയും ശബളം വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്യുക.

13 പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലും ഓരോ മാവേലി സ്റ്റോറർ ആരംഭിക്കുക.

14 റേഷൻകാർഡില്ലാത്ത കുടുംബങ്ങൾക്ക് കാർഡില്ലാത്ത കുടുംബങ്ങൾക്ക് കാർഡ് ലഭിക്കുന്നതിനും കാർഡിലുൾപ്പെടുത്താത്തവരെ ഉൾപ്പെടുത്തുന്നതിനുമുള്ള നിയമ നടപടി ലഘൂകരിച്ച് കാലതാമസം ഇല്ലാതാക്കുക.

15 തിരിച്ചു വരുന്ന വിദേശ ഇന്ത്യക്കാരെപുനരധിവസിപ്പിക്കാനുള്ള പദ്ധതികളും നടപ്പിലാക്കുക.

16 തച്ചനാട്ടുകര ഗ്രാമപഞ്ചായത്തിൽ—അനാഥമന്ദിരത്തിന് ആവശ്യമായ പ്രോൽസാഹനങ്ങളും നൽകുക ഇപ്പോഴും നൽകുന്ന ഗ്രാൻറ് വർദ്ധിപ്പിക്കേണ്ടതാണ് ഹൈസ്ക്കൂളും ടെക്നിക്കൽ വിദ്യാഭ്യാസ സ്ഥാപനം എന്നിവ തുടങ്ങുന്നതിനുള്ള എല്ലാ സൗകര്യങ്ങളുമുള്ള പ്രസ്തുത സ്ഥാപനത്തിന് ആയതിനു വേണ്ട അനുമതി നൽകേണ്ടതാണ്.

വിദ്യാഭ്യാസം

ചരിത്രത്തിന്റെ ദശാസന്ധികളിൽ വിദ്യാഭ്യാസത്തിന് നൽകിയ നിർവചനങ്ങളും നിരവധിയാണ്. അറിവ് നേടുകയും നേടിയഅറിവ് വിവേകപൂർവ്വം ചിലവഴിച്ച് സംസ്കാര സമ്പന്നരായിത്തീരുകയും ചെയ്യുക എന്നതായിരുന്നു. അവയിലൊന്ന് വിദ്യ പൊതു സ്വത്താണെന്നും വിദ്യാസമ്പന്നർ പ്രതിഫലേച്ഛ കൂടാതെ അത് സമൂഹത്തിന് ലഭ്യമാക്കണമെന്നും വിശ്വസിച്ചു പോന്നു. പണ്ഡിതന്മാർക്ക് അവകാശപ്പെട്ടിരുന്നത് കേവലം 'ദക്ഷിണ' മാത്രമായിരുന്നു. ഈഅടിസ്ഥാനത്തിൽ നിലവിൽവന്നതായിരുന്നു ഗുരുകുലസമ്പ്രദായവും ഓത്തുപള്ളികളും ഗുരുകുല സമ്പ്രദായത്തിൽ പലകയിൽ മണൽ വിരിക്കുകയും അതിൽ അക്ഷരങ്ങൾ എഴുതിപ്പഠിക്കുകയും ചെയ്തപ്പോൾ ഓത്തു പള്ളികളിൽ മനഃപ്പാഠമാക്കുന്ന സമ്പ്രദായമാണ്നിലനിന്നിരുന്നത് ഗുരുകുല സമ്പ്രദായമനുസരിച്ചുള്ള വിദ്യാലയങ്ങൾ തച്ചനാട്ടുകരപഞ്ചായത്തിലും നിലനിന്നിരുന്നു എന്നതിന് ചരിത്രപരമായ തെളിവുകളുണ്ട് പുളിയത്ത് കാളിയപ്പൻ എഴുത്തച്ഛൻ പാലോട്ടിലും, കുഞ്ഞുണ്ണി എഴുത്തച്ഛൻ, അപ്പുഎഴുത്തച്ഛൻ എന്നിവർ ചെത്തല്ലൂരിലും, കിഴക്കേതിൽ രാമൻ എഴുത്തച്ഛൻ ആറാംകുഴിലും, പള്ളപുറത്ത് അപ്പുഗുപ്തൻ ജന്മം കോട്ടിലും (വെള്ളക്കുന്ന്), പയ്യുണ്ണിപ്പാടത്ത് വടക്കേ പുരയിൽ അർമുഖൻ പുവ്വത്താണിയിലും, കുഞ്ഞൻ എഴുത്തച്ഛൻ കുറുമ്പാറയിലും ഗുരുകുല മാതൃകയിൽ വിദ്യാഭ്യാസം നടത്തിയിരുന്നവരിൽ പ്രധാനികളായിരുന്നു. എഴുത്തച്ഛന്മാർ എന്ന 'എഴുത്ത് ആശാന്മാ' രുടെ നിലത്തെഴുത്ത് പിന്നിടു പലകയിലെഴുത്ത്, ഓലയെഴുത്ത്, ശാസ്ത്രീയസംഗീതം, കൈകൊട്ടിക്കളി, ജ്യോതിഷം, വൈദ്യം എന്നീ വിജ്ഞാനശാഖകളും പഠിപ്പിക്കുന്ന കേന്ദ്രങ്ങളായി മാറി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളും വരെ നിലനിന്നിരുന്ന ഇത്തരം സ്ഥാപനങ്ങളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളും അധികവും ജന്മി-കർഷക കുടുംബങ്ങളിൽ നിന്നുള്ളവരായിരുന്നു. മലബാറിലെ ഇത്തരം കേന്ദ്രങ്ങൾക്ക് ഗ്രാന്റ് ലഭിക്കാൻ തുടങ്ങിയതോടെ ഇവ വിദ്യാഭ്യാസ സ്ഥാപനങ്ങളായിമാറി. 1956-ൽ കേരള സംസ്ഥാനം രൂപീകൃതമാകുന്നതിനു മുമ്പ് മലബാർ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു. മലബാറിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് മലബാർ എഡ്യൂക്കേഷൻറൂൾ (MER) അനുസരിച്ച് കോയമ്പത്തൂർ ഡിവിഷണൽ ഇൻസ്പെക്ടറുടെ അംഗീകാരം ലഭിക്കേണ്ടിയിരുന്നു ഈ സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുക, സ്ഥല സൗകര്യം ഉണ്ടാക്കുക തുടങ്ങി ഡിസ്ട്രിക്ട്ബോഡും ഇൻസ്പെക്ഷൻ താലൂക്ക്ബോഡുംനടത്തിപ്പോന്നു. ഈ കാലഘട്ടത്തിൽ പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട സ്കൂളുകളും അതുവരെ ഒരു ന്യൂനപക്ഷത്തിന് മാത്രം ലഭിച്ചിരുന്ന വിദ്യാഭ്യാസം കുറച്ചുകൂടി വ്യാപകമാക്കാൻസഹായിച്ചു. എന്നിരുന്നാലും ചരിത്രപരവുംസാമൂഹികവുമായ കാരണങ്ങളാൽ ബഹുഭൂരിപക്ഷവും വിദ്യാഭ്യാസം ലഭിക്കാത്തവരായിരുന്നു. ബ്രിട്ടീഷ് ഭരണത്തോടുള്ള കടുത്തഎതിർപ്പും കൊടിയ പട്ടിണിയും സാഹൂഹ്യക പിന്നോക്കാവസ്ഥയും പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമായിട്ടുണ്ട്. മലബാർപ്രദേശത്തിന്റെ വിദ്യാഭ്യാസ പുരോഗതിയുടെ ചരിത്രത്തിൽ മഹത്തായ സംഭാവനകളർപ്പിച്ച പരേതരായ പി. ടി. മോസ്കോപ്പനിക്കർ പി. ടി. സെയ്ത് സാഹിബ് എന്നിവരെ നന്ദിപൂർവ്വം സ്മരിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തട്ടെ !

തച്ചനാട്ടുകര പഞ്ചായത്തിലെ ഏറ്റവും പഴക്കംചെന്ന സ്കൂൾ 1916ൽ സ്ഥാപിക്കപ്പെട്ട കരിങ്കല്ലത്താണി ഗവ:മാപ്പിള എൽ പിസ്കൂൾ ആണ് ചെത്തല്ലൂരിലെ കാരുതൊടി മുരുകൻ മുൻകയ്യെടുത്താണ് ഈ സ്കൂൾ ആരംഭിച്ചത്. 1918ൽ ആരംഭിച്ച തച്ചനാട്ടുകര ഗവ: എൽ പി സ്കൂളാണ്. കോങ്കോട്ടിൽ അനന്തവാര്യർമുൻകയ്യെടുത്ത് പഴഞ്ചീരിയിൽ ആരംഭിച്ച ഈ സ്ഥാപനമാണ് തച്ചനാട്ടുകരഗവ: എൽ പി സ്കൂളായി മാറിയത് മുതിയിൽ നെടുമ്പാറ കളത്തിൽ ബാലകൃഷ്ണൻ നായർ മുൻകയ്യെടുത്ത് കൂട്ടാകുർശ്ശി പറയൻ കോളനിക്ക് സമീപം ആരംഭിച്ച വിദ്യാലയവും കിഴക്കുംപുറത്തുണ്ടായിരുന്ന ഏകാദ്ധ്യാപക വിദ്യാലയവും ജന്മംകോട്ടിൽ പള്ളപ്പുറത്ത് അപ്പു

ഗുപ്തൻ ആരംഭിച്ച വിദ്യാലയവും പിന്നീട് നാമാവശേഷമാവുകയാണുണ്ടായത്. പള്ളപ്പുറത്ത് അപ്പുഗുപ്തൻ പാറമ്മൽ എന്നസ്ഥലത്ത് ആരംഭിച്ചതച്ചനാട്ടുകര എലിമെൻററി സ്കൂൾ 1941–ൽ ഒരു ഹയർ എലീമെൻററി സ്കൂളായിമാറി. ഈ വിദ്യാലയമാണ് 'പാറമ്മൽ' സ്കൂൾ എന്നറിയപ്പെടുന്ന തച്ചനാട്ടുകര എം. എൽ. ജി. എം. യു. പി. സ്കൂൾ. വള്ളുവനാട് താലൂക്ക് ബോഡ് മെമ്പറായിരുന്ന കാരുതൊടി കുഞ്ഞൻ ചാമപ്പറമ്പിൽ ആരംഭിച്ച പ്രൈമറി വിദ്യാലയം ബോഡ് സ്കൂളാക്കി മാറ്റാൻ ശ്രമിച്ചെങ്കിലും അദ്ദേഹത്തിന്റെ മരണംകാരണം ഈലക്ഷ്യം കൈവരിക്കാതെപോയി ചാമപ്പറമ്പിലെ ഈ സ്കൂൾ എ. എം. എൽ. പി. സ്കൂൾ ചാമപ്പറമ്പ് എന്നപേരിൽ ഒരു എൽ പി സ്കൂളായി തന്നെ തുടരുന്നു. കുളങ്കര വീട്ടിൽ കോരുനായർ ഞെളളിയൂർ മൂസ്സതിന്റെ അനുവാദപ്രകാരം ഇപ്പോൾ ചെത്തല്ലൂർ സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥാനത്ത് ഒരു വിദ്യാലയം ആരംഭിക്കുകയും പിന്നീട് അത് താലൂക്ക് ബോഡിന്റെ കീഴിൽ വരികയും ചെയ്തു. 1935ൽകീഴില്ലത്ത് മംഗത്തിൽ പട്ടർമാഷ് മുറിയങ്കണ്ണിക്കടുത്ത് ഒരു യു പി സ്കൂൾ ആരംഭിച്ചു. കാരൽമണ്ണ കെ എൻ എസ്നമ്പൂതിരി എന്നയാളാണ് ഈ രണ്ട് സ്കൂളുകളും ഏറെടുത്ത് അവരുടെ മാനേജ്മെൻറിൽ സ്ഥാപിച്ച സ്കൂളാണു **NNNMUP** സ്കൂൾ ചെത്തല്ലൂർ എന്ന സ്ഥാപനം.

സ്വാതന്ത്ര്യലബ്ധിക്കുശേഷം പഞ്ചായത്തിൽനിലവിൽവന്ന ആദ്യത്തെ സ്കൂളാണ് 49ൽ ആരംഭിച്ചകുണ്ടൂർകുന്ന് **VPUP** സ്കൂൾ 1951 ലാണ് അണ്ണാംതൊടിയിലെ **PNNMLP** സ്കൂൾ പ്രവർത്തനമാരംഭിച്ചത്. 1962ൽ ഒരു ഗവ: എൽ പി സ്കൂളായി ആരംഭിച്ച മാണിക്കപ്പറമ്പ് സ്കൂൾ 1990ൽ യു പി സ്കൂളായി അപ്ഗ്രേഡ് ചെയ്തു 13ഡിവിഷനുകളിലായി 464വിദ്യാർത്ഥികൾപഠിക്കുന്ന ഈവിദ്യാലയത്തിന് 5 മുറികളുള്ള ഒരു കെട്ടിടം മാത്രമാണുള്ളത്. നാട്ടുകാരുടെ ശ്രമഫലമായി നിർമ്മിക്കപ്പെട്ട സെമിപെർമനൻറ് ബിൽഡിംഗ് 1994ലെ ശക്തമായ കൊടുങ്കാറ്റിൽ തകർന്നുവീണു. ഇപ്പോൾ ചെറിയ ക്ലാസ്സുറൂമുകളുള്ളതൊട്ടടുത്ത മദ്രസ്സകെട്ടിടത്തിലാണ് ക്ലാസ്സുകൾ നടക്കുന്നത്. അദ്ധ്യാപക രക്ഷാകർത്തൃസമിതിയുടെയും ജനപ്രതിനിധികളുടെയുംകൂട്ടായ പരിശ്രമത്തിന്റെ ഫലമായി അനുവദിക്കപ്പെട്ട സ്കൂൾകെട്ടിടത്തിന്റെ ശിലാ സ്ഥാപനകർമ്മം അന്നത്തെ വിദ്യാഭ്യാസമന്ത്രി തന്നെ നിർവ്വഹിച്ചു എങ്കിലും കെട്ടിടനിർമ്മാണം ഇതുവരെആരംഭിച്ചിട്ടില്ല.

1962–ൽ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്സ്കൂളാണ് **TSNM** ഹൈസ്കൂൾ തച്ചനാട്ടുകര പഞ്ചായത്തിൽ സെക്കൻററി വിദ്യാഭ്യാസത്തിന് സൗകര്യം ലഭിക്കുന്നത് ഈ സ്കൂൾ നിലവിൽവന്നതോടുകൂടിയാണ്. അതുവരെ മണ്ണാർക്കാട്, പെരിന്തൽമണ്ണ, വെള്ളിനേഴി, ചെർപ്പുളശ്ശേരി ഭാഗങ്ങളിൽ പോയാണ് ഈ പ്രദേശത്തുകാർ ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയിരുന്നത്. 1968 – ൽ സ്ഥാപിക്കപ്പെട്ട കരിങ്കല്ലത്താണി ഫാത്തിമാമെമ്മോറിയിൽ ഹൈസ്കൂളാണ് പഞ്ചായത്തിലെ രണ്ടാമത്തെ ഹൈസ്കൂൾ ഈ പഞ്ചായത്തുകാരനും 'ചന്ദ്രിക' ദിനപത്രത്തിന്റെ ചീഫ് സബ് എഡിററുമായ പി. കെ. മുഹമ്മദ് എന്ന മാനുഹാജിയും പ്രസ്തുത പത്രത്തിന്റെ മുഖ്യ പത്രാധിപരും അന്നത്തെ വിദ്യാഭ്യാസ മന്ത്രിയുമായിരുന്ന ജ: സി. എച്ച്. മുഹമ്മദ് കോയ സാഹിബും തമ്മിലുള്ള വ്യക്തിപരമായ അടുപ്പം ഈസ്ഥാപനം നിലവിൽ വരാൻ സഹായകമായി. താഴെക്കോട് പഞ്ചായത്ത് പ്രസിഡണ്ടായിയിരുന്ന മർഹും പി. ടി. സൈതു സാഹിബ്, തച്ചനാട്ടുകര പഞ്ചായത്ത് വൈസ് പ്രസിഡണ്ടായിരുന്ന മർഹും പൊന്നേത്ത് ഹസ്സൻ സാഹിബ് തുടങ്ങിയവരുടെ കൂട്ടായ പരിശ്രമവും ഇതിന്റെ പിന്നിലുണ്ട്.

1976 ൽ നിലവിൽവന്ന വിദ്യാലയമാണ് പി ടി എം എൽ പി സ്കൂൾ നാട്ടുകൽ. 1986ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി അൺ എയിഡഡ് മേഖലയിൽ സ്കൂളുകൾ അനുവദിക്കുവാൻ കേരളസർക്കാർ തീരുമാനിച്ചു. ഇതിന്റെ ഭാഗമായി തച്ചനാട്ടുകര മുസ്ലിം ഓർഫനേജ് അസോസിയേഷൻ അനുവദിച്ചസ്കൂളാണ് 1995ൽ ആരംഭിച്ച **TMOUP** സ്കൂൾ നാട്ടുകൽ എന്ന സ്ഥാപനം.

തച്ചനാട്ടുകര പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രം പൂർണ്ണമാകണമെങ്കിൽ മത വിദ്യാഭ്യാസരംഗത്ത് സ്തുത്യർഹമായി പ്രവർത്തിക്കുന്ന മദ്രസ്സകളെകൂടി പരാമർശിക്കേണ്ടതുണ്ട്. ബ്രട്ടീഷ് ഭരണകാലം മുസ്ലിംകളെ വിദ്യാഭ്യാസരംഗത്തേക്ക് കൊണ്ടു വരുന്നതിന് വിദ്യാലയങ്ങളിൽ മതപഠനത്തിനുള്ള സൗകര്യങ്ങളും ചെയ്തുകൊടുത്തിരു

ന്നു. എന്നാൽ ഇന്ത്യ സ്വതന്ത്രമാകുകയും ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ നിലവിൽ വരുകയും ചെയ്തപ്പോൾ കേരളസർക്കാർ കൊണ്ടുവന്ന നിയമങ്ങളുടെ ഫലമായി 1958 വരെ സ്കൂളുകളിൽ പ്രവർത്തിച്ചിരുന്ന മദ്രസ്സകളുടെ പ്രവർത്തനങ്ങൾക്ക് തടസ്സം നേരിട്ടു. പിന്നീട് ഓത്തുപള്ളികളായി ആരംഭിച്ച മതപഠന കേന്ദ്രങ്ങൾ മദ്രസ്സകളായിമാറുകയും അവക്ക് സ്വന്തം കെട്ടിടങ്ങൾ ഉണ്ടാക്കുകയും ചെയ്തു. അതായത് സാമാന്യ വിദ്യാഭ്യാസം ആരംഭിച്ച കാലഘട്ടത്തിൽ തന്നെ മുസ്ലിം ജനവിഭാഗങ്ങളിൽ മത വിദ്യാഭ്യാസവും ആരംഭിച്ചിരുന്നു. മുറിയങ്കണ്ണി, ചെത്തല്ലൂർ, പുവ്വത്താണി, വെള്ളക്കുന്ന്, തൊടുകാപ്പ്, നാട്ടുകൽ, മാണിക്കപ്പറമ്പ്, പാറമ്മൽകുന്നുംപുറം, അണ്ണാംതൊടി, പുതുമനക്കുളമ്പ്, പാലോട്, ചോളോട്, നറുക്കോട്, എന്നിവിടങ്ങളിലായി 1മുതൽ 10വരെയുള്ള ക്ലാസ്സുകളിൽ 2867 വിദ്യാർത്ഥികൾ മതപഠനം നടത്തിവരുന്നു.

അഞ്ച് എൽ പി സ്കൂളുകളും അഞ്ച് യു പി സ്കൂളുകളും രണ്ട് ഹൈസ്കൂളുകളുമാണ് പഞ്ചായത്തിലുള്ളത്. ഈ വിദ്യാലയങ്ങളിലെ ആകെയുള്ള 6713 വിദ്യാർത്ഥികളിൽ 3401ആൺകുട്ടികളും 3312 പെൺകുട്ടികളുമാണ്. മൊത്തം വിദ്യാർത്ഥികളിൽ 693 പേർ പട്ടിക ജാതിയിൽപെട്ടവരും 370പേർ തൊഴുപഠിക്കുന്നവരുമാണ്. 95–96വർഷത്തിൽ 144 വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുകയുണ്ടായി. സാമ്പത്തിക പരാധീനതയും, ഉയർന്ന വിദ്യാഭ്യാസത്തോടുള്ള വിമുഖതയുമാണ് ഈ കൊഴിഞ്ഞ് പോക്കിന് കാരണം. (പട്ടിക 1 നോക്കുക) സ്ത്രീ വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്തിയിട്ടുണ്ടെങ്കിലും സെക്കൻറി വിദ്യാഭ്യാസത്തോടുകൂടി പഠനം അവസാനിപ്പിക്കുന്ന നിലയാണിപ്പോഴുള്ളത്. പെൺകുട്ടികളെ ഉപരി പഠനം നടത്തിക്കുന്നതിൽ രക്ഷിതാക്കൾ ഇപ്പോഴും വേണ്ടത്ര ബോധവാന്മാരല്ല. SSLC പരീക്ഷയിൽ പഞ്ചായത്തിലെ വിജയശതമാനം ആശാവഹമല്ലെന്ന് കഴിഞ്ഞ അഞ്ചുവർഷത്തെ പരീക്ഷാഫലം തെളിയിക്കുന്നു.

പട്ടിക II

1991–92	92–93	93–94	94–95	95–96
32%	35.5%	30 5%	37%	31.5%

പഞ്ചായത്തിൽ എൽ പിവിഭാഗത്തിൽ 236വിദ്യാർത്ഥികളും യു പി വിഭാഗത്തിൽ 286 വിദ്യാർത്ഥികളും, ഹൈസ്കൂൾ വിഭാഗത്തിൽ 215 വിദ്യാർത്ഥികളും പഞ്ചായത്തിനു പുറത്തുള്ള വിദ്യാലയങ്ങളിൽ അധ്യയനം നടത്തുന്നുണ്ട്.

പാഠ്യേതര വിഷയങ്ങളിൽ പഞ്ചായത്തിലെ വിദ്യാർത്ഥികൾ സജീവമായി പങ്കെടുക്കുകയും ദേശീയ തലത്തിൽ തന്നെ അവാർഡുകൾ നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ഭാരത് സ്കൗട്ട് & ഗൈഡ്സിൽ 4 ദേശീയ അവാർഡുകളും പ്രവർത്തി പരിചയമേളയിൽ രണ്ട് സംസ്ഥാന അവാർഡുകളും എടുത്തുപറയത്തക്കതാണ്. സ്കൂൾ വിദ്യാഭ്യാസത്തിന് ശേഷവും സംസ്ഥാന തലത്തിൽ അറിയപ്പെട്ടവ്യക്തികൾപഞ്ചായത്തിൽ വളർന്നുവന്നുവെന്നത് ചാരിതാർത്ഥ്യത്തിന് വകനൽകുന്നു. വിദ്യാഭ്യാസരംഗത്ത് പഞ്ചായത്ത് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്. ആകെയുള്ള രണ്ട് ഗവൺമെൻറ് എൽ പി. സ്കൂളുകളും ഇപ്പോഴും വാടക കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെആകെയുള്ളഒരു ഗവൺമെൻറ് യു പി. സ്കൂൾ കെട്ടിടമില്ലാതെ തൊട്ടടുത്തുള്ള മദ്രസ്സയിലാണ് പ്രവർത്തിച്ചു വരുന്നത്. പഞ്ചായത്തിലെ 10 സ്കൂളുകളിൽ കക്കൂസും, 4സ്കൂളുകളിൽ മൂത്രപ്പുരയും, 2 സ്കൂളുകളിൽകൂടി വെള്ളസൗകര്യവും, 7 സ്കൂളുകളിൽ വൈദ്യുതിസൗകര്യവും, 8 സ്കൂളുകളിൽ

ലൈബ്രറിയും, 5സ്കൂളുകളിൽ സ്റ്റാഫ്റൂമുകളും, 5 സ്കൂളുകളിൽ ചുറ്റുമതിലും ഇല്ലായെന്നത് സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങളുടെ ശോചനീയാവസ്ഥ ചൂണ്ടികാണിക്കുന്നു. പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളൊഴിച്ച് ബാക്കിയുള്ളവയിലൊന്നും ആവശ്യത്തിന് കളിസ്ഥലമില്ല.

പട്ടിക 3 നോക്കുക

പഞ്ചായത്തിലെ 1453 വിദ്യാർത്ഥികളും വ്യത്യസ്ഥ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നവരാണ്. 906 വിദ്യാർത്ഥിനികൾക്ക് മുസ്ലീം ഗേൾസ്സ്കോളർഷിപ്പും, 514വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റും, 20 വിദ്യാർത്ഥികൾക്ക് വികലാംഗ സ്കോളർഷിപ്പും, 10 വിദ്യാർത്ഥികൾക്ക് എസ് സി മെറിറ്റ് സ് കോളർഷിപ്പും 2 വിദ്യാർത്ഥികൾക്ക് ജവാന്മാരുടെ മക്കൾക്കുള്ള സ്കോളർഷിപ്പും ഒരു വിദ്യാർത്ഥിക്ക് **LSS/USS** സ്കോളർഷിപ്പും ലഭിക്കുന്നു.

പട്ടിക 4 നോക്കുക

സാക്ഷരതാ പ്രസ്ഥാനം

1990 ഏപ്രിൽ 8നു നടത്തിയ നിരക്ഷരരുടെ സർവ്വേയോടുകൂടി സമ്പൂർണ്ണസാക്ഷരതായജ്ഞം പഞ്ചായത്തിൽ വൻ വിജയത്തിലെത്തിക്കാനുള്ള ശ്രമങ്ങളാരംഭിച്ചു. 2549 നിരക്ഷരരിൽ 106 ക്ലാസ്സുകളിലൂടെ 2246 പേരെ സാക്ഷരരാക്കുവാൻ സാധിച്ചു. സാക്ഷരരാക്കപ്പെട്ടവരിൽ 945പുരുഷന്മാരും 1301 സ്ത്രീകളും പെടുന്നു. സാക്ഷരതാ പ്രവർത്തനം വിജയിപ്പിക്കുന്നതിന് പരിശീലന ക്ലാസ്സുകളും, സാക്ഷരതാ സമിതി, രാഷ്ട്രീയസാമൂഹ്യ–വനിതാ പ്രവർത്തക കൺവെൻഷനുകളും, സാക്ഷരതാറാലിയും കലാപരിപാടികളും കലാജാഥ, സമൂഹ പ്രതിജ്ഞ, വിളംബരജാഥ, അക്കാഡമിക് കൗൺസിലുകളുടെ രൂപീകരണം, അക്ഷര സപ്താഹം, സാക്ഷരതാ ദിനാചരണം എന്നിവ സംഘടിപ്പിക്കുകയുണ്ടായി.

9–4–1991ന് സമ്പൂർണ്ണ സാക്ഷരതാ പ്രഖ്യാപനം നടത്തി. രണ്ടാംഘട്ട പരിശീലനത്തിന് അക്ഷര സംഘങ്ങളും ജനവിദ്യാകേന്ദ്രങ്ങളും ആരംഭിച്ചു.

നവസാക്ഷരർക്കുള്ള തുടർ വിദ്യാഭ്യാസ പരിപാടികളുടെ അഭാവം മൂലം സാക്ഷരരാക്കപ്പെട്ട പലരും വീണ്ടും നിരക്ഷരരായി മാറുന്നു. ഇന്ത്യാ രാജ്യത്തിന്റെ ചരിത്രത്തിലാദ്യമായി കേരളത്തിൽ ആരംഭിച്ച സാക്ഷരതാപ്രവർത്തനം ലോകത്തിനുതന്നെ മാതൃകയാവുകയായിരുന്നു. പക്ഷെ ആ പ്രസ്ഥാനം കൊണ്ടുദ്ദേശിക്കുന്ന യഥാർത്ഥ പുരോഗതി കൈവരിക്കണമെങ്കിൽ സാക്ഷരതാ പ്രവർത്തനം തുടർന്ന് നടത്തിയേതീരു.

കോളേജ് വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനുമുള്ള സൗകര്യമില്ലായ്മ, ഉള്ള വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, ഉന്നത വിദ്യാഭ്യാസത്തോടുള്ള വിമുഖത തുടങ്ങിയ കാരണങ്ങളും പഞ്ചായത്തിലെ വിദ്യാഭ്യാസപുരോഗതിക്ക് വിഘാതം സൃഷ്ടിച്ചിട്ടുണ്ട്. ഒമ്പതാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതോടുകൂടി ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെടും എന്ന പ്രത്യാശയോടെ ഇത് ഇവിടെ അവസാനിപ്പിക്കുന്നു.

പ്രശ്നങ്ങൾ

1 ഭൂമിശാസ്ത്രം, ജനസംഖ്യ എന്നിവയുടെ അടിസ്ഥാനത്തിലല്ല സ്കൂളുകളും അനുവദിച്ചിരിക്കുന്നത്. നിലവിലുള്ള 2 ഹൈസ്കൂളുകളിൽ ഒന്ന് പഞ്ചായത്തിന്റെ തെക്ക്--കിഴക്കെ അതിർത്തിയിലും മറെറാന്ന് വടക്ക്--പടിഞ്ഞാറെ അതിർത്തിയിലുമാണ്.

2 ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത, ജനപ്രമോഷൻ തുടങ്ങിയ കാരണങ്ങളാൽ വിദ്യാഭ്യാസ നിലവാരം പുറകിലാണ്.

3 സാമ്പത്തിക പ്രയാസംകാരണം മിക്ക വിദ്യാലയങ്ങളിലും ഉച്ചക്കഞ്ഞി വിതരണം ശരിയായ രീതിയിൽ നടക്കുന്നില്ല.

4 വിദ്യാഭ്യാസം ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നില്ല.

5 പാഠപുസ്തകങ്ങളും യഥാസമയംലഭിക്കുന്നില്ല

6 സാക്ഷരതാ പ്രവർത്തനം കൊണ്ട് എഴുതാൻ പഠിച്ചെങ്കിലും യഥാർത്ഥ പുരോഗതി കൈവരിച്ചിട്ടില്ല.

നിർദ്ദേശങ്ങൾ

1 വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന തച്ച നാട്ടുക ര **G L P** സ്കൂൾ, കരിങ്കല്ലത്താണി **G M L P** സ്കൂൾ എന്നിവക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുക.

2 താല്കാലികമായി മദ്രസ്സകെട്ടിടത്തിൽ പ്ര വർത്തിക്കുന്ന മാണിക്കപ്പറമ്പ് ഗവ: യു പി സ്കൂളിന് 9 ക്ലാസ്സ്റൂമും ഒരു ഓഫീസ് റൂ മും ഉള്ള കെട്ടിടവും, മൂത്രപ്പുര, കക്കൂസ് എന്നിവയും നിർമ്മിക്കുക.

3 പഞ്ചായത്തിലെ 5-ാം വാർഡിൽപ്പെട്ട വെള്ള ക്കുന്ന്, 1-ാംവാർഡിൽപ്പെട്ട ചോളോട്, കിഴ ക്കുമ്പുറം, 8-ാംവാർഡിൽപ്പെട്ട തെക്കുംമുറി, മാമ്പ്ര, 4-ാം വാർഡിൽപ്പെട്ട മണലൂമ്പുറം, 6-ാംവാർഡിൽപ്പെട്ട മണ്ണാത്തിക്കുണ്ട് എന്നി വിടങ്ങളിൽ എൽ പി സ്കൂളുകളും നിർമ്മി ക്കുക.

4 പഞ്ചായത്തിലെ 1, 7 വാർഡുകളിൽ യു പി സ്കൂളുകളും അനുവദിക്കുക.

5 ഈപഞ്ചായത്തിലെ ഭൂരിഭാഗം വിദ്യാർത്ഥി കളുക്കും (1, 3, 4, 7, 9, 10 വാർഡുകളിലെ) സൗകര്യപ്രദമാകുമാറ് പടിഞ്ഞാറെപൊലോട് മുറിയങ്കണ്ണി എന്നിവിടങ്ങളിൽഹൈസ്കൂളും അനുവദിക്കുക.

6 വിദ്യാർത്ഥികളുടെ ഉപരി പഠനത്തിന് പ ഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെ ക്കൻററി സ്കൂളും സ്ഥാപിക്കുക.

7 സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് പിന്നിട്ട് നിൽക്കുന്ന ഈപഞ്ചായത്തിൽഒരു **I T I-J T S** പോളിടെക്നിക്ക് എന്നിവ അനുവദിക്കുക.

8 പഞ്ചായത്തിലെ വിദ്യാലയങ്ങളെ സൗകര്യാർ ത്ഥം മണ്ണാർക്കാട് വിദ്യാഭ്യാസ ഉപജില്ലയു ടെപരിധിയിൽ കൊണ്ടുവരിക.

9 സെക്കൻററി മദ്രസ്സയിൽ നിന്നും പുറത്തുവ രുന്ന വിദ്യാർത്ഥികളുടെ സൗകര്യാർത്ഥം പഞ്ചായത്തിൽ ഒരു അറബിക് കോളേജ് സ് ഥാപിക്കുക.

10 വിദ്യാഭ്യാസ നിലവാരം വർദ്ധിപ്പിക്കുന്ന തിന് ആറാം പ്രമോഷൻ നിർത്തലാക്കുകയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30 ആക്കുകയും ചെയ്യുക.

11 അപ്പർ പ്രൈമറി സ്കൂളുകളിൽ ക്ലർക്കിനെ യും ലോവർ പ്രൈമറി സ്കൂളുകളിൽ പ്യൂ ണിനെയും നിയമിക്കുക.

12 പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

13 പ്രൈമറി വിദ്യാലയങ്ങളിലെ ഉച്ചക്കഞ്ഞി വിതരണം കാര്യക്ഷമമാക്കുവാനുള്ള നടപടി കളെടുക്കുക.

14 അദ്ധ്യാപകരുടെ സേവനം പൂർണ്ണമായും ബന്ധപ്പെട്ട വിദ്യാലയങ്ങളിൽ ലഭിക്കുന്നു ണ്ടെന്ന് ഉറപ്പുവരുത്തുക.

15 മികച്ച വിദ്യാലയം, അദ്ധ്യാപകർ, വിദ്യാർ ത്ഥികൾ എന്നിവർക്ക് പ്രത്യേക പ്രോത് സാഹനം നൽകുക.

16 നിലവിലുള്ള സ്കൂളുകളുടെ ഭൗതിക സൗ കര്യങ്ങൾ വർദ്ധിപ്പിക്കുകയും പി. ടി. എ. മാതൃസംഗമം എന്നിവ സജീവമാക്കുകയും ചെയ്യുക.

17 പഞ്ചായത്തിലെ കലാ-കായിക മത്സരങ്ങ ളിൽ മികച്ച പ്രകടനം കാഴ്ച വെക്കുന്ന വി ദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ന ൽകുന്നതിന് നിലവിലുള്ള സ്പെഷലിസ് റർ അദ്ധ്യാപകരുടെ സേവനംലഭ്യമാക്കുക.

18 കലാ-കായിക മത്സരങ്ങളിൽ പെൺകുട്ടികൾ ളുടെ പങ്കാളിത്തം ഉറപ്പാക്കുക.

19 സ്കൂളുകളിൽ സ്കൗട്ട് & ഗൈഡ്സിന്റെ പ്രവർത്തനം സജീവമാക്കുക.

20 നിലവിലുള്ള കലാ-കായിക മത്സരങ്ങൾ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടിപ്പി ക്കുന്നതിന് അപര്യാപ്തമാകയാൽ മത്സര സമ്പ്രദായത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക.

21 നിലവിലുള്ള ഹൈസ്കൂളുകളിൽ വൊക്കേ ഷണൽ ട്രൈനിംഗ് ആരംഭിക്കുക.

പട്ടിക 1 കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

Sl No.	സ്കൂളിന്റെ പേര്	ആകെ കുട്ടികൾ			പട്ടിക ജാതി			തോറ്റു പഠിക്കുന്നവർ						പഠനം നിർത്തിയവർ		
								പട്ടികജാതി			മറ്റുള്ളവർ					
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	GLPS തച്ചനാട്ടുകര	66	56	122	6	8	14	1	—	1	5	2	7	1	3	4
2	GMLPS കരിങ്കല്ലത്താണി	66	69	135	3	4	7	—	—	—	1	3	4	8	3	11
3	GMUPS മാണിക്കപ്പറമ്പ്	243	221	464	29	25	54	4	—	4	4	10	14	3	—	3
4	PNNMALPS അണ്ണാംകുന്നത്താടി	95	108	203	11	12	23	1	1	2	3	6	9	1	—	1
5	PTMALPS നാട്ടുകൽ	176	167	343	14	31	45	—	—	—	11	13	24	4	2	6
6	AMLPS ചാമപ്പറമ്പ്	111	112	223	7	10	17	—	2	2	9	4	13	2	3	5
7	MLGMUPS തച്ചനാട്ടുകര	601	619	1220	41	44	85	6	6	12	23	25	48	12	8	20
8	VPAUPS കുണ്ടൂർകുന്ന്	593	560	1153	94	94	188	12	9	21	28	29	57	13	8	21
9	NNNMUPS പെരുമ്പുള്ളൂർ	336	342	678	53	47	100	—	—	—	12	8	20	8	7	15
10	TMOUPS നാട്ടുകൽ	24	6	30	—		—	—	—	—	—	—		—	—	—
11	TSNMHS കുണ്ടൂർകുന്ന്	248	246	494	29	34	63	4	4	8	21	16	37	5	1	6
12	FMHS കരിങ്കല്ലത്താണി	812	806	1618	48	49	97	6	2	8	97	40	137	29	23	52
	ആകെ	3101	3312	6713	335	358	693	34	24	58	214	156	370	86	58	144

പട്ടിക 3 വിദ്യാലയങ്ങൾ പൊതു വിവരം

Sl No.	സ്കൂളിന്റെ പേര്	സ്ഥാപിച്ച വർഷം	ഇടക്കാലം	കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം	കുടിവെള്ളം	മൂത്രപ്പുര	കക്കൂസ്	കളിസ്ഥലം	ചുറ്റുമതിൽ	വൈദ്യുതി	പാചകപ്പുര	റാമ്പ്
				ആൺ	പെൺ	ആകെ									
1	GLPS തച്ചനാട്ടുക	1918	G	66	56	122	5	കിണർ	ഇല്ല	ഇല്ല	55 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
2	GMLPS കരിങ്കല്ലത്താണി		G	66	69	135	5	ഇല്ല	ഇല്ല	ഇല്ല	400 ച മീ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
3	GMUPS മാണിക്കപ്പറമ്പ്	1962	G	243	221	464	9	ഇല്ല	ഉണ്ട്	ഇല്ല	50 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
4	PNNMALPS അണ്ണാംതൊടി	1951	A	95	108	203	7	കിണർ	ഉണ്ട്	ഇല്ല	50 സെന്റ്	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
5	PTMALPS നാട്ടുകൽ	1976	A	176	167	343	10	കിണർ	ഉണ്ട്	ഇല്ല	40 സെന്റ്	ഇല്ല	ഇല്ല	ഇല്ല	ഇല്ല
6	AMLPS ചാമപ്പറമ്പ്	1930	A	111	112	223	8	കിണർ	ഇല്ല	ഇല്ല	1 ഏക്കർ	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്
7	MLGMUPS തച്ചനാട്ടുകര	1923	A	601	619	1220	37	കിണർ	ഉണ്ട്	ഇല്ല	50 സെന്റ്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
8	VPAUPS കുണ്ടൂർകുന്ന്	1949	A	593	560	1153	32	പൈപ്പ്	ഉണ്ട്	ഇല്ല	1 ഏക്കർ	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
9	NNNMUPS ചെത്തല്ലൂർ		A	336	342	678	18	പൈപ്പ്	ഉണ്ട്	ഇല്ല	1 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല
10	TMOUPS നാട്ടുകൽ	1995	UA	24	6	30	8	കിണർ	ഇല്ല	ഇല്ല	1 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്
11	TSNMHS കുണ്ടൂർകുന്ന്	1962	A	248	246	494	31	കിണർ	ഉണ്ട്	ഉണ്ട്	1 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
12	FMHS കരിങ്കല്ലത്താണി	1968	A	842	896	1618	60	കിണർ	ഉണ്ട്	ഉണ്ട്	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്

A. Aided Un Aid. G. Goverment

പട്ടിക 4

സാമ്പത്തിക ആനുകൂല്യം

ചെലവ് സംബന്ധിച്ച വിവരങ്ങൾ

Sl No.	സ്കൂളിന്റെ പേര്	LSS/USS	SC MERIT	ഡോപ്സം ഗ്രാന്റ്	മുസ്ലിം സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	ജനറൽ	ചെലവ് കെട്ടിടം അറ്റകുറ്റപ്പണി	ഉപകരണങ്ങൾ	Sports & Arts	Library Labord	ഉച്ചക്കഞ്ഞി	മറ്റിനങ്ങൾ	വരവ് PTA ഫണ്ട് പൂൾഡ്ഫണ്ട് മെന്റ്	സർക്കാർ	ഫീസ്	മറ്റു മാർഗ്ഗങ്ങൾ	ആകെ
1	GLPS തച്ചനാട്ടുക	—	—	15	—		...			...	...	2500	...	1570	930	...	...	2500
2	GMLPS കരിങ്കല്ലത്താണി	—	—	7	—		...	824	250	250	...	913	...	785145	500	...	—	8351 45
3	GMUPS മാണിക്യപ്പറമ്പ്	—	1	54	67		...											
4	PNNMALPS അണ്ണാംതൊടി	—	—	21	—	...	...	531	...	...		2850	...	27450	1781	...	1326	3381 50
5	PTMALPS നാട്ടുകൽ	—	—	40	—		...	2000		...		9000	...	...	1037	...	...	1037 00
6	AMLPS ചാമപ്പറമ്പ്	—		15	—	2		650	750	350		6700	500	2500	2968	...	...	5468 00
7	MLGMUPS തച്ചനാട്ടുകര	—	—	85	213	6	2	5000	3000	500		12000	...	3000	...	3600	9000	...
8	VPAUPS കുണ്ടൂർകുന്ന്	—	5		156	1	...	10000	300	1952	790	10000	...	3900	3565	3380	...	10845 00
9	NNNMUPS പെരുമ്പള്ളി	1	—	100		3	...	3000	2800	...	2600	11675	...	6983	...	2240		9223 00
10	TMOUPS നാട്ടുകൽ	—	—	—	—		...			...	—		..	144 60	...	—	—	14400 00
11	TSNMHS കുണ്ടൂർകുന്ന്	—	—	80	—		...	4500	4500	2273	890		1095	10700	...	840015	...	19100 15
12	FMHS കരിങ്കല്ലത്താണി	—	4	97	470	8		13000	25000	4000	3000		4500	5600	...	16500	48000	70100 00

സംസ്ക്കാരം

തച്ചനാട്ടുകര പഞ്ചായത്തിന്റെ സംസ്ക്കാര നിർമ്മിതിയിൽ ഹിന്ദുമുസ്ലിം ജനവിഭാഗങ്ങളർപ്പിച്ച സംഭാവനകളും മഹത്തരങ്ങളാണ്. വ്യത്യസ്ത കാലഘട്ടങ്ങളിലായി മലബാറിന്റെ മലമ്പ്രദേശത്ത് എത്തപ്പെട്ട ആദ്യ തലമുറ മുതൽ ചരിത്രത്തിന്റെ വിവിധഘട്ടങ്ങളിലായിഇവിടെയെത്തിയ ജനവിഭാഗങ്ങളും പരസ്പര സൗഹാർദ്ദത്തിലും, സഹവർത്തിത്വത്തിലും കഴിഞ്ഞുകൂടി. 1921ൽ ഖിലാഫത്ത് പ്രസ്ഥാനം കൊടുമ്പിരികൊണ്ടിരിക്കുന്ന കാലത്ത് ചില സാമൂഹ്യ വിരുദ്ധർ അഴിഞ്ഞാട്ടത്തിനുള്ള അവസരമായി അതിനെ ഉപയോഗപ്പെടുത്തിയപ്പോഴും പഞ്ചായത്തിലെ ഹിന്ദുമുസ്ലിംസഹോദരന്മാർ ഒത്തൊരുമിച്ച് അതിനെതിരെ കൈകോർത്തു നിന്നു. ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്ത് മൂന്ന്വർഷം ജയിൽവാസമനുഷ്ഠിച്ച നാട്ടുകൽഗാന്ധി എന്നറിയപ്പെട്ടിരുന്ന എം. ജി നായർ, സ്വാതന്ത്ര്യസമരത്തിൽപങ്കെടുത്ത ശങ്കരനാരായണവാരിയർ ഖിലാഫത്ത് പ്രസ്ഥാനത്തിൽ പങ്കെടുത്ത കലംപറമ്പിൽ മമ്മു, അഹമ്മദ് തുടങ്ങിയവരും ഈ പഞ്ചായത്തിനെ ധന്യമാക്കിയവരിൽ ചിലരാണ്.

പന്തിരുകുലത്തിലെ വൈദികശ്രേഷ്ഠൻ നാറാണത്തുഭ്രാന്തനും, കഥകളി രംഗത്തെ അത്യുജ്വലപ്രതിഭയും 1963ൽരാഷ്ട്രപതി രാജേന്ദ്രപ്രസാദിൽ നിന്നും കേന്ദ്രസാഹിത്യ അക്കാദമിഅവാർഡ് സ്വീകരിച്ച തേക്കിൻകാട്ടിൽ രാവുണ്ണിനായരും സാംസ്കാരിക രംഗത്ത്മികച്ച സംഭാവനകളർപ്പിക്കുകയുണ്ടായി. പ്രധാനമായി ഹിന്ദുക്കളും, മുസ്ലിംകളും ചുരുക്കംമാത്രം ക്രിസ്ത്യാനികളുമാധിവസിക്കുന്ന ഒരു പഞ്ചായത്ത് പണ്ടുകാലംമുതൽക്കേ മതസൗഹാർദ്ദം നിലനിർത്തിപ്പോന്നു. വലുതും ചെറുതുമായി ധാരാളം ക്ഷേത്രങ്ങളും, മുസ്ലിംപള്ളികളും പഞ്ചായത്തിൽകാണാം ശിലാപടഗിയിൽമികച്ചുനിൽക്കുന്ന പനംകുറുശികാവ് ക്ഷേത്രവും, കരിങ്കാളികാവ്, കുറുമാലികാവ് ക്ഷേത്രങ്ങളും, വാഴക്കാട്, പുല്ലാനിവെട്ട, ചാമപ്പറമ്പ് ക്ഷേത്രങ്ങളും, ചരിത്രപ്രസിദ്ധമായ നാട്ടുകൽപള്ളി, പാറമ്മൽപള്ളി, എന്നിവയും സാംസ്കാരിക സമുച്ചയത്തിന്റെ നിത്യ നിദർശനങ്ങളായി പഞ്ചായത്തിൽനിലകൊള്ളുന്നു. അണ്ണാംതൊടിയിലെ പള്ളിക്കൽ ചോലയിൽകാണപ്പെടുന്ന ഖബറുകളും, മേലെകൊടക്കാട് കാണുന്നനന്നങ്ങാടികളും നാട്ടുകല്ലും, ഇല്ലത്തൊടികളും, അയിരുമടകളും പഞ്ചായത്തിന്റെ സാംസ്കാരിക പാരമ്പര്യം തെളിയിക്കുന്നവയാണ്.

ക്ഷേത്രങ്ങളിലെ താലപ്പൊലികളും, പൂരാഘോഷങ്ങളും, ഓണം, പെരുന്നാൾ, നേർച്ച, സ്കൂൾ വാർഷികങ്ങളും, നബിദിനാഘോഷങ്ങളും എന്നിവയും പഞ്ചായത്തിലെ പ്രധാന ആഘോഷങ്ങളാണ്. പൂതവും, തിറയും, കോൽക്കളി, ഒപ്പന, ദഫ്മുട്ട്, അയ്യപ്പൻവിളക്ക്, തെക്കത്തിനാടകം മാപ്പിളപ്പാട്ട് തുടങ്ങിയ കലകളും പഞ്ചായത്തിലെങ്ങും അവതരിപ്പിക്കപ്പെട്ടു വരുന്നു. കഥകളിബാലെ, കഥാപ്രസംഗം, ഇസ്ലാമിക ചരിത്രകഥാപ്രസംഗം എന്നിവ വ്യത്യസ്ത മതവിഭാഗങ്ങളും പരസ്പരം അറിയുന്നതിനും പഠിക്കുന്നതിയും സഹായകമാണ്.

കേരളത്തിലെ ഒട്ടുമിക്ക രാഷ്ട്രിയപാർട്ടികളും സജീവമായിപ്രവർത്തിക്കുന്ന പഞ്ചായത്തിൽ രാഷ്ട്രീയ കലാപങ്ങളോ, സംഘട്ടനങ്ങളോ ഇന്ന് വരെയുണ്ടായിട്ടില്ലെന്നുള്ളത് അഭിമാനകരംതന്നെ രാഷ്ട്രീയപാർട്ടികളുടെ കീഴിലുള്ള തൊഴിലാളി സംഘടനകളും, കർഷക സംഘടനകളും, യുവജന സംഘടനകളും, വനിതാസംഘടനകളും പ്രവർത്തിച്ചുവരുന്നു. വ്യത്യസ്ത മതസംഘടനകളുടെ പ്രവർത്തനം യുവാക്കളുടെ വൈജ്ഞാനിക രംഗത്ത് പുത്തൻ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. കൃഷിയെമാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന ഒരു ജനവിഭാഗത്തിലെ ചിലരെങ്കിലും ഗൾഫ് മേഖലകളിലും അയൽ സംസ്ഥാനങ്ങളിലും തൊഴിലെടുത്ത് ജീവിക്കുന്നുണ്ട്. ഗൾഫ് പണംകൊണ്ട് വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് പുരോഗതിയുണ്ടായിട്ടുണ്ടെങ്കിലും ദുർവ്യയം ഉണ്ടാക്കിയിട്ടുണ്ടെന്നത് വസ്തുതയാണ്. കലാ-സാംസ്

കാരിക രംഗങ്ങളിൽ പ്രവർത്തിച്ചുവരുന്ന 14ഓളം ക്ലബ്ബുകളും പഞ്ചായത്തിലുണ്ട്.

പട്ടിക 1

സാമ്പത്തിക പരാധീനത മൂലം മേൽപറഞ്ഞ ക്ലബ്ബുകൾക്കൊന്നും വേണ്ട രീതിയിൽ പ്രവർത്തിക്കുവാനോ സ്വന്തമായ ആസ്ഥാനങ്ങൾ ഉണ്ടാക്കുവാനോ കഴിഞ്ഞിട്ടില്ല. എന്നിരുന്നാലും കൂട്ടായ്മയിലൂടെയും ഉദാര മനസ്കരുടെ സഹായം കൊണ്ടും ഈ ക്ലബ്ബുകൾ പല സാംസ്കാരിക പ്രവർത്തനങ്ങളും നടത്തിവരുന്നു. പരിമിതമായ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ട് ബ്ലോക്ക്–ജില്ലാ–സംസ്ഥാന തലം വരെയുള്ള വേദികളിൽ നിന്നും സമ്മാനം നേടിയെടുക്കാൻ പഞ്ചായത്തിലെ പല ക്ലബ്ബുകൾക്കും സാധിച്ചിട്ടുണ്ട്. സംസ്ഥാന തല നാടകമത്സരങ്ങളിൽ പാലക്കാട് ജില്ലയെ പ്രതിനിധീകരിച്ച് 'യുവജനതിയേറ്റേഴ്സ്' ലെ കലാകാരന്മാരും തിരുവനന്തപുരം ടൈറ്റാനിയം ഫുട് ബോൾ താരമായ വെള്ളൂത്ത് ഷൗക്കത്തും പഞ്ചായത്തിന്റെ യശസ്സ് ഉയർത്തിയവരാണ്

വായന വിജ്ഞാനത്തിന്റെ ആദ്യപടിയാണ് വായനാശീലം കുറഞ്ഞുവരുന്ന ഈ കാലഘട്ടത്തിലും പഞ്ചായത്തിൽ സജീവമായിതന്നെ ചലവായനശാലകളും പ്രവർത്തിച്ചു വരുന്നു. കേരള ഗ്രന്ഥശാലാസംഘത്തിൽ അഫിലിയേഷൻ ഉള്ള കുണ്ടൂർക്കുന്ന് പൊതുജന വായനശാല, പൊതുജന വായനശാല പുവ്വത്താണി, കൂടാതെ ഇസ്ലാമിക റീഡിംഗ് സെൻറർ കരിങ്കല്ലത്താണി, അൽ–മുസ്തഫി വായനശാല നടുവിലത്താണി എന്നിവ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിന്റെ മുക്കിലും മൂലയിലുമായി നാനൂറോളം പത്രങ്ങളും മറ്റു ആനുകാലിക പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യപ്പെടുന്നുണ്ട്. സ്വന്തമായി പത്രം വരുത്തുന്നില്ലെങ്കിലും പത്രവായന ഒരു ശീലമാക്കിയവരാണ് ബഹുഭൂരിപക്ഷം ആളുകളും. ഹിന്ദി, ഉറുദു, ഇംഗ്ലീഷ്, അറബിക് ഭാഷകളിൽ പ്രാവണ്യം നേടിയ പലരും പഞ്ചായത്തിലുണ്ട്. പത്ര പ്രവർത്തകരും എഴുത്തുകാരും തുലോം പരിമിതമാണെങ്കിലും പഞ്ചായത്തിലുണ്ട്. രണ്ടു ഹൈസ്കൂളുകളിൽനിന്നും പ്രസിദ്ധീകരിക്കുന്ന കയ്യെഴുത്ത് മാസികകളും ഉയർന്ന നിലവാരം പുലർത്തുന്നു.

ഗവൺമെന്റ് മേഖലകളിലും, വിവിധ സംസ്ഥാനങ്ങളിലും പോയി താമസിക്കുന്നത് കാരണം ജനങ്ങളിൽ സാംസ്കാരിക സമന്വയവും പരസ്പര ബഹുമാനവും സഹകരണവും വളർന്നു വെന്നത് എടുത്തുപറയത്തക്ക നേട്ടമാണ്. റേഡിയോ സാർവത്രികമായി ഉപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ ടി. വി. പഞ്ചായത്തിൽ പ്രചാരം നേടി വരുന്നു. **IHDP** കോളനിയായ കണ്ടമംഗലം പട്ടികജാതി കോളനിയിൽ ടി. വി. സെറ്റ് നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. വിജ്ഞാന രംഗത്ത് ഗുണപരമായ ധാരാളം മാറ്റങ്ങളുണ്ടാക്കാൻ ഈ മാധ്യമങ്ങൾക്ക് കഴിയുന്നുണ്ട്. എങ്കിലും പരസ്യ പ്രക്ഷേപണങ്ങൾ വഴി ജനങ്ങളിൽ ഉപഭോക്തൃസംസ്കാരം വളരുകയും ജനങ്ങളുടെ 'ജീവിതച്ചിലവ്' ഉയരാൻ കാരണമാകുകയും ചെയ്യുന്നു. കലാകായിക മത്സരങ്ങളുടെ സംപ്രേഷണം വിദ്യാർത്ഥികളുടെയും പാഠ്യേതരയും യുവജനങ്ങളുടെ അദ്ധ്വാന ശീലത്തെയും സാരമായി ബാധിക്കുന്നു.

പ്രശ്നങ്ങൾ

1 വായനശാലകൾ ഉണ്ടാക്കുകയോ ഉള്ളവക്ക് ധനസഹായം ലഭിക്കുകയോ ചെയ്യുന്നില്ല.

2 നാടൻ കലകൾ നാമാവശേഷമാകുന്നു.

3 കലാകായിക ശേഷി പ്രോത്സാഹിപ്പിക്കുന്നില്ല.

4 ജനപങ്കാളിത്തം കുറയുന്നു.

5 ക്ലബ്ബുകളുടെ പ്രവർത്തനം മന്ദീഭവിക്കുന്നു.

6 ചെത്തല്ലൂരിലെ കമ്മ്യൂണിറ്റിഹാളും പാലോട് റിക്രിയേഷൻ ക്ലബ്ബ് കെട്ടിടവും നശിച്ചുകൊണ്ടിരിക്കുന്നു.

നിർദ്ദേശങ്ങൾ

1 എല്ലാ വാർഡുകളിലും ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് വക ഗ്രന്ഥശാലകളും വായനശാലകളും സ്ഥാപിക്കുക, സ്ത്രീകളെ പങ്കാളികളാക്കുക.

2 സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിന് ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുക.

പട്ടിക 1

ക്രമനമ്പർ	വാർഡ്	സംഘടനയുടെ പേര്	ആരംഭിച്ച വർഷം	രജിസ്ട്രേഷൻ ഉണ്ട്/ഇല്ല	അഫിലിയേഷൻ	അംഗങ്ങൾ
1	1	പുലരി സ്പോർട്സ് & ആർട്സ് ക്ലബ്, പാലോട്	1986	ഉണ്ട്	N Y C	100
2	3	മൈത്രി സ്പോർട്സ് & ആർട്സ് ക്ലബ്, പടിഞ്ഞാറേ പാലോട്	1990	ഉണ്ട്	—	50
3	2	ഐശ്വര്യ സ്പോർട്സ് & ആർട്സ് ക്ലബ്, കുണ്ടൂർകുന്ന്	1989	ഉണ്ട്	N Y C	60
4	6	വളളുവനാട് കല. ചെത്തല്ലൂർ	1993	ഉണ്ട്	N Y C	100
5	6	അരങ്ങ്	1988	ഉണ്ട്	—	12
6	6	യുവജന തിയേറേഴ്സ്	1987	ഉണ്ട്	—	15
7	10	ഫ്രൻസ് സ്പോർട്സ് ക്ലബ്ബ്	1991	ഇല്ല	—	21
8	5	ഐഡിയൽ ആർട്സ് & സ്പോർട്സ് ക്ലബ് കരിങ്കല്ലത്താണി	1984		—	40
9	5	യങ്ങ്സ്റ്റെറേഴ്സ് ക്ലബ്ബ് നടുവിലത്താണി	1994	—	—	25
10	5	**Y M C A** പൂവത്തണി	1962	ഉണ്ട്	—	125
11	4	ചൈതന്യ സ്പോർട്സ് നാട്ടുകൽ	1993	-	—	75
12	9	ഹെൽത്ത് ലൈൻ, അണ്ണാംതൊടി	1994	—	—	27
13	3	ഐശ്വര്യ ആർട്സ് & സ്പോർട്സ് ക്ലബ്, നാട്ടുകൽ	1993	ഉണ്ട്	—	16
14	6,7,8	നാറാണത്ത് ഭ്രാന്തൻ ട്രസ്റ് ചെത്തല്ലൂർ	1990	ഉണ്ട്	—	78

87

3 പഞ്ചായത്ത്തല കലാ–സാംസ്കാരിക മത്സരം സംഘടിപ്പിക്കുകയും ജനപങ്കാളിത്തം ഉറപ്പാക്കുകയുംചെയ്യുക.

4 പഞ്ചായത്ത്തലത്തിൽ ഒരു 'ഇൻഫർമേഷൻ' സെൻറർ സ്ഥാപിക്കുക.

5 സ്കൂളുകളിലെ ലൈബ്രറി പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.

6 കലാ–കായിക പരിശീലനകേന്ദ്രം, മിനിസ്റേഡിയം എന്നിവ പഞ്ചായത്ത്ഗ്രൗണ്ടിനോടനു ബന്ധിച്ച് ആരംഭിക്കുക.

7 പഞ്ചായത്തിൽ ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

8 പട്ടികജാതി കേന്ദ്രങ്ങളിൽ വായനശാലയും ടെലീവിഷനും സ്ഥാപിക്കുക.

9 ക്ലബ്ബുകൾക്കും വായനശാലകൾക്കും ടി. വി സെറ്റുകളും നൽകുക.

10 വിവാഹച്ചടങ്ങുകളുടെയും മറ്റ് ആഘോഷങ്ങളുടെയും ദുർവ്യയം ഒഴിവാക്കുന്നതിന് ബോധവൽക്കരണം നടത്തുക.

11 കലാ–സാംസ്കാരികപ്രവർത്തനങ്ങളും സമയബന്ധിതമാക്കുകയും കലണ്ടർ തയ്യാറാക്കുകയും ചെയ്യുക.

12 സ്കൂളുകളിൽ വാർഷികകലാപരിപാടികളും സംഘടിപ്പിച്ച് മത്സര വിജയികളെ പങ്കെടുപ്പിച്ച് പഞ്ചായത്ത് തലത്തിൽ മേളകളും നടത്തുക.

13 പഞ്ചായത്തിൽ കലാ–സാംസ്കാരിക കമ്മിറ്റി രൂപപ്പെടുത്തുകയും കമ്മറ്റിയുടെ മേൽനോട്ടത്തിൽ ആരോഗ്യ–സാംസ്കാരിക പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുക.

14 പഞ്ചായത്തിൽ തലത്തിൽ നടത്തുന്ന കേരളോൽസവം, ഓണാഘോഷം എന്നിവയിൽ മുഴുവൻ ക്ലബ്ബുകളുടെയുംപങ്കാളിത്തംഉറപ്പാക്കുക

15 പൊതുജനപങ്കാളിത്തത്തോടെ പൊതുകുളങ്ങളും, ക്ഷേത്രകുളങ്ങളും, സ്വകാര്യകുളങ്ങളും നീന്തൽപരിശീലന കേന്ദ്രങ്ങളായി മാറ്റുന്നതിനും നീന്തൽ മത്സരങ്ങൾ നടത്തുന്നതിനും പരിശ്രമിക്കണം.

16 കായികരംഗത്തു പ്രവർത്തിച്ചുവരുന്ന ക്ലബ്ബുകൾക്ക് കിറ്റും മറ്റു സാമ്പത്തിക സഹായങ്ങളും നൽകുക.

17 അധാർമ്മികതക്കെതിരെ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുക,

പട്ടികജാതി ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യ 21865 ആണ്. ഇതിൽ 3898 പേർ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണ്. ഇത് 17.82 ശതമാനം വരും. 1991ലെ സെൻസസ് പ്രകാരം പട്ടികവർഗത്തിൽപ്പെട്ട ഒരു കുടുംബം പഞ്ചായത്തിലുണ്ട്.

ചെറുമൻ, മണ്ണാൻ, പാണൻ, പറയൻ, ചക്ലിയർ എന്നീ വിഭാഗത്തിൽപ്പെട്ടവരാണ് പഞ്ചായത്തിലെ പട്ടികജാതിക്കാർ. തണ്ടാൻ സമുദായത്തിൽപെട്ടവർ പഞ്ചായത്തിലുണ്ടെങ്കിലും പട്ടികജാതി വിഭാഗത്തിന് ലഭിക്കുന്ന യാതൊരു ആനുകൂല്യങ്ങളും ഇവർക്ക് ലഭിക്കുന്നില്ല. ദ്രാവിഡ വിഭാഗത്തിൽപ്പെട്ടവരാണ് ഇവിടുത്തെ 'ചെറുമർ' എന്ന് വിശ്വസിക്കപ്പെടുന്നു. ചേര രാജ്യത്ത് താമസിച്ചിരുന്നവരായിരുന്നതുകൊണ്ട് 'ചേരമർ' എന്നും അതുലോപിച്ച് പിന്നീട് 'ചെറുമർ' ആയിഎന്നും അനുമാനിക്കുന്നു. പണ്ടുകാലം മുതൽക്കുതന്നെ ചെറുമർ വിഭാഗത്തിൽപ്പെട്ടവർ കർഷക തൊഴിലാളികളായിരുന്നു. മണ്ണാൻ വിഭാഗത്തിൽപ്പെട്ടവർ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലിലും ചികിത്സയിലും ചക്ലിയർ വിഭാഗത്തിൽപ്പെട്ടവർ തുകൽ ഉല്പന്നങ്ങൾ നിർമ്മിക്കലിലും ഏർപ്പെട്ടുവരുന്നു. പറയർ സമുദായത്തിൽപ്പെട്ടവർ ഈറ, മുള എന്നിവ കൊണ്ടുള്ള കൊട്ട, മുറം, പരുമ്പ് തുടങ്ങിയവയുടെ നിർമ്മാണത്തിലും പാണർ വിഭാഗത്തിൽപ്പെട്ട ചില വ്യക്തികൾ പനയോല കൊണ്ടുള്ള തൊപ്പിക്കുട, തട്ടുകുട, കാൽക്കുട നിർമ്മാണത്തിലും ഏർപ്പെട്ടുവരുന്നു.

പണ്ടുകാലത്ത് കേരളത്തിൽ നിലനിന്നിരുന്ന ജന്മിത്വത്തിന്റെ ദുഷ്യഫലങ്ങൾ ഏറ്റവും അധികം അനുഭവിക്കേണ്ടി വന്നവർ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരായിരുന്നു. ആ ഒരു അവസ്ഥ തച്ചനാട്ടുകര പഞ്ചായത്തിലും ഉണ്ടായിരുന്നു. റവന്യൂ സെറ്റിൽമെന്റ് രേഖ പ്രകാരം പഞ്ചായത്തിൽ പതിനഞ്ചോളം വൻകിട ജന്മിമാരും ധാരാളം ചെറുകിട ഭൂടമകളും ഉണ്ടായിരുന്നു ഈ ജന്മികളുടേയും ഭൂടമകളുടേയും ആജ്ഞാനുവർത്തികളായി കഴിഞ്ഞുകൂടുകയായിരുന്നു പട്ടികജാതി വിഭാഗക്കാർ. ചെറുമർ വിഭാഗത്തിൽപ്പെട്ടവരായിരുന്നു ഇതിൽ മുൻപന്തിയിൽ നിന്നിരുന്നത്. ഈ വിഭാഗത്തിന് സ്വന്തമായി കൈവശ ഭൂമികയം ഇല്ലാത്തതുകൊണ്ട് ജന്മിമാരുടെ സ്ഥലത്താണ് അവർ വീടുകയം കെട്ടിയുണ്ടാക്കി താമസിച്ചിരുന്നത് ഒരു ജന്മിയുടേയോ ഭൂടമയുടേയോ കീഴിൽ അഞ്ചോ ആറോ കുടുംബങ്ങയം ഉണ്ടാവും. ഇവരെല്ലാം തന്നെ സമൂഹമായിട്ടാണ് ജീവിച്ചിരുന്നത്. അതുകൊണ്ടുതന്നെ സമൂഹജീവിതത്തിന്റെ ഗുണഫലങ്ങളെക്കുറിച്ച് പണ്ടുകാലം മുതൽക്കുതന്നെ ഈ വിഭാഗത്തിന് ഉത്തമബോധ്യമുണ്ടായിരുന്നു. കാരിനാധാനം ഈ വിഭാഗത്തിന്റെ മുഖമുദ്രയായിരുന്നു. അതുകൊണ്ടുതന്നെ ജന്മിമാരുടേയും ഭൂടമകളുടേയും സമ്പത്തിന്റെ മുഖ്യ സ്രോതസ് ഈ വിഭാഗത്തിന്റെ വിയർപ്പായിരുന്നു. പ്രഭാതം മുതൽ പ്രദോഷം വരെ പണിയെടുത്താൽ കിട്ടുന്ന തുച്ഛമായ കൂലികൊണ്ട് കുടുംബം പുലർത്താൻ കഴിയുമായിരുന്നില്ല. അതുകൊണ്ട് കഷ്ടപ്പാടുകളും ദുരിതങ്ങളും ഇവരുടെ തീരാശാപമായിരുന്നു.

ഒരു പക്ഷെ നമ്മെ അതിശയിപ്പിക്കുന്ന ഒരു യാഥാർത്ഥ്യം കൂടി റവന്യൂ സെറ്റിൽമെന്റ് രേഖയിൽ കാണാം. അതായത് പണ്ടുകാലത്ത് ചില പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജന്മിമാരും ഉണ്ടായിരുന്നു. എന്നാൽ ഇവർക്ക് സ്വന്തമായി പൂർണ്ണാധികാരം നൽകാതെ 'കൂട്ടു'പട്ടയങ്ങളാണ് നൽകിയിരുന്നത് കാളിപ്പുറത്ത് രാമൻ, കോട്ടയിൽ രാകൃഷ്ണൻ, ചെറുമൻ ചെറിയക്കൻ കൂട്ടുപട്ടയം, മണ്ണാൻ രാമൻ, പാണൻകുടി പറയൻ–വരിക്കശ്ശേരി മനകൂട്ട്, മണ്ണാൻ മണപ്പുള്ളി–പുതുമനശ്ശേരി കൂട്ടുപട്ടയം തുടങ്ങിയവർ അക്കാലത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജന്മിമാർ ആയിരുന്നു.

സാമൂഹ്യ–സാമ്പത്തിക–വിദ്യാഭ്യാസ രംഗത്ത് വളരെയധികം പിന്നോക്കം നിന്നിരുന്ന ആ കാലഘട്ടത്തിൽ പാണർ, മണ്ണാൻ എന്നീ സമുദായക്കാർ ഇതിന് ഒരു അപവാദമായിരുന്നു. അതുകൊണ്ടുതന്നെ മണ്ണാൻ സമുദായത്തിൽപ്പെട്ടവർ വൈദ്യം, വിഷ ചികിത്സ, ജ്യോതിഷം, മാന്ത്രികം എന്നീ

മേഖലകളിലും പാണർ സമുദായത്തിൽപ്പെട്ടവർ കലാപരിപാടികളുമായി ബന്ധപ്പെട്ട പാട്ടുപാടൽ ചെണ്ടകൊട്ടൽ, അഭിനയം എന്നീ കാര്യങ്ങളിലും വിദഗ്ധന്മാരായിരുന്നു. പണ്ടുകാലത്ത് പഞ്ചായത്തിൽ ഉണ്ടായിരുന്ന നാട്ടുചികിത്സക്കാരിൽ ഏറെറവുമധികം മണ്ണാൻ സമുദായത്തിൽപ്പെട്ടവരായിരുന്നു എന്നു പറയുമ്പോൾ തന്നെ ഈ മേഖലയിലെ അവരുടെ പ്രാവീണ്യം നമുക്ക് മനസ്സിലാക്കാൻ കഴിയും. കൂടാതെ കൂളാകുർശ്ശി കുട്ടൻ, കൊടക്കാട് കറുപ്പൻ, വടക്കേപ്പുരക്കൽ രാമൻ, കുഞ്ഞൻ, ശങ്കുണ്ണിവൈദ്യർ, തെയ്യൻവൈദ്യർ, എന്നിവർ അക്കാലത്തെ നാട്ടുവൈദ്യന്മാരായിരുന്നു. പറയർ വിഭാഗത്തിൽപ്പെടുന്നവർ ഒരുമിച്ചാണ് താമസിച്ചിരുന്നത്. അവർ സമൂഹമായി ജീവിച്ചിരുന്ന 'പറയൻകുന്ന്' എന്നപേരിൽ അറിയപ്പെടുന്നസ്ഥലം പഞ്ചായത്തിലുണ്ട്. അവർക്ക് കുളിക്കാൻ പ്രത്യേകം കുളങ്ങളും ഉണ്ടായിരുന്നു. 'ചേനൻകുളം' ആ യാഥാർത്ഥ്യം വിളിച്ചറിയിക്കുന്നു. മൈസൂർ രാജാക്കന്മാരായിരുന്ന ഹൈദരലി, ടിപ്പുസുൽത്താൻ എന്നിവരുടെ പട്ടാളത്തിലെ കുതിരകൾക്കാവശ്യമായ തുകൽ സാധനങ്ങളും ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ചക്ലിയർ വിഭാഗത്തിൽപ്പെട്ടവർ ഇവിടെയെത്തിയതെന്ന് വിശ്വസിക്കപ്പെടുന്നു. ഈ വിഭാഗത്തിൽപ്പെട്ടവർ പഞ്ചായത്തിൽ വളരെ കുറവാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് അവരുടെ തനത് കലാ സാംസ്ക്കാരിക പരിപാടികളും ഉണ്ടായിരുന്നു. ചെറുമർ വിഭാഗത്തിൽപ്പെട്ടവർ 'ചെറുമക്കളി' നടത്തിയിരുന്നു. ക്ഷേത്രോൽസവങ്ങളിൽ ഇത് സർവ്വസാധാരണമായിരുന്നു. ഇപ്പോഴും ഈ കലാരൂപം നിലനിൽക്കുന്നുണ്ട്. പാണർ സമുദായത്തിൽപ്പെട്ടവർ പാൺകളി നടത്തിയിരുന്നു.

ജന്മിത്വത്തിന്റെ ദൂഷ്യ ഫലങ്ങളോടൊപ്പം പല നല്ല കാര്യങ്ങളും ഈ വിഭാഗം അനുഭവിച്ചിട്ടുണ്ട്. ജന്മിയും കുടിയാന്മാരും തമ്മിൽ ഒരു മാനസിക ഐക്യം നിലനിന്നിരുന്നു. പണിക്കുതുച്ഛമായ കൂലിയാണ് കൊടുക്കുന്നതെങ്കിലും കുടിയാന്റെ വീട്ടിൽ എന്തെങ്കിലും ചടങ്ങുകളും ഉണ്ടാവുമ്പോൾ ജന്മി അവർക്കാവശ്യമായ സഹായങ്ങളും ചെയ്തുകൊടുത്തിരുന്നു. ഇതുപോലെ വിശേഷദിവസങ്ങളിൽ കുടിയാന്മാർ ജന്മിക്ക് കാഴ്ച വെച്ചിരുന്നു. കുടിയാന്മാർ തന്റെ ജന്മിയുടെ സ്ഥലത്ത് അദ്ധ്വാനിക്കുമ്പോൾ ഇത് തന്റെ സ്ഥലമാണെന്നും ഇതിലെ വിളവ് വർദ്ധിച്ചാൽ അത് തന്റെ കുടുംബത്തിന്റെ ഭദ്രതക്ക് കാരണമാകും എന്നതോന്നലും അവർക്ക് ഉണ്ടായിരുന്നു. അതുകൊണ്ടുതന്നെ അദ്ധ്വാനത്തിന്റെ കാര്യത്തിൽ അല്പംപോലും മടി കാണിച്ചിരുന്നില്ല എന്നാൽ 1970ൽ നിലവിൽവന്ന കാർഷിക ഭൂപരിഷ്കരണനിയമത്തിന്റെ ഫലമായി ജന്മിത്വം അവസാനിക്കുകയും അതിന്റെ ഫലമായി ഈ വിഭാഗത്തിൽപ്പെട്ട ധാരാളം കുടുംബങ്ങൾക്ക് കുടികിടപ്പവകാശം ലഭിക്കുകയും ചെയ്തു.

നിലവിലുള്ള സ്ഥിതി

1. സാമൂഹ്യരംഗം:—

പണ്ടു സമൂഹത്തിൽ നിലനിന്നിരുന്ന ഉച്ച നീചത്വങ്ങളും 'അയിത്ത'വും ഇന്ന് പൂർണ്ണമായും ഇല്ലാതായിട്ടുണ്ട്. ക്ഷേത്രങ്ങളിലും ക്ഷേത്രകുളങ്ങളിലും പ്രവേശനം പണ്ടുകാലത്ത് ഈ വിഭാഗത്തിന് നിഷിദ്ധമായിരുന്നുവെങ്കിൽ ഇന്ന് എല്ലാവർക്കും പ്രവേശനം അനുവദിക്കുന്നുണ്ട്. എല്ലാ മത വിഭാഗങ്ങളുടെയും എല്ലാവിധ ചടങ്ങുകളിൽ പങ്കെടുക്കുകയും എല്ലാ പൊതുപരിപാടികളിലും അർഹമായ പ്രാതിനിധ്യം ലഭിച്ചുവരുന്നുമുണ്ട്. സമൂഹത്തിലെ മറ്റുജനവിഭാഗങ്ങളുമായി ഇടകലർന്ന് ജീവിക്കാനുള്ള സാഹചര്യം സംജാതമായിട്ടുണ്ട്. രാഷ്ട്രീയ സാമൂഹിക ഭരണ രംഗങ്ങളിൽ ഈ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചുവരുന്നു. നമ്മുടെപഞ്ചായത്തിന്റെ പ്രസിഡണ്ട് പദവി അലങ്കരിക്കുന്നത് ഈ വിഭാഗത്തിൽപ്പെട്ട ഒരു സമൂഹ്യ പ്രവർത്തകനാണ് എന്നുള്ളതും ഈ വിഭാഗത്തിനു അഭിമാനത്തിനു വക നൽകുന്നു കൂടാതെ പഞ്ചായത്തിൽ രണ്ട് സംവരണ വാർഡുകളും ഈ വിഭാഗത്തിനായുണ്ട്. രാഷ്ട്രീയ പാർട്ടികളുടെയും സാമൂഹ്യസംഘടനകളുടെയും നേതൃനിരയിൽ ഈ വിഭാഗത്തിൽപ്പെട്ട ചുരുക്കം ചിലർ പ്രവർത്തിക്കുന്നുണ്ട്. സ്വന്തമായി കൈവശ ഭൂമിയുള്ളവരാണ് ഭൂരിഭാഗവും. റബ്ബർ കൃഷിയുള്ള കുടുംബങ്ങളും ഈ വിഭാഗത്തിലുണ്ട്. നൂറ്റാണ്ടുകളോളം ചൂഷണത്തിന് വിധേയരായി കഴിഞ്ഞിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും ഉയർന്ന കൂലിനിരക്കും ഗവൺമെന്റിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന സൗജന്യങ്ങളും ഒരു പരിധി വരെ സാമൂഹ്യപുരോഗതി കൈവരിക്കാൻ പര്യാപ്തമായിട്ടുണ്ട്.

2. വിദ്യാഭ്യാസരംഗം:—

മുൻകാലങ്ങളെ അപേക്ഷിച്ച് വലിയ മാറ്റം ഈ രംഗത്ത് ഉണ്ടായിട്ടുണ്ട്. പുതിയ തലമുറയിലെ ബഹുഭൂരിപക്ഷവും അക്ഷരജ്ഞാനമുള്ളവരാണെങ്കിലും പഴയ തലമുറയിൽപ്പെട്ടവരും പുതിയ തലമുറയിലെ ചെറിയ ന്യൂനപക്ഷവും നിരക്ഷരരാണ്. സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി ഒരു വലിയ മുന്നേറ്റം ഈ മേഖലയിൽ ഉണ്ടാക്കാൻ കഴിഞ്ഞെങ്കിലും തുടർ സാക്ഷരതാ പദ്ധതികളുടെ അഭാവം മൂലം വീണ്ടും നിരക്ഷരതയിലേക്ക് മടങ്ങിപ്പോകുന്ന അവസ്ഥയാണിന്നുള്ളത്. ഉന്നത വിദ്യാഭ്യാസരംഗത്ത് വിരലിലെണ്ണാവുന്നവർ മാത്രമാണ് ഉള്ളതെങ്കിലും, അധ്യാപകരംഗത്ത് പ്രവർത്തിക്കുന്നവരും അധ്യാപക പരിശീലന കോഴ്സുകൾ കഴിഞ്ഞവരുമായ കുറച്ചു പേർ പഞ്ചായത്തിലുണ്ട്. ഈ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ ഒരു നിശ്ചിതശതമാനം വിദ്യാലയങ്ങളിൽ നിന്ന് ഇപ്പോഴും കൊഴിഞ്ഞുപോകുന്നു. മാത്രമല്ല S S L C ക്കുശേഷം തുടർന്ന് പഠിക്കാൻ താല്പര്യം കാണിക്കുന്ന കുട്ടികളും വളരെ കുറവാണ്. എന്നാൽ പാഠ്യേതര പ്രവർത്തനങ്ങളിൽ ഈ വിഭാഗത്തിൽ നിന്നു വരുന്ന കുട്ടികൾ പ്രശോഭിക്കുന്നുണ്ട്. കായിക മത്സരങ്ങളിലും കലാമത്സരങ്ങളിലും ഇത്തരം വിദ്യാർത്ഥികളുടെ പ്രകടനങ്ങൾ പ്രശംസനീയമാണ്.

3. സാമ്പത്തികരംഗം:—

വിദ്യാഭ്യാസ-സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. കാർഷിക മേഖലയിലെ കുറഞ്ഞ കൂലിനിരക്ക് കാരണം കൂടുതൽ ആളുകളും കെട്ടിട നിർമ്മാണമേഖലയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. ഈ വിഭാഗത്തിനിടയിൽ കണ്ടുവരുന്ന മദ്യപാനശീലം സാമ്പത്തിക ഭദ്രത തകർക്കാൻ ഒരു പ്രധാന കാരണമാണ്. ഭവനനിർമ്മാണത്തിനും മറ്റും ലഭിക്കുന്ന വായ്പകൾ പൂർണ്ണമായ തോതിൽ ഉപയോഗിക്കാൻ പലരും തയ്യാറാവുന്നില്ല. മാത്രമല്ല സർക്കാർ നൽകുന്ന സൗജന്യങ്ങൾ വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്താൻ പലരും താല്പര്യം കാണിക്കുന്നില്ല. ഗവൺമെന്റ് ഈ വിഭാഗത്തിന്റെ ഉന്നമനത്തിനായി കാലാകാലങ്ങളിൽ നടപ്പിലാക്കി വരുന്ന ക്ഷേമപദ്ധതികളെക്കുറിച്ച് അജ്ഞരായതുകൊണ്ട് ഇതിന്റെ ഉപഭോക്താക്കളായി മാറാൻ പലർക്കും കഴിയുന്നില്ല. എന്നിരുന്നാലും ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിൽ 39 കോളനികളുള്ളതിൽ 21 എണ്ണം മാത്രമെ അംഗീകൃത കോളനികളുള്ളൂ. ഇതിൽ തന്നെ രണ്ടെണ്ണം I H D P കോളനിയാണ്. ഇനിയും അംഗീകരിക്കേണ്ട 18 കോളനികൾ പഞ്ചായത്തിലുണ്ട്. ഒറ്റപ്പെട്ടു കിടക്കുന്ന 91 ഹരിജൻ കുടുംബങ്ങളുംഉണ്ട്. കോളനികളുടെ വിവരം പട്ടിക-1 കാണുക.

പട്ടിക 1 അംഗീകൃത കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	IHDP കോളനി	വീടുകളുടെഎണ്ണം	കുടുംബങ്ങളുടെ എണ്ണം
1	കാഞ്ഞിരത്തിൽ-കല്ലിത്തൊടി		17	27
2	ചെകിടിയിൽ ഇല്ലത്ത്-പുത്തൻ വാരിയത്ത് കോളനി		25	52
3	കൂട്ടാണിക്കുന്ന്-തലംപറംപട്ട		30	61
4	കിട്ടത്ത് കോളനി		14	33
5	അത്തിപ്പാറ		13	26
6	കോങ്കോട്		12	29
7	അയ്യങ്കാളി, തുറുവൻകുഴി		19	47

ക്രമ നമ്പർ	കോളനിയുടെ പേര്	IHDP കോളനി	വീടുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം
8	കൂളാകുർശ്ശി-പറയൻ കോളനി		12	39
9	കൂളാകുർശ്ശി മണ്ണാൻ കോളനി		10	27
10	ആലിക്കൽ കോളനി		11	22
11	നെടുംപാറക്കളം		12	25
12	കാരക്കാട്-മാണിക്കപ്പറമ്പ്	✓	50	83
13	പൊതിയിൽ പറയൻ കോളനി		9	17
14	ചേരിപ്പടി		19	43
15	ഇടമനപ്പടി		11	26
16	ചാപ്പറമ്പ്		10	21
17	കൊടലിപ്പറമ്പ്		12	27
18	കണ്ടമംഗലം	✓	24	48
19	വാരിയത്ത്-പാലോട്		12	27
20	മണലടി		11	25
21	കുന്നുംപുറം		25	53
	ആകെ	2	358	761

അവലംബം: ദ്വിതീയ സ്ഥിതിവിവര കണക്ക്

പട്ടിക 2 അംഗീകരിക്കാനുള്ള പട്ടികജാതി കോളനികൾ

ക്രമ നമ്പർ	കോളനിയുടെ പേര്	വീടുകളുടെ എണ്ണം	കുടുംബങ്ങളുടെ എണ്ണം
1	നെല്ലിക്കുന്ന്-ഇടത്തോട്ടിങ്ങൽ	7	21
2	കൊടക്കാട് (കിഴക്ക്, പടിഞ്ഞാറ്)	10	25
3	കൊടുങ്ങാക്കളം-കൂരിക്കണ്ടം	7	20
4	ആറാക്കര	5	12
5	കൊങ്ങത്ത് കോളനി	10	28
6	തൊടുകാപ്പ്	10	31
7	വെളളക്കുന്ന്-അയിലക്കുഴി	16	35
8	ചെറുംപാടത്ത് പടി	19	46
9	കണിയാർചോല പടി	10	31
10	മേലങ്ങാടി	8	24
11	വടക്കേപുരക്കൽ	5	10
12	തൊമരാംകുന്ന്	11	21
13	ചോളോട്ടിൽ കോളനി	9	24
14	കൂരാക്കോട്-മങ്കുഴിപടി (പയ്യുണ്ടപോടം)	8	22
15	മുണ്ടേടത്ത് പടി	7	21
16	മാമ്പ	6	15
17	കുറുമാലിക്കാവ്-കുരങ്ങിൽ	10	20
18	കാരയിൽ	5	11
	ആകെ	163	417

ആവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

പട്ടിക 3 കോളനികളിലെ പ്രാഥമിക സൗകര്യങ്ങൾ

വാർഡ്	ജനസംഖ്യ ആകെ	പുരുഷൻ	സ്ത്രീ	വീടുകളുടെ എണ്ണം			വീടുകളുള്ള കുടുംബങ്ങളുടെ എണ്ണം		കുടിവെള്ളം		കക്കൂസ്		വൈദ്യുതി	
				ഓട്	ഓല	കൂടിൽ	ഉണ്ട്	വീട് ഇല്ലാത്തവർ	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല
I	298	126	172	18	9	7	34	26	16	18	5	29	4	30
II	655	315	340	63	48	13	124	147	50	74	14	110	23	101
III	340	155	185	32	20	9	61	96	29	32	16	45	18	43
IV	536	253	283	54	18	11	83	65	45	38	26	57	23	60
V	243	97	146	23	11	8	42	53	23	19	13	29	13	29
VI	501	241	260	47	32	14	93	124	37	56	38	55	29	64
VII	428	212	216	20	14	3	37	51	19	18	12	25	12	25
VIII	307	136	171	14	13	4	31	42	17	14	9	22	8	23
IX	364	162	202	28	24	15	67	71	39	28	24	43	26	41
X	226	114	112	21	12	7	40	42	15	25	16	24	11	29
ആകെ	3898	1811	2087	320	201	91	612	717	290	322	173	439	167	445

അവലംബം: ഗ്രാമസഭാ റിപ്പോർട്ടുകൾ

പഞ്ചായത്തിൽ 21 അംഗീകൃത കോളനികളിലായി 2235 പേരും അംഗീകരിക്കാത്ത 13 കോളനികളിലായി 1201പേരും ജീവിക്കുന്നുണ്ട്. ഇതിനു പുറമെ പഞ്ചായത്തിലെ 10 വാർഡുകളിലുമായി ഒറ്റപ്പെട്ടു കിടക്കുന്ന 91വീടുകളും അവയിൽ 462 പേരും താമസിക്കുന്നു പഞ്ചായത്ത് ആകെ 612 പേർക്ക് മാത്രമാണ് സ്വന്തമായി വീടുള്ളത്. ഇതിൽ തന്നെ ഓലപ്പുരയിലും കുടിലിലും താമസിക്കുന്നവരുണ്ട്. ഇനിയും 717 വീടുകളും കൂടി ആവശ്യമാണ്. പ്രാഥമിക സൗകര്യങ്ങളും വിശദമായി പട്ടിക-3 കാണുക.

പ്രശ്നങ്ങൾ

1. സ്വന്തമായി വീടുവെക്കാൻ സ്ഥലമില്ലാത്ത 717 പട്ടികജാതി കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. സ്ഥലമുള്ളവർക്കുതന്നെസാമ്പത്തിക പരാധീനത കാരണം വീടുവെക്കാൻ കഴിയാത്ത അവസ്ഥയിലാണ്. സർക്കാരിൽ നിന്നും പരിമിതമായി ലഭിക്കുന്ന ധനസഹായം കൊണ്ട് വീടുപണി പൂർത്തീകരിക്കാൻ കഴിയുന്നില്ല.

2. കൈശഭൂമിക്ക് പട്ടയം ലഭിക്കാത്ത ധാരാളം കുടുംബങ്ങളും ഉണ്ട്.

3. ഈ വിഭാഗത്തിൽപ്പെട്ട പല കുടുംബങ്ങൾക്കും സ്വന്തമായി ഉണ്ടായിരുന്ന ശ്മശാന ഭൂമി അന്യാധീനപ്പെട്ടതിനാൽ ശവസംസ്ക്കാരത്തിന് ബുദ്ധിമുട്ടനുഭവപ്പെടുന്നു.

4. 439 വീടുകളിലും കക്കൂസുകളും ഇല്ല. സാമ്പത്തിക പരാധീനതയാണ് കക്കൂസ് നിർമ്മിക്കാതിരിക്കാനുള്ള പ്രധാന കാരണം.

5. രൂക്ഷമായ കുടിവെള്ളക്ഷാമമാണ് മറ്റൊരു പ്രധാന പ്രശ്നം. സ്വന്തമായ കിണറുകളോ പൊതുകിണറുകളോ കുഴൽക്കിണറുകളോകുറവാണ്. ഉള്ളവയിൽത്തന്നെ വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നവയല്ല. പൈപ്പ് ലൈൻ വഴി ഒരു കോളനിയിലേക്കും ജലവിതരണം നടത്തുന്നില്ല. കുടിവെള്ളത്തിനായി 200 മുതൽ 500 മീറ്റർ ദൂരം വരെ സഞ്ചരിക്കേണ്ടി വരുന്ന കുടുംബങ്ങളും പഞ്ചായത്തിലുണ്ട്.

6. ഭൂരിഭാഗം പട്ടികജാതി വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. പല കോളനികൾക്കു മുന്നിലൂടെയും വൈദ്യുത ലൈൻ കടന്നുപോകുന്നുണ്ടെങ്കിലും എല്ലാ വീടുകളിലും കണക്ഷൻ നൽകിയിട്ടില്ല. കോളനി വൈദ്യുതീകരണം ലക്ഷ്യമാക്കി ട്രാൻസ്ഫോർമറുകളും സ്ഥാപിച്ച് ചാർജ്ജ് ചെയ്തിട്ടുണ്ടെങ്കിലും പ്രസ്തുത കോളനികളിലെ എല്ലാ വീടുകളിലും കണക്ഷൻ ലഭിച്ചിട്ടില്ല.

7. സങ്കീർണ്ണമായ നിയമപ്രശ്നങ്ങളും; ആനുകൂല്യങ്ങളും ലഭിക്കാനിടയുള്ള ഉറവിടങ്ങളെ സംബന്ധിച്ചുള്ള അജ്ഞതയും കാരണം ഈ വിഭാഗത്തിലെ അർഹരായ പലർക്കും സാമൂഹ്യ ക്ഷേമ പെൻഷനുകളും ലഭിക്കുന്നില്ല. കൃഷിഭവനുകളിൽ നിന്നും മറ്റും സൗജന്യമായി ലഭിക്കുന്ന പണിയായുധങ്ങളും ഫലവൃക്ഷത്തൈകളും മറ്റുള്ളവർക്ക് വിൽക്കുന്ന പ്രവണത ചിലരിൽ കണ്ടുവരുന്നു. ആനുകൂല്യങ്ങളും കൈപ്പറ്റുക എന്നതൊഴിവ് അത് നിലനിർത്തുന്നതിനും ഫലപ്രദമായി ഉപയോഗിക്കുന്നതിനും പലരും താത്പര്യം കാണിക്കുന്നില്ല.

8. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമവകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന തൊഴിൽ പരിശീലനങ്ങളും വായ്പകളും ധനസഹായവും പഞ്ചായത്തിലെ ഭൂരിപക്ഷത്തിനും അന്യമാണ്.

9. ഈ വിഭാഗത്തിനിടയിൽ തുടർച്ചയായി കണ്ടുവരാറുള്ള മദ്യപാനം നിരവധി സാമൂഹ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. ഇതിന്റെ ഫലമായി അങ്ങിങ്ങായി ഒറ്റപ്പെട്ട സംഘട്ടനങ്ങളും അടുപ്പുകൂട്ടി കുടിപ്പകയും നിലനിൽക്കുന്നു അപകട മരണങ്ങളും സംഭവിക്കുന്നുണ്ട്.

10. ഈ വിഭാഗത്തിൽപ്പെട്ട ഒരു നിശ്ചിത ശതമാനം വിദ്യാർത്ഥികളും കൊഴിഞ്ഞു പോകുന്നു

11. പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എത്തിച്ചേരാൻ പല വീട്ടുകാർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

12. അമിതമായ വിദ്യാഭ്യാസ ചെലവ് താങ്ങാൻ രക്ഷിതാക്കൾക്ക് കഴിയുന്നില്ല. മാത്രമല്ല ഇപ്പോൾ ലഭിക്കുന്ന ട്രാപ്സംഗ്രാന്റ് കൊണ്ടോ മറ്റു സ്കോളർഷിപ്പുകൾ കൊണ്ടോ വിദ്യാഭ്യാസ ചെലവ് വഹിക്കാൻ കഴിയുന്നില്ല.

13. ഉന്നത വിദ്യാഭ്യാസത്തിനു ലഭിക്കുന്ന സ്റ്റൈപ്പന്റ് കൊണ്ട് വിദ്യാഭ്യാസ ചെലവിന്റെ ഒരംശം മാത്രമാണ് നിറവേറ്റാൻ കഴിയുന്നത്.

14. കലാ-കായിക രംഗത്ത് പരിശീലനം കൊടുക്കുന്നതിനുള്ള സ്ഥാപനങ്ങളോ സാഹചര്യങ്ങളോ നിലവിലില്ല.

15. രക്ഷിതാക്കളുടെ ബോധക്കുറവ് വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നു.

16. I R D P ധനസഹായങ്ങൾ എല്ലാവർക്കും ലഭിക്കുന്നില്ല കൂടാതെ ലഭിക്കുന്നവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

17. കാർഷികമേഖലയിലെ കുറഞ്ഞ കൂലിനിരക്ക് കാരണം തൊഴിലാളികൾ മറ്റു മേഖലയിലേക്ക് തൊഴിൽ തേടി പോകുന്നു.

18. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ

1. അംഗീകരിക്കാത്ത 18 കോളനികളെ കോളനിയായി അംഗീകരിക്കുക. കൂടാതെ എല്ലാ കോളനികളെയും I H D P കോളനിയാക്കുക

2. ഒറ്റപ്പെട്ടു കിടക്കുന്ന ഹരിജൻ കുടുംബങ്ങൾക്ക് അംഗീകൃത കോളനികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും അവകാശങ്ങളും ലഭ്യമാക്കുക.

3. കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകൾക്കും ഒരു പ്രൊജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കക്കൂസ് നിർമ്മിക്കാൻ ആവശ്യമായ ധനസഹായങ്ങൾ സൗജന്യമായി അനുവദിക്കുക.

4. കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പൊതു കിണറുകളോ അതിന് സാധ്യതയില്ലാത്ത സ്ഥലങ്ങളിൽ കുഴൽകിണറുകളോ നിർമ്മിക്കുക പൈപ്പ്ലൈൻ വഴി ജലവിതരണം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.

5. വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുകയും ട്രാൻസ്ഫോർമറുകൾ ആവശ്യമുള്ളിടത്ത് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്യുക.

6. ഗതാഗത സൗകര്യമില്ലാത്ത കോളനികളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കുക.

7. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്കാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും അവർക്കാവശ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുകയും ചെയ്യുക. ഈ വ്യവസായ മേഖല നവീകരിക്കുകയും ആധുനിക രീതിയിലുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കുകയും അതിന്റെ ഫലമായി ആധുനിക മാർക്കറ്റിങ്ങ് ഏർപ്പെടുത്തുകയും ചെയ്യുക. ഇതിനാവശ്യമായ സൗജന്യ തൊഴിൽ പരിശീലനം ലഭ്യമാക്കണം.

8. വീടു വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലം സൗജന്യമായി നൽകുകയും വീടില്ലാത്തവർക്കും കുടിലുകളിൽ താമസിക്കുന്നവർക്കും വീടുവെക്കാനാവശ്യമായ സാമ്പത്തിക സഹായങ്ങൾ അനുവദിക്കുക.

9. മിച്ചഭൂമി ചുരുങ്ങിയ വിലക്ക് കൈമാറ്റം ചെയ്യുന്നത് തടയുകയും കൈവശ ഭൂമിക്ക് പട്ടയം നൽകുകയും ചെയ്യുക കൈമാറ്റം ചെയ്യപ്പെട്ട ഭൂമി ഗവൺമെന്റ് ഏറ്റെടുത്ത് പുനർ വിതരണം നടത്തുക.

10. I R D P ഗുണഭോക്താക്കളെ വസ്തുനിഷ്ഠമായ സർവ്വേയിലൂടെ കണ്ടെത്തുകയും ഈ പദ്ധതിപ്രകാരം കടവുമാടുകൾക്ക് ധനസഹായം നൽകുന്നതോടൊപ്പം ഉഴവുമാടുകൾ വളർത്തുന്നതിനും ധനസഹായങ്ങൾ അനുവദിക്കുക.

11. ഹരിജനക്ഷേമ വകുപ്പും പട്ടികജാതി വികസന കോർപ്പറേഷനും അഭ്യസ്തവിദ്യരായ പെറുപ്പക്കാർക്ക് നൽകിവരുന്ന തൊഴിൽ പരിശീലനങ്ങളും ആനുകൂല്യങ്ങളും അർഹരായ എല്ലാവർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.

12. തച്ചനാട്ടുകര I, II വില്ലേജുകളിലെ കുടുംബങ്ങൾക്ക് പ്രയോജനകരമാകുന്ന രൂപത്തിൽ ഓരോ പൊതു ശ്മശാനം സ്ഥാപിക്കുക.

13. പ്രീ-മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുക.

14. സൗജന്യ ട്യൂഷൻ ഏർപ്പെടുത്തുക.

15. കൊഴിഞ്ഞുപോക്ക് തടയാൻ ആവശ്യമായ നടപടികളും സ്വീകരിക്കുക.

16. കലാ-കായിക രംഗത്ത് പരിശീലനം നൽകുന്നതിനാവശ്യമായ കേന്ദ്രങ്ങളും പഞ്ചായത്തടിസ്ഥാനത്തിൽ ആരംഭിക്കുക.

17 ലംപ്സംഗ്രാന്റ്-സ്കോളർഷിപ്പുകളും എന്നിവ വർദ്ധിപ്പിക്കുക.

18. കോളനികളിൽ പൊതു റേഡിയോ, TV സെറ്റുകളും സ്ഥാപിക്കുക.

19. റിക്രിയേഷൻ ക്ലബുകളും ആരംഭിക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ കലാസമിതി രൂപീകരിച്ച് മൽസരങ്ങളും സംഘടിപ്പിക്കുകയും ചെയ്യുക.

20. ഭവന നിർമ്മാണ വായ്പകളും വർദ്ധിപ്പിക്കുക.

21. ക്ഷേമനിധി ബോർഡ് ആരംഭിക്കുകയും അറുപത് വയസ് തികഞ്ഞവർക്ക് പ്രസ്തുത ബോർഡിൽ നിന്നും പെൻഷൻ വിതരണം നടത്തുകയും ചെയ്യുക ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും പ്രസ്തുത ബോർഡിൽ നിന്നും ധനസഹായങ്ങളും അനുവദിക്കുക. നിശ്ചിത വരുമാനമുള്ള എല്ലാ കുടുംബങ്ങളിൽ നിന്നും വരുമാനാടിസ്ഥാനത്തിൽ ക്ഷേമനിധി ബോർഡിലേക്ക് വിഹിതം വാങ്ങുക.

22. പണിയായുധങ്ങളും ട്രാക്ടർ, ടില്ലർ തുടങ്ങിയ കാർഷികോപകരണങ്ങളും സൗജന്യമായി വിതരണം ചെയ്യുക. മിച്ചഭൂമികളിൽ അവിടുത്തെ മണ്ണിന്റെ ഘടന അനുസരിച്ചുള്ള കൃഷികൾക്ക് സഹായം അനുവദിക്കുക റബ്ബർ കൃഷി ചെയ്യുന്ന കുടുംബങ്ങൾക്ക് സൗജന്യ ടാപ്പിംഗ് പരിശീലനം നൽകുകയും അവർക്കാവശ്യമായ റോളർ, പുകപ്പുര എന്നിവക്കാവശ്യമായ സൗജന്യ ധനസഹായങ്ങളും അനുവദിക്കുകയും ചെയ്യുക.

23. ഏഴാം ക്ലാസ് കഴിഞ്ഞ പെൺകുട്ടികൾക്ക് സൗജന്യ തൊഴിൽ പരിശീലനം നൽകുകയും അവർക്കാവശ്യമായ തൊഴിൽ സംരംഭ കേന്ദ്രങ്ങളും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കുകയും ചെയ്യുക.

24. നിലവിലുള്ള സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും സാമ്പത്തിക പ്രയാസങ്ങളനുഭവിക്കുന്ന കുടുംബങ്ങളുടെ വായ്പകളും എഴുതി തള്ളുകയും ചെയ്യുക. പൊതു തൊഴിൽശാലകളും സ്ഥാപിക്കുകയും മാർക്കറ്റിങ്ങ് ഗവൺമെന്റ് ഏറ്റെടുക്കുകയും ചെയ്യുക.

25. മദ്യപാനത്തിനെതിരെ ശക്തമായ ബോധവത്ക്കരണം നടത്തുകയും സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുകയും ചെയ്യുക.

വനിത

നമ്മുടെ പഞ്ചായത്തിൽ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് ഈ അടുത്തകാലത്താണ്. അതും വളരെ ചെറിയ പങ്കാളിത്തമാണ് സ്ത്രീകൾക്കുള്ളത്. മതങ്ങളുടെ സ്വാധീനം സമൂഹത്തിൽ എന്നും പ്രകടമായിട്ടുണ്ട്. ഓരോമതവും സമൂഹത്തെ നിയന്ത്രിച്ചിട്ടുണ്ട്. പ്രത്യേകിച്ച് സ്ത്രീകളെ ബഹുഭാര്യാത്വം, ബഹുഭർതൃത്വം നന്നേ ചെറുപ്രായത്തിൽ നടത്തിവന്നിരുന്ന കെട്ടുകല്ല്യാണം തുടങ്ങിയ ആചാരങ്ങളും സ്ത്രീകളുടെ വ്യക്തിത്വത്തെ നിഷേധിക്കുന്നവയും സ്വാതന്ത്ര്യത്തെ ഹനിക്കുന്നവയുമായിരുന്നു. പെൺകുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുപോലും അവസരം ലഭിച്ചിരുന്നില്ല. നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഏറ്റവും കൂടുതൽ സ്വാധീനിച്ചിരുന്നത് സ്ത്രീകളെയായിരുന്നു.

സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലുള്ള ഒരുപഞ്ചായത്താണിത്. ആകെയുള്ള ജനസംഖ്യയിൽ 51% സ്ത്രീകളാണ്.

പഴയകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സ്ത്രീകൾ ഇന്ന് വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ മുൻപന്തിയിലെത്തിയിരിക്കുന്നു. ഒന്നു മുതൽ പത്താം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളിൽ 60 % പെൺകുട്ടികളാണ്. അതുപോലെ തന്നെ അംഗനവാടികളിലെ ആകെ കുട്ടികളിൽ 65% പെൺകുട്ടികളാണ്. സാക്ഷരതായജ്ഞത്തിന്റെ ഭാഗമായി അക്ഷരജ്ഞാനം നേടിയവരിൽ കൂടുതലും സ്ത്രീകളാണ്. ഇങ്ങിനെയെല്ലാം നോക്കുമ്പോൾ സ്ത്രീകൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇന്ന് വളരെ മുന്നിലെത്തിയെന്നു തോന്നാം

ഉന്നത വിദ്യാഭ്യാസരംഗത്തും സാങ്കേതിക വിദ്യാഭ്യാസരംഗത്തും വനിതകൾ വളരെ പിന്നിലായേ ഉള്ളൂ. സ്കൂളുകളിലെ കൊഴിഞ്ഞു പോക്കിൽ വരുന്നത് കൂടുതലായും പെൺകുട്ടികളാണ്. വീട്ടുപണിക്കായും തന്റെ താഴെപിറന്ന കൂടപ്പിറപ്പുകളെ നോക്കുന്നതിനായും പഠനം നിർത്തേണ്ടിവരുന്ന ധാരാളം പെൺകുട്ടികളിന്നു പഞ്ചായത്തിലുണ്ട്. സാമ്പത്തിക പരാധീനത കാരണമോ, മറ്റൊ ആദ്യം പഠനം നിർത്തേണ്ടതായി വരുന്നത് എല്ലായ്പോഴും പെൺകുട്ടികൾക്കാണ്. ഗൃഹജോലികൾക്കായി സമയം കണ്ടെത്താൻ നിർബ്ബന്ധിതരാവുന്നതുകൊണ്ട് പെൺകുട്ടികൾക്ക് തങ്ങളുടെ പഠനത്തിന്നു വേണ്ടത്ര സമയം കണ്ടെത്താൻ കഴിയുന്നില്ല. ചെറുപ്പത്തിൽ വിവാഹംചെയ്തുകൊടുക്കുന്നതിനാൽ പെൺകുട്ടികൾക്ക് ഹൈസ്കൂൾ പഠനം മുഴുമിക്കാനാവുന്നില്ല. എന്നതും യാഥാർത്ഥ്യമാണ്. സ്വന്തമായി ഒരു തൊഴിൽ കണ്ടെത്തുന്നതിനുള്ള സ്വാതന്ത്ര്യം നിഷേധിക്കുന്നതിലൂടെ തങ്ങളുടെ പെൺമക്കളെ അടുക്കളകളുടെ നിത്യ ദുരിതത്തിലേക്കാണ് തള്ളിയിടുന്നതെന്നുള്ള കാര്യം അച്ഛനമ്മമാർ ഓർക്കുന്നില്ല. തലമുറകളെ വാർത്തെടുക്കുന്ന അമ്മമാർ വിദ്യാസമ്പന്നകളല്ലെങ്കിൽ അതിന്റെ പ്രത്യാഘാതം നാടിന്റെ ഭാവിയിൽ വളരെ ഭീകരമായി അനുഭവപ്പെടും. ഈ പഞ്ചായത്തിൽ പല സ്ഥലങ്ങളിൽ നിന്നും ഇന്നും ആറ് കിലോമീറ്റർ സഞ്ചരിച്ചു വേണം ഹൈസ്കൂൾ ക്ലാസുകളിൽ എത്തിച്ചേരാൻ ഈപ്രശ്നം പെൺകുട്ടികളെയാണ് കൂടുതലായി ബാധിക്കുന്നത്.

നമ്മുടെ പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കണക്കുപ്രകാരം പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ ആരോഗ്യകാര്യങ്ങളിൽ വളരെ പിന്നിലാണെന്നാണ്. സ്ത്രീകളെ അപേക്ഷിച്ച് പുരുഷൻമാരുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുള്ളപ്രവണത സാധാരണ കുടുംബങ്ങളിൽ നിലനിൽക്കുന്നുണ്ട്. പൂർണ്ണമായോ ഭാഗികമായോ ഉള്ള സാമ്പത്തിക ബാധ്യതയിൽ ഒതുങ്ങുന്നതാണ് പലപ്പോഴും പുരുഷന്റെ ഉത്തരവാദിത്വം. ഗൃഹജോലികൾ എത്രതന്നെയായാലും സ്ത്രീയുടെ മാത്രം ബാധ്യതയായി കണക്കാക്കപ്പെട്ടിരിക്കുന്നു. എന്നാൽ അതിന്റെ മൂല്യനിർണ്ണയത്തിനായുള്ള ശ്രമം ആരുടെ ഭാഗത്തുനിന്നും ഇതുവരെഉണ്ടായിട്ടില്ല. ഓരോ തൊഴിലെടുക്കാനായി സ്ത്രീയും പുരുഷനും ഒരേസമയത്ത് വീട്ടിൽ നിന്ന് ഇറങ്ങേണ്ടി വരുമ്പോഴും, ഗൃഹജോലികളെല്ലാം സ്ത്രീകളുടെ മാത്രം ഉത്തരവാദിത്വമായിമാറുന്നു. ഇങ്ങിനെ

അധികസമയം അത്യധ്വാനത്തിന് ഇടവരികയും സ്ത്രീയുടെ ആരോഗ്യം ക്ഷയിക്കുകയും ചെയ്യുന്നു. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേക പരിചരണം വേണ്ടത്ര ലഭ്യമാക്കുന്നതിന് പലപ്പോഴും കഴിയുന്നില്ല. പൂർണ്ണ ഗർഭിണികൾ പോലും കഠിനാധ്വാനത്തിനു നിർബന്ധിതരാവുന്ന അവസരങ്ങൾ ധാരാളമുണ്ട്. ഒക്ടോബർ 96 ലെ കണക്കനുസരിച്ച് 253 ഗർഭിണികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവയിൽ 177 പേർക്ക് അംഗനവാടികൾവഴി പോഷകാഹാരങ്ങളും മറ്റും ആരോഗ്യകേന്ദ്രങ്ങൾ വഴി നൽകി വരുന്നുണ്ട്. എന്നാൽ മരുന്നുകളും മറ്റും വേണ്ടത്ര വേണ്ട സമയത്ത് ലഭ്യമാകുന്നില്ല എന്ന പരാതി നിലനിൽക്കുന്നുണ്ട്. പഞ്ചായത്തിലെ ആശ്രയിക്കാവുന്ന ഏക സ്ഥാപനം പ്രാഥമികാരോഗ്യ കേന്ദ്രമാണ്. അവിടെ കിടത്തി ചികിത്സിക്കുന്നതിനുള്ള യാതൊരു വിധ സൗകര്യവും നിലവിലില്ല. പ്രസവസമയത്ത് വേണ്ടത്ര പരിചരണം ലഭിക്കാത്തതിനെ തുടർന്ന് കഴിഞ്ഞ വർഷം ഒരു സ്ത്രീ നമ്മുടെ പഞ്ചായത്തിൽ മരണമടയുകയുണ്ടായി. 95–96ൽ 304 പ്രസവങ്ങൾ പഞ്ചായത്തിൽ നടന്നതിൽ 70ഓളം പ്രസവങ്ങൾ വീടുകളിൽ വെച്ചാണ് നടന്നത് ഒരു കുട്ടി മാത്രമുള്ള 495 അമ്മമാരാണുള്ളത്. രണ്ടുകുട്ടികളുള്ളവർ 462 ഉം രണ്ടിൽകൂടുതൽ കുട്ടികളുള്ളവർ 1234 ഉം ആണ്. സ്ത്രീകളുടെ ആരോഗ്യം മുൻകാലങ്ങളെ അപേക്ഷിച്ച് വളരെയധികം മെച്ചപ്പെട്ടിട്ടുണ്ടെന്നു കണക്കുകൾ കാണിക്കുന്നുകടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിലും താൽപര്യം വർദ്ധിച്ചുവരുന്നതായി കാണുന്നു. നിർധന കുടുംബങ്ങളിൽപെട്ട സ്ത്രീകൾക്ക് പ്രസവാനുകൂല്യമായി 300രൂപ സാമ്പത്തിക സഹായം സർക്കാർ നൽകിവരുന്നെങ്കിലും അർഹരായ പലർക്കും ഇതിനെക്കുറിച്ചുള്ള അറിവില്ലായ്മ നിമിത്തം ലഭ്യമാകുന്നില്ല.

ആകെയുള്ള തൊഴിലാളികളിൽ 20% മാത്രമാണ് സ്ത്രീതൊഴിലാളികളുള്ളത്. എല്ലാ മേഖലകളിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വളരെ കുറവാണ്. കാർഷികരംഗത്താണ് കൂടുതൽ സ്ത്രീതൊഴിലാളികളുള്ളത്. കാർഷികരംഗത്ത് നല്ലൊരു ശതമാനം സ്ത്രീതൊഴിലാളികൾ ഇന്ന് മാറാപ്പെട്ടിരിക്കുന്നു. നെൽവയലുകളിൽ തെങ്ങ്, കവുങ്ങ്, വാഴ, ചേന തുടങ്ങിയ കൃഷികൾക്ക് പ്രധാന്യമേറി വന്നപ്പോൾ സ്ത്രീകൾ കൂടുതലായും ചെയ്തു വന്നിരുന്ന ഞാറു നടീൽ, ഞാറുപറിക്കൽ, കളയെടുക്കൽ, കൊയ്ത്ത് തുടങ്ങിയ രംഗത്ത് തൊഴിലവസരങ്ങൾ കുറഞ്ഞിരിക്കുന്നു എന്നുള്ളതാണിതിനുകാരണം. ഗവൺമെൻറ് തൊഴിലൊഴികെ മറ്റെല്ലായിടത്തും സ്ത്രീകളുടെ കൂലി വളരെ കുറവാണ്. കാർഷികരംഗത്ത് പുരുഷന്റെ കൂലിയുടെ രണ്ടിൽ മൂന്നു ഭാഗംമാത്രമാണ് സ്ത്രീകൾക്കു നൽകിവരുന്നത്. നിർമ്മാണ തൊഴിലുകളിലും ഇന്ന് ധാരാളമായി സ്ത്രീതൊഴിലാളികൾ ഏർപ്പെട്ടുവരുന്നു. സമാനമേഖലകളിൽ തൊഴിലെടുക്കുന്ന സ്ത്രീ–പുരുഷവേതന നിരക്കുകളിലെ അന്തരം കുറക്കണമെന്ന ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. തൊഴിൽ സംഘടനകളിൽ സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തവും നേതൃത്വവും വർദ്ധിപ്പിക്കുന്നതിലൂടേ മാത്രമേ സ്ത്രീ തൊഴിലാളികളുടെ നില മെച്ചപ്പെടുത്തുവാൻ കഴിയുകയുള്ളൂ. തൊഴിലില്ലായ്മയുടെ രൂക്ഷത വനിതകൾക്കിടയിലാണ് കൂടുതലായും നിലനിൽക്കുന്നത് എന്നു കണക്കുകൾ സൂചിപ്പിക്കുന്നു. സാധാരണ സ്ത്രീകൾ ഗൃഹജോലികളിൽ മാത്രമൊതുങ്ങി കഴിയുമ്പോൾ അഭ്യസ്ത വിദ്യരായ യുവതികൾ സ്ഥിര വരുമാനം ലഭിക്കുന്ന തൊഴിലില്ലാതെ ഉഴലുകയാണ്.

മൃഗസംരക്ഷണം, പായനെയ്ത്ത്, തയ്യൽ, റ്റൈലറിങ്ങ് വർക്കുകൾ തുടങ്ങിയ തൊഴിലുകളിൽ സംഘടിതമായല്ലെങ്കിലും മറ്റു ഗൃഹജോലികൾക്കിടയിൽ സമയംകണ്ടെത്തി ചെറിയ തോതിലുള്ള സ്വന്തം വരുമാനമുണ്ടാക്കുന്ന ചുരുക്കം ചിലർ നമ്മുടെ പഞ്ചായത്തിലുണ്ട്. **IRDP** പോലുള്ള പദ്ധതികൾക്കു കീഴിൽ ലഭ്യമാകുന്ന സഹായങ്ങളെക്കുറിച്ച് സ്ത്രീകൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതിരിക്കുന്നു. സ്വയം തൊഴിൽ ഏറ്റെടുത്തു നടത്തുന്നതിനായും ചെറിയതും സാധ്യമായ സംരംഭങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനും സ്ത്രീകളും തയ്യാറായി രംഗത്തുവരുന്നില്ല. എന്നതാണു യഥാർത്ഥ്യം. സാങ്കേതിക വിദ്യഭ്യാസം തേടിയ വനിതകളുടെ അഭാവവും ഉൽക്കാര്യത്തിൽ തടസ്സം സൃഷ്ടിക്കുന്നുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള **DWCRA** കേന്ദ്രങ്ങൾ 4 എണ്ണമാണ്. ഇവയിൽ 59 പേർ തൊഴിലെടുത്തു വരുന്നു, പഞ്ചായത്തിലെ മൂന്നാം വാർഡിൽ രണ്ടു **DWRCA** യൂനിറ്റുകൾ പ്രവർ

ത്തിച്ചു വരുന്നുണ്ട്. 1986–87ൽ 19 അംഗങ്ങളുമായി ബീഡിതെരുപ്പു കേന്ദ്രം പ്രവർത്തനം തുടങ്ങി. ഇന്ന് പ്രവർത്തനം നിർജ്ജീവമാണ്. ഈ വാർഡിലെ തന്നെ കൂളാകുറിശ്ശി എന്ന സ്ഥലത്ത് 1988–89ൽ മുള കൊണ്ടുള്ള കൊട്ട, വട്ടി, മുറം തുടങ്ങിയവയുടെ നിർമ്മാണ കേന്ദ്രം തുടങ്ങി. ഇതിൽ 15 അംഗങ്ങളാണുള്ളത്. ഈ യൂനിറ്റിന്റെ പ്രവർത്തനവും നിർജ്ജീവമാണ്. 6–ാം വാർഡിൽ സ്ഥിതി ചെയ്യുന്ന റെഡിമെയ്ഡ് നിർമ്മാണ യൂനിറ്റാണ് മറ്റൊരു **DWCRA** യൂനിറ്റ്. 1986–87ൽ 15 അംഗങ്ങളുമായി പ്രവർത്തനം ആരംഭിച്ച ഈ സ്ഥാപനം ഇന്ന് സാമാന്യം നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. 1991–92ൽ 9–ാം വാർഡിൽ അണ്ണാംതൊടിയിൽ പ്രവർത്തനം ആരംഭിച്ച ബീഡി നിർമ്മാണ കേന്ദ്രമാണ് മറ്റൊന്ന്. 10 അംഗങ്ങളുണ്ടായിരുന്ന ഈ യൂനിറ്റും പ്രവർത്തനത്തിൽ പിന്നിലാണ്.

പഞ്ചായത്തിലെ പെത്തല്ലൂരിൽ ഇന്നു നിലവിലുള്ള ഖാദിനൂൽനൂൽപ്പു കേന്ദ്രത്തിൽ 30ഓളം വനിതകളാണ് തൊഴിലെടുത്തു വരുന്നുണ്ട്. ഇവരുടെ വേതനം പൊതുവെ കുറവാണ്. പാലോട്ടിൽ 1964ൽ കേളപ്പജി ഉത്ഘാടനംചെയ്ത ഒരു ഖാദി നൂൽനൂൽപ്പു കേന്ദ്രം ഇന്നു വെറും ഓർമ്മയായി മാറിയിരിക്കുന്നു. ഇവിടെ വീണ്ടും ഒരു നൂൽനൂൽപ്പുകേന്ദ്രം തുടങ്ങുന്നതിനായുള്ള ആവശ്യം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്. അതിന്റെ പുനരുജ്ജീവന പ്രവർത്തനങ്ങളിൽ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്. ഈ രണ്ടു നൂൽനൂൽപ്പു കേന്ദ്രങ്ങളോടനുബന്ധിച്ച് ഒരു നെയ്ത്തു കേന്ദ്രം ആരംഭിക്കുന്നത് ഒട്ടനവധി സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നതിന് സഹായിക്കും.

പഞ്ചായത്തിൽ 255 വീടുകളിൽ സ്ത്രീകളാണ് കാര്യങ്ങളും നോക്കി നടത്തിവരുന്നത്. വിധവകളായതിനേ തുടർന്ന് കുടുംബഭാരം ഏൽക്കേണ്ടിവന്നവരും, പുരുഷന്മാർ മാറു സ്ഥലങ്ങളിലോ, വിദേശത്തോ പോയി തൊഴിലെടുക്കേണ്ടി വരുന്നതിനെ തുടർന്ന് കുടുംബഭാരം ഏൽക്കേണ്ടി വരുന്നവരോ, വിവാഹമോചനത്തെ തുടർന്ന് കുടുംബഭാരം ഏൽക്കേണ്ടി വരുന്നവരോ എല്ലാം ഉൾപ്പെടുന്നു. കുടുംബകാര്യങ്ങളും നോക്കിനടത്തിയെടുക്കുന്നതിനായി ധാരാളം വിഷമതകളും ഇവർക്കു സഹിക്കേണ്ടി വരുന്നുണ്ട്. മുമ്പ് മരുമക്കത്തായം നിലനിന്നിരുന്ന ചില സമുദായങ്ങളിൽപെട്ട കുടുംബങ്ങളിൽ മാത്രം സ്ത്രീകളുടെ നിയന്ത്രണം നിലനിന്നിരുന്നു. ഇവർക്കു സാമ്പത്തിക സഹായവും, ബഹുമാനവും, പദവിയുമൊക്കെ സമൂഹം അനുവദിച്ചു കൊടുത്തിരുന്നു. ഇന്ന് ആ വ്യവസ്ഥിതി കാലഹരണപ്പെട്ടു പോയിരിക്കുന്നു.

പഞ്ചായത്തിൽ നിലവിലുള്ള 21 അംഗനവാടികളിലായി 556 കുട്ടികളാണ് വരുന്നുണ്ട്. ഇവരിൽ 350 പെൺകുട്ടികളാണ്. അംഗനവാടികളുടെ പ്രവർത്തനത്തെകുറിച്ച് പൊതുവെ നല്ല അഭിപ്രായമാണ് ഉള്ളത്. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും, കുട്ടികൾക്കും പോഷകാഹാര വിതരണം നടത്തിവരുന്നുണ്ട്. വേണ്ടത്ര സൗകര്യങ്ങളും അംഗനവാടികളിൽ ഇന്നില്ല. ചുറ്റുമതിലുകളും ഒരംഗനവാടികളിലും ഇല്ല. അതു പോലെ പലതിലും കക്കൂസുകളും ഇല്ല. കിണറുകളോ കുടിവെള്ള സൗകര്യങ്ങളോ ചില അംഗനവാടികളിൽ ഇല്ല. മൂന്നംഗത്തിനൊഴിച്ച് മറ്റെല്ലാ അംഗനവാടികൾക്കും സ്വന്തമായി കെട്ടിടങ്ങളും ഉണ്ട്. കുട്ടികൾക്കു കളിസാധനങ്ങളും രണ്ടും തന്നെ അംഗനവാടികളിൽ ഇല്ല. അതുപോലെ കുട്ടികൾക്ക് ആഹാരം വിതരണം ചെയ്യുന്നതിനുള്ള ട്രേറുകളും പാത്രങ്ങളും ഇന്ന് ലഭ്യമാകുന്നില്ല. അംഗനവാടിക്കാരുടെ വേതനം വളരെ ചെറിയ തുകയാണ്. ഇത് ഉയർത്തികൊണ്ട് ജീവനക്കാരുടെ സേവന മനോഭാവത്തേയും കാര്യക്ഷമതയേയും പരമാവധി ഉയർത്തുന്നതിന്ന് ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്തിൽ ആകെ നിലവിലുള്ള 21മഹിളാ സമാജങ്ങളിൽ 7എണ്ണം മാത്രമാണ് രജിസ്റ്റർ ചെയ്തവയായിട്ടുള്ളത്. എഴുപതുകളുടെ അവസാനത്തിൽ വളരെ നല്ലനിലയിൽ പ്രവർത്തിച്ചിരുന്ന മഹിളാ സമാജങ്ങൾ ഇന്ന് നിർജ്ജീവങ്ങളായി മാറിയിരിക്കുന്നു. അംഗനവാടികളുടേയും മഹിളാ സമാജങ്ങളുടേയും ഉത്തരവാദിത്വം ഒരേ വ്യക്തിയിൽ ആകുന്നതാണ് ഇതിനു കാരണമായി പറയപ്പെടുന്ന വസ്തുത.

അംഗനവാടികളുടെ കീഴിൽ രജിസ്സ്റ്റർ ചെയ്ത രണ്ടു വനിതാ സൊസൈറ്റികളും ഉണ്ട്, ഇവ പ്രവർത്തനക്ഷമമല്ല. അതുപോലെ പഞ്ചാ

യത്തിൽ സഹകരണ നിയമാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത രണ്ടു വനിതാ സഹകരണസംഘങ്ങളും ഉണ്ട്. ഇവയും കാര്യമായി പ്രവർത്തിക്കുന്നില്ല.

സമൂഹത്തിൽ ഇന്നു നില നിൽക്കുന്ന ഏറ്റവും വലിയ വിപത്താണ് സ്ത്രീധന സമ്പ്രദായം. ഇതിനെതിരെ സമൂഹമനസാക്ഷി ഉണർന്നെഴുന്നേല്ക്കേണ്ട കാലം കഴിഞ്ഞു. സ്ത്രീധനം വാങ്ങുന്നവനേയും കൊടുക്കുന്നവനേയും എല്ലാ അർത്ഥത്തിലും തേജോവധം ചെയ്യുന്നതിനുള്ള കരുത്ത് പെൺകുട്ടികളും തന്നെ നേടിയെടുക്കേണ്ടിയിരിക്കുന്നു. ആത്മാർത്ഥമായും കൂട്ടായ്മ ഉള്ളതുമായ പ്രവർത്തനത്തിലൂടെ സ്ത്രീധന നിരോധന നിയമം അതിന്റെ പാളിച്ചകളെ ഒഴിവാക്കി കൊണ്ട് കർശനമായും പ്രാവർത്തികമാക്കുന്നതിന്ന് കഴിയുമെന്ന കാര്യത്തിൽ സന്ദേഹമില്ല. അതിനായുള്ള ബോധവൽക്കരണത്തിനും സ്ത്രീധനനിരോധനത്തെകുറിച്ചുള്ളപ്രചാരണത്തിനുംപഞ്ചായത്തും ഇവിടുത്തെ സാമൂഹിക പ്രവർത്തകരും മഹിളാ സംഘടനകളും മുന്നിട്ടിറങ്ങേണ്ടിയിരിക്കുന്നു.

മദ്യത്തിന്റെ ദോഷഫലങ്ങൾ എറ്റവും അനുഭവിക്കേണ്ടി വരുന്നത് സ്ത്രീകൾക്കാണ്. വളരെയധികം ശാരീരിക മാനസിക പീഡനങ്ങൾക്ക് പുരുഷന്റെ മദ്യപാന ഫലമായി സ്ത്രീകൾ വിധേയരാകുന്നുണ്ട്. കേരളസർക്കാർ ചാരായം നിരോധിച്ചിട്ടുണ്ടെങ്കിലും വ്യാജമദ്യം തടയുന്നതിന് പഞ്ചായത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുന്നില്ല. നമ്മുടെ പഞ്ചായത്തിൽ പരിപൂർണ്ണ മദ്യനിരോധനത്തിനായുള്ള ആവശ്യം എല്ലാ ഗ്രാമസഭകളിലും ഉന്നയിക്കപ്പെട്ടിട്ടുണ്ട്. മദ്യത്തിനെതിരായ ബോധവൽക്കരണത്തിന്റെ ആവശ്യകതയും പ്രാധാന്യമർഹിക്കുന്നു. അതോടൊപ്പം തന്നെ മദ്യത്തിനടിമയായവരെ അതിൽ നിന്നും എന്നന്നേക്കുമായി രക്ഷിക്കുന്നതിനായി ആവശ്യമുള്ള ശാസ്ത്രീയ ചികിത്സാരീതിയെകുറിച്ചുള്ള പ്രചരണത്തിനും ചികിത്സക്കായി സാമ്പത്തിക സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും അധികൃതർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് സ്ത്രീപീഡനം മൂലം മരണങ്ങൾ വരെ സംഭവിച്ച ഒറ്റപ്പെട്ട സംഭവങ്ങൾ പഞ്ചായത്തിലങ്ങിങ്ങായി നടന്നിട്ടുണ്ട്. സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവാണ്. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യതക്ക് പ്രധാന കാരണം അവളുടെ ഭാരിച്ച കുടുംബ ഉത്തരവാദിത്വമാണ്. സമൂഹത്തിന്റെ സങ്കുചിത ചിന്താഗതികളും സ്ത്രീകളെ ചിന്താശേഷിയും പ്രവർത്തന സന്നദ്ധതയുമുള്ള വ്യക്തികളായി കാണുന്നതിൽ നിന്നും പി�ൻതിരിപ്പിക്കുന്നു. സ്ത്രീകൾക്ക് ജനസംഖ്യാനുപാതികമായ സംവരണം ഏർപ്പെടുത്തുന്നതിന് ഒരൊറ്റ രാഷ്ട്രീയ സംഘടനകളും പോലും തയ്യാറല്ല എന്നതാണു യാഥാർത്ഥ്യം. പകുതിയിലേറെ വരുന്ന സ്ത്രീകളെ ഒഴിവാക്കികൊണ്ടുള്ള പ്രവർത്തന ശൈലി രാഷ്ട്രീയ സംഘടനകളും മാറിയേ ഒക്കൂ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതൃത്വത്തിലുള്ള മഹിളാ സംഘങ്ങളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കർണ്ണാട്ടിക് സംഗീതത്തിൽ പേരെടുത്ത ദിവംഗതയായ തേറമ്പിൽ കുഞ്ഞുകുട്ടി അമ്മാൾ കൈകൊട്ടികളി പ്രൊഫഷണൽ നാടക ട്രൂപ്പിലംഗമായ എ. സാവിത്രി, മോഹനിയാട്ടം, ഓട്ടൻതുള്ളൽ വിദഗ്ധയായരുഗ്മിണിവാരസ്യാർ ധന്യാ വാരസ്യാർ എന്നിവർ വനിതകൾക്കഭിമാനമാണ്. കായിക മത്സരങ്ങളിൽ സ്ത്രീകൾ വളരെ വിരളമായേ പങ്കെടുക്കാറുള്ളൂ.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1 സംഘടിത മേഖലയിൽ ഉള്ള പായ നെയ്ത്ത് തൊഴിൽ, ബീഡി തെരുപ്പ്, പ്ലാസ്റ്റിക് വർക്കുകൾ, തുടങ്ങിയ തൊഴിലെടുക്കുന്നവരെ സംഘടിപ്പിക്കുകയും പുതിയ **DWCRA** യൂനിറ്റുകൾ നിലവിലില്ലാത്ത വാർഡുകളിൽ തുടങ്ങുകയും ചെയ്യുക. നിലവിലുള്ള **DWCRA** യൂനിറ്റുകളെ ശക്തമാക്കുകയും ആവശ്യമുള്ള കെട്ടിട സൗകര്യങ്ങളും മറ്റും ലഭ്യമാക്കുകയും ചെയ്യുക. ഇവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തിലെ വിപണനസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ വിപണന കേന്ദ്രങ്ങൾതുടങ്ങുകയ്യോക്കത്തലത്തിൽ മാസത്തിൽ രണ്ടുദിവസങ്ങളെങ്കിലും നീണ്ടുനിൽക്കുന്ന വിപണന മേളകൾ സംഘടിപ്പിക്കുക ഉത്സവകാലങ്ങളിൽ ആഴ്ചകളോ മാസങ്ങളോ നീണ്ടുനില്ക്കുന്ന വിപണനമേളകൾ സംഘടിപ്പിക്കുക.

2 പഞ്ചായത്തിൽ പുരയിട കൃഷിയേയും ചെറുകിട പുഷ്പഫല കൃഷിയേയും പ്രോൽസാഹിപ്പിക്കാനും സഹായിക്കാനുമായി വിത്ത്,

ജൈവവളങ്ങളും സാമ്പത്തിക സഹായങ്ങളും വിദഗ്ദ്ധോപദേശങ്ങളും എന്നിവ ലഭ്യമാക്കുക.

3 മൃഗപരിപാലനം, കോഴിവളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുകയും സാമ്പത്തിക സഹായങ്ങളും വിദഗ്ദ്ധോപദേശങ്ങളും നൽകുക

4 നിലവിലുള്ള വനിതാ സൊസൈറ്റികളെ കാര്യക്ഷമമാക്കുകയും പുതിയവ തുടങ്ങുകയും ചെയ്യുക.

5 **KGTE** അംഗീകൃത തയ്യൽപരിശീലന കേന്ദ്രങ്ങളും തുടങ്ങുക.

6 വനിതാ വ്യവസായ സംരംഭപരിശീലന കേന്ദ്രങ്ങളും തുടങ്ങുക.

7 എല്ലാ വാർഡുകളിലും ക്രഷുകളും തുടങ്ങുക.

8 പപ്പടം, കൊണ്ടാട്ടങ്ങൾ, അച്ചാറുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കുക.

9 കരകൗശല വസ്തുക്കളുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം നൽകുകയും, ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനാവശ്യമായ വിപണികണ്ടെത്തുന്നതിന് സഹായിക്കുകയും ചെയ്യുക.

10 സ്ത്രീ വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുകയും അതിനായി ബോധവൽക്കരണം നടത്തുകയും ചെയ്യുക.

11 രണ്ടു വില്ലേജുകളിലും സ്ത്രീകളുടെ മേൽ നോട്ടത്തിൽ നടത്തുന്ന പാൽ സംഭരണ സംസ്കരണ, വിപണന കേന്ദ്രം തുടങ്ങുക.

12 പെൺകുട്ടികളുടെ വ്യക്തിത്വ വികസനത്തിനായി സ്കൂൾ അധികൃതർ പ്രത്യേക ശ്രദ്ധയെടുക്കുകയും, കലാകായിക മത്സരങ്ങളിൽ പെൺകുട്ടികളെ കൂടുതലായി ഉൾപ്പെടുത്തുന്നതിനും ശ്രദ്ധിക്കുക.

13 പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ നിന്ന് ഹൈസ്കൂൾ ക്ലാസുകളിലെത്തിച്ചേരാൻ 6 കി. മീറ്ററിൽ കൂടുതൽ ദൂരമുള്ളതുകൊണ്ട് കൂടുതൽ ഹൈസ്കൂളുകൾ ആരംഭിക്കുക.

14 സ്ത്രീധന സമ്പ്രദായത്തിനെതിരായ ബോധവൽക്കരണവും സ്ത്രീധനനിരോധ നിയമത്തെക്കുറിച്ചുള്ള ബോധവൽക്കരണവും നടത്തുക. സ്ത്രീധനനിരോധനനിയമം കർശനമായി നടപ്പിലാക്കുക.

15 മദ്യത്തിനെതിരായ ബോധവൽക്കരണം നടത്തുക. പരിപൂർണ്ണ മദ്യനിരോധനം എർപ്പെടുത്തുക, മദ്യത്തിനു പൂർണ്ണമായും അടിമപ്പെട്ടവരെ ചികിൽസിക്കുന്നതിനായി സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

16 ബാലികാ വിവാഹത്തിനെതിരായ ബോധവൽക്കരണം നടത്തുക.

17 അംഗനവാടികളിലെ ജീവനക്കാരുടെ വേതനം ഉയർത്തുക, അംഗനവാടികൾക്കു ചുറ്റുമതിൽ കെട്ടുക, വെള്ളവും കക്കൂസും ലഭ്യമാക്കുക, രക്ഷിതാക്കൾ കുട്ടികളെ നിർബന്ധമായും അയക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുക, പ്രവർത്തിക്കാതിരിക്കുന്ന അംഗനവാടികൾക്കു മേൽ നടപടിയെടുക്കുക.

18 പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുക.

19 സർക്കാർ ഇതര ജീവനക്കാർക്കും പ്രസവാനുകൂല്യം ലഭ്യമാക്കുക.

20 അനാചാരങ്ങൾക്കും, അന്ധവിശ്വാസങ്ങൾക്കും എതിരായ ബോധവൽക്കരണം നടത്തുക

21 അർഹരായ എല്ലാവിധവകൾക്കും പെൻഷൻ ആനുകൂല്യം ലഭ്യമാക്കുക.

22 ഒരു കുടുംബാസൂത്രണവിഭാഗം പഞ്ചായത്തിൽ സ്ഥാപിക്കുക.

23 സ്ത്രീകൾക്കായി ഇലക്ട്രോണിക് ഉപകരണങ്ങളുടെ നിർമ്മാണത്തിൽ പരിശീലനം നൽകുകയും, ഒരു ഇലക്ട്രോണിക് ഉപകരണ നിർമ്മാണ പരിശീലന കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.

103

സഹകരണം

ഒരു പൊതു ലക്ഷ്യത്തിൽ എത്താൻ വേണ്ടി യുള്ള ഒത്തൊരുമിച്ച പ്രവർത്തനം എന്നതാണ് സഹകരണത്തിന്റെ സാമാന്യ അർത്ഥം ഐകമത്യം മഹാബലം ഒത്തൊരുമിച്ചാൽ മലയും മറിയും എന്നീ പഴഞ്ചൊല്ലുകളുടെ പൊരുളും സഹകരണത്തിൽ അടങ്ങിയിട്ടുണ്ട്. സഹകരണ സിദ്ധാന്തമെന്നാൽ കേവലം ഒറ്റയും ദുർബലനുമായ ഒരു വ്യക്തി മറ്റുള്ളവരുമായി ചേർന്ന് ധാർമ്മിക വികസനംകൊണ്ടും, പരസ്പര സഹായം കൊണ്ടും ധനികരും കഴിവുള്ളവരുമായ വ്യക്തികൾക്ക് ലഭിക്കുന്ന തരത്തിലുള്ള നേട്ടങ്ങളും കൈവരിപ്പെടുത്തുക എന്നുള്ളതാണ്. സഹകരണപ്രസ്ഥാനം ഇന്ന് ജനജീവിതത്തിന്റെ വിവിധ മേഖലകളിലേക്ക് വ്യാപിച്ചു കൊണ്ടിരിക്കുകയാണ്.

1846-48ൽ യൂറോപ്പിൽ ആകമാനമുണ്ടായ സാമ്പത്തികാനാനന്തരത്തിന്റെ ഫലമായി കർഷകരുടെ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനു വേണ്ടി റൈഫൈസൺ എന്ന മഹാനാണ് ആദ്യമായി ജർമ്മനിയിൽ ഒരു നാണയസംഘം സ്ഥാപിച്ചത്. സമ്പന്നരായ വ്യക്തികളുടെ പക്കൽനിന്നും, കഴിവുള്ളവരിൽ നിന്ന് പണം കടം വാങ്ങിയുമാണ് സംഘം നടത്തിയത്. റൈഫൈസനിന്റെ സമകാലികനായി ജീവിച്ചിരുന്ന ഷുൾസ് ഡെലിറ്റ്സ് എന്ന വ്യക്തിയാണ് കച്ചവടക്കാരുടെയും ചെറുകിട വ്യവസായികളുടെയും സഹായിക്കുന്നതിനു വേണ്ടി ജർമനിയിൽ ആദ്യത്തെ ബാങ്കിന്റെ മാതൃകയിലുള്ള നാണയസംഘം സ്ഥാപിച്ചത്. ഈ രണ്ടു സംഘങ്ങളെ കൂടാതെ 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഫെഡറേഷൻ പാൽവിതരണസംഘങ്ങളും, ഇറ്റലിയിൽ ലേബർ കോൺട്രാക്ട് സംഘങ്ങളും പ്രവർത്തിച്ചിരുന്നു.

ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിതമായതോടുകൂടി സാമ്പത്തികമായ പല മാറ്റങ്ങളും വന്നു. അവയിൽ പ്രധാനം കർഷകരേയും കരകൗശല തൊഴിലാളികളേയും ബാധിക്കുന്നതായിരുന്നു. യന്ത്ര നിർമ്മിതമായ വിദേശ സാമഗ്രികൾ ഇറക്കുമതി ചെയ്തതോടുകൂടി കരകൗശല തൊഴിലിൽ ഏർപ്പെട്ടിരുന്നവർക്ക് ജോലി നഷ്ടപ്പെടുകയും അവർ കാർഷിക വൃത്തിയിലേക്ക് പ്രവേശിക്കുകയും തന്മൂലം കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരുടെ എണ്ണം വർദ്ധിക്കുകയും കാർഷികരംഗം സങ്കീർണ്ണമാവുകയും ചെയ്തു. കർഷകരുടെ കടബാധ്യത വർദ്ധിച്ചതോടുകൂടി കൃഷിക്കാർ ഭൂമി കൈമാറാം ചെയ്യാൻ തുടങ്ങി. തന്മൂലം ഭൂരഹിത കർഷകരുടെ എണ്ണം വർദ്ധിച്ചു. കർഷകരുടെയും കരകൗശല തൊഴിലാളികളുടെയും ഇടയിൽ അസ്വാസ്ഥ്യവും അതൃപ്തിയും ഉളവാക്കുന്നപ്രവണത മനസ്സിലാക്കിയ ബ്രിട്ടീഷ് ഗവൺമെന്റ് കർഷകന്റെ വളർന്നുവരുന്ന കടബാധ്യതക്ക് പരിഹാരം കാണാനും കൃഷിഭൂമി അന്യാധീനപ്പെട്ടു പോകുന്നത് തടയാനും അതുവഴി സ്വന്തം താല്പര്യം നിലനിറുത്തുന്നതിനും സഹായകമായസഹകരണപ്രസ്ഥാനം എന്ന നിലക്കാണ് ഇന്ത്യയിൽ സഹകരണ പ്രസ്ഥാനങ്ങൾക്ക് തുടക്കമിട്ടത്.

നാം ഇന്നു കാണുന്ന രീതിയിലുള്ള സഹകരണ പ്രസ്ഥാനം ഭാരതത്തിന്റെ അന്തരീക്ഷത്തിൽ രൂപം കൊണ്ടിട്ടുള്ളതല്ല. വിദേശങ്ങളിൽ ഉണ്ടായവയുടെ മാതൃകയിൽ ബ്രിട്ടീഷ് ഗവർമെന്റ് ഇവിടെ ഉണ്ടാക്കിയതാണ്. എന്നിരുന്നാലും ഭാരതത്തിൽ സഹകരണം അജ്ഞാതമായിരുന്നു എന്നു പറയാൻ നിവൃത്തിയില്ല. 1891-ൽ പഞ്ചാബിൽ ആരംഭിതം വരിയിട്ടു പണമിറക്കി ഒന്നിച്ച് കൃഷി നടത്തുക കൃഷിപ്പണിക്കുവേണ്ടി വരുന്ന മൂലധനത്തിന്റെയും മനുഷ്യ പ്രയത്നത്തിന്റെയും അടിസ്ഥാനത്തിൽ ലാഭം വീതിക്കുക പൊതു ആവശ്യാർത്ഥം കിണറുകളും, കുളങ്ങളും റോഡുകളും നിർമ്മിക്കുക എന്നിവ സഹകരണ സമുച്ചയംവഴി നടത്തിരുന്നു.

1894ൽ മൈസൂരിലും 1901ൽ മദ്രാസിലും നാണയസംഘങ്ങളും സഹകരണനിധിയും പ്രവർത്തിച്ചിരുന്നു. 1883ൽ Land Improvement act ഉം 1884ൽ Agriculture Loan act ഉം പാസ്സായി. 1901 ലെ എഡ്വേർഡ് കമ്മീഷൻ റിപ്പോർട്ടിന്റെ അടി

സ്ഥാനത്തിൽ 1904മാർച്ച് 25കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ബിൽ പാർലിമെന്റിൽ പാസ്സാക്കി ഈ ആക്ടിന്റെ കീഴിൽ നിയമങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം പ്രാദേശിക ഗവൺമെന്റുകൾക്ക് വിട്ടുകൊടുത്തിരുന്നു. 1904ലെ നിയമം നടപ്പിലായതോടുകൂടി അനവധി നാണയ സംഘങ്ങളും നാണയേതര സംഘങ്ങളും ചില കേന്ദ്ര സംഘങ്ങളും രജിസ്റ്റർ ചെയ്യപ്പെട്ടു. എന്നാൽ 1904ലെ ബില്ലിൽ കേന്ദ്ര സംഘങ്ങൾ രൂപീകരിക്കാൻ നിയമമില്ലാത്തതിനാൽ ആയതു പരിഹരിച്ചുകൊണ്ട് 1912ൽ പുതിയ ആക്ട് നിലവിൽ വന്നു. 1915–ഓടുകൂടി ഇന്ത്യയിൽ ഏകദേശം 17327 സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും അവയുടെ ഓഹരി മൂലധനം 9 കോടി രൂപയുമായിരുന്നു. കാർഷിക നാണയ സംഘങ്ങൾ, വിപണന സംഘങ്ങൾ, ക്ഷീരവ്യവസായസംഘങ്ങൾ എന്നിവ രൂപീകൃതമായെന്ന് മാത്രമല്ല അഭിവൃദ്ധിപ്പെടുകയും ചെയ്തു. 1914ൽ ഗവൺമെന്റ് സഹകരണപ്രസ്ഥാനത്തിന്റെ നേട്ടങ്ങൾവിലയിരുത്തി.

1932ൽ കേരള സംസ്ഥാനത്തിന്റെ മലബാർഭാഗത്ത് നിലനിന്നിരുന്നമദ്രാസ് കോ–ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ടിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനംനടത്തിയിരുന്ന താഴെക്കോട് **P C C** സൊസൈറ്റി ചെത്തല്ലൂർ, താഴെക്കോട് ആലിപ്പറമ്പ് എന്നീ പ്രദേശങ്ങളിൽ നിന്നും നെല്ലെടുപ്പ് നടത്തിയിരുന്നു. തച്ചനാട്ടുകര വില്ലേജ്, അലനല്ലൂർ ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന അലനല്ലൂർ ഐക്യനാണയസംഘത്തിന്റെ പ്രവർത്തന പരിധിയിലുമായിരുന്നു.

1950 ആഗസ്റ്റ്മാസം 11ന് ചെത്തല്ലൂർ ഐക്യനാണയസംഘം രജിസ്റ്റർ ചെയ്യുകയും (Unlimited) 29–11–1950ൽ പ്രവർത്തനം ആരംഭിക്കുകയുംചെയ്തു. പരേതനായ മുസലിയാത്ത് മേലങ്ങാടി കുട്ടഗുപ്തനായിരുന്നു സംഘത്തിന്റെ സ്ഥാപകൻ പതിനൊന്ന് അംഗങ്ങളാണ് രജിസ്റ്റർ ചെയ്ത സമയത്ത് ഉണ്ടായിരുന്നത്. അവർ താഴെ പറയുന്നവരാണ്.

1. യം. കുട്ടഗുപ്തൻ
2. യം. വി. ഗോവിന്ദൻകുട്ടിമേനോൻ
3. കെ. യം. കുട്ടികൃഷ്ണമേനോൻ
4. കെ. കൃഷ്ണൻകുട്ടിമൂത്താൻ
5. കെ. ഗോവിന്ദൻനായർ
6. യം. യം. കൃഷ്ണൻകുട്ടിഗുപ്തൻ
7. യം. മാധവഗുപ്തൻ
8. കെ. നാരായണമേനോൻ
9. കെ. കുഞ്ഞുണ്ണിഗുപ്തൻ
10. കെ. നാരായണൻനായർ
11. പി. ബാലകൃഷ്ണൻനായർ

താഴെ പറയുന്നവർ ഈ സംഘത്തിന്റെ ആദ്യ കാല പഞ്ചായത്തു ഭാരവാഹികൾ ആയിരുന്നു.

1 യം. കുട്ടഗുപ്തൻ
2 യം. മാധവഗുപ്തൻ
3 കെ. നാരായണൻനായർ
4 വിഎംഓസ് ക്കരപണിക്കർ
5 യം. രാമഗുപ്തൻ

ആരംഭത്തിൽ 250 രൂപ വരെയുള്ള വായ്പകളാണ് അംഗങ്ങൾക്ക് നൽകിയിരുന്നത്.

തുടർന്ന് 1964 ജൂൺ 22–ാനു ബേങ്കായി രജിസ്റ്റർ ചെയ്തു കിട്ടുന്നതിന് പൊതുയോഗം കൂടി നിയമാവലി ഭേദഗതി ചെയ്യുകയും 1964 ജൂലായ് 8–ാം തിയ്യതി ചെത്തല്ലൂർ സർവ്വീസ് സഹകരണ ബേങ്കായി മാറുകയും നിയമാവലി അംഗീകരിക്കുകയും ചെയ്തു. തച്ചനാട്ടുകര പഞ്ചായത്ത് ബേങ്കിന്റെ പ്രവർത്തന പരിധിയാണ്. തച്ചനാട്ടുകര പഞ്ചായത്തിലെ 6 വാർഡുകളും തച്ചനാട്ടുകര I വില്ലേജിലും 4 വാർഡുകളും തച്ചനാട്ടുകര II വില്ലേജിലുമായതിനാൽ 1981 മുതൽ പാലോട്ടിൽ ബാങ്കിന്റെ ഒരു ബ്രാഞ്ചും കൂടി പ്രവർത്തിച്ചുവരുന്നുണ്ട്. 1950 മുതൽ 1972 വരെ ബാങ്ക് പ്രസിഡണ്ട് എം. കുട്ടഗുപ്തൻ ആയിരുന്നു. ഇക്കാലത്ത് കാർഷികവായ്പയും ചിറ്റാഫണ്ട്, രാസവളവിതരണം എന്നിവ മാത്രമാണ് ബാങ്കിന്റെ പ്രവർത്തനമായി ഉണ്ടായിരുന്നത് 1976ൽ പരേതനായ കെ. ഗോപാലമേനോൻ പ്രസിഡണ്ടായ കാലത്താണ് ബാങ്കിൽ ഗോൾഡ് ലോൺ ആരംഭിച്ചത്.

തച്ചനാട്ടുകര പഞ്ചായത്തിൽ വിവിധ മേഖലകളിലായി 8 സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിലെല്ലാം കൂടി 13 സ്ഥിരം ജീവനക്കാരും 4 താത്കാലിക

ജീവനക്കാരും ജോലി ചെയ്തു വരുന്നു. താലൂക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മണ്ണാർക്കാട് കാർഷികവികസന ബേങ്ക് കുമരംപുത്തൂർ ഭവന നിർമ്മാണ സംഘം, വിജയാബേങ്ക് എന്നിവയുടെ പ്രവർത്തന പരിധിയിൽ പഞ്ചായത്തും ഉൾപ്പെടുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ പട്ടികതരം തിരിച്ച് അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷികമേഖലയിൽ ചെത്തല്ലൂർ സർവീസ് സഹകരണ ബെങ്കാണ് പ്രവർത്തിച്ചു വരുന്നത്. ഹെഡാപ്പീസിൽനിന്ന് ചെത്തല്ലൂർവില്ലേജിലുള്ള കർഷകർക്കും തച്ചനാട്ടുകര പ്രൊഞ്ചിൽ നിന്ന് തച്ചനാട്ടുകര വില്ലേജിലെ കർഷകർക്കും വായ്പ നൽകി വരുന്നത് ബാങ്കിൽ നിന്നും കാർഷിക കാർഷികേതര ഹ്രസ്വകാല വായ്പകളും ദീർഘകാല വായ്പകളും, സ്വർണ്ണ പണ്ട വായ്പകളും നൽകി വരുന്നു. ഈപഞ്ചായത്തിൽ ചെത്തല്ലൂർ ആസ്ഥാനമായി ഒരുകൺസ്യൂമർ സഹകരണസംഘവും, വനിതാസഹകരണസംഘവും, 3സ്കൂൾ സഹകരണ സൊസൈറ്റി, 1 പട്ടികജാതി പട്ടിക വർഗസഹകരണസംഘം പ്രവർത്തിക്കുന്നു. സഹകരണ സ്റ്റോർ നേരിയതോതിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ടു വനിതാസഹകരണസംഘങ്ങളിൽ ഒന്ന് നേരിയതോതിൽ പ്രവർത്തിക്കുന്നുണ്ട്. മറെറാന്ന് പ്രവർത്തനംആരംഭിച്ചിട്ടില്ല. 3സ്കൂൾ സഹകരണ സംഘങ്ങളും കുട്ടികൾക്കാവശ്യമായ പാഠപുസ്തകങ്ങളും, നോട്ടുപുസ്തകങ്ങളും, യൂനിഫോമും വിതരണം ചെയ്യുന്നുണ്ട്. പട്ടിക ജാതി സഹകരണസംഘം മിസ്സ്മേനേജ്മെൻറ് മൂലം പ്രവർത്തനരഹിതമാണ്. കൊടുത്ത വായ്പ തിരിച്ചു നൽകാതെ 98% അവധി ബാക്കിയാണ്.

കാർഷികമേഖല

പഞ്ചായത്തിൽ മൊത്തം 2650 കർഷക കുടുംബങ്ങൾ ഉണ്ട്. ഇതിൽ 1185 പേർ മാത്രമേ ബാങ്കിൽ നിന്ന് കടമെടുത്തിട്ടുള്ളൂ. അപേക്ഷിച്ച എല്ലാമെമ്പർമാരും കൃഷിഭൂമിയുടെ വിസ്തൃതിക്കനുസരിച്ച് വിവിധ കൃഷികൾക്കായി ആംജാമ്യത്തിൻമേൽ 10000രൂപവരെയും ഡപ്പോസിറ്റുപണയത്തിൻമേൽ25000രൂപ വരെയും കടം നൽകിയിട്ടുണ്ട്. കാർഷിക വായ്പ കൊടുക്കുന്നതിന് മുഴുവൻ പണവും പാലക്കാട് ജില്ലാബാങ്ക് നൽകി വരുന്നു. പഞ്ചായത്തിലെ മുഴുവൻകർഷകരേയും അംഗമായി ചേർക്കുന്നതോടെ 150 ലക്ഷം രൂപ കാർഷിക വായിപയായി നൽകാൻ കഴിയും.

കാർഷികേതരവായ്പ

സ്വയം തൊഴിൽ വായ്പ, ഭൂസ്വത്ത് വാങ്ങുന്നതിനുള്ളവായ്പ, ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ, ഉപഭോഗ ആവശ്യങ്ങൾക്കുള്ള വായ്പ, വിദേശ ജോലിക്ക് പോകുന്നതിനുള്ള വായ്പ എന്നിവകൂടാതെ ബൈലോവ്യവസ്ഥയനുസരിച്ച് സ്വന്തം ഫണ്ടിൽ നിന്നും കൊടുത്തു വരുന്നു. നിക്ഷേപത്തിൻെറ അപര്യാപ്തമൂലം ആവശ്യകാർക്ക് മുഴുവൻ കാർഷികേതര വായ്പ നൽകുന്നതിന് കഴിയുന്നില്ല. കൂടാതെ സ്വർണ്ണ പണ്ടം പണയത്തിന്മേൽ 25000 രൂപവരെയും വായ്പയായി നൽകിവരുന്നു.

ദീർഘകാലവായ്പ (കാർഷികം)

കിണർകുഴിക്കുക, പമ്പ്സെറ് വാങ്ങുക, മംബറികൃഷി, റബ്ബർകൃഷി എന്നിവക്കും വായ്പ നൽകിയിട്ടുണ്ട്. ഇത്തരം വായ്പകൾക്ക് ആവശ്യക്കാർ ഉണ്ടെങ്കിലും പ്രമാണം സബ്രജിസ്ട്രാർ ആപ്പീസിൽ രജിസ്ട്രർ ചെയ്യുന്നതിന് ഭാരിച്ചചിലവുകൾ വരുന്നതിനാൽ ഇത്തരം വായ്പകൾ വാങ്ങുന്നതിന് മെമ്പർമാർക്ക് കഴിയുന്നില്ല. കാർഷിക ദീർഘകാല വായ്പകൾ ഏറിയതും വിതരണം ചെയ്യുന്നത് താലൂക്ക്ആസ്ഥാനത്ത് പ്രവർത്തിക്കുന്ന വിജയാബേങ്ക്, കാർഷിക വികസനബേങ്ക് എന്നിവയാണ്. താലൂക്ക് ആസ്ഥാനത്ത് നിലനിലുള്ള Equitable morgage സമ്പ്രദായം പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കിയാൽ മാത്രമേ മെമ്പർ മാർക്ക് ദീർഘകാല വായ്പകൾ ലഭിക്കുകയുള്ളൂ.

ദീർഘകാലവായ്പ (കാർഷികേതരം)

സർക്കാർ നിർദ്ദേശമനുസരിച്ച് ഓലപ്പുര ഓടുമേയുന്നതിനും, ദുർബലവിഭാഗങ്ങൾക്ക് വീടു നിർമ്മിക്കുന്നതിനും, സുരക്ഷിത കക്കൂസ്നിർമ്മാണത്തിനും, വ്യവസായ ആവശ്യത്തിനും ബേങ്കിൽനിന്നും വായ്പ നൽകിയിട്ടുണ്ട്. ഇത്തരം വായ്പകൾ ഇപ്പോൾ മേൽ ഘടകത്തിൽ നിന്നും ലഭ്യമല്ല.

ക്രമ നമ്പർ	ബേങ്കിന്റെ പേര്	പ്രവർത്തനം ആരംഭിച്ച തിയ്യതി	പ്രവർത്തന പരിധി	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം	ജില്ലാ ബേങ്കിൽ നിക്ഷേപം	നിക്ഷേപം	മെമ്പർമാരിൽ നിന്നുള്ള വായ്പ	പ്രവർത്തന മൂലധനം	ലാഭം	ജീവനക്കാർ
1	ചെത്തല്ലൂർ സർവ്വീസ് സഹകരണബേങ്ക്	29—11—50	തച്ചനാട്ടുകര പഞ്ചായത്ത്	5623	8.37 ലക്ഷം	142 ലക്ഷം	139 ലക്ഷം	251 ലക്ഷം	293 ലക്ഷം	2.82 ലക്ഷം	15

കാർഷിക വായ്പാ മേഖലയിലെ പ്രശ്നങ്ങൾ

1 സഹകരണ സ്ഥാപനങ്ങളും സ്വയം അംഗങ്ങളായുള്ള സ്ഥാപനമാണെന്ന് അംഗങ്ങൾക്ക് ബോധ്യപ്പെടുന്നില്ല.

2 ചുരുങ്ങിയ കാലത്തേക്ക് വരുന്ന ഭരിച്ച തെരഞ്ഞെടുപ്പ് ചിലവുകൾ

3 ആവശ്യക്കാർക്ക് ആവശ്യാനുസരണം വായ്പ നൽകാൻ കഴിയുന്നില്ല.

4 ശാസ്ത്രീയമായ കൃഷിരീതി നടപ്പിലാക്കാൻ കർഷകർക്കുള്ള പ്രയാസങ്ങൾ

5 കാർഷിക കോത്പന്നങ്ങളുടെ വിലയിടിവ്, വിപണിസൗകര്യമില്ലായ്മ, ഇടത്തട്ടുകാരുടെ ചൂഷണം.

6 ജില്ലാബേങ്കിൽ നിന്നുംലഭിക്കുന്ന ഫണ്ടിന്റെ അപര്യാപ്തതയും നിബന്ധനകളും

7 രാസവളത്തിന്റെ അനിയന്ത്രിതമായ വില വർദ്ധന

8 വർദ്ധിച്ചു വരുന്ന അവധി ബാക്കി

9 വായ്പാ നിബന്ധനകളെ കുറിച്ചും, സഹകരണപ്രസ്ഥാനത്തെകുറിച്ചും മെമ്പർമാർക്കുള്ള അജ്ഞത

10 വായ്പാ പ്രമാണം റജിസ്ററർ ചെയ്യുന്നതിനുള്ള അധിക ചിലവ്

11 മേൽ ഘടകങ്ങളിൽ നിന്നുള്ള അനാവശ്യമായ ഇടപെടലുകൾ

12 നിക്ഷേപകരെ ആകർഷിക്കാനുള്ള പദ്ധതികളുടെ കുറവ്

പരിഹാര മാർഗ്ഗങ്ങൾ

1 പഞ്ചായത്തിലെ എല്ലാ കർഷക കുടുംബങ്ങളേയും ബാങ്കിൽ അംഗത്വമെടുപ്പിക്കുകയും ഇന്നുള്ള ഓഹരി വില വർദ്ധിപ്പിക്കുകയും തദ്വാര ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും ചെയ്യുക. ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം വർദ്ധിപ്പിക്കുക.

2 നിക്ഷേപ സമാഹരണം ഊർജിതമായി നടപ്പിലാക്കുകയും, സർവ്വീസ് ബാങ്കിലെ നിക്ഷേപങ്ങൾക്ക് സർക്കാർ ഗ്യാരണ്ടി നൽകുക.

3 നിലവിലുള്ള അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കോസ്റ്റ് റിലീഫ് യഥാസമയം നൽകുക.

4 ആദ്യ ഗഡുവിന്മേൽ 25000 രൂപയും, വസ്തുപണയത്തിന്മേൽ 50000 രൂപവരെയും കാർഷിക വായ്പയനുവദിക്കുക.

5 രാസവളത്തിന്റെ വിതരണം സർവ്വീസ് ബേങ്കിന്റെ കുത്തകയാക്കിമാറ്റണം.

6 നെൽകൃഷി സ്ഥലങ്ങളിൽ നാണ്യവിളകൾ കൃഷിചെയ്യുന്നത് തടയാൻ നെൽകൃഷിക്കാർക്ക് പ്രോത്സാഹന ഗ്രാന്റ് വർദ്ധിപ്പിക്കുക.

7 നബാർഡിൽ നിന്നും കൺസഷനൽ ഫൈനാൻസ് ആവശ്യാനുസരണം ലഭിക്കാൻ നടപടി വേണ്ടതാണ്.

8 സർവ്വീസ് സഹകരണ ബേങ്കുകളിൽ പ്രൊഡ്യൂസ്സ് ലോൺ ആരംഭിക്കുകയും ചുരുങ്ങിയ പലിശക്ക് ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

9 സർവ്വീസ് സഹകരണ ബേങ്കുകളിൽ റബ്ബർ വാങ്ങുന്നതിന് വേണ്ട നടപടികളും എടുക്കേണ്ടതാണ്.

10 സർവ്വീസ് ബേങ്കുകളെ റബ്ബർ മാർക്കറ്റിങ്ങ് ഏജൻറുകളാക്കി നിയമിക്കേണ്ടതാണ്.

11 എല്ലാ അംഗങ്ങൾക്കും ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തുക.

12 ചിറ്റി നിബന്ധനകളിൽ അയവു വരുത്തി സഹകരണസ്ഥാപനങ്ങൾക്ക് ചിട്ടി നടത്താനുള്ള അനുവാദം നൽകുക.

13 കാർഷികേതര വായ്പക്ക് ആവശ്യമായ ഫണ്ട് അപ്പക്സ് ബേങ്കിൽ നിന്നും ലഭ്യമാക്കണം.

14 Equitable morgage പഞ്ചായത്ത് തലത്തിൽ നടപ്പാക്കുക.

15 ഡ്രാഫ്റ്റ് നല്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

16 വായ്പ ലഭിക്കുന്നതിനുള്ള ഓഹരി അനുപാതം അപ്പക്സ് ബേങ്കുകളും ഒഴിവാക്കാൻ വേണ്ട നടപടികളും വേണ്ടതാണ്.

17 NREA/Cന് അനുവാദം ലഭിക്കേണ്ടതാണ്.

18 സാമൂഹ്യക്ഷേമ പദ്ധതി വിഹിതം അടക്കുന്ന സംവിധാനം സർവീസ് ബേങ്കുകളും വഴി ആക്കേണ്ടതാണ്.

19 ഭരണസമിതി കാലാവധി 5 വർഷമാക്കുക.

20 കൃഷിക്കാർക്കും മറ്റുവിഭാഗങ്ങൾക്കും ആവശ്യമായ എല്ലാ വായ്പകളും സർവീസ് ബേങ്ക് വഴിയും ലഭ്യമാക്കേണ്ടതാണ്.

21 1949ലെ ബാങ്കിങ്ങ് നിയമം സർവ്വീസ് ബേങ്കിനും ബാധകമാക്കുക.

22 ഇലക്ട്രിസിറ്റി ബിൽ, ടെലഫോൺ ബിൽ എന്നിവ സർവ്വീസ് ബേങ്ക് വഴി അടക്കാനുള്ള സൗകര്യം ചെയ്യുക.

23 കൃഷിസ്ഥലത്തേക്ക് ട്രാക്ടർ, ട്രില്ലർ എന്നിവ വാങ്ങുന്നതിന് ഗ്രാമീണ റോഡുകളും നിർമ്മിക്കുക.

24 കാർഷികോൽപ്പന്നങ്ങളും ശേഖരിക്കുന്നതിനുള്ള ഏജൻറായി സർവ്വീസ് ബേങ്കിനെ ചുമതലപ്പെടുത്തുക.

പട്ടികജാതി—പട്ടികവർഗ്ഗ സഹകരണ സംഘം

21—1—87ൽ പ്രവർത്തനം ആരംഭിച്ച തച്ചനാട്ടുകര പട്ടിക വർഗ്ഗസംഘം ഇന്നു പ്രവർത്തിക്കുന്നില്ല. സംഘത്തിൽ നിന്നും കൊടുത്ത വായ്പ 98% അവധിബാക്കിയാണ്. സംഘത്തിന്റെ മിസ്സ് മേനേജ്മെൻറ് ആണ് ഇതിനു കാരണം. പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

സംഘത്തിന്റെ പ്രശ്നങ്ങൾ

1 സ്വന്തമായി കെട്ടിടമില്ല.
2 ആവശ്യമായ ഫണ്ടില്ല.
3 പ്രോഡ്യൂസർക്കരണ ക്ലാസ്സുകളുടെ അഭാവം
4 സംഘം പ്രവർത്തനത്തിലുള്ള പരിചയ കുറവ്

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച തിയ്യതി	പ്രവർത്തന പരിധി	അംഗങ്ങളുടെ	ഓഹരി	കടം	നിക്ഷേപം	വായ്പ	പ്രവർത്തന മൂലധനം	വനിത	ജീവനക്കാർ
1	തച്ചനാട്ടുകര പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘം	31—1—87	തച്ചനാട്ടുകര പഞ്ചായത്ത്	425	34410	105000		143069	32179	17341	1

പരിഹാര മാർഗ്ഗങ്ങൾ

1 അവധി ബാക്കി പിരിക്കുന്നതിന് ഊർജിതന ടപടി സ്വീകരിക്കുക.
2 സ്വന്തമായി കെട്ടിടംഉണ്ടാക്കുന്നതിന് വായ്പ യും സഹായധനവും അനുവദിക്കുക.
3 എല്ലാ പട്ടികജാതി മെമ്പർമാർക്കും സംഘംമു ഖേന എല്ലാ വായ്പകളും ലഭ്യമാക്കുക.
4 വായ്പയും വായ്പേതര പ്രവർത്തനവും ന ടത്തുന്നതിന് അനുവദിക്കുക. (സിമൻറ്, റബർ, തുണി)
5 സംഘം പ്രവർത്തനം സംബന്ധിച്ച് ബോധ വത്കരണ ക്ലാസ്സുകൾ നടത്തുക.
6 പ്രവർത്തനത്തിനാവശ്യമായ മുഴുവൻ വായ് പയും സർക്കാർ അനുവദിക്കുക.
7 സഹകരണ ഡിപ്പാർട്ട് മെൻറ് സൂപ്പർ വിഷൻ നടത്തണം.

കൺസ്യൂമർ സ്റ്റോർ

ചെത്തല്ലൂർ ആസ്ഥാനമായി 30—5—93 മുതൽ ഒരു കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കു ന്നു.തച്ചനാട്ടുകരപഞ്ചായത്ത് പ്രവർത്തനപരിധി യാണ് ഈ സ്റ്റോറിന് സർക്കാർ പ്രവർത്തന മൂലധനം നൽകിയിട്ടുണ്ട്.

പ്രശ്നങ്ങൾ

1 ജനസമ്പർക്കകേന്ദ്രവുമായി ബന്ധമില്ലായ്മ
2 സ്വകാര്യ മേഖലയുമായി മത്സരിക്കുന്നതി നുള്ള കഴിവില്ലായ്മ
3 അവശ്യസാധനങ്ങൾ ചുരുങ്ങിയവിലക്ക് ലഭി ക്കാനുള്ള സാധ്യത കുറവ്
4 വില്പനകമ്മി, ട്രാൻപോർട്ടിങ്ങ്
5 പ്രവർത്തന മൂലധന കമ്മി

പരിഹാരം

1 സ്റ്റോർ കൂടുതൽ ജനങ്ങൾ ഒത്തുചേരുന്ന സ്ഥലത്തേക്ക് മാറണം
2 ആവശ്യമായ എല്ലാ സാധനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ നിന്നും വിതരണം ചെയ്യണം.
3 സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് വാ യ്പയും സഹായധനവും അനുവദിക്കുക.
4 പ്രവർത്തന മൂലധനം സർക്കാർ കൂടുതൽ അനുവദിക്കണം.

വനിതാ സഹകരണ സംഘം

തച്ചനാട്ടുകര പഞ്ചായത്തിൽ ചെത്തല്ലൂർ ആ സ്ഥാനമായി വനിതാസഹകരണ സംഘങ്ങൾ പ്ര വർത്തിക്കുന്നു. തച്ചനാട്ടുകര ഗ്രാമീണസംഘം നേ രിയ തോതിൽ പ്രവർത്തനം തുടങ്ങിയിരിക്കുന്നു. ചെത്തല്ലൂർ വനിതാസഹകരണസംഘം ആരംഭി ച്ചിട്ടില്ല.

പ്രശ്നങ്ങൾ

1 ഫണ്ടിൻെറ അപര്യാപ്തത
2 ശമ്പളം പറ്റുന്ന ജീവനക്കാരുടെ അഭാവം.
3 സ്വന്തമായി കെട്ടിടമില്ലായ്മ

പരിഹാരം

1 കായികവും കാർഷികേതര വായ്പ നൽകുന്ന

സംഘത്തിൻെറ പേര്	റജിസ്റ്റർ ചെയ്ത തിയ്യതി	പ്രവർത്തനം ആരംഭിച്ചതിയ്യതി		ഓഹരി	ഗവൺമെൻറ് പ്രവർത്തന മൂലധനം	Turn over	ലാഭം
ചെത്തല്ലൂർകോപ്പറേറീവ് കൺസ്യൂമർ സ്റ്റോർ	21—5—93	30—5—93	144	8700	15000	150000	1525

തിന് ആവശ്യമായ വായ്പ സഹകരണ ജില്ലാ ബാങ്ക് മുഖേന ലഭ്യമാക്കണം.

2 ആദ്യത്തെ5വർഷം മാനേജീരിയിൽസബ്സിഡി അനുവദിക്കണം.

3 കെട്ടിടനിർമ്മാണത്തിന് വായ്പ അനുവദിക്കേണ്ടതാണ്.

4 സംഘം ആരംഭിക്കാനുദ്ദേശിക്കുന്ന പഴം, പച്ചക്കറി സംസ്കരണ യൂണിറ്റിനു് (തച്ചനാട്ടുകര ഗ്രാമീണ വനിതാ സഹകരണ സംഘം) വായ്പയും സഹായവും അനുവദിക്കുക.

സ്കൂൾ സഹകരണ സംഘം

പഞ്ചായത്തിൽ ഒരു യു. പി. സ്കൂൾ കോംപ്ലക്സ് സൊസൈറ്റിയും രണ്ട് ഹൈസ്കൂൾ സഹകരണസൊസൈറ്റിയും പ്രവർത്തിക്കുന്നു സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ ടെക് സ്റ്റഫ്ബുക്കുകളും, നോട്ടുബുക്കുകളും യൂനിഫോം തുടങ്ങിയവയും വിതരണം ചെയ്യുന്നു.

പ്രശ്നങ്ങൾ

1 കെട്ടിട സൗകര്യമില്ല.

2 സ്റ്റാഫില്ല. ശമ്പളമോ അലവൻസോ ഇല്ല.

3 ആവശ്യമായ പ്രവർത്തനമില്ല.

4 ഫർണ്ണീച്ചർ ഇല്ല.

പരിഹാരം

1 ഇന്നത്തെ പരിസ്ഥിതിയിൽ തച്ചനാട്ടുകര പഞ്ചായത്ത് ആസ്ഥാനമാക്കി ഒരു സ്കൂൾ സഹകരണസംഘം രജിസ്റ്റർ ചെയ്യുകയും നിലവിലുള്ള 3എണ്ണം നിറുത്തലാക്കിയ ഓഹരി പ്രവർത്തന മൂലധനം എന്നിവ അതിലേക്ക് മാറ്റുകയും ചെയ്യുക.

2 സംഘത്തിന് കെട്ടിട നിർമ്മാണത്തിന് വായ്പയും സഹായധനവും അനുവദിക്കുക.

3 ജീവനക്കാരെ നിയമിക്കുകയും 5വർഷം മാനേജീരിയൽ സബ്സിഡി അനുവദിക്കുകയും ചെയ്യുക.

4 സ്കൂൾ കുട്ടികൾക്കാവശ്യമായ നോട്ട്ബുക്ക് പ്രാദേശികമായി നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ എടുക്കുക.

5 പുതിയതായി രജിസ്റ്റർ ചെയ്യുന്ന സംഘം തച്ചനാട്ടുകര പഞ്ചായത്തിലെ എൽ പി, യു പി, ഹൈസ്കൂൾ എന്നിവയിലേക്ക് ആവശ്യമായ എല്ലാ ടെക്സ്റ്റ്ബുക്കുകളും, നോട്ടുബുക്കുകളും സ്റ്റേഷനറി സാധനങ്ങളും സ്കൂളിൽ പോയി വിതരണം നടത്തുക.

സഹകരണമേഖലയിൽകൂടി ആവശ്യപ്പെടുന്ന മറ്റു ആവശ്യങ്ങൾ

1 തച്ചനാട്ടുകര പഞ്ചായത്തിൽ 10 വാർഡുകൾ ഉണ്ട്. ഈ രണ്ടു വാർഡുകൾ കേന്ദ്രീകരിച്ച് ഓരോ ക്ഷീരവ്യവസായ സഹകരണസംഘം ആരംഭിക്കേണ്ടതാണ്. ഈ സംഘങ്ങൾ വഴി നല്ലയിനം പശുക്കളെയും, തൊട്ട്, എരുമകൾ എന്നിവ താല്പര്യമുള്ള ജനങ്ങൾക്ക് വിതരണം ചെയ്യേണ്ടതാണ്. കാലിത്തീറ്റ ആവശ്യമായ തീറ്റസാധനങ്ങൾ സബ്സിഡി നിരക്കിൽ നല്കുകയും ചികിൽസാ സൗകര്യം ഏർപ്പെടു

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച തിയ്യതി	പ്രവർത്തന പരിധി	അംഗങ്ങൾ	ഓഹരി	നിക്ഷേപം	വായ്പ	ലാഭം	നഷ്ടം
1 തച്ചനാട്ടുകര ഗ്രാമീണ വനിതാ സഹകരണ സംഘം	4-4-94	തച്ചനാട്ടുകര	103	9010	51800	41300	—	3285
2 പെത്തല്ലൂർ വനിതാ സഹകര സംഘം	21-5-93	തച്ചനാട്ടുകര പഞ്ചായത്ത്	66	4380	—	—	—	—

ടുത്തുകയും ചെയ്യണം. സർക്കാർ ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമിയിൽ പുല്ല് വളർത്താൻ സൗകര്യമുണ്ടാക്കുകയും നല്ലയിനം പുൽ വിത്തുകളും വിതരണം ചെയ്യുകയും വേണം.

2 കർഷകരുടെയും കർഷക തൊഴിലാളികളുടേയും സൗകര്യാർത്ഥം ചുരുങ്ങിയ നിരക്കിൽ ദീർഘകാല വായ്പ ലഭിക്കാൻ നിലവിലുള്ള മണ്ണാർക്കാട് കാർഷിക വികസനബേങ്കിന്റെ ഒരു ശാഖ തച്ചനാട്ടുകരപഞ്ചായത്തിൽ സ്ഥാപിക്കണം. വായ്പാനയം ലഘൂകരിക്കണം.

3 പഞ്ചായത്തിലെ എല്ലാ നിർമ്മാണതൊഴിലാളികളേയും ഉൾപ്പെടുത്തി ലാബർ കോൺട്രാക്ട് സംഘം ആരംഭിക്കണം. പഞ്ചായത്തിലെ എല്ലാ നിർമ്മാണജോലികളും ഈ സംഘംവഴി നടത്തുക.

4 പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം ആരംഭിക്കേണ്ടതാണ്.

5 സഹകരണ മാവേലിസ്റ്റോറുകളും ആരംഭിച്ച് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കേണ്ടതാണ്.

6 ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണമേഖലയിൽ തേനീച്ച വളർത്തൽ, മെഴുക്തിരി നിർമ്മാണം, ചന്ദനതിരി നിർമ്മാണം, ഹോളോബ്രിക്സ് നിർമ്മാണം എന്നിവ ആരംഭിക്കേണ്ടതാണ്.

7 റബ്ബർ പ്രൊഡ്യൂസേർസ് സൊസൈറ്റി ആരംഭിച്ച് റബ്ബർ കർഷകരുടെ ആവശ്യങ്ങൾ നിറവേറേണ്ടതാണ്.

8 മോട്ടോർതൊഴിലാളി സഹകരണസംഘം രൂപീകരിക്കണം.

9 പഞ്ചായത്തിൽ മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കണം. കശുവണ്ടി കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് സഹായമായിരിക്കും

9–ാംപദ്ധതി ജനകീയപദ്ധതി ആയതുകൊണ്ട് ജനങ്ങളുടെ ആവശ്യങ്ങൾ സർക്കാരിൽനിന്നും അനുവദിച്ചു കിട്ടുന്നതിന് പഞ്ചായത്ത് അധികൃതരും സഹകാരികളും കക്ഷിരാഷ്ട്രീയം മറന്ന് പ്രവർത്തിക്കേണ്ടതാണ്. ആസൂത്രണത്തിനുള്ള അധികാരം ജനങ്ങളിൽ നിക്ഷിപ്തമായ നിലക്ക് 9–ാംപദ്ധതിയിലേക്ക് ജനങ്ങൾ സഹായിക്കുന്ന വികസനരേഖയിൽ ഗ്രാമമേഖലകൾക്കു നൽകുന്ന പ്രാധാന്യത്തോടൊപ്പം സഹകരണമേഖലക്കും പ്രാധാന്യം ലഭിക്കാമെന്നും സഹകരണത്തിലൂടെ പദ്ധതികൾ പ്രാവർത്തികമാകുമെന്ന പ്രതീക്ഷ സഹകാരികളായ നമുക്ക് പ്രതീക്ഷിക്കാം.

സ്ക്കൂൾ സഹകരണസംഘം	പ്രവർത്തന പരിധി	മെമ്പർമാർ	ഗ്രാന്റ്	പ്രവർത്തനമൂലധനം	പ്രവർത്തനമൂലധനം	വായ്പ	ലാഭം
FMHS കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ പി. 659	ചെത്തല്ലൂർ	6482	3500%	10000	13500	75300	1596
2 കുണ്ടൂർകുന്ന് ഹൈസ്കൂൾ സൊസൈറ്റി	കുണ്ടൂർകുന്ന്	3676	—	5000	5000	28200	10000
3 MLGMUPS കോ-ഓപ്പറേറ്റീവ് സൊസൈറ്റി	തച്ചനാട്ടുകര	2992	3330	15000	18330	48960	5224

ടൂറിസം

തച്ചനാട്ടുകര പഞ്ചായത്തിലെ ടൂറിസം വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ കാലയവനികക്കുള്ളിൽ മറഞ്ഞ ഒരു ചരിത്ര പുരുഷന്റെ ജന്മദേശമായിരുന്നുഇതെന്ന് അധികമാരും ഓർത്തിട്ടുണ്ടോ ആവോ? വിക്രമാദിത്യ രാജസദസ്സിലെ നവരത്നങ്ങളിൽ ഉൾപ്പെട്ടിരുന്ന വരരുചിയുടെ പറയസ്ത്രീയിലുണ്ടായ പന്ത്രണ്ട് മക്കളിൽ—പറയി പെറ പന്തിരുകുലത്തിൽ ഒരാളാണത്രെ നാറാണത്തു ഭ്രാന്തൻ. ഭാരതപ്പുഴയുടെയും പോഷകനദികളുടെയും തീരങ്ങളിലായിരുന്നു പറയി പെറ പന്ത്രണ്ട് പേരും താമസിച്ചിരുന്നത്. എ. ഡി. 4–ാം നൂറ്റാണ്ടിലാണത്രെ അഗ്നി ഹോത്രി അവസാനമായി യാഗം നടത്തിയത്. വ്യത്യസ്ത സാമുദായികാചാരങ്ങളും വെച്ചു പുലർത്തുന്ന പന്ത്രണ്ട് മക്കളും വർഷത്തിലൊരിക്കൽ അഗ്നി ഹോത്രിയുടെ ഇല്ലത്ത് പിതൃകർമ്മങ്ങൾക്കായി ഒത്തുകൂടുന്നു. എല്ലാ സമുദായ അംഗങ്ങളും ഒരു അച്ഛന്റെയും അമ്മയുടെയും മക്കളാണെന്ന സങ്കല്പത്തിന്റെ പ്രതീകാത്മക പ്രകടനമായിരുന്നു. ഈ ഒത്തുചേരൽ

ചെത്തല്ലൂർ നാരായണമംഗലത്ത് ജനിച്ച നാറാണത്തു ഭ്രാന്തൻ പല പ്രദേശങ്ങളും ചുറ്റിക്കറങ്ങി തന്റെ ദർശനങ്ങൾ ജനങ്ങളെ പഠിപ്പിച്ചു. അങ്ങാടിപ്പുറം, തിരുമാന്ധാം കുന്നിലും, വളാഞ്ചേരിക്കടുത്തുള്ള രായിനെല്ലൂരിലും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിന് തെളിവുണ്ട്. നിലവിലുണ്ടായിരുന്ന വൈദിക കർമ്മങ്ങളിൽ മാറ്റങ്ങൾക്ക് തുടക്കം കുറിക്കുകയും ഇടതുകാലിലെ മന്ത് വലതുകാലിലേക്ക് മാറ്റലാണ് തന്റെ ആവശ്യമെന്ന് ബോദ്ധ്യപ്പെടുത്തുകയും പ്രകൃതി ശക്തിയുടെ പ്രതീകമായ ഭദ്രകാളിയെ ചങ്ങലക്കിട്ട് ഈശ്വര നിശ്ചയത്തിന്നധീതമായി മറ്റാരാൾക്കും ഒന്നും ചെയ്യാൻ കഴിയില്ലെന്ന് വരദാനത്തിലൂടെ തെളിയിക്കുകയും ചെയ്ത അദ്ദേഹത്തെ സമൂഹം ഭ്രാന്തനെന്ന് മുദ്രകുത്തി.

നാറാണത്ത്മന എന്ന ഇല്ലത്ത് താമസിച്ചിരുന്ന അദ്ദേഹം പ്രഭാതമായാൽ വലിയ ഒരു പാറ കുന്നിൻമുകളിലേക്ക് വളരെകഷ്ടപ്പെട്ട് ഉരുട്ടിക്കയറുകയും കുന്നിൻമുകളിലെത്തിയാൽ പാറ താഴേക്ക് ഉരുട്ടിവിടുകയും ചെയ്യുന്നു. പാറ ഉരുണ്ടു പോകുമ്പോൾ കൈകൊട്ടിച്ചിരിക്കുന്നഅദ്ദേഹത്തിന്റെ നടപടി പ്രത്യക്ഷത്തിൽ ഭ്രാന്തായി തോന്നിയേക്കാം. മനുഷ്യൻ അത്യദ്ധ്വാനം ചെയ്ത് എത്രതന്നെ ഉന്നതിയിലെത്തിയാലും നിമിഷനേരം കൊണ്ട് അവയെല്ലാം പൂർവ്വസ്ഥിതി പ്രാപിക്കുന്നു. എന്ന തത്വം ജനങ്ങളെ പഠിപ്പിക്കുകയായിരുന്നുവെന്ന് അധികമാരും മനസ്സിലാക്കിയില്ല. നാറാണത്ത് ഭ്രാന്തൻ മരിച്ചുപോയെങ്കിലും അദ്ദേഹം ജീവിച്ചിരുന്ന ഇല്ലവും, ഭ്രാന്തൻകുന്നും, ഉരുട്ടിയകല്ലും ഇന്നും നിരവധി ചരിത്രകുതുകികളെ ആകർഷിച്ചു കൊണ്ടിരിക്കുന്നു. കുന്നുകളാൽ ചുറ്റപ്പെട്ട തച്ചനാട്ടുകരപഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള കുന്നുകളിലൊന്നാണ് ഭ്രാന്തൻകുന്ന്. ഭ്രാന്തൻകുന്നിന്റെ ശീർഷത്തിൽ നിന്ന് നോക്കിയാൽ കാണുന്ന പശ്ചിമഘട്ട പർവ്വതനിരകളും അനങ്ങൻമലയും ഭ്രാന്തൻകുന്നിനെ തഴുകിയൊഴുകുന്ന മുറിയംകണ്ണി പുഴയും, നീർച്ചാലുകളും, ചെമ്മൺറോഡുകളും, സസ്യശ്യാമളമായ മുപ്രദേശവും ഏതൊരു പ്രകൃതി സ്നേഹിയെയും ആകർഷിക്കുന്ന കാഴ്ചകളാണ്. കുന്നിൻ ചെരിവിലുള്ള അത്തിപ്പറ മനയിലെ സർപ്പക്കാവിലെ ഉയർന്ന മരങ്ങളിൽ ധാരാളം കുരങ്ങുകളെ ഇപ്പോഴും കാണാം. ഭ്രാന്തൻകുന്നിൽനിന്നും കിഴക്കു മിറന്ന് സഞ്ചരിച്ചാൽ പഞ്ചായത്തിന്റെ തെക്കേ അതിർത്തിയിലുള്ള തേങ്ങാകണ്ടം മലയുടെശീർഷത്തിൽ സ്ഥിതിചെയ്യുന്ന ചിരട്ടാംപാറയുംതാഴ്വരയിൽ കാണപ്പെടുന്ന അതിവിശാലമായ മുസ്ലിം ഖബറുകളും ചരിത്ര വിദ്യാർത്ഥികളിൽ കൗതുകമുളവാക്കുന്നവയാണ്. ചിരട്ട കമഴ്ത്തിവെച്ച ആകൃതിയുള്ളതു കൊണ്ടാവാം ചിരട്ടാംപാറക്ക് ആ പേര് വന്നതെന്നനുമാനിക്കുന്നു. വൈകുന്നേരങ്ങളിലെ മയിലുകളുടെ സംഘം ചേരലും മയിലാട്ടവും ഇവിടെ നിത്യകാഴ്ചയാണ്. ലോഹയു

ഗത്തിൽ ഇരുമ്പ് ഖനനം നടത്തിയിരുന്ന ആദി രുമടകളിലൊന്ന് തേങ്ങാകണ്ടം മലയിൽ നിന്നാരം ഭിച്ച് തച്ചംകാടിലൂടെ തളളച്ചിറയിൽ അവസാനി ക്കുന്നു. പഞ്ചായത്തിലെ പതിനാലോളം ഭാഗങ്ങ ളിൽ കാണപ്പെടുന്ന ഇത്തരം ആയിരുമടകളും കൂടു തൽ പഠനങ്ങളും അർഹിക്കുന്നവയാണ്. നാട്ടുകൽ ജുമാമസ്ജിദ് വളപ്പിൽ കാണപ്പെടുന്ന നാട്ടപ്പെട്ട രീതിയിലുളള കല്ലും ഈ കല്ല് കാരണമായിരി ക്കാം ഈ സ്ഥലത്തിന് നാട്ടുകൽ എന്ന പേര് വന്നത് പാലോട് പ്രദേശത്ത് കാണപ്പെടുന്ന നാ ട്ടുകല്ലും പുരാതനകാലത്ത് ശവസംസ്കാരം നട ത്തുമ്പോൾ ജഡവും അദ്ദേഹം ജീവിതകാലത്ത് ഉപയോഗിച്ചിരുന്ന വസ്തുക്കളും അടക്കം ചെയ്ത നന്നങ്ങാടികളും ഐതിഹ്യമുറങ്ങുന്ന പാറമ്മൽ പളളിയും ശില്പ ഭംഗിക്ക് പേരുകേട്ട തെഞ്ചീരി പനങ്കുറുശ്ശിക്ഷേത്രങ്ങളും ചരിത്രവിദ്യാർത്ഥി കളെയും അന്വേഷണകുതുകികളെയും ആകർഷി ക്കുന്നവയാണ്. പ്രകൃതി രമണീയതയും ഗതാ ഗത സൗകര്യമുളളതുമായ ചരിത്ര പ്രസിദ്ധമായ ഭ്രാന്തൻകുന്ന് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കാൻ ഏറെ സാദ്ധ്യതയുളളതാണ്.

നിർദ്ദേശങ്ങൾ

1 നാറാണത്ത് മലയിൽ നിന്നും സൗജന്യമാ യി ഭ്രാന്തൻകുന്നിൽ ലഭിച്ച 27സെൻറ്സ്ഥലത്ത് ഒരു ഓഡിറ്റോറിയവും വിശ്രമകേന്ദ്രവും നിർ മ്മിക്കുക. ഭ്രാന്തൻകുന്നും നാറാണത്ത്മനയും ഭ്രാന്തൻ ഉരുട്ടിയിരുന്ന കല്ലും സർക്കാർ ഏറെറടു ത്ത് സംരക്ഷിക്കേണ്ടതാണ്.

2 നാട്ടുകൽ ഭ്രാന്തൻകുന്ന് റോഡ് ടാറിംഗ് പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കുക.

3 ഭ്രാന്തൻകുന്നിന് സമീപത്ത് കുറിയംക ണ്ണി പുഴയിലെ 500മീറ്റർനീളവും 100മീറ്റർ വീ തിയുമുളള കുളങ്കരകയത്തിൽ ബോട്ട് സർവ്വീസ് ആരംഭിക്കുക.

4 പഞ്ചായത്ത് തലത്തിലും ബ്ലോക്ക്തല ത്തിലും ടൂറിസം പ്രൊമോഷൻ കൗൺസിലുകളും രൂപീകരിക്കുകയും ജില്ലാ പ്രൊമോഷൻ കൗൺ സിലുമായി അഫിലിയേറ്റ് ചെയ്യുകയും ചെയ്യു ക. ഇൻഫർമേഷൻ സെൻറുകളും ആവശ്യമായ പ്രചരണവും സിഗ്നൽ ബോഡുകളും ബന്ധ പ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുക.

5 തൊടുകാപ്പ് നിക്ഷിപ്തവനം ഒരു പക്ഷി സംരക്ഷണ കേന്ദ്രമാക്കുക.

6 ബ്രിട്ടീഷുകാരുടെ കാലത്ത് നിർമ്മിക്ക പ്പെട്ടതും ഇപ്പോൾ പ്രൈമറി ഹെൽത്ത് സെൻറർ പ്രവർത്തിക്കുന്നതുമായ ടൂറിസ്റ്റ് ബംഗ്ലാവിൽ ടൂറിസ്റ്റുകൾക്ക് താമസിക്കുവാനുളള സൗകര്യ ങ്ങൾ ഉണ്ടാക്കുക.

0 — 0

വിഭവ സമാഹരണം

സാമ്പത്തികമായി വളരെയധികം പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങളാണ് ഉൾപ്പെടുന്ന ഒരു പഞ്ചായത്താണ് നമ്മുടേത്. ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്. ഭൂരിഭാഗം ആളുകളും കർഷകതൊഴിലാളികളാണ്. പഞ്ചായത്തിന്റെ പ്രധാനപ്പെട്ട ഒരു വരുമാന മേഖല എന്നുപറയാൻ ഒന്നില്ല. പ്രധാന ഉൽപാദന മേഖല കൃഷിയാണ്. എന്നാൽ കാർഷിക മേഖലയിൽ രൂക്ഷമായ മുരടിപ്പ് അനുഭവപ്പെട്ടുകൊണ്ടിരിക്കയാണ്. ഇത് പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയെ സാരമായി ബാധിച്ചിട്ടുണ്ട്.

സാമ്പത്തിക മേഖലയിലേക്ക് ആവശ്യമായ തോതിലുള്ള സംഭാവന നൽകാൻ കഴിയുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളും പഞ്ചായത്തിൽ തീരെയില്ല. എടുത്തുപറയത്തക്ക ധനകാര്യ സ്ഥാപനങ്ങളും പഞ്ചായത്തിലില്ല. ആകെയുള്ളത് ചെത്തല്ലൂർ സർവ്വീസ് സഹകരണ ബേങ്കും അതിന്റെ ഒരു ബ്രാഞ്ചുമാണ്. ദേശസാൽകൃത ബേങ്കുകളുടെ ശാഖകളൊന്നും തന്നെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുമില്ല. പഞ്ചായത്തിലെ നിക്ഷേപങ്ങളെല്ലാം പട്ടണ പ്രദേശങ്ങളിലെ ദേശസാൽകൃത ബേങ്കുകളിലാണ്. സഹകരണ ബേങ്കിൽ പണം നിക്ഷേപിക്കുവാൻ പലരും വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. നിക്ഷേപത്തിനനുസൃതമായ വായ്പകളും ദേശസാൽകൃത ബേങ്കുകളും ഇവിടെ വിതരണം നടത്തുന്നില്ല എന്നതും നമ്മുടെ സാമ്പത്തിക മേഖലയെ തളർത്തുന്നു. മണ്ണാർക്കാട് കാർഷിക വികസന ബേങ്കിന്റെയും കുമരംപുത്തൂർ ഭവന നിർമ്മാണ സഹകരണ സംഘത്തിന്റെയും കീഴിലാണ് തച്ചനാട്ടുകര പഞ്ചായത്ത്. പ്രസ്തുത സംഘങ്ങളിൽനിന്നൊന്നും തന്നെ ആവശ്യത്തിന് വായ്പകളും ലഭിക്കുന്നില്ല. എന്നത് ഒരു യാഥാർത്ഥ്യമാണ്. ഗൗരവ മേഖലയിൽ ജോലിയുള്ള ആളുകളും ഉണ്ടെങ്കിലും അവരുടെ നിക്ഷേപങ്ങളും പഞ്ചായത്തിന്റെ വികസനത്തിന് പ്രയോജനപ്പെടുന്ന തരത്തിലുള്ളതല്ല

1995-96 വർഷ കാലത്തെ വരവ്-ചെലവുകളെ സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ പട്ടികയായി കൊടുക്കുന്നു.

പട്ടിക 1 പഞ്ചായത്തിന്റെ തനത് വരവുകൾ

നമ്പർ.	ഇനം	രൂപ.
1.	കെട്ടിടനികുതി	82,095. 26
2.	തൊഴിൽ നികുതി	88,610. 00
3.	ലൈസൻസ് ഫീസ്	3,921. 75
4.	വസ്തു കൈമാറ്റ നികുതി 75%	45,799. 00
5.	വസ്തു കൈമാറ്റ നികുതി 25%	1,73,586. 00
6.	ഡപ്പോസിറ്റ്	6,750. 00
7	ഗ്രാന്റുകളും മറ്റും ഒഴികെയുള്ള വരവ്	17,013. 00
	ആകെ	4,17,775. 01

പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളും തൊഴിൽ നികുതിയും കെട്ടിട നികുതിയുമാണ്. തൊഴിൽ നികുതി എന്നുള്ളത് വെറും ഉദ്യോഗസ്ഥൻമാരിൽ നിന്നും ലഭിക്കുന്ന നികുതിയായി മാറിയിരിക്കുന്നു. വിവിധ മേഖലകളിൽ പണിയെടുക്കുന്ന ധാരാളം തൊഴിലാളികളും ഉണ്ടെങ്കിലും അവർക്കൊന്നും തന്നെ തൊഴിൽ നികുതി ഏർപ്പെടുത്തുന്നില്ല. കെട്ടിട നികുതി ചുമത്തുന്നത് അശാസ്ത്രീയരീതി ഉപയോഗിച്ചാണ് ലൈസൻസ് ഫീസ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുന്നത് തുച്ഛമായ വരുമാനമാണ് ചെറുതും വലുതുമായ ധാരാളം കച്ചവട സ്ഥാപനങ്ങളുണ്ടെങ്കിലും ഭൂരിഭാഗവും ലൈസൻസെടുക്കാത്തവരായി കാണുന്നു.

വസ്തു കൈമാറ്റ നികുതി യഥാസമയങ്ങളിൽ പഞ്ചായത്തിന് ലഭിക്കാതിരിക്കുകയും നിശ്ചിത ശതമാനനിരക്കിൽ നൽകുന്നതും പ്രമാണങ്ങളിൽ യഥാർത്ഥവില കാണിക്കാത്തതുമൂലവും ഗണ്യമായി കുറയുന്നു. പഞ്ചായത്തിന്റെ പരിധിയിലുള്ള വസ്തുകൈമാറ്റ നികുതിയുടെ 100 ശതമാനവും പഞ്ചായത്തിന് കിട്ടേണ്ടതാണ്.

ഗ്രാന്റുകളും സർക്കാർ പദ്ധതി വിഹിതവുമായി 1995-96 വർഷത്തിൽ 8,98,453 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട് ഇതിൽ 4,19,500 രൂപ JRY പദ്ധതി പ്രകാരവും 3,24,500 രൂപ അൺടൈഡ് ഫണ്ട് ഇനത്തിലുമായാണ് ലഭിച്ചിരിക്കുന്നത്. ബാക്കിയുള്ളവ VRM, MI, VTC ഗ്രാന്റുകളായാണ് അനുവദിച്ചിരിക്കുന്നത്.

പഞ്ചായത്തീരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്നും 1995-96വർഷത്തിൽ 3,65,104 രൂപ അനുവദിച്ചു. ഇതിൽ 1,01,704രൂപ ആരോഗ്യത്തിനും, 2,61,400 രൂപ കൃഷിക്കും ബാക്കിയുള്ള 2000 രൂപ ഹരിജനക്ഷേമത്തിനുമാണ് നൽകിയിരിക്കുന്നത്.

പട്ടിക 2 ചെലവു സംബന്ധിച്ച വിവരങ്ങൾ

നമ്പർ.	ഇനം	രൂപ.
1.	ഭരണം	4,10,200. 90
2.	പൊതുമരാമത്ത്	3,83,052 00
3.	വിദ്യാഭ്യാസം	6,737. 00
4.	ജലവിതരണം, ഓടകൾ	6,750. 00
5.	പൊതുജനാരോഗ്യം	21,361. 00
6	തെരുവുവിളക്ക്	1 64,44. 00
	ആകെ	8,41,544. 90

പഞ്ചായത്തിൽ ഭരണച്ചെലവ് കഴിഞ്ഞാൽ ഏറ്റവും കൂടുതൽ തുക ചെലവഴിച്ചിരിക്കുന്നത് പൊതുമരാമത്തിനുവേണ്ടിയാണ്. ആകെ ചെലവിൽ 383052 രൂപയും പൊതുമരാമത്തിനുവേണ്ടിയാണ് ചെലവഴിച്ചിരിക്കുന്നത്. ഇതിൽതന്നെ 95% ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും വേണ്ടിയാണ് നീക്കിവെച്ചിരിക്കുന്നത്. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുപോലും സർക്കാർ ഗ്രാന്റുകളെ ആശ്രയിക്കുകയാണ്. ആയതിനാൽ നമ്മുടെ വികസനപ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. സർക്കാർ ഗ്രാന്റുകളെയും ഫണ്ടുകളെയും മാത്രം ആശ്രയിച്ചുള്ള വികസനം സ്ഥായിയല്ല. അതു കൊണ്ട് തന്നെ പഞ്ചായത്തിന്റെ വരുമാനം വർദ്

[illegible] മാർഗ്ഗങ്ങളും നാം അടിയന്തിരമാ [illegible]പിക്കേണ്ടിയിരിക്കുന്നു. അത്തരത്തി [illegible] നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

[illegible]ദ്ദേശങ്ങൾ

1. ഗവൺമെന്റ് മേഖലയിൽ പണിയെടുക്കുന്ന 514 പേർ പഞ്ചായത്തിലുണ്ട്. ഇവരുടെ നിക്ഷേപങ്ങളെല്ലാം തന്നെ പഞ്ചായത്തിന് പുറത്തേക്കാണ് ഒഴുകുന്നത്. ഇത്തരം നിക്ഷേപങ്ങളും പഞ്ചായത്തിലെ ഉല്പാദനമേഖലകളിൽ നിക്ഷേപിക്കാനാവശ്യമായ പ്രോത്സാഹനങ്ങളും നൽകണം.

2. പഞ്ചായത്തിൽ സിനിമാ തിയ്യേറ്ററുകളും ആരംഭിക്കാവുന്നതാണ്.

3. കല്ല്യാണ മണ്ഡപം, സാംസ്ക്കാരിക നിലയങ്ങളും എന്നിവ സ്ഥാപിക്കുക.

4. ചെത്തല്ലൂർ, നാട്ടുകൽ പ്രദേശങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകളും ആഴ്ച ചന്തകളും ആരംഭിക്കുക.

5. ചെത്തല്ലൂർ കമ്മ്യൂണിറ്റിഹാളും പാലോട് റിക്രിയേഷൻ ക്ലബും വരുമാനം കിട്ടത്തക്കവിധം പുനർ നിർമ്മിക്കുക.

6. നിലവിലുള്ള പഞ്ചായത്ത് കളിസ്ഥലത്ത് ഒരു മിനി സ്റ്റേഡിയവും ഓപ്പൺ എയർ തിയ്യേറ്ററും സ്ഥാപിക്കുക.

7. ചെത്തല്ലൂർ, കരിങ്കല്ലത്താണി, നാട്ടുകൽ, അണ്ണാംതൊടി, പാറമ്മൽ, കുണ്ടൂർകുന്ന്, ചാമപ്പറമ്പ് എന്നിവിടങ്ങളിൽ മത്സ്യ-മാംസ മാർക്കറ്റുകളും അറവു ശാലകളും സ്ഥാപിക്കുക.

8. കരിങ്കല്ലത്താണി, നാട്ടുകൽ, 5½-ാം മൈൽ അണ്ണാംതൊടി, മുറിയങ്കണ്ണി എന്നിവിടങ്ങളിൽ ഓട്ടോ-ജീപ്പ് ടാക്സി സ്റ്റാന്റുകളും നാട്ടുകല്ലിൽ ബസ് സ്റ്റാന്റും സ്ഥാപിക്കുക.

9. കെട്ടിട നികുതി നിർണ്ണയത്തിലെ അപാകതകൾ പരിഹരിക്കുക.

10. എല്ലാ വിഭാഗം സ്ഥിരം തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുക

11. വാഹന നികുതി പഞ്ചായത്തിന് വീതിക്കുക.

12. എല്ലാ ചെറുകിട-വൻകിട കച്ചവട സ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തുക.

13. വളർത്തു മൃഗങ്ങൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുക.

14. വില്പന നികുതി. ആദായ നികുതി എന്നിവയിൽ നിന്നുമുള്ള വിഹിതം പഞ്ചായത്തിന് ലഭിക്കണം. കാർഷികാദായനികുതി നിർബന്ധമാക്കുകയും അത് ഗ്രാമപഞ്ചായത്തിന് നൽകുകയും ചെയ്യുക.

15. പഞ്ചായത്തിൽ സ്ഥിരതാമസമുള്ള പ്രായപൂർത്തിയായ മുഴുവൻ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിലും ക്ഷേമനിധിയിലും അംഗമാക്കുകയും വാർദ്ധക്യകാലത്ത് പെൻഷൻ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യുക.

16. പഞ്ചായത്തിലെ ടൂറിസം വികസനത്തിന് സാദ്ധ്യതയുള്ള സ്ഥങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളും താമസസ്ഥലവും ലഭ്യമാക്കി സന്ദർശക പാസുകൾ ഏർപ്പെടുത്തുക.

17. അദ്ധ്യസ്തവിദ്യരും കായികശേഷിയുമുള്ള ആളുകളെ സംഘടിപ്പിച്ച് സന്നദ്ധ-സേവന പ്രവർത്തനങ്ങൾക്ക് തയ്യാറാക്കുകയും വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുക.

ഉപസംഹാരം

1969-ൽ മലപ്പുറം ജില്ല രൂപീകരിക്കപ്പെട്ടതോടെ പാലക്കാട് ജില്ലയുടെ പടിഞ്ഞാറെ അറ്റത്തായി മാറിയ തച്ചനാട്ടുകര പഞ്ചായത്ത് വികസന രംഗത്ത് ഒറ്റപ്പെടുകയായിരുന്നു. 35.04 ച. കി. മീറ്റർ വിസ്തൃതിയുള്ളതും 23000-ത്തോളം ജനങ്ങൾ അധിവസിക്കുന്നതുമായ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം ആളുകളും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. കാർഷിക-വ്യവസായിക രംഗങ്ങളിൽ കാര്യമായ ഒരു പുരോഗതിയും എത്തിപ്പെടാത്ത പഞ്ചായത്തിൽ വൈദ്യുതി ലഭ്യമാകുന്നത് തന്നെ 1970കളിൽ മാത്രമാണ്. കുന്നുകളാൽ വലയം ചെയ്യപ്പെട്ട പഞ്ചായത്തിൽ ഒരു സെ: മീറ്റർറോഡെങ്കിലുംടാർചെയ്യുന്നതിന് 1988വരെ കാത്തിരിക്കേണ്ടിവന്നു. വിസകന പ്രവർത്തനങ്ങളിലെ കൂട്ടായ്മയും ഭരണ രംഗത്തെ അനുകൂല സാഹചര്യങ്ങളും കൊണ്ടുണ്ടായ ഒരു കുതിച്ചു ചാട്ടമാണ് പഞ്ചായത്തിൽ ഇപ്പോഴം കാണുന്ന ഈ പുരോഗതി കാർഷികം, ആരോഗ്യം, ഗതാഗതം എന്നീ രംഗങ്ങളിൽ കുറഞ്ഞ കാലങ്ങം കൊണ്ട് പഞ്ചായത്തിൽ അഭൂതപൂർവ്വമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ പൂവത്താണി, മുറിയം കണ്ണി റോഡ് നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പാലോട്-കിഴക്കുംപുറം റോഡ് തുടങ്ങി പഞ്ചായത്തിൽ റോഡ്വികസന രംഗത്ത് ഒരു വിപ്ലവുംതന്നെ സൃഷ്ടിക്കുന്നതിൽമ്യൻ എം.എൽ.എ. ബഹു: കല്ലടി മുഹമ്മദ് സാഹിബിന്റെ സേവനങ്ങളെ നന്ദിപൂർവ്വം ഞാൻ സ്മരിക്കുകയാണ്. തളളച്ചിറ വാട്ടർഷെഡ് സ്കീം, ചെത്തല്ലൂർ ശുദ്ധ ജലവിതരണ പദ്ധതിയുടെ വിപുലീകരണം കുഴൽകിണറുകം,മുറിയങ്കണ്ണി ഗവ: ആയുർവ്വേദ ആശുപത്രി, നാട്ടുകൽ **PHC** കെട്ടിടം, പഞ്ചായത്തിലെ **IHDP** കോളനികം മാണിക്കപ്പറമ്പ് സ്കൂം അപ്ഗ്രേഡേഷൻ തുടങ്ങി വികസനരംഗത്ത് ഒരു വലിയമാറ്റംതന്നെ ഉണ്ടാക്കുന്നതിൽ അന്നത്തെ **MLA** പഞ്ചായത്തിനോടൊപ്പം നിന്നിട്ടുണ്ട്. പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് നേതൃത്വം കൊടുക്കുകയും തന്റെ സ്വതസിദ്ധമായ ശൈലിയിലൂടെ കൂടുതൽ ആനുകൂല്യങ്ങം നേടിയെടുക്കുകയും ചെയ്ത അന്നത്തെ പഞ്ചായത്ത് പ്രസിഡൻറ് ബഹു ടി. തറീക്കുട്ടിഹാജിയുടെ സേവനം വിലമതിക്കാനാവാത്തതാണ്. എന്നിരുന്നാലും വികസന മേഖലയിൽ പഞ്ചായത്തിന് ഇനിയും ബഹുദൂരം സഞ്ചരിക്കേണ്ടതുണ്ട്.

സ്വാതന്ത്യലബ്ധിക്കുശേഷം 8 പഞ്ചവൽസര പദ്ധതികം പിന്നിട്ടെങ്കിലും പഞ്ചായത്ത് വികസന രംഗങ്ങളിൽ ലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല. ഒമ്പതാം പദ്ധതി ജനപങ്കാളിത്തത്തോടുകൂടി നടപ്പാക്കുന്നതിലൂടെ ഒരു പുത്തൻ വികസന സംസ്കാരം സംസ്ഥാനത്ത് രൂപപ്പെട്ട് വരികയാണ്. നാടിന്റെ സമഗ്രവികസനം സാധ്യതപ്രായോഗികണമെങ്കിൽ വികസന പ്രവർത്തനങ്ങളിൽ ജാതി-മത-രാഷ്ട്രീയ-പ്രാദേശിക അഭിപ്രായ വ്യത്യാസങ്ങൾക്കതീതമായ കൂട്ടായ്മ അനിവാര്യമാണ്. ഭരണരംഗത്തെ അനുകൂലസാഹചര്യം ആവശ്യമായ വിഭവസമാഹരണം, ജനങ്ങളുടെ അകമഴിഞ്ഞ പിന്തുണ തുടങ്ങിയവ യഥാവിധി ലഭിച്ചാൽ മാത്രമേ പഞ്ചായത്തിന്റെ ത്വരിത ഗതിയിലുള്ള വികസനം പൂർണ്ണത കൈവരിക്കുകയുള്ളൂ.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിൽ എല്ലാവിഭാഗം ജനങ്ങളുടെയും ആത്മാർത്ഥമായ സഹായസഹകരണങ്ങംപ്രതീക്ഷിച്ചുകൊണ്ട് പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ഇവിടെ സമർപ്പിക്കുന്നു.

എന്ന്

മേലങ്ങാടി തെയ്യൻ

പ്രസിഡണ്ട്, തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത്

തച്ചനാട്ടുകര പഞ്ചായത്തിന്റെ
വികസന സെമിനാറിന് ആശംസകൾ

ചെത്തല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ലിമിറ്റഡ് No: F 1462

P.O. ചെത്തല്ലൂർ. ഫോൺ: (04933) 31250

ബ്രാഞ്ച് : തച്ചനാട്ടുകര


പാലോട്. പി.ഒ.

ഫോൺ : (0492) 436237

അംഗീകൃത മുലധനം		10.5 ലക്ഷം
മെമ്പർമാർ	-	5666
പിരിഞ്ഞുകിട്ടിയ മുലധനം	-	8.87 ലക്ഷം
നിക്ഷേപം	-	139 ലക്ഷം
വായ്പ	-	252 ലക്ഷം
ജില്ലാ ബാങ്ക് കടം	-	142 ലക്ഷം

എം.കെ.ഉണ്ണികൃഷ്ണൻ

കെ.രവീന്ദ്രൻ



മീനാർ

ജുവലേഴ്സ് A/C

ഹോസ്പിറ്റൽ റോഡ്
പെരിന്തൽമണ്ണ

Phone : 26289